

# മയിൽ

## നമ്മുടെ ദേശീയപക്ഷിയായതെങ്ങിനെ?



**ഡോ. കെ. കിഷോർകുമാർ**

മയിലിനെ അറിയാത്തവരായി ആരുണ്ട്? നമുക്ക് പരിചയമുള്ള പക്ഷികളിൽ വച്ചേറ്റവും സൗന്ദര്യമുള്ള പക്ഷിയാണല്ലോ മയിൽ. കൂടാതെ നമ്മുടെ ദേശീയ പക്ഷി എന്ന പ്രാധാന്യവും മയിലിനുണ്ട്. എന്നാൽ, മയിലിനെ ദേശീയ പക്ഷിയാക്കുന്നതിൽ ലോകപ്രശസ്ത പക്ഷിശാസ്ത്രജ്ഞനായ ഡോ. സാലിം അലിക്ക് യോജിപ്പുണ്ടായിരുന്നില്ലത്രെ!

1960ൽ ജപ്പാന്റെ തലസ്ഥാനമായ ടോക്യോവിൽ വച്ച് പക്ഷിസംരക്ഷണത്തിനായുള്ള അന്തർദേശീയ കൗൺസിലിന്റെ (International Council for Bird Preservation) 12-ാമത് സമ്മേളനത്തിലാണ് ഓരോ രാജ്യവും അവരവരുടെ ദേശീയ പക്ഷിയെ തെരഞ്ഞെടുക്കണമെന്ന നിർദേശം മുന്നോട്ടു വന്നത്. രാജ്യത്തെ പ്രധാനപ്പെട്ടതും എന്നാൽ വലിയതോതിൽ വംശനാശ ഭീഷണി നേരിടുന്നതുമായ പക്ഷികളെ ജനശ്രദ്ധയിൽ പെടുത്താനും അവയ്ക്കു നിയമപരമായ സംരക്ഷണമൊരുക്കി വംശനാശത്തിൽ നിന്നും രക്ഷിക്കാനുമാണ് ഇതുകൊണ്ടുദ്ദേശിച്ചത്.

ഈ സമ്മേളനത്തിനു ശേഷം നമ്മുടെ 'ദേശീയ പക്ഷി'യായി പ്രഖ്യാപിക്കാൻ നിരവധി പക്ഷികളുടെ പേരുകൾ നിർദേശിക്കപ്പെട്ടു.

ദേശീയ വന്യജീവി ബോർഡിനെയായിരുന്നു (Indian Board of Wildlife - IBWL) വിവിധ സംസ്ഥാനങ്ങളുടെ നിർദേശങ്ങളെയും പൊതുജന താൽപ്പര്യങ്ങളെയും പരിഗണിച്ച് ദേശീയ പക്ഷിയെ നിർണയിക്കാനുള്ള ചുമതല ഏൽപ്പിച്ചിരുന്നത്. ശരിക്കും കടുത്ത മത്സരമാണ് നടന്നത്. മയിൽ (Indian Peafowl), ഹുക്കന എന്ന ഗ്രേറ്റ് ഇന്ത്യൻ ബസ്റ്റാർഡ് (Great Indian Bustard), സാരസ കൊക്ക് (Sarus Crane), ഗരുഡൻ/ കൃഷ്ണപ്പരുന്ത് (Brahminy kite), അരയന്നം (Mute Swan) എന്നിവയായിരുന്നു. അവസാന റൗണ്ടിലേക്ക് പരിഗണിക്കപ്പെട്ട അഞ്ചു പക്ഷികൾ. ഇതിൽ തന്നെ ഗ്രേറ്റ്



സാലിം അലി

ലക്ഷക്കണക്കിന് എണ്ണമുള്ള മയിലിനേക്കാൾ ലോകത്താകമാനമായി 250 എണ്ണത്തിൽ താഴെ മാത്രമുള്ള ബസ്റ്റാർഡിനെ ദേശീയ പക്ഷിയാക്കാനായിരുന്നു സാലിം അലി വാദിച്ചിരുന്നത്.



ഇന്ത്യൻ ബസ്റ്റാർഡും മയിലും തമ്മിലായിരുന്നു കടുത്ത മത്സരം. ഡോ. സാലിം അലിക്ക് ബസ്റ്റാർഡിനോടായിരുന്നു താൽപ്പര്യം. പക്ഷേ, അദ്ദേഹത്തിന്റെ പോലും എതിർപ്പുകൾ വകവെക്കാതെ വന്യജീവി ബോർഡിന്റെ നിർദേശങ്ങൾക്കനുസരിച്ച് 1963 ജനുവരി 31ന് മയിലിനെ ദേശീയപക്ഷിയായി കേന്ദ്രസർക്കാർ അംഗീകരിക്കുകയുണ്ടായി. വന്യജീവി ബോർഡിന്റെ തീരുമാനത്തെ "തീർത്തും തെറ്റിദ്ധാരണാജനകവും അർഥശൂന്യ"വുമെന്നാണ് സാലിം അലി വിശേഷിപ്പിച്ചത്. ലക്ഷക്കണക്കിന് എണ്ണമുള്ള മയിലിനെ അപേക്ഷിച്ച് ലോകത്താകമാനമായി 250 എണ്ണത്തിൽ താഴെ മാത്രമുള്ള ബസ്റ്റാർഡിനെ ദേശീയ പക്ഷിയാക്കാനായിരുന്നു സാലിം അലി വാദിച്ചത്. വേട്ടയാടൽ മൂലം വൻതോതിലുള്ള വംശനാശഭീഷണി നേരിടുന്ന, തികച്ചും തദ്ദേശീയമായ പക്ഷിയാണ് ഗ്രേറ്റ് ഇന്ത്യൻ ബസ്റ്റാർഡ് (Great Indian Bustard).

ഈ പക്ഷി തഴയപ്പെട്ടതിന് പ്രധാന കാരണമായി പറഞ്ഞുകേട്ടത് അതിന്റെ പേരായിരുന്നു. ബാസ്റ്റാർഡ് (Bastard) എന്ന വാക്കുമായുള്ള സാദൃശ്യമാണ് ബസ്റ്റാർഡ് പക്ഷിയെ ദേശീയ പക്ഷിസ്ഥാനത്തേക്ക് പരിഗണിക്കുന്നതിന് മുഖ്യ തടസ്സമായതത്രെ.

എന്തുകൊണ്ടും മുഖ്യപരിഗണന നൽകേണ്ട ഈ പക്ഷിക്ക് അങ്ങനെ ദേശീയപക്ഷിസ്ഥാനം ലഭിക്കാതെ പോയി.

നമുക്ക് വിശദമായി ഈ പക്ഷികളെയോരോന്നിനെയും വരും ലക്കങ്ങളിലായി പരിചയപ്പെടാം.

*(തുടരും)*

ഗ്രേറ്റ് ഇന്ത്യൻ ബസ്റ്റാർഡ്



Photography by _ Ashok Chaudhary-9825622456.

# മയിൽ 2



## നമ്മുടെ ദേശീയപക്ഷിയായതെങ്ങിനെ?

ഡോ. കെ. കിഷോർകുമാർ

**കഴിഞ്ഞ ലക്കത്തിൽ ദേശീയപക്ഷിയുടെ സ്ഥാനത്ത് മയിലിനൊപ്പം അവസാനം പരിഗണിക്കപ്പെട്ട മറ്റ് നാലു പക്ഷികളെക്കുറിച്ച് മനസ്സിലാക്കിയില്ലേ? ഇനി, ഡോ. സാലിം അലി നിർദേശിച്ച ഗ്രേറ്റ് ഇന്ത്യൻ ബസ്റ്റാർഡിനെ പരിചയപ്പെടൂ...**




## ഗ്രേറ്റ് ഇന്ത്യൻ ബസ്റ്റാർഡ്



നമ്മുടെ രാജ്യത്ത് ഏറ്റവുമധികം വംശനാശഭീഷണി നേരിടുന്ന പക്ഷികളിലൊന്നാണ് ഗ്രേറ്റ് ഇന്ത്യൻ ബസ്റ്റാർഡ്. ഒരു കാലത്ത് വടക്കേ ഇന്ത്യയിലെ വരണ്ട മരുപ്രദേശങ്ങളിൽ സർവസാധാരണമായിരുന്ന ഈ പക്ഷി ഭൂമുഖത്താകെ ഇന്ന് ഇരുനൂറ്റി അമ്പതോളം മാത്രമേ അവശേഷിക്കുന്നുള്ളൂ. ഇതേ ആവാസവ്യവസ്ഥയിൽ ജീവിക്കുന്ന അത്യപൂർവങ്ങളായ കൃഷ്ണമൃഗങ്ങളുടെ (Black Buck) കൂട്ടുകാരായാണിവ അറിയപ്പെടുന്നത്.

ഒരു മീറ്ററോളം ഉയരം വയ്ക്കുന്ന ഇവയുടെ ഉടലിന് നല്ല തവിട്ട് നിറമാണ്. കഴുത്തിനും തലയ്ക്കും നല്ല വെള്ള നിറമാണ്. തലയ്ക്കു മീതെ കറുത്ത തൊപ്പി വെച്ചപോലുള്ള ഒരു ഭാഗവുമുണ്ട്. പെൺ പക്ഷിക്ക് ആൺ പക്ഷിയെ അപേക്ഷിച്ച് വലുപ്പം കുറവായിരിക്കും. പെൺപക്ഷിയുടെ കഴുത്തിന് മങ്ങിയ നിറമാണ്. ആണിന് കഴുത്തിന് താഴെ കാറ്റ് നിറച്ച് വീർപ്പിക്കാവുന്ന ഒരു സഞ്ചി കാണാം. ഇണചേരുമ്പോൾ ഇവ വീർപ്പിച്ച് അരക്കിലോമീറ്റർ ദൂരം വരെ കേൾക്കാവുന്നത്ര ഉച്ചത്തിൽ ശബ്ദമുണ്ടാക്കാനും ഈ പക്ഷികൾക്കാവും. മാത്രമല്ല, ഇക്കാലത്ത് ആൺപക്ഷികൾ തമ്മിൽ വഴക്കിടുകയും ചെയ്യും.

പ്രജനനകാലത്ത് ഒറ്റയ്ക്ക് നിൽക്കാൻ ഇഷ്ടപ്പെടുന്ന ആൺപക്ഷികൾ, ശിശിര കാലത്ത് ചെറിയ കൂട്ടങ്ങളാകും. അപ്പോൾ ഓരോ ആൺപക്ഷിക്കുമൊപ്പം ഒന്നിലേറെ പെൺപക്ഷികൾ കാണും. വരണ്ട പുൽമേടുകളും മുൾക്കാടുകളുമാണ് ഇവ പ്രജനനത്തിനായി





തിരഞ്ഞെടുക്കുന്നത്. നീർത്തടങ്ങളും വെള്ളക്കെട്ടുള്ള പ്രദേശങ്ങളും ഇവ തീരെ താൽപ്പര്യപ്പെടുന്നില്ല.

പ്രാണികൾ, വണ്ടുകൾ, എലികൾ, ഉരഗവർഗ ജീവികൾ, പുൽവിത്തുകൾ, മറ്റ് ധാന്യങ്ങൾ, കായ്കൾ തുടങ്ങിയവയെല്ലാം ഇവയുടെ ആഹാരമാണ്.

ഈ പക്ഷിയെ ഇന്ന് രാജസ്ഥാൻ (പാക്കിസ്ഥാനിലെ ചില അതിർത്തി പ്രദേശങ്ങളുൾപ്പെടെ), ഗുജറാത്ത്, മഹാരാഷ്ട്ര, മധ്യപ്രദേശ്, ആന്ധ്രപ്രദേശ്, കർണാടക എന്നീ സംസ്ഥാനങ്ങളിൽ മാത്രമേ കാണാനാവൂ.

വേട്ടയാടലും ആവാസവ്യവസ്ഥാനാശവുമാണ് ഇവയുടെ നിലനിൽപ്പിന് ഭീഷണിയായിത്തീർന്നിരിക്കുന്നത്. കാർഷിക ആവശ്യങ്ങൾക്കു വേണ്ടി രാജസ്ഥാനിൽപ്പോലും കൂടുതൽ പ്രദേശങ്ങളിൽ കനാൽ വഴി ജലസേചനം ചെയ്തു തുടങ്ങിയത് വരണ്ട പ്രദേശങ്ങൾ മാത്രം ഇഷ്ടപ്പെടുന്ന ഇവയുടെ ആവാസഭൂമി കൂടുതലായി നഷ്ടപ്പെടുത്തി. ഗ്രേറ്റ് ഇന്ത്യൻ ബസ്റ്റാർഡിന്റെ സംരക്ഷണാർഥം ഇന്ന് ഒട്ടേറെ വന്യജീവി സങ്കേതങ്ങളും ദേശീയോദ്യാനങ്ങളും സ്ഥാപിച്ചിട്ടുണ്ട്. രാജസ്ഥാനിലെ ജയ്സാൽമീറിനടുത്തുള്ള പ്രശസ്തമായ ‘മരുഭൂമി ദേശീയോദ്യാനം’ (Desert National Park), മഹാരാഷ്ട്രയിലെ സോലാപൂരിലും ഗുജറാത്തിലെ നാലിയയിലുമുള്ള ഗ്രേറ്റ് ഇന്ത്യൻ ബസ്റ്റാർഡ് സങ്കേതങ്ങൾ, ആന്ധ്രാപ്രദേശിലെ കുർണൂലിലുള്ള റോളാപഡു സങ്കേതം തുടങ്ങിയവ ഉദാഹരണങ്ങളാണ്.

പറക്കുന്ന പക്ഷികളിൽ വച്ചേറ്റവും ഭാരമേറിയ മൂന്ന് പക്ഷികളിലൊന്നായ ഗ്രേറ്റ് ഇന്ത്യൻ ബസ്റ്റാർഡ് ദീർഘകാലം ഭൂമിയിലുണ്ടാവട്ടെ എന്ന് നമുക്ക് പ്രത്യാശിക്കാം.

*(അടുത്തലക്കത്തിൽ “**സരസ കൊക്ക്**”)*





മയിൽ -3-

നമ്മുടെ ദേശീയപക്ഷിയായതെങ്ങിനെ?

# സരസക്കൊക്ക്

**ഡോ. കെ. കിഷോർകുമാർ**

സരസ്സ് എന്ന വാക്കിന് പൊയ്ക എന്നാണർത്ഥം. ഇതുമായി ബന്ധപ്പെടുത്തി നീർപ്പക്ഷികൾക്ക് സംസ്കൃതത്തിൽ സരസ എന്ന് പൊതുവെ പറയാറുണ്ട് . ഇതിൽ നിന്നാണ് സരസക്കൊക്കെന്ന വാക്ക് ഉണ്ടായത്. പറക്കുന്ന പക്ഷികളിൽ വച്ചേറ്റവും വലുപ്പമുള്ള ഇവയ്ക്ക് ആറടിയോളം പൊക്കവും 8 മുതൽ 12 കി. ഗ്രാം വരെ ഭാരവും കാണും. തുറസ്സായ തണ്ണീർത്തടങ്ങളിലും വയലേലകളിലുമാണ് ഇവയെ കൂടുതലായി കാണാൻ കഴിയുക. മങ്ങിയ ചാരനിറത്തിലുള്ള ശരീരവും ചുവന്ന മേൽക്കഴുത്തും തലയും വലിയ കാലുകളും മറ്റ് കൊക്കുകളിൽ നിന്ന് ഇവയെ എളുപ്പത്തിൽ തിരിച്ചറിയാൻ സഹായിക്കുന്നു. രണ്ടരമീറ്ററോളം വരുന്ന ചിറക് വിടർത്തിയുള്ള സരസക്കൊക്കിന്റെ പറക്കൽ അതിമനോഹരമായ കാഴ്ചയാണ്.

സരസക്കൊക്കുകളെ വടക്കെ ഇന്ത്യയിലാണ് കൂടുതലായും കണ്ടുവരുന്നത്. പ്രത്യേകിച്ച് ഗുജറാത്ത്, രാജസ്ഥാൻ, ഉത്തർപ്രദേശ്, മധ്യപ്രദേശ്, ഹരിയാന, മഹാരാഷ്ട്ര, പശ്ചിമബംഗാൾ, ആസ്സാം തുടങ്ങിയ സംസ്ഥാനങ്ങളിൽ. ഇന്ത്യയെക്കൂടാതെ നേപ്പാൾ, പാക്കിസ്ഥാൻ, ചൈന, ബർമ, കംബോഡിയ, വിയറ്റ്നാം, തായ്‌ലാന്റ്, ആസ്ത്രേലിയ എന്നീ രാജ്യങ്ങളിലും സരസക്കൊക്കുകളെ കാണാം.

ഒരു ഇണയോടൊത്ത് മാത്രം ജീവിക്കുന്ന ഈ പക്ഷികളെ ദീർഘദാമ്പത്യത്തിന്റെയും ഉത്പാദനക്ഷമതയുടെയും പ്രതീകങ്ങളായാണ് കരുതിപ്പോരുന്നത്. ഇണപ്പക്ഷി മരിച്ചാൽ മറ്റേ പക്ഷി ഭക്ഷണമൊന്നും കഴിക്കാതെ മരണത്തെ പുൽകുമത്രെ.

രാമായണത്തിൽ വാല്മീകി കാട്ടാളനെ ശപിച്ച കഥയുമായി ബന്ധപ്പെട്ട ക്രൗഞ്ചപ്പക്ഷികൾ ഈ സരസക്കൊക്കുകളാണെന്ന് കരുതപ്പെടുന്നു. സരസക്കൊക്ക് ഉത്തർപ്രദേശിന്റെ സംസ്ഥാനപക്ഷിയുമാണ്. ദേശീയ പക്ഷിയുടെ സ്ഥാനത്തേക്ക് സരസക്കൊക്കിനെയും കാര്യമായി പരിഗണിച്ചിരുന്നു. ഭാരതീയർ പണ്ടുമുതലേ ഇവയെ ആരാധന



*ഇംഗ്ലീഷ് പേര് :*
*saru crane*

*ശാസ്ത്രനാമം:*
*ഗ്രസ് ആൻറിഗോൺ*
*(grus antigone )*



**സരസക്കൊക്കുകൾ ഉത്തർപ്രദേശിന്റെ സംസ്ഥാനപക്ഷിയാണ്.**

യോടെയാണ് കണ്ടിരുന്നതെങ്കിലും ബ്രിട്ടീഷ് ഭരണകാലത്ത് പട്ടാളക്കാർ ഇവയെ ധാരാളമായി വേട്ടയാടിയിരുന്നു. 1850 കാലഘട്ടത്തിൽ ഉണ്ടായിരുന്ന സരസക്കൊക്കുകളുടെ പത്തിലൊന്ന് പോലും ഇന്ന് അവശേഷിക്കുന്നില്ല. അതിനാൽ ഇന്ന് വംശനാശഭീഷണി നേരിടുന്ന പക്ഷികളെപ്പറ്റി നമ്മെ ഓർമിപ്പിക്കുന്ന 'ചുവന്ന പട്ടിക'യിൽ ഈ പക്ഷിയുടെ പേരും കാണാം.

ജനപ്പെരുപ്പം, വ്യവസായവല്ക്കരണം, തണ്ണീർത്തടങ്ങളുടെ ശോഷണം, വയൽനികത്തൽ എന്നിവയെല്ലാം സരസക്കൊക്കുകളുടെ നിലനില്പിന് ഭീഷണി സൃഷ്ടിക്കുന്നു. 1972 ലെ വന്യജീവി സംരക്ഷണ നിയമത്തിന്റെ അടിസ്ഥാനത്തിൽ ഇവയെ സംരക്ഷിക്കുന്നതിന് നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

*(തുടരും)*



**കവിത**



# എങ്ങനെയാവും?

**സത്യചന്ദ്രൻ പൊയിൽക്കാവ്**

**കണ്ണീരുണങ്ങാൻ**
**വെയിലത്തുവെച്ച ഒരു കവിത**
**കാക്ക കൊണ്ടുപോയി**
**മാവിൽ**
**പ്ലാവിൽ**
**ഇലഞ്ഞിയിൽ**
**കാക്കയെ നോക്കിനോക്കി**
**കണ്ണുകഴച്ചു**
**ഇനി നാളെ**
**മഞ്ഞായോ**
**മഴയായോ**
**വെയിലായോ**
**എങ്ങനെയാണ്**
**എന്റെ കവിത തിരിച്ചെത്തുക.**



ചിത്രീകരണം : **കെ.സതീഷ്**



-4-

നമ്മുടെ ദേശീയപക്ഷിയായതെങ്ങിനെ?

# അരയന്നം

mute swan ശാസ്ത്ര നാമം: *സിഗ്നസ് ഒളർ (Cygnus olor)*

ഡോ. കെ. കിഷോർകുമാർ

സുന്ദരിമാരായ സ്ത്രീകളെ വർണിക്കാനായി പഴയകാലത്തെ കവികൾ പരാമർശിച്ചു പോരുന്ന പക്ഷിയാണ് അരയന്നം. ഉണ്ണായി വാര്യരുടെ നളചരിതം ആട്ടക്കഥയിൽ നളന്റെ സന്ദേശം ദമയന്തിയെ അറിയിക്കാൻ ദൂതനായി പോകുന്ന കഥാപാത്രം അരയന്നമാണ്. രാജഹംസം എന്നും അരയന്നത്തിന് പേരുണ്ട്. ഏഴ് തരത്തിലുള്ള അരയന്നങ്ങളുണ്ട്. ഇവയെല്ലാം സിഗ്നസ് (Cygnus) എന്ന ജനുസ്സിലാണ് ഉൾപ്പെടുന്നത്. നീർപ്പക്ഷികളുടെ കൂട്ടത്തിൽ ഏറ്റവും വലുപ്പമുള്ള പക്ഷികളാണിവ. പറക്കുന്ന പക്ഷികളുടെ കൂട്ടത്തിലും ഇവ താരതമ്യേന വലുപ്പമുള്ളവ തന്നെ. ഇന്ത്യയിൽ സാധാരണയായി കാണുന്ന അരയന്നങ്ങൾ മ്യൂട്ട് സ്വാൻ എന്ന വിഭാഗ



കവിത

# മലയാളം

മധു ആലപ്പടമ്പ്



**കിളിമൊഴിയാലെ**
**ചിരിതൂകി**
**കനവിലുണർന്നു**
**കളിതൂകി**
**നിനവിലലിഞ്ഞു**
**പകർന്നേകി**
**അമ്മ പകർന്നൊരു**
**മലയാളം**
**മാമലനാടിൻ**
**മലയാളം**
**മധുമൊഴിചിതറും**
**മലയാളം**
**മനമിതിലൊഴുകും**
**മലയാളം**
**അമ്മിഞ്ഞപ്പാൽ**
**മലയാളം!**

ത്തിൽപ്പെടുന്നവയാണ്. ഇവയ്ക്ക് നല്ല വെളുത്ത നിറവും ഒന്നര മീറ്ററിലധികം നീളവും പതിനഞ്ച് കിലോവിലധികം ഭാരവും കാണും. ഓറഞ്ച് നിറമുള്ള കൊക്കുകളുടെ അരികുകൾക്ക് കറുപ്പ് നിറമുണ്ടായിരിക്കും. കാലുകൾക്ക് കറുപ്പ് കലർന്ന ചാരനിറമാണ്. ആൺപക്ഷികൾക്ക് പെൺപക്ഷികളേക്കാൾ വലുപ്പം കൂടുതലായിരിക്കും. അവയ്ക്ക് രണ്ടുമീറ്ററോളം വരെ നീളം കാണും.

യൂറോപ്പിലും ഏഷ്യയിലുമായാണ് ഇവയെ കൂടുതലായും കണ്ടുവരുന്നത്. വടക്കൻ ആഫ്രിക്കയിൽ ഇവ ദേശാടകരായി എത്താറുണ്ട്. മറ്റ് അരയന്നങ്ങളിൽ നിന്ന് വ്യത്യസ്തമായി ഇവ പൊതുവെ വലിയ ശബ്ദങ്ങൾ ഉണ്ടാക്കാറില്ല. മിണ്ടാത്ത അരയന്നം എന്ന അർഥത്തിലാണ് ഇവയ്ക്ക് മ്യൂട്ട് സ്വാൻ എന്ന് പേര് വന്നത്.

അരയന്നങ്ങളെ പ്രണയത്തിന്റെയും പരസ്പര വിശ്വാസത്തിന്റെയും പ്രതീകമായി വിശേഷിപ്പിക്കാറുണ്ട്. ഒരേസമയം ഒരു ഇണയോടൊത്ത് മാത്രം ജീവിക്കുന്ന പക്ഷി എന്ന സവിശേഷതയും അരയന്നങ്ങൾക്കുണ്ട്. ഫിൻലാന്റ് ഡെൻമാർക് എന്നീ രാജ്യങ്ങളുടെ ദേശീയ പക്ഷികൂടിയാണ് അരയന്നം.

ഇന്ന് ലോകത്തിന്റെ വിവിധ ഭാഗങ്ങളിലായി അഞ്ചു ലക്ഷത്തോളം അരയന്നങ്ങളുണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളത്. ഇവ ഭൂരിഭാഗവും പഴയ സോവിയറ്റ് യൂണിയൻ പ്രദേശത്താണുള്ളത്.

ലോകമെമ്പാടും തന്നെ ഇവയെ പവിത്രമായ പക്ഷികളായാണ് കരുതിപ്പോരുന്നത്. ഭാരതത്തിൽ വിദ്യാദേവതയായ സരസ്വതിയുടെ വാഹനമായി കണക്കാക്കുന്നതും അരയന്നത്തെയാണ്. അതിനാൽ തന്നെ അവ വിവേകത്തിന്റെ സൂചകങ്ങളായി കണക്കാക്കപ്പെടുന്നു.

## അടിക്കുറിപ്പ് മത്സരം വിജയികൾ

അധ്യാപകർക്കു നടത്തിയ അടിക്കുറിപ്പു മത്സരം (സെപ്റ്റംബർ 1) വിജയികൾ

### അറിവിനുണ്ടോ മറുകര

**ലിഷിത് എം കെ,**
ദേവി വിലാസം എൽ പി സ്കൂൾ,
വല്ലിയായി, പത്തായക്കുന്ന്- 670691.

### അറിവിന്നുറവു തേടി...

**അജിത്രി,**
എ എം എൽ പി എസ്, ചെറുശോല,
രണ്ടത്താണി, മലപ്പുറം-676510.

“അപുവേ ഒന്ന് വന്നിട്ട് പൊക്കോ മോനേ..”

അപു സൈക്കിൾ സ്റ്റാൻഡിലിട്ടു. മനോഹരമായ കർട്ടനുകൾ ഇളകുന്ന വീട്. അഷ്ന കണ്ണു തിരുമ്മി വരുന്നതേ ഉണ്ടായിരുന്നുള്ളൂ. ഒരു ചില്ലുഗ്ലാസ്സിൽ നിറയെ (ചില്ലുഗ്ലാസ് അപുവിന് ജീവനാണ്) ചായ പകർന്ന് അപുവിന് നീട്ടി അഷ്നയുടെ ഉപ്പ.

“മോനിരിക്ക്.”

എന്താണ് ഉപ്പയ്ക്ക് ഇന്നിത്ര ഗൗരവം? അല്ലെങ്കിൽ ഇതിനകം നാലു തമാശ പറഞ്ഞിട്ടുണ്ടാവും മൂപ്പർ. അവൻ അഷ്നയെ നോക്കി. അവളുടെ കണ്ണുകൾ വല്ലാതെ വീർത്തിരുന്നു. അത് ഉറക്കം കൊണ്ട് മാത്രമല്ലെന്ന് അവനു തോന്നി...

“ഞാൻ ഗൾഫീൽക്ക് തിരികെ പോണു മോനേ... എത്ര നാളാ ഇവിടെ ഇങ്ങനെ...” ഉപ്പയുടെ സ്വരം ഇടറുന്നത് അവൻ ശ്രദ്ധിച്ചു. “കയ്യിലെ കാശ് മുഴുവൻ തീർന്നു. ആരുടെയും കയ്യീന്ന് കടം വാങ്ങി ശീലവുമില്ല. വിസയുടെ കാര്യമൊക്കെ ഏതാണ്ട് ശരിയായി. അടുത്തമാസം ഞാൻ പോകും...”

അപു അഷ്നയെ നോക്കി. അവളുടെ കണ്ണുകൾ നിറഞ്ഞൊഴുകുകയാണ്.

“അഷ്നയെ ഉപ്പാന്റെയും ഉമ്മാന്റെയും കൂടെയാക്കും. കോഴിക്കോട്ട്. ഇ സ്കൂൾ മാറ്റാൻ ടി സി വാങ്ങണം ഈയാഴ്ച...”

ഉപ്പ അവന്റെ ചുമലിൽ കൈവച്ചു.

“മോന്റെ കഷ്ടപ്പാടൊക്കെ എനിക്കറിയാം. ഗൾഫീന്നു വരുമ്പോ ഞാൻ ഈട വരും. എനിക്ക് ചെയ്യാൻ പറ്റുന്നതൊക്കെ ചെയ്യും. നന്നായിട്ട് പഠിക്കണം. അമ്മയെ നോക്കണം.”

കീശയിൽ കിടന്ന പേനയെടുത്ത് അദ്ദേഹം അവന്റെ കയ്യിൽ വച്ചുകൊടുത്തു. അപുവിന് എന്തു പറയണമെന്ന് അറിയില്ലായിരുന്നു. അഷ്നയുടെ മുഖം കാണാൻ വയ്യാതെ അവൻ പുറത്തിറങ്ങി.

പൂമ്പാറ്റ നാടകം, എല്ലാം പോട്ടേ... അവൻ കണ്ണുനീരിന്റെ ഒരു വലിയ ഇറക്ക് വിഴുങ്ങിക്കൊണ്ട് ഉള്ളിൽ പറഞ്ഞു. പൂമ്പാറ്റ വസന്തം തേടി പോകുകയാണ്...



ഭാരതീയ പുരാണങ്ങളിൽ വിഷ്ണുവിന്റെ വാഹനമായി വിശേഷിപ്പിക്കപ്പെടുന്ന പക്ഷിയാണ് ഗരുഡൻ അഥവാ കൃഷ്ണപ്പരുന്ത്. പക്ഷികളുടെ രാജാവായാണ് ഗരുഡൻ അറിയപ്പെടുന്നത്. എന്നാൽ പുരാണങ്ങളിൽ വിവരിക്കപ്പെടുന്ന ഗരുഡൻ കൃഷ്ണപ്പരുന്താണോ എന്നതിൽ തർക്കമുണ്ട്. കാരണം, സൂര്യനെ പോലും മറയ്ക്കാൻ കഴിവുള്ള/ഭീമാകാരനായ പക്ഷിയായാണ് പലയിടത്തും ഗരുഡൻ വിവരിക്കപ്പെടുന്നത്. പക്ഷേ ഒരിക്കൽ സ്വയം മഹാവിഷ്ണുവിന്റെ വാഹനമായി ഗരുഡൻ നൽകിയ സഹായത്തിൽ സന്തുഷ്ടനായ മഹാവിഷ്ണു, താൻ ധരിച്ചിരുന്ന വെള്ളപ്പട്ടെടുത്ത് “കാഷായധാരിയായ” ഗരുഡന്റെ കഴുത്തിൽ ഇട്ട് “എന്നും ഇത് നീയും നിന്റെ സന്തതി പരമ്പരകളും ധരിച്ചുകൊള്ളുക” എന്നനുഗ്രഹിച്ചത്രേ. കൃഷ്ണപ്പരുന്തിന്റെ കഴുത്തും മാറിടവും തൂവെള്ളയായിരിക്കാൻ കാരണം ഇതാണെന്നാണ് പറയപ്പെടുന്നത്. ഇത്തരം കഥകളും, കൃഷ്ണപ്പരുന്തിന് നമ്മുടെ സമൂഹത്തിലുള്ള സ്ഥാനവുമാണ് പ്രൊഫ. ഇന്ദുചൂഡനെ പോലുള്ള പ്രമുഖ പക്ഷി ശാസ്ത്രജ്ഞർ പോലും കൃഷ്ണപ്പരുന്തു തന്നെയാണ് ഗരുഡൻ എന്നുറപ്പിക്കാൻ കാരണം. പുഴ, തടാ



മയിൽ -5-

നമ്മുടെ ദേശീയപക്ഷിയായതെങ്ങിനെ?

# ഗരുഡൻ

ഡോ. കെ. കിഷോർകുമാർ

കം, ചതുപ്പു നിലങ്ങൾ, കടൽത്തീരങ്ങൾ, പാടശേഖരങ്ങൾ, നഗരപ്രദേശങ്ങൾ എന്നിവിടങ്ങളിലെല്ലാമാണ് ഇവയെ പ്രധാനമായും കാണാൻ കഴിയുക. ഈ പക്ഷിക്ക് 45 മുതൽ 50 സെ.മീറ്റർ വരെ നീളവും 400 മുതൽ 650 ഗ്രാം വരെ ഭാരവും കാണും. പെൺപക്ഷിക്ക് ആൺപക്ഷിയേക്കാൾ ഭാരവും വലുപ്പവും ഉണ്ടായിരിക്കും. ചിറക് നിവർത്തിയാൽ 110 മുതൽ 125 സെൻറിമീറ്റർ വരെ നീളമുണ്ടാകും. വെളുത്ത നിറത്തിലുള്ള തലയും കഴുത്തും ഒഴികെ മറ്റു ഭാഗങ്ങളെല്ലാം തിളങ്ങുന്ന ചുവപ്പു കലർന്ന തവിട്ടു നിറത്തിലാണ്. ചക്കിപ്പരുന്തിനെപോലെ ഇവയ്ക്ക് വാലിന് മത്സ്യങ്ങളുടേതു പോലുള്ള വെട്ടില്ല. പ്രധാന ഭക്ഷണം മത്സ്യം, ഞണ്ട് എന്നിവയാണ്. എങ്കിലും, മറ്റ് പരുന്തുകളെപ്പോലെ ചെറിയ സസ്തനികൾ, പക്ഷികൾ, ഉരഗങ്ങൾ, തവള എന്നിവയെയും ആഹാരമാക്കാറുണ്ട്.

**ലോകത്താകെ ഒരു ലക്ഷത്തിലധികം കൃഷ്ണപ്പരുന്തുകളുണ്ടെന്നാണ് കരുതുന്നത്. നിലവിൽ ഇവയ്ക്ക് വംശനാശഭീഷണിയൊന്നുമില്ല.**

ശ്രീലങ്ക, നേപ്പാൾ, പാക്കിസ്ഥാൻ, ബംഗ്ലാദേശ്, തെക്ക് കിഴക്കൻ ഏഷ്യ, ആസ്ത്രേലിയ എന്നിവിടങ്ങളിലും കൃഷ്ണപ്പരുന്തിനെ കാണാം. ഹിന്ദുമതത്തിന്റെ പ്രചാരത്തോടെ ഗരുഡസങ്കൽപ്പം നേപ്പാളിലേക്കും, പല തെക്കു-കിഴക്കൻ ഏഷ്യൻ രാജ്യങ്ങളിലേക്കും പരന്നു. അതിനാൽ തന്നെ ഗരുഡ പ്രതിമകളും, നാണയങ്ങളും, മറ്റു ചിഹ്നങ്ങളും ഇവിടെയെങ്ങും കാണാം. നമ്മുടെ നാട്ടിലും, ഗുപ്തസാമ്രാജ്യത്തിലെ നാണയങ്ങളിൽ ഗരുഡൻ ആലേഖനം ചെയ്യപ്പെട്ടിട്ടുണ്ട്. ലോകത്താകെ ഒരു ലക്ഷത്തിലധികം കൃഷ്ണപ്പരുന്തുകളുണ്ടെന്നാണ് കരുതപ്പെടുന്നത്. നിലവിൽ ഇവയ്ക്ക് വംശനാശഭീഷണിയൊന്നുമില്ല.

മഹാവിഷ്ണുവിന്റെ വാഹനം എന്ന നിലയ്ക്കാവാം കൃഷ്ണപ്പരുന്തിന്റെ സാന്നിധ്യം ശുഭസൂചകമായി കരുതുന്നവരുണ്ട്. ഗരുഡോപനിഷത്തും, 18 പുരാണങ്ങളിലൊന്നായ ഗരുഡപുരാണവും ഭാരതത്തിൽ ഈ പക്ഷിക്കുള്ള പ്രാധാന്യം സൂചിപ്പിക്കുന്നു. ഇതെല്ലാം പരിഗണിച്ചാണ് ദേശീയപക്ഷിയെ തീരുമാനിക്കുന്ന സന്ദർഭത്തിൽ ചിലർ ഗരുഡന്റെ പേര് അതിനായി നിർദേശിച്ചത്.

*(തുടരും)*



മയിൽ -6-

നമ്മുടെ ദേശീയപക്ഷിയായതെങ്ങിനെ?

# മയിൽ

**ഡോ. കെ. കിഷോർകുമാർ**

മയിലിന്റെ ഇംഗ്ലീഷ് പേര് പറയാൻ ആവശ്യപ്പെട്ടാൽ പീ കോക്ക് (pea cock) എന്നായിരിക്കും മിക്കവരുടെയും ഉത്തരം. എന്നാൽ അത് ആൺമയിലിനെ മാത്രമായി സൂചിപ്പിക്കുന്ന പേരാണ്. പെൺമയിലിനെ പീ ഹെൻ (pea hen) എന്നാണ് പറയുക. ആൺപക്ഷിയേയും പെൺപക്ഷിയേയും പൊതുവായി സൂചിപ്പിക്കാൻ പീ ഫൗൾ (pea fowl) എന്നാണ് പറയുക. അതിനാൽ ദേശീയ പക്ഷി ഏതെന്ന ചോദ്യത്തിന് മലയാളത്തിൽ മയിൽ എന്നും ഇംഗ്ലീഷിൽ പീ ഫൗൾ (pea fowl) എന്നുമാണ് ഉത്തരം നല്കേണ്ടത്. ശാസ്ത്രനാമം: *Pavo cristatus*

ദക്ഷിണേഷ്യൻ പക്ഷിയായ മയിലിനെപ്പറ്റിയുള്ള കൃത്യമായ വിവരങ്ങൾ ആദ്യമായി രേഖപ്പെടുത്തിയതും ശാസ്ത്രീയമായ പേര് നൽകിയതും ലോകപ്രശസ്ത വർഗീകരണ ശാസ്ത്രജ്ഞനായ കാൾ ലിനേയസ്സാണ്. 1758 ൽ അദ്ദേഹത്തിന്റെ ഏറെ പ്രശസ്തമായ 'സിസ്റ്റമാ നാച്ചറേ' എന്ന ഗ്രന്ഥത്തിൽ മയിലിന്റെ ശബ്ദത്തെ സൂചിപ്പിക്കുന്നതാണ് അദ്ദേഹം അതിന് നൽകിയ പാവോ എന്ന പേര്.

ആൺമയിലിന്റെ ശരീരത്തിന് ഒരു മീറ്ററിലധികം നീളവും നാലു മുതൽ 6 കിലോഗ്രാം വരെ ഭാരവും കാണും. മയിലിന്റെ പീലിക്ക് രണ്ടേകാൽ മീറ്റർ വരെ നീളം കാണും. ആണിന് നല്ലതുപോലെ തിളങ്ങുന്ന നീല നിറവും ചിലയിടങ്ങളിൽ പിച്ചള നിറത്തിലും ചുവപ്പ് കലർന്ന തവിട്ടു നിറത്തിലും കറുപ്പ് നിറത്തിലുമായുള്ള തൂവലുകളുണ്ട്. മനോഹരങ്ങളായ കണ്ണുകളോട് കൂടിയ പീലികൾ ഇരുന്നൂറിലധികം വരും. ആൺ മയിലിന്റെ പീലി നിവർത്തിയുള്ള നൃത്തം പ്രശസ്തമാണല്ലോ.

പെൺ മയിലിന് പൊതുവെ തവിട്ട് നിറത്തിലുള്ള തലയും പച്ചകലർന്ന തവിട്ട് നിറത്തോട് കൂടിയ തലപ്പൂവും കാണാം. ശരീരത്തിൽ ഇളം തവിട്ട് നിറത്തിലുള്ള പുള്ളികളോട് കൂടിയ തൂവലുകളാണ്. കഴുത്തിനടിവശം പച്ചനിറത്തിലും ബാക്കി അടിവശം വെള്ള



നിറത്തിലുമാണ്.

ദക്ഷിണേഷ്യൻ പക്ഷിയായ മയിലിനെ അതിന്റെ മാസ്മരികഭംഗി കാരണം ഒട്ടുമിക്ക രാജ്യങ്ങളും അവരുടെ രാജ്യത്തേക്ക് കൊണ്ടുപോയി വളർത്തുന്നുണ്ട്. പൊതുവെ ജലസ്സാന്നിധ്യമുള്ള ഇല പൊഴിയും കാടുകളാണ് ഇവ ഇഷ്ടപ്പെടുന്നതെങ്കിലും മനുഷ്യവാസമുള്ള പ്രദേശങ്ങളിലും ഇവയെ സാധാരണയായി കാണാറുണ്ട്.

ഒരാൺ മയിലിനോടൊപ്പം ഒന്നിലേറെ പെൺ മയിലുകളുണ്ടായിരിക്കും. രണ്ടോ മൂന്നോ വയസ്സാകുന്നതോടെയാണ് മയിലുകൾക്ക് പ്രായപൂർത്തിയെത്തുന്നത്. കാലവർഷത്തിന് തൊട്ടുമുമ്പാണ് അവ ഇണചേരുന്നത്. പെൺമയിൽ ഒരുതവണ 4 മുതൽ എട്ട് മുട്ടകൾ വരെ ഇടാറുണ്ട്. 28 ദിവസം കൊണ്ട് മുട്ട വിരിയും.

വിത്തുകൾ, കായ്കൾ, പഴങ്ങൾ, പച്ചക്കറികൾ, പ്രാണികൾ, ചെറുസസ്തനികൾ, പാമ്പുകൾ ഉൾപ്പെടെയുള്ള ഉരഗജീവികൾ എന്നിവയെല്ലാം മയിലിന്റെ ആഹാരത്തിൽ പെടും.

ഭാരതീയരുടെ പല വിശ്വാസങ്ങളിലും മയിലിന് സുപ്രധാനമായ സ്ഥാനമാണുള്ളത്. ഹിന്ദു ദൈവമായ സുബ്രഹ്മണ്യന്റെ വാഹനം മയിലാണെന്നാണ് ഒരു സങ്കൽപം. ശ്രീകൃഷ്ണൻ എപ്പോഴും മുടിയിൽ മയിൽപ്പീലി ചൂടുന്നുവെന്നാണ് മറ്റൊരു സങ്കൽപ്പം. ബുദ്ധമതക്കാർ മയിലിനെ ബുദ്ധിയുടെയും അറിവിന്റെയും പ്രതീകമായി കാണുന്നു.

മുഗളരാജാവായിരുന്ന ഷാജഹാൻ ചക്രവർത്തിയുടെ രത്നക്കല്ലുകളും മുത്തുകളുമെല്ലാം പതിപ്പിച്ച സ്വർണ്ണ സിംഹാസനത്തിന്റെ പേര് മയൂരസിംഹാസനം എന്നാണ് . മയൂരം എന്നാൽ മയിൽ തന്നെ. മുകളിൽ രണ്ട് മയിൽരൂപങ്ങളോടു കൂടിയ ആ സിംഹാസനം ഏഴ് വർഷം കൊണ്ടാണ് പണികഴിപ്പിച്ചതത്രേ. പല ക്ഷേത്രങ്ങളിലേയും ഉത്സവത്തിന് ഉപയോഗിക്കാറുള്ള ആലവട്ടം നിർമിക്കുന്നത് മയിൽപ്പീലി കൊണ്ടാണ്. ഇന്ത്യക്കാരുടെ വസ്ത്രങ്ങളിലും ശിൽപ്പങ്ങളിലുമെല്ലാം മയൂരമുദ്ര വളരെ സാധാരണമാണ്. നമ്മുടെ സംസ്ക്കാരവുമായുള്ള ഈ അടുത്തബന്ധമാണ് മയിലിനെ ദേശീയ പക്ഷിയായി അംഗീകരിക്കാൻ മുഖ്യമായും മാനദണ്ഡമാക്കിയത്.



**മയിലുകൾക്ക് പീലി പൊഴിക്കുന്ന സ്വഭാവമുള്ളതിനാൽ പൊഴിച്ച പീലികളെടുക്കാനേ രാജ്യത്തെ നിയമം അനുവദിക്കുന്നുള്ളൂ.**

ദക്ഷിണേഷ്യയിൽ മിക്കയിടത്തും കാണുന്നതിനാൽ മയിലിന് കാര്യമായ വംശനാശ ഭീഷണി ഇല്ല. ലോകമെമ്പാടുമായി ഒരു ലക്ഷം മയിലുകളെങ്കിലും ഉണ്ടെന്നാണ് കണക്ക്. പക്ഷേ, പീലിക്കും മാംസത്തിനുമായി ഈ പക്ഷിയെ പലരും വേട്ടയാടുന്നുണ്ട്. മയിലുകൾക്ക് പീലി പൊഴിക്കുന്ന സ്വഭാവമുള്ളതിനാൽ പൊഴിച്ച പീലികളെടുക്കാനേ രാജ്യത്തെ നിയമം അനുവദിക്കുന്നുള്ളൂ.

ക്ഷുദ്രകീടങ്ങളെയും എലികളെയും ആഹാരമാക്കുന്നതിനാൽ മയിലുകളെ കർഷകരുടെ സുഹൃത്തുക്കളായി വിശേഷിപ്പിക്കാറുണ്ട് . എന്നാൽ ചിലയിടങ്ങളിൽ കാർഷിക വിളകൾക്ക് ഇവ കാര്യമായ നാശം വരുത്താറുമുണ്ട്.

1972 ലെ ഇന്ത്യൻ വന്യജീവി സംരക്ഷണ നിയമത്തിൽ അത്യധികം സംരക്ഷണ പ്രാധാന്യമുള്ള ജീവികളുടെ കൂട്ടത്തിലാണ് മയിലിന്റെ സ്ഥാനം. മയിലിനെ കൊല്ലുന്നത് ഏഴു വർഷം വരെ തടവുശിക്ഷ കിട്ടാവുന്ന കുറ്റമാണ് എന്നും നാം അറിഞ്ഞിരിക്കണം.

*(അവസാനിച്ചു)*





# എപ്പിഫെനി

Velipād

സെന്റ് ജോസഫ്സ് ദേവാലയം, പുഞ്ചക്കാട് - പ്ലാറ്റിനം ജൂബിലി സ്മരണിക

ലേഖനം

# ആധുനികത, മതം, നവോത്ഥാനം തിരസ്കൃതരുടെ വിമോചന സമസ്യകൾ

**ഡോ. മൻമദൻ എം.ആർ**
അസോസിയേറ്റ് പ്രൊഫസർ
ഫാറൂഖ് കോളേജ്

കൊളോണിയൽ ബന്ധങ്ങളിലൂടെ ഇന്ത്യക്കാർക്ക് പരിചിതമായ ആധുനികതാചിന്തയെ വ്യത്യസ്തരീതിയിലാണ് വിവിധ ജനവിഭാഗങ്ങൾ ഉൾക്കൊണ്ടത്. തകർന്നുകൊണ്ടിരിക്കുന്ന ഫ്യൂഡൽവ്യവസ്ഥിയെയും കീഴ്വഴക്കങ്ങളെയും പരിഷ്കരിച്ച് പുതിയ ലോകക്രമത്തെ സ്വീകരിക്കുന്നതിനാവശ്യമായ അറിവും നൈപുണ്യവും കരസ്ഥമാക്കി, പാരമ്പര്യമായി അനുഭവിച്ചുപോന്ന അധികാരവും സാമ്പത്തികശേഷിയും നിലനിർത്തുന്നതിനുവേണ്ടിയാണ് ഉന്നതജാതിവിഭാഗങ്ങൾ ആധുനികതയെ ആശ്ലേഷിച്ചതെങ്കിൽ, നൂറ്റാണ്ടുകളായി തങ്ങൾക്ക് നിഷേധിക്കപ്പെട്ട അവകാശങ്ങൾ നേടിയെടുക്കുന്നതിനും മനുഷ്യരെന്ന നിലയിലുള്ള പരിഗണനലഭിക്കുന്നതിനും വേണ്ടിയായിരുന്നു അധഃസ്ഥിത ജാതിവിഭാഗങ്ങൾ മാർഗ്ഗമന്വേഷിച്ചുപോന്നത്. ആധുനികമൂല്യങ്ങളായ ശാസ്ത്രീയത, യുക്തിബോധം, വിമർശനബുദ്ധി, ജനാധിപത്യചിന്ത, സ്വത്വാന്വേഷണം തുടങ്ങിയവ മിക്കവാറും എല്ലാ ജനവിഭാഗങ്ങളെയും ഏറിയും കുറഞ്ഞും സ്വാധീനിക്കുകയുണ്ടായി. ആധുനികവിദ്യാഭ്യാസത്തിലൂടെ നേടിയ തിരിച്ചറിവും സംഘടനയിലൂടെയും സർക്കാർ ഉദ്യോഗലബ്ധിയിലൂടെയും സ്വായത്തമാക്കി രാഷ്ട്രീയശക്തി ഉപയോഗിച്ചുകൊണ്ട്, നിലനിൽക്കുന്ന സാമൂഹ്യവ്യവസ്ഥകളിൽതന്നെ മാന്യമായ സ്ഥാനം കരസ്ഥമാക്കുന്നതിനു വേണ്ടി ഈഴവരെപോലുള്ള മധ്യ-ജാതി സമുദായങ്ങൾ നടത്തിയ ശ്രമങ്ങൾ ഒരുപരിധിവരെ വിജയം കൈവരിച്ചതായി നമുക്ക് കാണാം. അതെ സമയം, വിഭവ ദാരിദ്ര്യവും സാമൂഹ്യമായ അസ്പൃശ്യതയും കാരണം പൊതുസമൂഹത്തിൽ ഏറെക്കുറെ അദൃശ്യരായിരുന്ന ദളിതർക്ക് വിമോചനത്തിൽവേണ്ടി വ്യത്യസ്ഥമായ മാർഗ്ഗങ്ങൾ സ്വീകരിക്കുകയല്ലാതെ നിവൃത്തിയുണ്ടായിരുന്നില്ല. ദളിതർക്കിടയിലെ വലിയൊരു വിഭാഗം മതപരിവർത്തനത്തിലേക്ക് ആകർഷിക്കപ്പെട്ടതിന്റെ പശ്ചാത്തലങ്ങളായിരുന്നു.

കേരളത്തിൽ ക്രിസ്തുമതത്തിന്റെ പ്രചാരം സെന്റ് തോമസുമായി ബന്ധപ്പെട്ടുകിടക്കുന്നു. വിശുദ്ധ തോമാശ്ലീഹ ക്രിസ്തുവർഷം ഒന്നാം നൂറ്റാണ്ടിൽതന്നെ കേരളതീരത്തെത്തുകയും നമ്പൂതിരിമാരടക്കം അനേകം സവർണ്ണഹൈന്ദവരെ മതപരിവർത്തനം നടത്തുകയും ഏഴുപള്ളികൾ സ്ഥാപിക്കുകയും ചെയ്തുവെന്നാണ് ഐതിഹ്യം. ഈ വിശ്വാസത്തിന് ചരിത്രരേഖകളുടെ പിൻബലമില്ലെങ്കിലും ക്രിസ്തുമത്തിന് കേരളത്തിൽ നൂറ്റാണ്ടുകളുടെ പാരമ്പര്യമുണ്ടെന്നത് അംഗീകരിക്കപ്പെട്ട വസ്തുതയാണ്. എങ്കിലും കേരളത്തിലെ ക്രൈസ്തവരെക്കുറിച്ച് വിശദമായ വിവരങ്ങൾ ലഭിക്കാൻ തുടങ്ങുന്നത് വാസ്കോഡഗാമയുടെ ആഗമനത്തെത്തുടർന്ന് പോർച്ചുഗീസ് വർത്തകസംഘങ്ങൾ ഇവിടെ തമ്പടിക്കാൻ തുടങ്ങിയതോടുകൂടിയാണ്. കച്ചവടതാൽപര്യങ്ങളോടൊപ്പം രാഷ്ട്രീയവും മതപരവുമായ ലക്ഷ്യങ്ങൾ മറയില്ലാതെ പ്രകടമാക്കിയ പോർച്ചുഗീസുകാർ കേരളത്തിൽ ശക്തമായ ക്രിസ്തീയ സാന്നിധ്യവും പോപ്പിന്റെ അധികാരസ്ഥാപനവും തങ്ങളുടെ പരിപാടികളിലുൾപ്പെടുത്തി. ജസ്യൂട്ട് പാതിരിമാരും നേതൃത്വത്തിൽ മിഷനറിപ്രവർത്തനങ്ങൾ ആരംഭിച്ചതൊടൊപ്പം അവർ തദ്ദേശീയരായ ക്രിസ്തുമത വിശ്വാസികളെ ലത്തീൻവൽക്കരിക്കുന്ന ശ്രമങ്ങൾക്കും തുടക്കം കുറിച്ചു. 1599ലെ ഉദയംപേരൂർ സുനഹദോസ് ഈ പ്രവർത്തനത്തിലെ ഒരു നാഴികക്കല്ലായിരുന്നു. പ്രസ്തുത സുനഹദോസിന്റെ നടപടികളും തീരുമാനങ്ങളും ഇന്ന് ചരിത്രരേഖകളാണ്. സുറിയാനി ക്രിസ്ത്യാനികൾ അല്ലെങ്കിൽ 'നസ്രാണികൾ' എന്ന് വിളിക്കപ്പെട്ടുപോന്ന തദ്ദേശീയ ക്രൈസ്തവർ ക്രിസ്തുമതത്തിന്റെ അടിസ്ഥാനപ്രമാണങ്ങൾ പാലിച്ചിരുന്നില്ലെന്നും സവർണ്ണഹൈന്ദവ സമ്പ്രദായങ്ങൾ പാലിച്ചുപോന്നിരുന്നുവെന്നും സുനഹദോസ് കുറ്റപ്പെടുത്തി. സവർണ്ണഹിന്ദുനാമധേയങ്ങൾ ഉപയോഗിച്ചുപോരുകയും സവർണ്ണ



ഹിന്ദുക്കളുടെ അധികാരമുദ്രകൾ, കുടുമ, വാൾ തുടങ്ങിയവ സ്വീകരിക്കുകയും അയിത്തം, സവർണ്ണജാത്യാഭിമാനം എന്നിവ പിന്തുടരുകയും ചെയ്ത സുറിയാനികൾ സവർണ്ണ ഹിന്ദുക്കളുടെ ചിന്താഗതികളും സംസ്കാരവും പങ്കിട്ടുപോന്നതുവിലയിരുത്തപ്പെട്ടു. ക്രിസ്തുമതവിശ്വാസികൾ നിർബന്ധമായും പാലിക്കേണ്ടതായ ഏഴു കൂദാശകളിൽ മിക്കതും അവർ സ്വീകരിച്ചിരുന്നില്ലെന്നായിരുന്നു മറ്റൊരു വിമർശനം. മാമോദീസയോ ഞായറാഴ്ച കുർബ്ബാനയോ അവരുടെ ജീവിതചര്യയിൽ ഉൾപ്പെട്ടിരുന്നില്ല. കൂടാതെ, പോപ്പിനു പകരം അന്ത്യോക്കിയായിലെ പാത്രിയാർക്കീസിനെയാണ് തങ്ങളുടെ മതാധ്യക്ഷനായി അവർ ബഹുമാനിച്ചരുന്നത്. അങ്ങനെ നെസ്റ്റോറിയൻ മതനിന്ദയ്ക്ക് വിധേയരാണെന്ന് വിധിക്കപ്പെട്ട സുറിയാനികൾ ഉദയംപേരൂർ സുനഹദോസിലൂടെയും തുടർന്നുനടന്ന ശുദ്ധീകരണപ്രക്രിയകളിലൂടെയും ലത്തീൻവത്കരണത്തിന് അനുക്രമം വിധേയരായി. അങ്കമാലി രൂപതക്ക് സമാന്തരമായി സ്ഥാപിക്കപ്പെട്ട കൊച്ചി രൂപത വഴിയാണ് ജസ്യൂട്ട് മിഷനറിമാർ ഈ പ്രക്രിയയ്ക്ക് നേതൃത്വം നൽകിയത്. എന്നാൽ ആദ്യഘട്ടത്തിൽ വഴങ്ങിക്കൊടുത്ത സുറിയാനികൾ 1659ലെ കൂനൻകുരിശ് സമരത്തിലൂടെ പോർച്ചുഗീസ് പരിശ്രമങ്ങളെ നിരാകരിക്കുകയും പഴയപാരമ്പര്യത്തിലേക്ക് തന്നെ മടങ്ങിപ്പോവുകയും ചെയ്തു. കേരളീയ ക്രൈസ്തവസഭയിലെ ആദ്യത്തെ പിളർപ്പ് അങ്ങനെ സംജാതമായി. യാക്കോബൈറ്റ് സിറിയൻ, റോമോസിറിയൻ എന്നിങ്ങനെ രണ്ടുവിഭാഗങ്ങളായി അവർ വിഭജിക്കപ്പെട്ടു.

സുറിയാനികളെ ലത്തീൻവത്ക്കരിക്കാനുള്ള ശ്രമങ്ങൾക്കൊപ്പം തദ്ദേശീയരെ ക്രിസ്തുമതത്തിലേക്ക് കൂടുതലായി ആകർഷിക്കുന്നതിനുള്ള ശ്രമങ്ങളും ജസ്യൂട്ട് മിഷനറിമാർ ആരംഭിച്ചിരുന്നു. ജാതിശ്രേണിയിൽ പിന്നോക്കം നിൽക്കുന്നവർ, വിശേഷിച്ചും മുക്കുവരായിരുന്നു പേർച്ചുഗീസ് മിഷനറിമാരാൽ മതപരിവർത്തനത്തിന് വിധേയരായവരിൽ ഏറെയും. സവർണ്ണ സഭാപ്രവേശം നടത്തിയതായിരുന്നാലും തദ്ദേശീയമായ സാഹചര്യങ്ങൾ സഭാവിശ്വാസികളെ സവർണ്ണബോധത്തിലേക്കും ഉയർന്ന പദവിയിലേക്കും ഉയർത്തിയതായാലും തങ്ങൾക്കുശേഷം മതപരിവർത്തനത്തിന് വിധേയരായവരെ സമഭാവനയോടെയും സാഹോദര്യത്തോടെയും കാണാൻ സുറിയാനികൾ തയ്യാറായില്ലെന്നത് ജാതീയതയുടെ തീവ്രതയെയും തുടർച്ചയെയും സൂചിപ്പിക്കുന്നു.

സാമൂഹ്യപുരോഗതി നേടുന്നതിനും സ്വത്വാന്വേഷണ ശ്രമമെന്ന നിലയിലും സംഘടിതമായ മതപരിവർത്തനം ഒരു രാഷ്ട്രപ്രവർത്തനത്തിന്റെ രൂപംകൈവരിക്കുന്നത് ബ്രിട്ടീഷ് കൊളോണിയൽ കാലഘട്ടത്തിലാണ്. ജാതിവ്യവസ്ഥയുടെ ഉച്ചനീചത്വങ്ങളിൽനിന്നും സാമുദായികമായ പിന്നോക്കാവസ്ഥയിൽനിന്നുമുള്ള വിമോചന പദ്ധതിയെന്നോണം അത് അവതരിപ്പിക്കപ്പെടുകയും സ്വീകരിക്കപ്പെടുകയും ചെയ്തു. ബ്രിട്ടീഷ് കൊളോണിയലിസം രണ്ടുവിധത്തിലാണ് അധഃസ്ഥിതരുടെ വിമോചനത്തിന് സഹായകമായ പരിസരം സൃഷ്ടിച്ചത്. ഒന്നാമതായി കൊളോണിയൽ ഭരണപരിഷ്കാരങ്ങൾ സമൂഹത്തിൽ ജനാധിപത്യചിന്തയുടെ വികാസത്തെ ത്വരിതപ്പെടുത്തി. പരമ്പരാഗതമായ സാമൂഹ്യഘടനയെ, പ്രത്യേകിച്ചും ജാതിവ്യവസ്ഥയുടെ ഉച്ചനീചത്വബോധത്തെ, അത് ശിഥിലപ്പെടുത്തി. അധഃസ്ഥിതർക്ക് വിദ്യാഭ്യാസത്തിനും തൊഴിലിനുമുള്ള അവകാശത്തെ ബ്രിട്ടീഷ് ഭരണം പിന്തുണച്ചു. അടിമത്തം നിയമം മുഖേന നിരോധിക്കപ്പെട്ടു. അയിത്തത്തിനെതിരെയും വഴി നടക്കാനുള്ള സ്വാതന്ത്ര്യത്തിനുവേണ്ടിയും വിദ്യാഭ്യാസം ആർജ്ജിക്കുന്നതിനുമായി അധഃസ്ഥിതർ നടത്തിയ സമരങ്ങളെ കൊളോണിയൽ ഭരണം പിന്തുണച്ചു. കൊളോണിയൽ ധാർമ്മികതയുടെയും പരിഷ്കാരങ്ങളുടെയും

പിന്നിൽ ഭിന്നിപ്പിച്ചുഭരിക്കു
തന്ത്രമാണ് പ്രവർത്തിച്ചതെങ്കി
ളീയ നവോത്ഥാനത്തിലേക്ക്
അനേകം പരിവർത്തനങ്ങൾ
തരുടെ ജീവിതാവസ്ഥയെ
മാംവിധം മാറ്റിമറിച്ചു. രണ്ട
മിഷനറിപ്രവർത്തനങ്ങൾ സ
ഭൗതികപുരോഗതിയിലേക്
ക്കാൻ കഴിയുന്ന സാഹച
സൃഷ്ടിച്ചു. ബ്രിട്ടീഷ് ഭരണ
ത്തോടുകൂടി സജീവമായ LM
ബാസൽ മിഷൻ തുടങ്ങിയ
മിഷനറിസംഘങ്ങൾ 19-ാം
ണ്ടിന്റെ അവസാനത്തോടുകൂട
നല്ലൊരു ശതമാനം അയിത്ത
രെ, പ്രത്യേകിച്ചും ദളിതരെ,
തത്തിലേക്ക് പരിവർത്തനം
മിഷനറി രചനകൾ ഹിന്ദു
ആധുനിക യുക്തിബോധത്ത
സെമിറ്റിക് മതചിന്തയുടെയും
ത്തിൽ നിശിതമായി വിശ
ചെയ്തുകൊണ്ട് ക്രിസ്തുമര
മേന്മയും വിജയവും സ്ഥാ
ക്കാൻ ശ്രമിക്കുന്നുണ്ടെങ്കിലു
പ്പെട്ട വിശ്വാസത്തിലേക്കുള്ള
ന്തരം എന്നതിലുപരി സാമൂ
ഉയർത്തുന്നതിനുവേണ്ടിയുള്ള
യപ്രവർത്തനം എന്ന രീതി
പുതിയ മതത്തെയും അതിൽക
മായ സംഘബോധത്തെയും അ
തർ ഉൾക്കൊണ്ടത്. ദളിത
ത്തോടെ ക്രിസ്തുമതത്തി
ഇസ്ലാമിലേക്കോ ആകർഷി
പ്പോൾ ജാതിവ്യവസ്ഥയുടെ
അത്രയേറെ അനുഭവഭേദ്യമല്ലാ

**ഒന്നാമതായി കൊളോണിയൽ ഭരണപരിഷ്കാരങ്ങൾ സമൂഹ ത്തിൽ ജനാധിപത്യചിന്തയുടെ വികാസത്തെ ത്വരിതപ്പെടുത്ത് പരമ്പരാഗതമായ സാമൂഹ്യഘ യെ, പ്രത്യേകിച്ചും ജാതിവ്യവ യുടെ ഉച്ചനീചത്വബോധത്തെ, ശിഥിലപ്പെടുത്തി. അധഃസ്ഥിത വിദ്യാഭ്യാസത്തിനും തൊഴിലിന മുള്ള അവകാശത്തെ ബ്രിട്ടീഷ് ഭരണം പിന്തുണച്ചു. അടിമത്ത നിയമം മുഖേന നിരോധിക്കപ്പെ**




വിഭവദാരിദ്ര്യം അത്രയേറെ അലട്ടാതിരുന്ന ഈഴവർ ആധുനികവിദ്യാഭ്യാസവും തൊഴിലും സ്വായത്തമാക്കിക്കൊണ്ട് തങ്ങളുടെ സാമൂഹ്യപദവി മെച്ചപ്പെടുത്തുകയും ഹിന്ദുക്കളായിത്തന്നെ തുടരുകയും ചെയ്തതായി നമുക്ക് കാണാൻ കഴിയും. മിഷനറിപ്രവർത്തനങ്ങൾ താരതമ്യേനദുർബലമായിരുന്ന വടക്കൻമലബാറിൽ 1939ൽ സ്ഥാപിതമായ ചിറക്കൽ മിഷനും ദളിതരുടെ ഉന്നമനത്തിന് സഹായകമായ പുതിയൊരു സാഹചര്യമാണ് സൃഷ്ടിച്ചത്. അയ്യങ്കാളിയെപ്പോലൊരു നേതാവിന്റെ അസാന്നിധ്യവും ബാസൽമിഷന് ദളിതർക്കിടയിൽ കാര്യമായ സ്വാധീനം ചെലുത്താൻ കഴിയാതെപോയതും കാരണം അവരുടെ സ്ഥിതി വളരെ പിന്നോക്കമായിത്തന്നെ തുടർന്നു. ഫാദർ പീറ്റർ കൈറോണിയും ഫാദർ ടഫറേയും നേതൃത്വം നൽകിയ ചിറക്കൽ മിഷൻ ദളിതരുടെ ജീവിതത്തിൽ വലിയപുരോഗതിയാണ് സാധ്യമാക്കിയത്. വിദ്യാഭ്യാസം, ആതുരശുശ്രൂഷ, ശുചിത്വാവബോധം, സംഘാടനം എന്നിവയിലൂടെ പുതിയൊരു സ്വത്വബോധം ദളിതരുടെയിടയിൽ പ്രചരിപ്പിക്കാൻ അവർക്ക് കഴിഞ്ഞു. ഇതിന്റെ ഫലമായി ചിറക്കൽ, കോട്ടയം താലൂക്കുകളിലെ വലിയൊരു വിഭാഗം ദളിതർ ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്യപ്പെട്ടു.

ദളിത് വിമോചനത്തിനുവേണ്ടിയുള്ള വ്യത്യസ്തമായ ചില പരിശ്രമങ്ങളും ഇതേകാലത്ത് ഇതേയിടങ്ങളിൽ പ്രത്യക്ഷപ്പെടുന്നത് നമുക്ക് കാണാതിരിക്കാനാവില്ല. ദേശീയ പ്രസ്ഥാനത്താൽ, വിശേഷിച്ച് ഗാന്ധിജിയുടെ അയിത്തോച്ചാടനപ്രവർത്തനങ്ങളാൽ, പ്രചോദിതരായി സാമൂഹ്യപരിഷ്കരണത്തിന് ഇറങ്ങിപ്പുറപ്പെട്ട കെ. കേളപ്പൻ, സ്വാമി ആനന്ദതീർത്ഥൻ തുടങ്ങിയവരുടെ ചരിത്രവും നമ്മുടെ മുമ്പിലുണ്ട്. ചിറക്കൽ മേഖലയിൽ ശക്തമായ അയിത്തോച്ചാടനശ്രമങ്ങളാണ് സ്വാമി ആനന്ദതീർത്ഥൻ നിർവ്വഹിച്ചതെന്ന് അദ്ദേഹത്തിന്റെ ജീവചരിത്രഗ്രന്ഥത്തിൽ ഫാ. അരൂക്കുഴിയിൽ സാക്ഷ്യപ്പെടുത്തുന്നുണ്ട്. എന്നാൽ ചിറക്കൽ മിഷന്റെ പ്രവർത്തനങ്ങളോടുള്ള പ്രതിഷേധസൂചകമായാണ് സ്വാമി ആനന്ദതീർത്ഥൻ അയിത്തോച്ചാടനവും ക്ഷേത്രപ്രവേശനവും പുലയവിദ്യാർത്ഥികളുടെ വിദ്യാഭ്യാസവും ഉൾപ്പെടുത്തിയ സാമൂഹ്യപ്രവർത്തനം ആരംഭിച്ചതെന്ന് ചിലർ സംശയം പ്രകടിപ്പിച്ചിട്ടുണ്ട്. ചിറക്കൽ മിഷൻ ദളിതർക്കിടയിൽ വലിയ ചലനം സൃഷ്ടിച്ചപ്പോൾ സ്വാമി ആനന്ദതീർത്ഥന്റെ ശ്രമങ്ങൾ കാര്യമായ പ്രത്യാഘാതങ്ങളൊന്നും സൃഷ്ടിക്കാതെ അപ്രത്യക്ഷമായി ദളിതരെ സ്വത്വബോധത്തിലേക്കും കർതൃത്വബോധത്തിലേക്കും നയിക്കാൻ കഴിയാതെ പോയി എന്നിടത്താണ് ആനന്ദതീർത്ഥന്റെ മഹത്തായ ജീവത്യാഗം നിഷ്ഫലമായിത്തീർന്നത്.

തങ്ങളുടെ വിമോചനം ലക്ഷ്യമാക്കി നിർവ്വഹിക്കപ്പെട്ട ശ്രമങ്ങൾ എത്രത്തോളം സാർത്ഥകമായിത്തീർന്നിട്ടുണ്ടെന്ന് ഉത്തരാധുനികത പകർന്നുനൽകിയ പുതിയ സ്വത്വബോധത്തിന്റെ പരിസരത്തിൽനിന്നുകൊണ്ട് ദളിത് യൗവ്വനം ഇന്ന് പുനർവിചിന്തനം ചെയ്തുകൊണ്ടിരിക്കുകയാണ്. ആധുനികതയിൽകൂടി നേട്ടം കൊയ്തവരെപ്പോലെ ആധുനികതയാൽ തിരസ്കൃതരായവരും ഉണ്ടായിരുന്നുവെന്ന് ഉത്തരാധുനികത ഓർമ്മപ്പെടുത്തുന്നു. സാമ്പത്തികമോ സാമൂഹികമോ സാംസ്കാരികമോ ആയ മൂലധനം കൈവശമുള്ളവർ വിദ്യാഭ്യാസത്തിലൂടെയും വ്യാപാരത്തിലൂടെയും രാഷ്ട്രീയപ്രവർത്തനത്തിലൂടെയും സമ്പത്തും അധികാരവും ആർജ്ജിച്ചപ്പോൾ ഇവയൊന്നും അവകാശപ്പെടാനില്ലാതിരുന്ന ദളിതർ തുടർന്നും അരികുവൽക്കരിക്കപ്പെട്ടു. മതപരിവർത്തനം പോലും ദളിതരെ വിദ്യാസമ്പന്നരോ മൂലധനശക്തികളോ രാഷ്ട്രീയ-മത നേതാക്കളോ ആയിത്തീരാൻ കാര്യമായി സഹായിച്ചില്ല. വർഗ്ഗരാഷ്ട്രീയത്തിലൂടെ വിമോചനം നേടാമെന്ന സ്വപ്നം നൽകി കമ്മ്യൂണിസ്റ്റ് പ്രസ്ഥാനവും ഫലശൂന്യമായിത്തന്നെ പരിണമിച്ചു. ആധുനികശാസ്ത്രവും സാങ്കേതികവിദ്യയും ചേർന്നു സൃഷ്ടിച്ച വിജ്ഞാനത്തിന്റെയും അധികാരത്തിന്റെയും പിൻബലത്തോടെ അവതരിച്ച രക്ഷകരുടെ വിമോചനപദ്ധതികളുടെ പൊള്ളത്തരങ്ങളെ തുറന്നുകാട്ടുകയും നിരാകരിക്കുകയും ചെയ്യുന്ന പുതിയ സ്വത്വരാഷ്ട്രീയം ലോകമെങ്ങുമുള്ള അധഃസ്ഥിതർക്ക് വലിയ പ്രതീക്ഷയാണ് ഇന്ന് നൽകുന്നത്. തിരിച്ചുപോകാൻ വേണ്ടി വീട് ബാക്കിയില്ലാത്തവർക്ക് പുതിയ സ്വത്വാന്വേഷണം തന്നെയായിരിക്കും ഭാവിയും പ്രതീക്ഷയും

കൈക്കൂലി അനുവദനീയമായ അവസരങ്ങൾ ! (ഫതാവാ)

مجلة التوحيد

# അത്തൗഹീദ്

2015 നവംബർ – ഡിസംബർ

ദ്വൈമാസിക

## ചരിത്രം ഒരു വിശകലനം

ചരിത്രചാരിത്ര്യം

ക്വുർആനിന്റെ സമീപനം

യുദ്ധ ചരിത്രം

ചരിത്രവും വ്യാജകഥകളും

ദുസ്വാധീനങ്ങൾ





◆ കവർസ്റ്റോറി ◆ **ഡോ. ടി മുഹമ്മദലി**

അസോ. പ്രൊഫസർ, ഹിസ്റ്ററി വിഭാഗം ഫാറൂഖ് കോളേജ്

# ഇസ്‌ലാമിന്റെ ആവിർഭാവം കേരളത്തിൽ

**റോമക്കാരുടെ തകർച്ചക്ക് ശേഷം സമുദ്രവാണിജ്യത്തിലേക്ക് വളർന്നു വന്നത് അറബികളായിരുന്നു. പതിനാറാം നൂറ്റാണ്ടിലെ പോർച്ചുഗീസുകാരുടെ ആഗമനം വരെ ഇന്ത്യാസമുദ്രത്തിലെ കച്ചവടത്തിന്റെ ഏറിയ പങ്കും അറബികളുടെ കയ്യിലായിരുന്നു. ഈ പശ്ചാത്തലത്തിൽ വേണം കേരളത്തിലേക്ക് ഇസ്‌ലാമിന്റെ ആഗമനവും അതിന്റെ വളർച്ചയും എങ്ങിനെയായിരുന്നുവെന്ന അന്വേഷണം.**

പ്രാചീന കാലം മുതൽ തന്നെ ഇന്ത്യ 'എല്ലായിടത്തേക്കുമുള്ള വഴിയിൽ' ആയിരുന്നുവെന്ന് ജാനറ്റ് അബുലുഗാദ് പറയുന്നുണ്ട്. സമുദ്ര വ്യാപാരത്തിൽ ഇന്ത്യാസമുദ്രത്തിനുള്ള കേന്ദ്രസ്ഥാനമാണ് ഇത് സൂചിപ്പിക്കുന്നത്. നാലാം നൂറ്റാണ്ട് വരെ ഇന്ത്യാസമുദ്ര വ്യാപാരത്തിന്റെ മുഖ്യപങ്ക് റോമക്കാർക്കായിരുന്നു. ചോഴ മണ്ഡലത്തിൽ നിന്നും മലബാറിൽ നിന്നും ലഭിക്കുന്ന പുരാവസ്തു ശാസ്ത്ര തെളിവുകൾ ഇത് വ്യക്തമാക്കുന്നുണ്ട്. റോമക്കാരുടെ തകർച്ചക്ക് ശേഷം സമുദ്രവാണിജ്യത്തിലേക്ക് വളർന്നു വന്നത് അറബികളായിരുന്നു. പതിനാറാം നൂറ്റാണ്ടിലെ പോർച്ചുഗീസുകാരുടെ ആഗമനം വരെ ഇന്ത്യാസമുദ്രത്തിലെ കച്ചവടത്തിന്റെ ഏറിയ പങ്കും അറബികളുടെ കയ്യിലായിരുന്നു. ഈ പശ്ചാത്തലത്തിൽ വേണം കേരളത്തിലേക്ക് ഇസ്‌ലാമിന്റെ ആഗമനവും അതിന്റെ വളർച്ചയും എങ്ങിനെയായിരുന്നുവെന്ന അന്വേഷണം.

പ്രാചീന കാലത്ത് റോം, ഗ്രീസ് എന്നീ രാജ്യ

**ഇന്ത്യസമുദ്രത്തിലെ കച്ചവടത്തിന്റെ നിയന്ത്രണം അറബികളുടെ കൈയിൽ വന്നത് കൊണ്ടാവാം ചൈനക്കാർ മലബാറിൽ യാത്ര അവസാനിപ്പിച്ചത്. ഒമ്പതാം നൂറ്റാണ്ടിൽ ഇന്ത്യയെക്കുറിച്ചും ചൈനയെക്കുറിച്ചും കൃത്യമായ വിവരങ്ങൾ അറബികൾക്കുണ്ടായിരുന്നു. ഒമ്പതാം നൂറ്റാണ്ടിൽ രണ്ടു മുസ്ലിം സഞ്ചാരികൾ ഇന്ത്യയെക്കുറിച്ചും ചൈനയെക്കുറിച്ചും വിവരിക്കുന്ന സഞ്ചാരക്കുറിപ്പുകൾ പ്രസിദ്ധീകരിച്ചിട്ടിട്ടുണ്ട്. ഒമ്പതാം നൂറ്റാണ്ടോടെ ഇന്ത്യ, ചൈന തുടങ്ങിയ രാജ്യങ്ങളുമായി അറബികൾക്കുണ്ടായിരുന്ന ബന്ധത്തെയാണ് ഇത് സൂചിപ്പിക്കുന്നത്. പ്രവാചകൻ ഇസ്ലാം മത പ്രബോധനം ആരംഭിക്കുമ്പോഴും അറബികൾക്ക് കേരളവുമായി നിരന്തര കച്ചവട ബന്ധങ്ങൾ ഉണ്ടായിരുന്നു.**

ങ്ങളുമായി ഇന്ത്യക്കാർ നടത്തിയിരുന്ന കച്ചവടത്തിന്റെ മധ്യവർത്തികൾ അറബികളായിരുന്നു. അറേബ്യയിൽ യമനിലെ ഹളർമൗത്തിലുള്ള സഫാർ നഗരം മലബാർ ഉത്പന്നങ്ങളുടെ വ്യാപാര കേന്ദ്രമായിരുന്നുവെന്ന് ശംസുല്ലഖാദിരി പറയുന്നുണ്ട്. പഴയ നിയമത്തിലെ പരാമർശങ്ങളിൽ ദാവീദ്, ശലോമോൻ എന്നിവരുടെ കാലത്ത് ഇസ്രായീല്യർ ഓഫീർ, തർശീശ് എന്നിവിടങ്ങളിലേക്ക് കപ്പലോട്ട സംഘങ്ങളെ അയച്ചിരുന്നതായി കാണുന്നുണ്ട്. അവരുടെ ഉദ്ദേശ്യം സ്വർണ്ണം, വെള്ളി, ചന്ദനം, ആനക്കൊമ്പ്, മയിൽ, കുരങ്ങ് എന്നിവ ശേഖരിക്കലായിരുന്നുവത്രെ. ചന്ദനം, മയിൽ എന്നിവക്ക് ഹീബ്രുവിൽ പറയുന്ന പേരുകൾ ദ്രാവിഡഭാഷകളുമായി ബന്ധമുണ്ട്. ചന്ദനത്തിന് അലഗു (Alagu) എന്നും മയിലിന് തുകി (Tuki) എന്ന പദവും ദ്രാവിഡത്തിൽ നിന്ന് നേരെ ഹീബ്രുവിലേക്ക് പ്രവേശിച്ചതാണ്. ഈ വസ്തുക്കൾ നേരിട്ടു മലബാറിൽ നിന്ന് കൊണ്ടുപോയിരുന്നുവെന്നതിന്റെ സൂചനയാണിത്. അരിയുടെ തമിഴ് പദമായി അരിശ്ശിയിൽ നിന്നായിരിക്കാം അറബിയിലെ അറുസ്, ഗ്രീസിലെ ഉറുസ് എന്നിവ നിഷ്പദിച്ചത്. പ്ലിനിയുടെ നാച്ചുറലിസ് ഹിസ്റ്റോറിയ, പെരിപ്ലസ് ഓഫ് എരിത്രിയൻ സീ എന്നീ കൃതികളിലെ വിവരങ്ങളും മലബാർ തമിഴ്നാട് ഭാഗങ്ങളിൽ നിന്ന് ലഭിച്ച റോമൻ നാണയങ്ങളും മറ്റും ഒന്നാം നൂറ്റാണ്ട് മുതൽ ഈ പ്രദേശങ്ങളിൽ സജീവമായിരുന്ന സമുദ്രവ്യാപാരത്തെക്കുറിച്ച് തെളിവ് നൽകുന്നുണ്ട്.

നാലാം നൂറ്റാണ്ടോടെ ഇൻഡോ റോമൻ വ്യാപാരം തകരാൻ ആരംഭിച്ചു. അറബികളും പേർഷ്യക്കാരുമാണ് ഈ വിടവ് നികത്തിയത്. ആറാം നൂറ്റാണ്ടിലെ ചെറിയ ഒരു തകർച്ചയെ മാറ്റി നിർത്തിയാൽ ഒൻപതാം നൂറ്റാണ്ട് വരെ അറബികൾ വ്യാപാര രംഗത്ത് കുതിച്ചുയരുകയായിരുന്നുവെന്ന് ഹൗറാനി പറയുന്നുണ്ട്. മെഡിറ്ററേനിയൻ കടൽ ഒരു അറേബ്യൻ കായലായി മാറി എന്ന് ഹെന്റി പിറയൻ സൂചിപ്പിക്കുന്നുണ്ട്. ഇക്കാലയളവിൽ സമുദ്ര വാണിജ്യത്തിൽ ലോകത്തിന്റെ അതികായത്വം അറബികൾക്കായിരുന്നുവെന്ന് എംലൊംബാർഡു
സ്ഥാപിച്ചിട്ടുണ്ട്. ഏഴാം നൂറ്റാണ്ടിൽ ചൈനയിലെ
കാന്റണിൽ നിന്ന് യൂഫ്രട്ടീസിലേക്ക് നേരിട്ട് കപ്പ
യാത്ര നടത്തിയിരുന്നതായി ***യുൾ റിപ്പോർട്ട് ചെ
യ്യുന്നുണ്ട്. എന്നാൽ ചൈനക്കാർ മലബാർ വരെ വ
രുന്നതായി മാത്രമെ മാർക്കോപ്പോളൊ കാണുന്ന
ുള്ളൂ.

ഇക്കാലമാവുമ്പോഴേക്കും ഇന്ത്യസമുദ്രത്തിലെ
കച്ചവടത്തിന്റെ നിയന്ത്രണം അറബികളുടെ
കൈയിൽ വന്നത് കൊണ്ടാവാം ചൈനക്കാർ മല
ബാറിൽ യാത്ര അവസാനിപ്പിച്ചത്. ഒമ്പതാം നൂറ്റ
ണ്ടിൽ ഇന്ത്യയെക്കുറിച്ചും ചൈനയെക്കുറിച്ചും കൃ
ത്യമായ വിവരങ്ങൾ അറബികൾക്കുണ്ടായിരുന്നു
ഒമ്പതാം നൂറ്റാണ്ടിൽ രണ്ടു മുസ്ലിം സഞ്ചാരികൾ
ഇന്ത്യയെക്കുറിച്ചും ചൈനയെക്കുറിച്ചും വിവരിക്കു
ന്ന സഞ്ചാരക്കുറിപ്പുകൾ പ്രസിദ്ധീകരിച്ചിട്ടിട്ടുണ്ട്
ഒമ്പതാം നൂറ്റാണ്ടോടെ ഇന്ത്യ, ചൈന തുടങ്ങിയ
രാജ്യങ്ങളുമായി അറബികൾക്കുണ്ടായിരുന്ന ബന്ധ
ത്തെയാണ് ഇത് സൂചിപ്പിക്കുന്നത്.

തങ്ങളുടെ ഏറ്റവും അടുത്ത ആഗമന സ്ഥലം
എന്ന നിലക്കും കുരുമുളക് ലഭ്യമാവുന്ന ഇടം എ
ന്ന നിലക്കും കേരളം അറബികൾക്ക് പ്രത്യേകം
ആകർഷണീയമായിരുന്നു. പ്രവാചകൻ ഇസ്ലാം മ
ത പ്രബോധനം ആരംഭിക്കുമ്പോഴും അറബികൾ
ക്ക് കേരളവുമായി നിരന്തര കച്ചവട ബന്ധങ്ങൾ ഉ
ണ്ടായിരുന്നു. യുവാവായിരുന്ന മുഹമ്മദ് (സ)യും
മക്കയിൽ നിന്നു കച്ചവട സംഘങ്ങളുടെ കൂടെ സി
റിയയിലേക്ക് കച്ചവടത്തിന്ന് പോകാറുണ്ടായിരുന്നു
പ്രവാചകൻ മദീനയിലേക്ക് പലായനം ചെയ്തതി
ന് ശേഷം വളരെ പെട്ടെന്നായിരുന്നു ഇസ്ലാമിന്റെ
പ്രചാരം.

അറേബ്യയിലെ നൂറുക്കണക്കിന് ഗോത്രങ്ങൾ ഇ
സ്ലാം മതം സ്വീകരിച്ചതിന് പുറമെ വലിയ വലിയ
നേതാക്കൾ പ്രവാചകരെ സന്ദർശിച്ചു തങ്ങൾ ഇ
സ്ലാം മതം സ്വീകരിച്ചതായി പ്രഖ്യാപിക്കുന്നുണ്ട്
ഹിജ്റ ഒമ്പതാം വർഷത്തിൽ നടന്ന വ്യാപകമായ
ഇസ്ലാം മത സ്വീകാര്യത്തെ അറബികൾ സനത്

അൽ വുഫൂദ് എന്നാണ് പേര് വിളിച്ചിരിക്കുന്നത്. ഹിജ്റ പത്താം വർഷത്തോടെ ഇസ്ലാം മതം സ്വീകരിക്കാത്ത അറബികൾ വിരളമായിരുന്നു. പൊതുവെ വ്യാപാരികളായിരുന്ന അറബികളിൽ തെക്കെ അറേബ്യക്കാർ കടൽക്കച്ചവടത്തിൽ അഭിവൃദ്ധിപ്പെട്ടവരായിരുന്നു. പേർഷ്യ, സിന്ധ്, കൊങ്കണം, മലബാർ, മഅ്ബർ, സിലോൺ തുടങ്ങി ചൈന വരെ ഇവരുടെ കപ്പലുകൾ യാത്ര ചെയ്തു കൊണ്ടിരുന്നു. വ്യാപാരാർത്ഥം ഏതെല്ലാം സ്ഥലങ്ങളിൽ അവർ പോയിരുന്നുവോ അവിടെയെല്ലാം ഇസ്ലാം മത ആശയങ്ങളും ജീവിത രീതികളും അവർ പകർന്നു കൊടുത്തിരുന്നുവെന്നുള്ളത് തീർച്ച. ഹിജ്റയുടെ ഒന്നാം നൂറ്റാണ്ടിൽ തന്നെ ഇസ്ലാം ഇന്ത്യയും കടന്നു സിലോണിൽ എത്തിയതായി കാണാം.

'അജാഇബുൽ ഹിന്ദ്' എന്ന കൃതിയിൽ പതിനൊന്നാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ ശഹരിയാർ എന്ന പേരുള്ള ഒരു കപ്പലോട്ടക്കാരൻ തന്റെ കുറിപ്പിൽ ഇത് സൂചിപ്പിച്ചിട്ടുണ്ട്. ഖലീഫ ഉമറിന്റെ കാലത്ത് തന്നെ സിലോണിൽ നിന്നുള്ളവർ അറേബ്യ സന്ദർശിച്ചതായും ഇസ്ലാമിനെക്കുറിച്ചു മനസ്സിലാക്കി തിരിച്ചു വന്നതായും ഇതിൽ സൂചിപ്പിക്കുന്നുണ്ട്. അമവിയ ഭരണകാലത്ത് ഇറാഖിലെ ഗവർണറായിരുന്ന ഹജ്ജാജ് ബിനു യൂസുഫിന്റെ അടുക്കലേക്ക് സിലോണിൽ മരണമടഞ്ഞ ചില മുസ്ലിംകളുടെ ഭാര്യമാരും മക്കളുമടങ്ങുന്ന സംഘത്തെ സമ്മാനങ്ങൾ സഹിതം യാത്രയയക്കുന്നതും അവർ സിന്ധിന്റെ തീരത്ത് വെച്ച് കൊള്ളയടിക്കപ്പെടുന്നതും മറ്റുമുള്ള ഒരു സംഭവം അൽബലാദുരി ഫുതൂഹുൽ ബുൽദാനിൽ വിവരിക്കുന്നുണ്ട്. മുഹമ്മദ് ബിൻ ഖാസിം സിന്ധ് കീഴടക്കിയതിന്റെ ഒരു കാരണം ഇതായിരുന്നു. ഹിജ്റ ഒന്നാം നൂറ്റാണ്ടിൽ തന്നെ സിലോണിൽ സ്ഥിരതാമസമാക്കിയ മുസ്ലിംകൾ ഉണ്ടായിരുന്നുവെന്നാണ് ഇതെല്ലാം സൂചിപ്പിക്കുന്നത്. അങ്ങനെയാണെങ്കിൽ അറബികൾ കടൽ വഴി ആദ്യമെത്തിച്ചേരുന്ന കേരളത്തിലും മറിച്ചാവാൻ വഴിയില്ല.

ഇസ്ലാമിന് മുമ്പ് തന്നെ സജീവമായ വ്യാപാര ബന്ധങ്ങൾ അറബികൾക്ക് മലബാറുമായി ഉണ്ടായിരുന്നുവെന്ന് മുമ്പ് സൂചിപ്പിച്ചുവല്ലോ. അറബികൾ മുസ്ലിംകളായി മാറുന്ന ചരിത്ര മുഹൂർത്തത്തിൽ മലബാർ തീരങ്ങളിൽ താമസിക്കുന്ന അറബികൾ അവരുടെ മതവിശ്വാസം കൂടെ കൊണ്ട് വരുന്നത് സ്വാഭാവികമായും സംഭവിക്കുന്ന ഒന്നാണ്. മരുമക്കത്തായം നില നിന്നിരുന്ന മലബാറിൽ നാട്ടിലെ സ്ത്രീകളുമായി വിവാഹ ബന്ധത്തിലേർപ്പെട്ടിരുന്ന അറബികളുടെ കുടുംബങ്ങൾ ഒരു പക്ഷെ മലബാറിൽ ഇസ്ലാം മത വ്യാപനത്തിന്റെ പ്രഥമ സ്ഥലികളാവാം. അലി ബിൻ ഉത്മാൻ ഹിജ്റ 166 (782 CE)ൽ മരണപ്പെട്ടതായി രേഖപ്പെടുത്തിയ പന്തലായനിയിലെ ലിഖിതം എട്ടാം നൂറ്റാണ്ടിലെ മലബാറിലെ മുസ്ലിം സാന്നിധ്യത്തെ സൂചിപ്പിക്കുന്നുണ്ട്.

സജീവമായ അറബി മുസ്ലിം കേന്ദ്രങ്ങൾ എട്ടാം നൂറ്റാണ്ടിൽ മലബാറിലുണ്ടായിരുന്നുവെന്ന് നാണയ പഠനങ്ങളുടെ അടിസ്ഥാനത്തിൽ കെ.ജെ. ജോൺ നിരീക്ഷിച്ചതും ഇവിടെ കൂട്ടി വായിക്കാം. അറബികൾ സമുദ്രവ്യാപാരത്തിന്റെ അഗ്രിമസ്ഥാനത്തെത്തിയ ഒമ്പതാം നൂറ്റാണ്ടിൽ അറബ് സഞ്ചാരിയായ അബൂസൈദ് പറയുന്നത് നോക്കൂ. 'ഉമ്മാനിലെ അറബികൾ തങ്ങളുടെ ഉപകരണപ്പെട്ടികളെടുക്കുകയും തേങ്ങ ധാരാളമായി വളരുന്ന നാട്ടിലേക്ക് പോവുകയും ചെയ്യും. അവിടെ ആദ്യം അവർ മരങ്ങൾ മുറിച്ചിട്ട് ഉണക്കാനിടും. ഉണങ്ങിയാൽ മരങ്ങൾ ഈർന്നു പലകകളാക്കും. അവർ ചകിരി കൊണ്ട് കയർ പിരിച്ചെടുക്കും. അതുപയോഗിച്ചു മരപ്പലകകൾ ബന്ധിപ്പിച്ച് യാനങ്ങളുണ്ടാക്കും. ഇതേ മരം ഉപയോഗിച്ചു കപ്പൽ കൂറകളും നിർമ്മിക്കും. നാരുകളുപയോഗിച്ച് പായകളും നിർമ്മിക്കും. ബോട്ട് തയ്യാറായാൽ അതിൽ തേങ്ങകൾ നിറച്ച് ഉമ്മാനിലേക്ക് യാത്ര ചെയ്യും. ഈ കച്ചവടത്തിൽ ഇവർ ധാരാളം ലാഭമുണ്ടാക്കുന്നു.' അറബികൾക്ക് മലബാറുമായുണ്ടായിരുന്ന ബന്ധങ്ങളുടെ നൈരന്തര്യം ഈ വാക്കുകളിൽ വളരെ വ്യക്തമാണ്.

849 CEയിൽ വേണാട്ടടികൾ മാർ സാപിർ ഈശോക്ക് നൽകിയ തരിശാപള്ളി പട്ടയത്തിൽ സാക്ഷികളായി ഒപ്പിടുന്നത് അറബി പേർഷ്യൻ പേരുകളുള്ളവരാണ് എന്നതും ഉമ്മാനിലെ അറബികൾ കേരമുള്ള നാട്ടിലേക്ക് വരുന്ന കാര്യവും ഒമ്പതാം നൂറ്റാണ്ടിൽ വളരെയധികം അറബി മുസ്ലിംകൾ മലബാറിൽ താമസമാക്കി എന്നു വ്യക്തമാണ്.



**ഈ പശ്ചാത്തലത്തിൽ വേണം മലബാറിലെ ഇസ്ലാമിന്റെ വരവും വ്യാപനവും സംബന്ധിച്ച നാട്ടുവഴക്കങ്ങളെക്കുറിച്ച് ആലോചിക്കാൻ. മലബാറിൽ നിന്നു ചേരമാൻ പെരുമാൾ ഇസ്ലാംമതം സ്വീകരിച്ച് മക്കത്തു പോവുകയും അവിടെ നിന്ന് തിരിക്കുന്ന വഴിയിൽ വെച്ച് പെരുമാൾ മരണപ്പെടുമ്പോൾ തന്റെ കൂടെയുണ്ടായിരുന്നവരെ മലബാറിലേക്ക് പറഞ്ഞുവിടുകയും അവരുടെ നേതൃത്വത്തിൽ ഇവിടെ ഇസ്ലാംമത പ്രചാരം നടക്കുകയും ചെയ്തുവെന്നതാണ് ചേരമാൻ പെരുമാൾ കഥയുടെ എല്ലാ വഴക്കങ്ങളിൽ നിന്നുമായി നമുക്ക് ലഭിക്കുന്ന ചിത്രം.**

ഈ പശ്ചാത്തലത്തിൽ വേണം മലബാറിലെ ഇസ്ലാമിന്റെ വരവും വ്യാപനവും സംബന്ധിച്ച നാട്ടുവഴക്കങ്ങളെക്കുറിച്ച് ആലോചിക്കാൻ. മലബാറിൽ നിന്നു ചേരമാൻ പെരുമാൾ ഇസ്ലാംമതം സ്വീകരിച്ച് മക്കത്തു പോവുകയും അവിടെ നിന്ന് തിരിക്കുന്ന വഴിയിൽ വെച്ച് പെരുമാൾ മരണപ്പെടുമ്പോൾ തന്റെ കൂടെയുണ്ടായിരുന്നവരെ മലബാറിലേക്ക് പറഞ്ഞുവിടുകയും അവരുടെ നേതൃത്വത്തിൽ ഇവിടെ ഇസ്ലാംമത പ്രചാരം നടക്കുകയും ചെയ്തുവെന്നതാണ് ചേരമാൻ പെരുമാൾ കഥയുടെ എല്ലാ വഴക്കങ്ങളിൽ നിന്നുമായി നമുക്ക് ലഭിക്കുന്ന ചിത്രം. ബാർബോസയുടെ വിവരണങ്ങളിലാണ് ഇത് ആദ്യമായി വിവരിച്ചിട്ടുള്ളത്.

പതിനാറാം നൂറ്റാണ്ടിന്റെ ആദ്യ ദശകങ്ങളിൽ ഇത് എഴുതുമ്പോൾ അറുനൂറു വർഷങ്ങൾക്ക് മുമ്പ് നടന്ന സംഭവം എന്ന നിലക്കാണ് ചേരമാൻ പെരുമാളിന്റെ മതമാറ്റത്തെ വിവരിക്കുന്നത്. പോർച്ചുഗീസുകാരുടെ ഔദ്യോഗിക ചരിത്രകാരനായ ബാരോസ്സും ഇത് തന്നെ എടുത്തു വിവരിക്കുന്നുണ്ട്. ഒന്നായിക്കിടന്നിരുന്ന മലബാറിനെ ബന്ധുമിത്രാദികൾക്ക് വീതിച്ചു നൽകിയാണ് പെരുമാൾ മക്കത്ത് പോയതെന്ന് രണ്ടുപേരും പറയുന്നുണ്ട്.

'തുഹ്ഫത്തുൽ മുജാഹിദീൻ' എന്ന തന്റെ പ്രസിദ്ധമായ ഗ്രന്ഥത്തിൽ ശൈഖ് സൈനുദ്ദീൻ ഇതേ വഴക്കം അവതരിപ്പിക്കുന്നുണ്ട്. പതിനാറാം നൂറ്റാണ്ടിന്റെ അവസാനത്തിൽ എഴുതിയ ഈ കൃതിയിലെ വിവരണം മുമ്പെ സൂചിപ്പിച്ച തെളിവുകളോട് ചേർന്നു നിൽക്കുന്ന രീതിയിലാണ്. വിവരണത്തിന്റെ ചുരുക്കം ഇങ്ങനെ. സിലോണിലേക്ക് യാത്ര പോവുന്ന അറബി കപ്പൽ യാത്രക്കാർ കൊടുങ്ങല്ലൂരിലിറങ്ങി. അവർ പ്രവാചകനെക്കുറിച്ചും മറ്റും പെരുമാളിനെ ധരിപ്പിച്ചു. പ്രവാചകൻ ചന്ദ്രനെ പിളർത്തിയ സംഭവം ചേരമാൻ പെരുമാൾ ദർശിച്ചിരുന്നതിനാൽ പെരുമാൾ പ്രവാചകന്റെ മതത്തിൽ വിശ്വസിക്കുകയും യാത്രാ സംഘം മടങ്ങുമ്പോൾ അവരുടെ കൂടെ മക്കത്തേക്ക് പോവാൻ രഹസ്യമായി പരിപാടിയിടുകയും ചെയ്തു. യാത്ര വളരെ രഹസ്യമാക്കി വെച്ച പെരുമാൾ പോവുന്നതിന് തൊട്ടുമുമ്പ് തന്റെ സാമ്രാജ്യം വിഭജിച്ച് വിവിധ നാടുവാഴികൾക്ക് നൽകുകയും അവർക്കുള്ള അതിർത്തി കൃത്യമായി നിർണ്ണയിച്ചു നൽകുകയും ചെയ്തു.

കൊടുങ്ങല്ലൂരിൽ നിന്ന് പുറപ്പെട്ട സംഘം ചേരമാൻ പെരുമാളുമൊത്ത് പന്തലായിനിയിലെത്തി. അവിടെ ഒരു രാത്രിയും ഒരു പകലും താമസിച്ചു. അവിടെ നിന്ന് അവർ ധർമ്മടത്തേക്ക് പോയി. അവിടെ മൂന്നു ദിവസവും താമസിച്ചു. തുടർന്നു ശഹർ അൽമുഖല്ലയിലേക്ക് പോയി. അവിടെ വെച്ച് മലബാറിലേക്ക് പ്രവാചക ദൗത്യവുമായി പോവാൻ തീരുമാനിച്ച ഒരു സംഘം അവരോടൊപ്പം ചേർന്നു. പെരുമാൾ അവിടെ വെച്ച് രോഗബാധിതനാവുകയും മരണമടയുകയും ചെയ്തു. മരണത്തിന് മുമ്പേ തന്നെ മലബാറിലേക്കുള്ള സംഘത്തിലുള്ളവരുടെ യാത്ര മുടക്കരുതെന്ന് പറഞ്ഞ് മലയാളത്തിൽ ഒരു കത്ത് നൽകുകയും ചെയ്തു. മലബാറിനെക്കുറിച്ചുള്ള വിവരങ്ങളും ഇറങ്ങേണ്ട സ്ഥലങ്ങളും ഇതിൽ ഉണ്ടായിരുന്നുവത്രെ. തന്റെ അസുഖത്തെക്കുറിച്ചോ മറ്റോ മലബാറുകാരെ അറിയിക്കരുതെന്നും പെരുമാൾ നിർദ്ദേശിച്ചിരുന്നു. ശേഷം അഞ്ച് വർഷങ്ങൾക്ക് ശേഷം ശറഫുബ്നു മാലിക്, മാലിക് ബിൻ ദിനാർ, മാലിക് ബിൻ ഹബീബ്, ഭാര്യ ഖമരിയ, മക്കൾ, സുഹൃത്തുക്കൾ ഒന്നാകെ കൊടുങ്ങല്ലൂരിൽ എത്തുകയും അവിടെയും മറ്റു സ്ഥലങ്ങളിലുമായി ധാരാളം പള്ളികൾ നിർമ്മിക്കുകയും ചെയ്തു.

മലബാറിൽ ഇസ്ലാം മതം വന്നതിനെക്കുറിച്ചുള്ള ഈ ചരിത്രത്തിന് വ്യക്തമായ തെളിവുകളില്ല എന്ന് പറയുന്ന ശൈഖ് സൈനുദ്ദീൻ ഈ സംഭവങ്ങൾ ഹിജ്റ 200ന് ശേഷം നടന്നതാവാം എന്ന അഭിപ്രായത്തോട് യോജിക്കുകയും ചെയ്യുന്നുണ്ട്. പ്രവാചക സന്നിധിയിൽ ചെന്നാണ് ചേരമാൻ പെരുമാൾ ഇസ്ലാം മതം വിശ്വസിച്ചത് എന്ന മലബാറിലെ മുസ്ലിംകളുടെ ധാരണയിൽ തെല്ലും സത്യമില്ല

എന്നും അദ്ദേഹം കൂട്ടിച്ചേർക്കുന്നു.

എന്നാൽ ഇന്ത്യ ഓഫീസ് ലൈബ്രറിയിൽ അജ്ഞാത കർത്താക്കളുടെതായി കാണുന്ന രണ്ട് അറബ് രേഖകളിൽ ചേരമാൻ പെരുമാൾ സംഭവം രേഖപ്പെടുത്തിയിട്ടുണ്ട്. ഖിസ്സതു ശക്രുവർത്തി ഫർമന്ത്, റിഹ്‌ലത്തുൽ മുലൂക്ക് എന്നീ തലക്കെട്ടിൽ അറിയപ്പെടുന്ന ഈ രേഖകൾ ചേരമാൻ പെരുമാളിന്റെ മക്കാ യാത്രയും ഇസ്ലാം മത സ്വീകാരവും പ്രവാചകന്റെ കാലത്തു തന്നെയെന്നാണ് വിവരിച്ചു കാണുന്നത്. ലഭ്യമായിട്ടുള്ള എല്ലാ വഴക്കങ്ങളും പരിഗണിച്ചാൽ രാജ്യം വിഭജിച്ച് നാടുവാഴികൾക്ക് നൽകി നാലാം വേദം സ്വീകരിച്ച് മക്കത്ത് പോവുന്ന അവസാനത്തെ പെരുമാളിനെക്കുറിച്ച് കേരളോൽപത്തിയിലും പ്രതിപാദിക്കുന്നുണ്ട്. ചുരുക്കത്തിൽ മലയാളത്തിലെ എല്ലാ പാരമ്പര്യങ്ങളിലും പ്രകടമായി കാണുന്ന ഒരു ലെജന്റായി ചേരമാൻ പെരുമാളിന്റെ സ്ഥാന ത്യാഗവും ഇസ്ലാം മത സ്വീകാരവും പ്രകാശിപ്പിക്കപ്പെട്ടിരിക്കുന്നു.

പെരുമാൾ കഥകളിലെ മുഴുവൻ വഴക്കങ്ങളും പരിഗണിച്ചാൽ കേരളത്തിലെ ഇസ്ലാമിന്റെ ആവിർഭാവത്തിന് മൂന്ന് കാല ഗണനകൾ കാണാനാവും.

1. ഏഴാം നൂറ്റാണ്ടിൽ പ്രവാചകന്റെ കാലത്ത് (ഖിസ്സതു ശക്രുവർത്തി ഫർമന്ത്)

2. ഒമ്പതാം നൂറ്റാണ്ടിൽ (തുഹ്ഫതുൽ മുജാഹിദീൻ)

3. പന്ത്രണ്ടാം നൂറ്റാണ്ടിൽ (കേരളോൽപത്തി).

ഐതീഹ്യത്തിലെ പരശുരാമനും വിജയനഗരത്തിലെ കൃഷ്ണദേവരായരും മലയാളത്തിലെ നാടുവാഴികളും ഇംഗിരീയസ്സുകാരുമെല്ലാം പ്രത്യക്ഷപ്പെടുന്ന ഒരു കൃതി എന്തായാലും പതിനേഴാം നൂറ്റാണ്ട് വരെ ഇടപെടലുകൾ നടന്ന ഒരു കൃതിയാണെന്ന് വളരെ വ്യക്തം. മനുഷ്യരും ദൈവങ്ങളും പരസ്പരം സംവദിക്കുകയും ഇടപഴകുകയും ചെയ്യുന്ന കേരളോൽപത്തി ഒരു ഉപാദാനമായി സ്വീകരിക്കാൻ ധാരാളം പരിമിതികളുണ്ട്. എന്നിരുന്നാലും കേരളോൽപത്തിയിൽ വിവരിച്ച 32 ബ്രാഹ്മണ ഗ്രാമങ്ങൾ കണ്ടെത്താൻ ചരിത്രകാര ാർക്കായിട്ടുണ്ട് എന്നിരിക്കെ കേരളോൽപത്തിയിലെ വിവരണങ്ങളിൽ ചരിത്ര പരമായ പലതുമുണ്ടാവുമെന്ന് വിചാരിക്കാമല്ലോ.

മാത്രവുമല്ല ലിഖിത പഠനങ്ങളുടെ അടിസ്ഥാനത്തിൽ മഹോദയ പുരത്തെ പെരുമാക്കൻമാരുടെ ചരിത്രം ശാസ്ത്രീയമായി അവതരിപ്പിക്കാൻ എളംകുളം കുഞ്ഞൻപിള്ള, എം.ജി.എസ്. നാരായണൻ എന്നിവർക്ക് സാധിച്ചിട്ടുണ്ട്. ഇതനുസരിച്ചു അവസാനത്തെപ്പെരുമാൾ ഭരിച്ചത് പന്ത്രണ്ടാം നൂറ്റാണ്ടിലായിരുന്നുവെന്ന് കണ്ടെത്തിയിട്ടുണ്ട്. ഇതനുസരിച്ചാണ് ചേരമാൻ പെരുമാളിന്റെ മക്കാ യാത്ര പന്ത്രണ്ടാം നൂറ്റാണ്ടിലായിരുന്നിരിക്കാം എന്ന് വിചാരിക്കുന്നതിനടിസ്ഥാനം.

കേരളോത്പത്തി പരിശോധിച്ചാൽ അതിലെ വിവരണങ്ങൾക്ക് കൃത്യമായ ഒരു ഘടന കാണാനാവും. കേരളം പരശുരാമൻ ബ്രാഹ്മണർക്ക് ദാനം ചെയ്തു. ബ്രാഹ്മണർ പെരുമാക്കൻമാർക്ക് പരശുരാമ ക്ഷേത്രത്തിന്റെ അധികാരം നീരറുത്തു നൽകി. ചേരമാൻ പെരുമാൾ നാടുവാഴികൾക്ക് അവരവരുടെ നാടുകളിൽ അധികാരം പതിച്ചു നൽകി. പരശുരാമ ക്ഷേത്രത്തിന്റെ അധികാരം അങ്ങനെ ചേരമാൻ പെരുമാൾ വഴി നാടുവാഴികൾക്ക് ലഭ്യമായത് സാധൂകരിക്കപ്പെട്ടു. ബ്രാഹ്മണരെയും പശുക്കളെയും സംരക്ഷിക്കുക എന്നത് നാടുവാഴികളുടെ പ്രഥമ കർത്തവ്യമായി അംഗീകരിക്കപ്പെടുന്നതോടെ പെരുമാക്കൻമാരുടെ ധർമ്മം നാടുവാഴികൾ ഏറ്റെടുക്കുകയാണ്. ഇങ്ങനെ നാടുവാഴി ഭരണം സാധൂകരിക്കാനുള്ള അടിസ്ഥാന ഫോർമുലയായി വേണം കേരളോത്പത്തിയെ കാണാൻ. രാജ്യം പകുത്തു നൽകി വിരമിക്കുന്ന രാജാവ് ഈ ഫോർമുലയിലെ അവശ്യ ഘടകമാണ്. അങ്ങനെ ഒരു പ്ലോട്ടില്ലാതിരുന്നാൽ നാടുവാഴികളുടെ അധികാരത്തെ സാധൂകരിക്കാനാവില്ല. മാത്രവുമല്ല നാടുവാഴിയുഗത്തിലെ വാണിജ്യവികാസത്തിന് ഒഴിച്ചുകൂടാനാവാത്ത ഒരു വിഭാഗമായിരുന്നല്ലോ മുസ്ലിംകൾ. ഒമ്പതാം നൂറ്റാണ്ടു തൊട്ട് പതിനഞ്ചാം നൂറ്റാണ്ടു വരെ ലിഖിതങ്ങളിൽ മുസ്ലിംകൾക്ക് സാന്നിധ്യമുണ്ടായത് അവർക്ക് മലബാറിലെ സമൂഹത്തിൽ അധികാരം സിദ്ധിച്ചതിന്റെ സൂചനയാണ്. സെബാസ്റ്റ്യൻ ഫ്രാഞ്ച് ഒരു പഠനത്തിൽ ഇത് വെളിവാക്കുന്നുണ്ട്. വാണിജ്യം വഴി വരുമാനത്തിന് കടൽകച്ചവടക്കാരായ മുസ്ലിംകളുടെ സാന്നിധ്യം മലബാറിലെ സമൂഹത്തിൽ ഒഴിച്ചു നിർത്താനാവാത്ത വിധം ശക്തിപ്പെട്ടതു കൊണ്ടുകൂടിയാവാം കേരളത്തിലെ ഒന്നാമത്തെ മുസ്ലിം ഒരു രാജാവായിരുന്നു എന്ന് അംഗീകരിക്കുവാൻ കാരണം. പ്രതീകാത്മകമായി കേരളത്തിലെ മുസ്ലിംകളെ ഔന്നത്യവൽക്കരിക്കാൻ കേരളോൽപത്തിക്കാവുന്നത് ഇത് കൊണ്ടാണ്. ആരിയപുരത്ത് നിന്ന് ജോനകനെയും ജോനകത്തിയെയും വിളിച്ചു കൊണ്ട് വന്ന് അറക്കൽ ആലി രാജാക്കൻമാരെ അധികാരത്തിലിരുത്തുന്നതും ചേരമാൻ പെരുമാളാവുന്നതും ഇതേ കാരണം കൊണ്ടാണെന്ന് വിചാരിക്കാവുന്നതാണ്.

കേരളത്തിൽ പ്രഥമ മുസ്ലിം ചേരമാൻ പെരുമാൾ തന്നെയാവണമെന്ന് വരുമ്പോൾ അത് പ്രവാചകന്റെ കാലഘട്ടത്തിലായിരുന്നുവെന്ന് പറയാൻ ബുദ്ധിമുട്ടുണ്ട്. കാരണം ഏഴാം നൂറ്റാണ്ടിൽ ഒരു പെരുമാൾ രാജ്യഭരണം വിട്ടു മതം മാറിയതായോ മറ്റോ തെളിവുകൾ ലഭ്യമല്ല. സംഭവം ഒമ്പതാം നൂറ്റാണ്ടിലായിരിക്കാം എന്നു പറയുമ്പോഴും ഇതേ പ്രശ്നം അഭിമുഖീകരിക്കേണ്ടി വരുന്നുണ്ട്. അങ്ങനെ വരുമ്പോൾ പന്ത്രണ്ടാം നൂറ്റാണ്ടിന് ശേഷമായിരിക്കാം ഈ സംഭവങ്ങൾ എന്ന് കരുതേണ്ടി വരും. അറബികൾ ഒമ്പതാം നൂറ്റാണ്ടാവുമ്പോഴേക്ക് തന്നെ കേര

**മിത്തുകൾ യാഥാർത്ഥ്യങ്ങളുടെ ഒരു കാവ്യാവിഷ്ക്കാരമാണെന്ന് പറയാനാവുമെങ്കിൽ പ്രവാചകന്റെ കാലത്ത് തന്നെ കേരള തീരത്തെത്തിയ ഇസ്ലാം മതത്തിനെയും തുടർന്നുവന്ന മതപ്രചാരകരെയും അതോടൊപ്പം, ഒരു പക്ഷെ, ഒരു രാജാവ് (ഏതെങ്കിലും ഒരു പെരുമാൾ) ഇസ്ലാം മതം സ്വീകരിച്ചതിനെയുമെല്ലാം ഉൾക്കൊള്ളുന്ന ഒരു കാവ്യാവിഷ്ക്കാരത്തിന് കാലഭേദങ്ങൾ ആവശ്യപെടുന്നതനുസരിച്ചു വഴക്കങ്ങൾക്ക് രൂപാന്തരം സംഭവിച്ച് വന്ന ഒരു കൃതിയായി കേരളോത്പത്തിയെ കാണാനാവുമെങ്കിൽ മുൻ സൂചിപ്പിച്ച അറബികളുടെ സിലോൺ മലബാർ ബന്ധങ്ങൾ കൂടി പരിഗണിച്ചാൽ പ്രവാചകന്റെ കാലത്ത് തന്നെ ഇസ്ലാം മതം കേരളത്തിലെത്തിയെന്ന് പറയാനാവും.**

ള തീരങ്ങളിൽ സജീവമായിരുന്നു എന്നത് പന്ത്രണ്ടാം നൂറ്റാണ്ടിൽ മാത്രമെ ഇസ്ലാം കേരളത്തിലെത്തിയുള്ളൂ എന്ന ധാരണ തിരസ്കരിക്കുന്നതുമാണ്.

മലബാറിൽ നിരന്തരമായി എത്തിച്ചേർന്നിരുന്ന അറബികൾ മുഖേന ഇസ്ലാം മതം കേരള തീരത്തെത്തുകയും പ്രചരിക്കുകയും ചെയ്തിരിക്കാം. പ്രമാണങ്ങൾക്ക് സാക്ഷികളാവാൻ മാത്രം കുടികിടപ്പുള്ളവരായിരിക്കുമല്ലോ തരിസാപ്പള്ളിപ്പട്ടയത്തിലെ സാക്ഷികളായി ഒപ്പിട്ടവർ. പന്തലായിനി കൊല്ലത്ത് നിന്നുള്ള തെളിവുകളും ഇതിനെ പ്രബലപ്പെടുത്തുന്നുണ്ട്. കച്ചവടക്കാരുടെ വഴിയെ വന്ന സൂഫി വര്യൻമാരായ മതപ്രചാരകരുടെ ഒരു സംഘമായിരിക്കാം പെരുമാൾക്കഥയിൽ പറയുന്ന മാലിക് ബിൻ ദീനാറും സംഘവും. ഹിജ്റ ഒന്നാം നൂറ്റാണ്ടിലെ പ്രശസ്ത പണ്ഡിതനായിരുന്ന ഹസൻ അൽ ബസ്വരിക്ക് മാലിക് ബിൻ ദീനാർ എന്ന പേരുള്ള ഒരു ശിഷ്യനുണ്ടായിരുന്നുവെന്ന് ഇതിനോട് കൂട്ടി വായിക്കണം.

മിത്തുകൾ യാഥാർത്ഥ്യങ്ങളുടെ ഒരു കാവ്യാവിഷ്ക്കാരമാണെന്ന് പറയാനാവുമെങ്കിൽ പ്രവാചകന്റെ കാലത്ത് തന്നെ കേരള തീരത്തെത്തിയ ഇസ്ലാം മതത്തിനെയും തുടർന്നുവന്ന മതപ്രചാരകരെയും അതോടൊപ്പം, ഒരു പക്ഷെ, ഒരു രാജാവ് (ഏതെങ്കിലും ഒരു പെരുമാൾ) ഇസ്ലാം മതം സ്വീകരിച്ചതിനെയുമെല്ലാം ഉൾക്കൊള്ളുന്ന ഒരു കാവ്യാവിഷ്ക്കാരത്തിന് കാലഭേദങ്ങൾ ആവശ്യപെടുന്നതനുസരിച്ചു വഴക്കങ്ങൾക്ക് രൂപാന്തരം സംഭവിച്ച് വന്ന ഒരു കൃതിയായി കേരളോത്പത്തിയെ കാണാനാവുമെങ്കിൽ മുൻ സൂചിപ്പിച്ച അറബികളുടെ സിലോൺ മലബാർ ബന്ധങ്ങൾ കൂടി പരിഗണിച്ചാൽ പ്രവാചകന്റെ കാലത്ത് തന്നെ ഇസ്ലാം മതം കേരളത്തിലെത്തിയെന്ന് പറയാനാവും.

## റഫറൻസുകൾ


A. P. Ibrahim Kunhu, Mappila Muslims of Kerala: Their History and Culture, Thiruvananthapuram,1989

Amir Ali, Spirit of Islam, Cosimo 2010

Barbara Metcalf (ed.) Islam in South Asia in Practice, Prmanent Black 2012

E J Stanely (ed.) Book of Duarte Barbosa, Asian Education Services 1985

Elamkulam P.N. Kunhan Pillai, Studies in Kerala History, Kottayam 1970

Eusebius Renoudot (ed.) Ancient Account of India and China by two Mohammedan Travellers

Gundert (ed. ), Keralolpathi,Mangalore, 1868

Kesavan Veluthat, Brahman Settlements of Kerala, Cosmo Books,2013

K .J. John, " Muslim-Arab and Mosque Architecture in Malabar" in Asgar Ali Engineer (ed) Kerala Muslims-A Historical Perspective 1992

K.K. Moamed Abdul Karim and CN Ahmed Maulavi, Mahathaya Mappila Sahithya Prampryam (Mal), Calicut,1978

MGS Narayanan, Cultural symbiosis in Kerala, Trivandrum, 1972; Perumals of Kerala: Political and Social Conditions of Kerala under the Cera Perumals of Makotai (c.800 AD-1124 AD), Calicut,1996

M. Lombard, Golden Age of Islam, Markus Wiener Publishing Inc 2004

Raghava Varrier (ed) Keralolpathi Granthavari: Kolathunadu Tradition, Calicut University, 1984

Roland E miller, Mappila Muslims of Kerala: A Study in Islamic Trends, Orient Longman (1992)

Sebastian Raphel Prange, The social and economic organization of Muslim Trading communities on the Malabar Coast, twelfth to sixteenth centuries (unpublished Ph D thesis) ,School of Oriental and African Studies, University of London, 2008

SMH Nainar (Trans. and ed.), Thuhfathul Mujahideen, Culicut, 2006

V. Abdul Khayum (trans. of Shamsulla Qadiri) Pracheena Malabar (mal.) Other Books, 2010 ●

Autumn 2015

# Teachers' Voice

The Official Journal of **KERALA PRIVATE COLLEGE TEACHERS' ASSOCIATION**





# ഉന്നതവിദ്യാഭ്യാസരംഗം സർക്കാർ മുന്നേറ്റത്തിന് തുരംഗം വീഴുന്നു



**ഡോ. ടി. മുഹമ്മദലി** പ്രവർത്തക സമിതി അംഗം, കെ.പി.സി.റ്റി.എ.

2025ാം ആണ്ടോടെ ജനസംഖ്യയിൽ യുവജനങ്ങൾക്കുണ്ടാവാൻ പോവുന്ന പ്രാമുഖ്യം (Demographic Dividend) പ്രയോജനപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ ഉന്നതവിദ്യാഭ്യാസരംഗം പരിവർത്തിപ്പിച്ച് ആഗോള തലത്തിൽ ശ്രദ്ധേയമായ സ്ഥാനം നേടിയെടുക്കുവാനുള്ള നിരന്തര ശ്രമത്തിലാണ് ഇപ്പോൾ നമ്മുടെ രാജ്യം. പത്താം പദ്ധതിയിൽ തുടങ്ങി പതിനൊന്നാം പദ്ധതി കടന്നു പന്ത്രണ്ടാം പദ്ധതിയിലെത്തി നിൽക്കുന്ന ആസൂത്രിത വികസനം ഈ ലക്ഷ്യം നേടിയെടുക്കാൻ നമ്മെ സാധ്യമാക്കുമെന്നാണ് ഈ കാലയളവിൽ ഉന്നതവിദ്യാഭ്യാസരംഗത്തുള്ള വളർച്ച സൂചിപ്പിക്കുന്നത്.

രാജ്യത്തെ മറ്റ് സംസ്ഥാനങ്ങളുമായി തുലനം ചെയ്യുമ്പോൾ കേരളം ഈ രംഗത്ത് വമ്പിച്ച മുന്നേറ്റം നടത്തേണ്ടതുണ്ട്. കാരണം കേരളത്തിന്റെ സാമ്പത്തികരംഗം നില കൊള്ളുന്നത് കാർഷിക രംഗത്തോ, വ്യാവസായിക രംഗത്തോ നിന്നുള്ള വരുമാനത്തിൽ നിന്നല്ല. മറിച്ച് സേവനരംഗത്തു നിന്നുള്ള വരുമാനത്തിൽ നിന്നാണ്. ആ നിലയിൽ നമ്മുടെ സംസ്ഥാനത്തിന്റെ ശ്രദ്ധ പതിയേണ്ടത്. മാനവവിഭവശേഷി വർദ്ധിപ്പിക്കുന്നതിലാണ്.

സംസ്ഥാനത്തിന്റെ വികസനഭൂമികയിൽ സ്വാഭാവികമായും വിദ്യാഭ്യാസത്തിന് പ്രമുഖ സ്ഥാനമാണുള്ളത്. വിദ്യാഭ്യാസം നേടിയ യുവതയുടെ മനുഷ്യ വിഭവശേഷി വർദ്ധിപ്പിക്കുന്നതിനായിരിക്കണം നമ്മുടെ സംസ്ഥാനം പ്രാമുഖ്യം നൽകേണ്ടത്.

വളർന്നു വരുന്ന ആഗോള സമൂഹത്തിൽ ക്രിയാത്മ നേതൃത്വം നൽകാനാവും വിധം സംസ്ഥാനത്തെ യുവജനങ്ങൾക്ക് അറിവും നൈപുണികളും പകർന്ന് കൊടുക്കാനാവുന്ന തരത്തിലുള്ള നയപരിപാടികളിലൂടെ ഉന്നതവിദ്യാഭ്യാസ രംഗത്ത് നിർണ്ണായകമായ ഇടപെടലുകളാണ് ശ്രീ. ഉമ്മൻചാണ്ടിയുടെ നേതൃത്വത്തിലുള്ള ഐക്യജനാധിപത്യ മുന്നണി സർക്കാരിൽ നിന്നുണ്ടാവുന്നത്.

1990 മുതൽ കേരളത്തിൽ മാറിവന്ന സർക്കാറുകൾ ഉന്നത വിദ്യാഭ്യാസ രംഗത്തെ അതിന്റെ നേരിട്ടുള്ള പങ്ക് ചുരുക്കി കൊണ്ടു വരികയായിരുന്നു. പ്രീഡിഗ്രി വിദ്യാഭ്യാസം കോളേജുകളിൽ നിന്നു വേർപെടുത്തിയിട്ടും സർക്കാർ എയിഡഡ് മേഖലയിലുള്ള കലാലയങ്ങളിൽ വേണ്ടത്ര പുതിയ കോഴ്സുകൾ തുടങ്ങുവാനോ പുതിയ കലാലയങ്ങൾ സർക്കാർ മേഖലയിലോ എയിഡഡ് മേഖലയിലോ സ്ഥാപിക്കുവാനോ താൽപര്യം മാറിവന്ന സർക്കാരുകൾ കാണിച്ചില്ല. എന്നാൽ സ്വാശ്രയ രംഗത്ത് കലാലയങ്ങൾ സ്ഥാപിക്കുന്നത് പരിപോഷിപ്പിക്കാൻ കഴിയാവുന്നതെല്ലാം ചെയ്തു കൊടുക്കുകയും ചെയ്തു. സർക്കാർ, എയിഡഡ് മേഖലയിൽ കലാലയങ്ങളുടെ വളർച്ച മുരടിച്ചു നിൽക്കുകയും സ്വാശ്രയ മേഖല വളർന്നുവരികയും ചെയ്തു. ഈ കാലയളവിൽ വേറിട്ട വഴിയിലൂടെ സഞ്ചരിക്കാൻ തയ്യാറായ ഉമ്മൻചാണ്ടിയുടെ നേതൃത്വത്തിലുള്ള സർക്കാറിനെപ്രത്യേകം അഭിനന്ദിക്കേണ്ടതുണ്ട്.

സർക്കാർ-എയിഡഡ് മേഖലയിൽ ഒരു കുതിച്ചുചാട്ടമാണ് ഈ സർക്കാരിന്റെ കീഴിൽ നടന്നിട്ടുള്ളത്. സംസ്ഥാനത്തെ മുഴുവൻ ഗവൺമെന്റ് എയിഡഡ് കോളേജുകളിലും ഒന്നു മുതൽ നാലു വരെ പുതിയ കോഴ്സുകൾ നൽകുക വഴി സർക്കാർ ഉന്നത വിദ്യാഭ്യാസ രംഗത്ത് നേരിട്ട് മുതൽ മുടക്കാനുള്ള ആർജ്ജവം കാണിച്ചു. കോളേജുകളില്ലാത്ത എല്ലാ നിയോജക മണ്ഡലങ്ങളിലും കോളേജ് നൽകുക വഴി പുതിയ 22 കോളേജുകൾ സർക്കാർ തലത്തിൽ സ്ഥാപിച്ച് ഉന്നതവിദ്യാഭ്യാസ രംഗത്ത് നിന്ന് ഭരണകൂടം പിന്മാറുന്നു എന്ന ധാരണ തന്നെ തിരുത്തിക്കുറിച്ചിരിക്കുകയാണ്. മാത്രമല്ല, ആയുർവേദിക് സർവ്വകലാശാല, വെറ്ററിനറി സർവ്വകലാശാല, മെഡിക്കൽ സർവ്വകലാശാല, ഫിഷറീസ് സർവ്വകലാശാല, സാങ്കേതിക

സർവ്വകലാശാല, മലയാളം സർവ്വകലാശാല തുടങ്ങിയ പുതിയ യൂണിവേഴ്സിറ്റികളും, ഹൈദരബാദ് ഇഫ്ലു സെന്ററടക്കം രാജ്യത്തെ പ്രശസ്തമായ സർവ്വകലാശാലകളുടെ കേന്ദ്രങ്ങൾ സ്ഥാപിക്കുകയും ചെയ്തു കഴിഞ്ഞു. ഒരു ഐ.ഐ.ടി സ്ഥാപിതമായത് കൂടി പരിഗണിക്കുമ്പോൾ ഉന്നതവിദ്യാഭ്യാസ രംഗത്തെ വികാസത്തിന് ഇത്രയും പരിശ്രമിച്ച ഒരു ഗവൺമെന്റ് സംസ്ഥാനത്ത് മുമ്പുണ്ടായിട്ടില്ല എന്ന് പറയുന്നതിൽ അതിശയോക്തിയില്ല. മാത്രവുമല്ല, സംസ്ഥാനത്ത് അധ്യാപകർക്ക് യു.ജി.സി, എ.ഐ.സി.ടി.ഇ മാർഗ്ഗ നിർദ്ദേശങ്ങളനുസരിച്ചുള്ള പരിഷ്കരിച്ച വേതനവും കൂടി നൽകുന്നതിലൂടെ അധ്യാപകരുടെ അറിവും അധ്വാനവും കൂടുതൽ ഫലപ്രദമായി വിനിയോഗിക്കുവാൻ സാഹചര്യമൊരുക്കി ഗുണമേന്മയിൽ വമ്പിച്ച മുന്നേറ്റങ്ങളുണ്ടാക്കാനും ഉമ്മൻചാണ്ടി സർക്കാരിന് കഴിഞ്ഞിട്ടുണ്ട്.

എന്നാൽ ഉന്നതവിദ്യാഭ്യാസരംഗത്ത് യു.ഡി.എഫ് സർക്കാർ നേടിയ മുന്നേറ്റത്തിന്റെ തിളക്കം കുറക്കുവാനുള്ള ആസൂത്രിത നീക്കങ്ങൾ ഉന്നത ഉദ്യോഗസ്ഥ തലത്തിൽ നടക്കുന്നില്ലേ എന്ന് സംശയിക്കാനിടവരുത്തുന്ന ചില സൂചനകൾ പുറത്ത് വന്നു കൊണ്ടിരിക്കുകയാണ്. അവ പരിശോധിക്കപ്പെടുകയും നിക്ഷിപ്ത താൽപര്യക്കാരായ ഉദ്യോഗസ്ഥരെ തിരിച്ചറിയുകയും ചെയ്യേണ്ടതുണ്ട്. മുമ്പ് സൂചിപ്പിച്ച സർക്കാർ മേഖലയിലെ പുതിയ കോളേജുകളിലേക്കും സംസ്ഥാനവ്യാപകമായി തുടങ്ങിയ ധാരാളം പുതിയ കോഴ്സുകളിലേക്കുമുള്ള അധ്യാപകരുടെ നിയമനം ചുവപ്പ് നാടകളിൽ കുടുക്കിയിട്ടിരിക്കുകയാണ്. മാത്രവുമല്ല കോളേജുകളിലെ സ്റ്റാഫുകളുടെ എണ്ണം പൊതുവിലും അധ്യാപകരുടെ എണ്ണം പ്രത്യേകിച്ചു കുറച്ചു കൊണ്ടുവരുവാനുള്ള കരുനീക്കങ്ങൾ പല തലങ്ങളിലായി നടന്നുവരുന്നതായും അറിയുന്നു.

സംസ്ഥാനത്തെ കലാലയങ്ങളുടെ ക്ഷമത വർദ്ധിപ്പിക്കുന്നതിന് വേണ്ടിയായിരിക്കണം അധ്യാപകർക്ക് പഞ്ചിംഗ് ഏർപ്പെടുത്തിയത്. അധ്യാപകർ അഞ്ച് മണിക്കൂറിന് പകരം ഏഴു മണിക്കൂർ കോളേജിൽ ലഭ്യമായിരിക്കണമെന്ന ഉത്തരവുണ്ടായതും അതേ ഉദ്ദേശത്താലാവണം. ഇക്കാര്യത്തിൽ സർക്കാറിന്റെ ഉദ്ദേശ്യശുദ്ധിയെ ചോദ്യം ചെയ്യാൻ ആർക്കുമാവില്ല. എന്നാൽ നിലവിലുള്ള വർക്ക്ലോഡ് മാനദണ്ഡങ്ങൾ മാറ്റി മറിച്ച് കലാലയങ്ങളിലെ അധ്യാപകരുടെ എണ്ണം ഗണ്യമായി കുറച്ചു കൊണ്ടുവരുവാൻ ഉദ്യോഗസ്ഥ തലത്തിൽ നടത്തുന്ന ശ്രമങ്ങൾ പുറത്തു വന്നിട്ടുണ്ട്. നമ്മുടെ ഉന്നതവിദ്യാഭ്യാസ രംഗത്ത് ഇതുണ്ടാക്കാവുന്ന പ്രത്യാഘാതങ്ങൾ വളരെ വലുതായിരിക്കുമെന്ന് പറയാതിരിക്കാനാവില്ല.

ഇത് പ്രതിപാദിക്കുന്നതിന് മുമ്പ് സംസ്ഥാനത്തിന്റെ ഉന്നതവിദ്യാഭ്യാസ രംഗത്ത് താൽപര്യമുള്ളവരോട് ചില കാര്യങ്ങൾ സൂചിപ്പിക്കുന്നു. മികച്ച അടിസ്ഥാനസൗകര്യങ്ങളും അർപ്പണ ബോധമുള്ള അധ്യാപകരുമാണ് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ശക്തി എന്നതിൽ ആർക്കും എതിർപ്പുണ്ടാവാൻ ഇടയില്ല. ഇവ രണ്ടും നൽകുവാൻ കഴിഞ്ഞാൽ വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം മികവുറ്റതാവും. കഴിഞ്ഞ രണ്ട് പതിറ്റാണ്ടിലെ സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ രംഗത്തെ മാറ്റങ്ങൾ ഇതിനു ഉദാഹരണമാണ്.

1990കളിലാണ് ദേശീയതലത്തിൽ ഉന്നതവിദ്യാഭ്യാസരംഗത്ത് സർക്കാർ സുചിന്തിതവും സുപ്രധാനവുമായ ചില നീക്കങ്ങൾ ആരംഭിക്കുന്നത്. സർവ്വകലാശാലകൾക്കും കോളേജുകൾക്കും യു.ജി.സി. വഴി വിവിധയിനം സാമ്പത്തിക സഹായങ്ങൾ, അധ്യാപകർക്ക് മികച്ച സേവനവ്യവസ്ഥകൾ എന്നിവ കൂടാതെ നാഷണൽ അസസ്മെന്റ് ആന്റ് അക്രഡിറ്റേഷന്റെ (നാക്) സംസ്ഥാപനം തുടങ്ങി ധാരാളം നടപടികൾ വന്നത് ഇക്കാലയളവിലാണ്. സംസ്ഥാനത്തെ കലാലയങ്ങളിലെ അടിസ്ഥാനസൗകര്യങ്ങളിലും അധ്യാപകരുടെ സമർപ്പണ ബോധത്തിലും ഇതോടൊപ്പമുണ്ടായ വർദ്ധനവ് സംസ്ഥാനത്തിന്റെ ഉന്നതവിദ്യാഭ്യാസത്തിന്റെ ഗുണമേന്മ ഉയർത്തിക്കൊണ്ടു വന്നുവെന്ന് ചില കാര്യങ്ങൾ നിരീക്ഷിച്ചാൽ നമുക്ക് മനസ്സിലാവും.

സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം 90കൾക്ക് ശേഷം പടിപടിയായി വർദ്ധിച്ചു വന്നിട്ടുണ്ട്. വിദ്യാർത്ഥികളുടെ വിജയശതമാനം, അവരുടെ തൊഴിൽ ശേഷി, പ്ലേസ്മെന്റുകൾ, അധ്യാപനത്തിന്റെ മികവ്, ഗവേഷണ വളർച്ച തുടങ്ങിയ ഗുണമേന്മാ സൂചികകൾ നേരിട്ട് അളന്നെടുക്കാൻ സംസ്ഥാനതലത്തിൽ വിവര സ്രോതസ്സുകൾ കുറവാണ്. ഉള്ളവ തന്നെ എത്രമാത്രം അവലംബനീയമാണ് എന്നതും സംശയമാണ്.

എന്നാൽ ഇതേ മാനദണ്ഡങ്ങൾ പാലിച്ച്കൊണ്ട് നടത്തപ്പെടുന്ന നാക് അക്രഡിറ്റേഷൻ ഡാറ്റ എടുത്തുകഴിഞ്ഞാൽ ഉന്നത വിദ്യാഭ്യാസ രംഗത്ത് 90കൾക്ക് ശേഷം വന്ന ഗുണപരമായ പരിവർത്തനങ്ങൾ കോറിയെടുക്കാനാവും. നാക് അക്രഡിറ്റേഷൻ എല്ലാ കോളേജുകൾക്കും 2015 മുതൽ നിർബന്ധമാണ്. യു.ജി.സി. സഹായം ലഭിക്കണമെങ്കിൽ ഇനി നാക് അക്രഡിറ്റേഷൻ കൂടിയേ തീരൂ.

2014ന് മുമ്പ് നാക് അക്രഡിറ്റേഷന് പോയ കോളേജുകളെല്ലാം തങ്ങളുടെ സ്ഥാപനത്തിന്റെ ഗുണമേന്മാ നിലവാരം വളർത്താൻ വേണ്ടി പുറം സമ്മർദ്ദങ്ങളില്ലാതെ തന്നെ ഇതിന് മുന്നിട്ടിറങ്ങിയവരാണ്. 2014ന് മുമ്പ് കേരളത്തിലെ കോളേജുകളിലെ അക്രഡിറ്റേഷൻ നില പരിശോധിച്ചാൽ ചില കാര്യങ്ങൾ വ്യക്തമാവും.

2004 മുതൽ 2014 വരെയുള്ള കേരള സംസ്ഥാനത്തിലെ കോളേജുകളിലെ നാക് അക്രഡിറ്റേഷൻ വിവരങ്ങൾ

| യൂണിവേഴ്സിറ്റി | 2004 | 2008 | 2014* |
|---|---|---|---|
| കേരള യൂണിവേഴ്സിറ്റി | 10 | 37 | |
| മഹാത്മാ ഗാന്ധി യൂണിവേഴ്സിറ്റി | 44 | 55 | |
| കാലിക്കറ്റ് യൂണിവേഴ്സിറ്റി | 7 | 48 | |
| കണ്ണൂർ യൂണിവേഴ്സിറ്റി | 0 | 10 | |
| ആകെ | 61 | 150 | 191 |

*2014ലെ യൂണിവേഴ്സിറ്റി തല വിവരങ്ങൾ ലഭ്യമായിട്ടില്ല.

നാക്, എം.എച്ച്.ആർ.ഡി, കേരള ഉന്നതവിദ്യാഭ്യാസ വിഭാഗം എന്നിവയുടെ വെബ്സൈറ്റിൽ നിന്ന് ലഭ്യമായ വിവരങ്ങളനുസരിച്ചാണ് മേൽ പട്ടിക തയ്യാറാക്കിയിട്ടുള്ളത്. 2014 വർഷത്തെ മൊത്തം കോളേജുകളുടെ എണ്ണം മാത്രമെ ലഭ്യമായിട്ടുള്ളൂ. പട്ടിക പ്രകാരം 2004ൽ ആകെ 61 കോളേജുകളാണ് അക്രഡിറ്റേഷന് വിധേയമായത്. 2008ൽ അത് ഇരട്ടിയിൽ അധികം (150) ആവുന്നുണ്ട്. 2014ൽ 191 കോളേജുകളാണ് അക്രഡിറ്റ് ചെയ്തതായി കാണപ്പെടുന്നത്. നാക് പ്രസിദ്ധീകരിച്ച ഒരു റിപ്പോർട്ടിൽ 2014ൽ കേരളത്തിലെ 68 കോളേജുകൾ എ ഗ്രേഡ് നേടിയതായി കാണിക്കുന്നുണ്ട്.

മാൻഡേറ്ററിയല്ലാതിരുന്നിട്ടും അക്രഡിറ്റേഷൻ രംഗത്ത് നടത്തിയ ഈ മുന്നേറ്റം ഗുണമേന്മാ തലത്തിൽ കോളേജുകളിൽ ഉണ്ടായി വന്ന മുന്നേറ്റത്തെ സൂചിപ്പിക്കുന്നതാണ്. എണ്ണത്തിൽ വർദ്ധനവുണ്ടാവുക മാത്രമല്ല, വർഷങ്ങൾ കഴിയും തോറും ഗുണമേന്മ വർദ്ധിച്ചു വരുന്നുമുണ്ട്. 2014 ആകെ അക്രഡിറ്റേഷൻ നേടിയ കോളേജുകളിൽ മൂന്നിലൊന്നും മേന്മയിൽ ഏറ്റവും ഉയർന്ന ഗ്രേഡ് കരസ്ഥമാക്കിയിട്ടുണ്ട്.

മാത്രവുമല്ല 2004നകം അക്രഡിറ്റ് ചെയ്യപ്പെട്ട കോളേജുകൾ ഗുണനിലവാരത്തിൽ വരുത്തിയ നേട്ടങ്ങൾ ദേശീയമായി അംഗീകരിക്കപ്പെട്ടതിന്റെ തെളിവായിരുന്നു. ഈ ഗണത്തിലെ പ്രധാനകോളേജുകൾക്ക് കോളേജ് വിത്ത് പൊട്ടൻഷ്യൽ ഫോർ എക്സലൻസ് (സി.പി.ഇ) പദവി

നൽകപ്പെട്ടത്. പത്താം പദ്ധതിയിൽ സംസ്ഥാനത്തെ ആറു കോളേജുകൾക്കാണ് ഈ പദവി ലഭ്യമായത്. പതിനൊന്നാം പദ്ധതി കാലയളവിൽ സി.പി.ഇ കോളേജുകളുടെ എണ്ണം പന്ത്രണ്ടും നിലവിൽ സി.പി.ഇ. കോളേജുകൾ ഒമ്പതുമാണ്.

2000ത്തോടെ കോളേജുകളിൽ നിന്നും പ്രീഡിഗ്രി മാറ്റി നിർത്തപ്പെടുകയും അധ്യാപകർക്ക് യു.ജി.സി. സ്കീമനുസരിച്ചുള്ള സേവനവേതനവ്യവസ്ഥകൾ നിലവിൽ വരികയും ചെയ്തതോടൊപ്പം വിവര സാങ്കേതിക രംഗത്തെ മാറ്റങ്ങൾ കൂടിയായപ്പോൾ സംസ്ഥാനത്തെ കലാലയങ്ങളിൽ കൂടുതൽ കാര്യക്ഷമമായ അധ്യാപനവും വിദ്യാർത്ഥി കേന്ദ്രീകൃതമായ പഠനപ്രവർത്തനങ്ങളും രൂപപ്പെടുവാൻ ആരംഭിച്ചു.

പുറമെ പുതിയ സേവനവേതനവ്യവസ്ഥ നിലവിൽ വന്നതോടെ അധ്യാപകർക്കുണ്ടായ ആത്മവിശ്വാസവും ആവേശവും വർദ്ധിച്ചു. കാമ്പസ് അന്തരീക്ഷത്തിൽ കൂടുതൽ സമയം ജോലി ചെയ്യുവാനും കോളേജിന്റെ വളർച്ച തങ്ങളുടെതും തങ്ങളുൾക്കൊള്ളുന്ന സമൂഹത്തിന്റെതും കൂടിയാണെന്ന് മനസ്സിലാക്കി കഠിനാദ്ധ്വാനം ചെയ്യുവാനും കോളേജുകളുടെ ഭരണപരവും വികസനപരവുമായ കാര്യങ്ങൾ കൂടി ഏറ്റെടുത്ത് നടത്ത് നടത്തുവാനും സന്നദ്ധരായി. 2003-04 അധ്യയനവർഷത്തോടെ സംസ്ഥാനത്തെ ക്യാമ്പസുകൾ ഇത്തരത്തിൽ സജീവമായതായി കാണാം. സംസ്ഥാനത്തെ കോളേജുകൾ നാക് അക്രഡിറ്റേഷന് വേണ്ടി സ്വയം സന്നദ്ധമായി തുടങ്ങിയത് ഇക്കാലയളവോടെയായത് പ്രധാനമായും ഈ സജീവത കാരണമായിരുന്നു.

സർവ്വകലാശാലകളിൽ മാത്രമുണ്ടായിരുന്ന ഗവേഷണ മേഖലകളിൽ പോലും സർക്കാർ എയ്ഡഡ് കോളേജുകൾ വമ്പിച്ച മുന്നേറ്റം നടത്തിയതും ഈ സാഹചര്യങ്ങളിലാണ്. സംസ്ഥാനത്തെ ഗവേഷണ പ്രവർത്തനങ്ങളുടെ ഒരു മാക്രോ ലവൽ ചിത്രം താഴെ കൊടുക്കുന്നു.

സംസ്ഥാനത്തെ അഫിലിയേറ്റിംഗ് സർവ്വകലാശാലകളിലെ ഗവേഷണ കേന്ദ്രങ്ങളുടെ സ്ഥിതിവിവരക്കണക്ക്*

സർവ്വകലാശാല സർവ്വകലാശാലയിലെ ഗവ/എയിഡഡ്
മറ്റുള്ള സെന്ററുകൾ ആകെ സെന്ററുകൾ
കോളേജുകളിലെസെന്ററുകൾ

| | | | | |
|---|---|---|---|---|
| കേരള | 42 | 78 | 55 | 175 |
| മഹാത്മാ ഗാന്ധി | 45 | 159 | 77 | 281 |
| കാലിക്കറ്റ് | 29 | 77 | 25 | 131 |
| കണ്ണൂർ | 42 | 78 | 55 | 175 |
| ആകെ | 158 | 392 | 212 | 762 |

*2015-16ലെ സർവ്വകലാശാല ഡയറികളിലുള്ളത് പ്രകാരം.

കേരള, മഹാത്മാഗാന്ധി, കോഴിക്കോട്, കേരള എന്നീ അഫിലിയേറ്റിംഗ് സർവ്വകലാശാലകളിൽ മൊത്തം ഗവേഷണ കേന്ദ്രങ്ങളിൽ പകുതിയിലധികം (51.44%) ഗവൺമെന്റ്/ എയ്ഡഡ് കോളേജുകളിലാണ് നടക്കുന്നത് എന്ന് മേൽ പട്ടികയിൽ നിന്ന് വ്യക്തമാണ്.

യു.ജി.സി. സ്കീമനുസരിച്ച് കൂടുതൽ മെച്ചപ്പെട്ട സേവനവേതനവ്യവസ്ഥകൾ നടപ്പിലാക്കിയത് വഴി കലാലയങ്ങളിൽ അക്കാദമികവും ഭരണ പരവുമായ രംഗങ്ങളിൽ സേവനോന്മുഖരായ അധ്യാപകരാണ് ഗുണമേന്മാ രംഗത്തെ ഈ വളർച്ചക്ക് പിന്നിൽ എന്ന് ചുരുക്കം.

സർക്കാർ എയ്ഡഡ് മേഖലക്ക് സമാന്തരമായി വന്ന സ്വാശ്രയ കോളേജുകൾ ഇതിന്നപവാദങ്ങളാണ്. വളരെ പ്രതീക്ഷയോടെയാണ് മെഡിക്കൽ എഞ്ചിനീയറിംഗ് വിദ്യാഭ്യാസവും ആർട്സ് ആന്റ് സയൻസ് മേഖലയും സ്വാശ്രയ മേഖലക്ക് തുറന്നു നൽകിയത്. പണമുള്ളവർ പണം നൽകി പഠിക്കുകയും അല്ലാത്തവർ ഗവൺമെന്റ് നിശ്ചയിക്കുന്ന നിയന്ത്രിത ഫീസ് നൽകുകയും ചെയ്യുന്ന സ്ഥാപനങ്ങൾ ഉണ്ടായി വരട്ടെയെന്നായിരുന്നു ഇതു നടപ്പിലാക്കുമ്പോൾ ആലോചിച്ചത്. ഈ രംഗത്തെ ജയപരാജയങ്ങൾക്കപ്പുറം ഈ മേഖലയിലെ ഗുണനിലവാരം പൊളിഞ്ഞുവീണത് വർത്തമാനകേരളം അനുഭവിച്ചു കൊണ്ടിരിക്കുകയാണ്. വിജയശതമാനത്തിൽ ഞെട്ടിപ്പിക്കുന്ന തകർച്ചയും ഗവേഷണത്തിലും പ്ലേസ്മെന്റിലുമുണ്ടായ മുരടിപ്പും അതിനുമപ്പുറം തൊഴിലില്ലായ്മയുടെ പുതിയ മുഖങ്ങൾ തുറന്നുവരുന്നതും നമ്മൾ കണ്ടു കൊണ്ടിരിക്കുകയാണ്. ശരാശരിക്കുമുകളിലുള്ള എഞ്ചിനീയറിംഗ് ബിരുദധാരികൾ ബാങ്കിംഗ് മേഖലയിലും ശരാശരിക്കു താഴെയുള്ളവർ സ്വകാര്യ ചെറുകിട സംരംഭങ്ങളിൽ അൽപവേതനം വാങ്ങി അരിഷ്ഠിച്ചു ജീവിക്കുകയും ചെയ്യുന്നിടത്തേക്ക് കാര്യങ്ങൾ എത്തിയിരിക്കുന്നു.

സ്വാശ്രയ കോളേജുകൾക്ക് അടിസ്ഥാന സൗകര്യങ്ങൾക്ക് യാതൊരു കുറവുമില്ല. ഇവിടെ ഇല്ലാതെ പോയത് മികച്ച സേവനവേതനവ്യവസ്ഥക്കകത്തു ജോലി ചെയ്യാൻ കഴിയുന്ന അധ്യാപകരുടെ അഭാവമാണ്. അതാണ് ഗുണമേന്മാ രംഗത്തെ ഈ തകർച്ചക്ക് കാരണമായതും. അധ്യാപകരുടെ സേവനവേതനരംഗം മികച്ച നിലയിൽ നിലനിർത്തുന്ന സ്വാശ്രയ കോളേജുകൾക്ക് വിദ്യാഭ്യസത്തിന്റെ ഗുണമേന്മ ഉറപ്പുവരുത്താൻ സ്വാശ്രയമേഖലയിലും സാധിക്കുന്നുണ്ട് എന്ന് ഈ മേഖലയെക്കുറിച്ച് അടുത്തറിയുന്നവർക്ക് മനസ്സിലാവുന്നതാണ്. സ്വാശ്രയ മേഖലയിലെ അധ്യാപകരുടെ സേവനവേതനവ്യവസ്ഥകൾ വിദ്യാഭ്യാസ ഗുണമേന്മ ലാക്കാക്കി പരിഷ്കരിക്കാനും തുടർനടപടികളെടുക്കാനും സാധ്യമായാൽ ഈ മേഖലയിലും ഗുണമേന്മാനിലവാരം വർദ്ധിപ്പിച്ചെടുക്കാനാവും. തങ്ങളുടെ കരിയറിന്റെ ഉദ്ദേശമനുസരിച്ച് വരുകയും പോവുകയും ചെയ്യുന്ന വിരുന്നുകാരായ അധ്യാപകർക്ക് ആതിഥേയ സ്ഥാപനത്തിന്റെ മുറിയപ്പം കൊണ്ടു വയറു നിറയുന്നില്ലെങ്കിൽ വിരുന്നുപേക്ഷിച്ചു പോകുന്നവരെ പിടിച്ചു നിർത്താൻ ആർക്കു സാധിക്കും?

ദൗർഭാഗ്യകരമെന്ന് പറയട്ടെ സർക്കാർ എയ്ഡഡ് മേഖലയിലെ ആർട്സ് ആന്റ് സയൻസ് കോളേജുകളിലും ഈ വിരുന്നധ്യാപകരുടെ ശതമാനം കൂടിക്കൊണ്ടു വരുവാനും യു.ജി.സി. സ്കീമനുസരിച്ചുള്ള വർക്ക് ലോഡ് മാനദണ്ഡങ്ങൾ തന്നെ അട്ടിമറിച്ചു അധ്യാപകരുടെ എണ്ണം മൂന്നിൽ രണ്ടായി കുറക്കുവാനുമുള്ള നീക്കങ്ങൾ ഉദ്യോഗസ്ഥ തലങ്ങളിൽ നടന്നു കൊണ്ടിരിക്കുന്നുവെന്ന് പത്രവാർത്തകളിലും മറ്റും പുറത്ത് വന്നിരിക്കുകയാണ്.

യു.ജി.സി. സ്കീമനുസരിച്ച് കോളേജ് അധ്യാപകർ ആഴ്ചയിൽ 40 മണിക്കൂർ ജോലി ചെയ്യണം. ഈ 40 മണിക്കൂറിൽ ഡിഗ്രി തലത്തിലെ അധ്യാപകർ 16 മണിക്കൂറും പി.ജി. തലത്തിലെ അധ്യാപകർ 10 മണിക്കൂറുമാണ് ക്ലാസ്സെടുക്കേണ്ടത്. ബാക്കിയുള്ള സമയം ട്യൂട്ടോറിയൽ, ഭരണകാര്യ നിർവ്വഹണം, കരികുല ബന്ധിതമായ മറ്റു പ്രവർത്തനങ്ങൾ, ഗവേഷണം തുടങ്ങിയവക്കായി മാറ്റി വെക്കേണ്ടതാണ്. ക്ലാസ്സെടുക്കേണ്ട (ഡിഗ്രി തലത്തിലെ 16 മണിക്കൂറും, പിജി തലത്തിലെ 10 മണിക്കൂറും) സമയം പരിഗണിച്ചാണ് അധ്യാപകരുടെ വർക്ക്ലോഡ് കണക്കാക്കേണ്ടത്. കൂടാതെ നിശ്ചിത മണിക്കൂറിന് പുറമെ 8ൽ കൂടുതൽ മണിക്കൂർ ക്ലാസ്സെടുക്കേണ്ടതുണ്ടായാൽ ഒരു പുതിയ അധ്യാപകനെ നിയമിക്കാവുന്നതുമാണ്. ഇതാണ് യു.ജി.സി. സ്കീം അനുസരിച്ച് നിലവിലുള്ള രീതി. പി.ജി. അധ്യാപകർക്ക് തയ്യാറെടുപ്പിനും ഗവേഷണത്തിനും അധികം സമയം ആവശ്യമാണെന്ന് യു.ജി.സി. നിർദ്ദേശിച്ചതിനാലാണ് പി.ജി. അധ്യാപകർക്ക് 10 മണിക്കൂറെ ക്ലാസ്സെടുക്കേണ്ടതുള്ളുവെന്ന് വന്നത്. യു.ജി.സി. സ്കീം വരുന്നതിനു മുമ്പ് പ്രയോഗത്തിലുള്ള രീതി പരിഷ്കരിച്ചാണ് ഇങ്ങനെകണക്കാക്കിയത്.

ഇനി മുതൽ പി.ജി. അധ്യാപകരും 16 മണിക്കൂർ ക്ലാസ്സെടുക്കണമെന്നും നിശ്ചിത മണിക്കൂറിനോക്കാൾ 16

മണിക്കൂർ തന്നെയുണ്ടെങ്കിലേ മറ്റൊരു അധ്യാപകനെ വെക്കാവൂ എന്നുള്ള നിയന്ത്രണ നീക്കങ്ങൾ പരിഗണനയിലുണ്ടത്രെ. കൂടാതെ ഡിഗ്രി തലത്തിലെ പ്രാക്ടിക്കൽ ബാച്ചിലെ കുട്ടികളുടെ എണ്ണം വർദ്ധിപ്പിക്കുവാനും നീക്കം ഉണ്ടത്രെ. ഇങ്ങനെവന്നാൽ സംസ്ഥാനത്തെ മൊത്തം പി.ജി. കോഴ്സുകളിൽ നിന്ന് രണ്ട് വീതവും പ്രാക്ടിക്കലുള്ള ഡിഗ്രി കോഴ്സുകളിലെ ഒന്ന് വീതവും അധ്യാപകർക്ക് തസ്തികയില്ലാതാവും. ഈ നീക്കങ്ങളുമായി മുന്നോട്ട് പോവുന്നത് ഉന്നത വിദ്യാഭ്യാസ രംഗത്ത് വമ്പിച്ച പ്രത്യാഘാതങ്ങൾ സൃഷ്ടിക്കും.

മേൽ സൂചിപ്പിച്ച നടപടികളെടുത്താൽ സംസ്ഥാനത്തെ എല്ലാ കാമ്പസുകളിലെയും അധ്യാപകരുടെ എണ്ണം മൂന്നിൽ രണ്ടായി കുറയും. കണക്കിൽ കാണിച്ച മണിക്കൂറുകളിലെ സേവനം കൊണ്ട് മാത്രം കഴിഞ്ഞുപോവുന്നതാണ് ഒരു കാമ്പസിലെ കാര്യങ്ങളെന്ന് ആരെങ്കിലും കണക്കു കൂട്ടുന്നുണ്ടെങ്കിൽ അത് മൗഢ്യമാണ്.

യു.ജി.സി. സ്കീം നടപ്പിലാക്കിയ 1990 മുതൽ 2009 വരെ കോളേജുകളിൽ ആനുവൽ സിസ്റ്റമനുസരിച്ചുള്ള പഠനരീതിയായിരുന്നു ഉണ്ടായിരുന്നത്. അന്ന് ഇന്റേണൽ അസ്സെസ്മെന്റ് സമ്പ്രദായം ഇല്ലായിരുന്നു എന്നു തന്നെ പറയാം. 2009ൽ ആരംഭിക്കുകയും 2012ഓടെ പൂർണമാവുകയും ചെയ്ത സെമസ്റ്റർ സമ്പ്രദായവും ക്രെഡിറ്റ് സമ്പ്രദായവും ഇന്റേണൽ അസസ്മെന്റിന്റെ ഭാഗമായുള്ള നിരന്തര പ്രവർത്തനങ്ങളും പരീക്ഷകളും നിശ്ചിത പ്രവൃത്തിസമയ പരിധിക്കു പുറത്ത് ജോലി ചെയ്താലേ ഭംഗിയായി നിർവ്വഹിക്കാൻ കഴുയൂ.

ഇതിന് പുറമെ, പ്ലാനിംഗ് ബോർഡ്, ഐ.ക്യു.എ.സി., കോളേജ് കൗൺസിൽ, തുടങ്ങി ധാരാളം കമ്മറ്റികൾക്കും, എൻ.എസ്.എസ്., എൻ.സി.സി., പെയിൻ ആന്റ് പാലിയേറ്റീവ് സൊസൈറ്റി തുടങ്ങി ധാരാളം സേവനയൂണിറ്റുകൾക്കും റെമഡിയൽ കോച്ചിംഗ് സെന്റർ, നെറ്റ് കോച്ചിംഗ് സെന്റർ, ഈക്വൽ ഓപ്പർച്യൂനിറ്റി സെന്റർ, പരീക്ഷാ കോച്ചിംഗ് കേന്ദ്രങ്ങൾ, കരിയർ കൗൺസിലിംഗ് സെൽ, പ്ലേസ്മെന്റ് സെൽ, ഐ.ടി. സെൽ തുടങ്ങി ധാരാളം കോകരിക്കുലർ യൂണിറ്റുകൾക്കും നാചർ ക്ലബ്, ഫിലിം ക്ലബ്, റീഡേഴ്സ് ഫോറം, ക്വിസ് ക്ലബ്, ഫോട്ടോ ക്ലബ്, ടൂറിസം ക്ലബ്, തുടങ്ങി വിദ്യാർത്ഥികളുടെ വിവിധ കഴിവുകൾ പ്രകാശിപ്പിക്കാൻ വേണ്ടിയുള്ള ക്ലബുകൾക്കുമെല്ലാം നേതൃത്വം നൽകുകയും അവയുടെ പ്രവർത്തനപരിപാടികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കുകയും ചെയ്യേണ്ടതും അധ്യാപകരാണ്. ഇതിനെല്ലാം പുറമെ ഗവേഷണ വിദ്യാർത്ഥികളെ ഗൈഡ് ചെയ്യുകയും ഗവേഷണ പ്രൊജക്ടുകൾക്ക് നേതൃത്വം നൽകുകയും വേണം.

അക്രഡിറ്റേഷൻ കൂടി ലഭ്യമാവണമെങ്കിൽ അധ്യാപകരുടെ ക്ലാസ് പെർഫോർമെൻസ് മുതൽ വിദ്യാർത്ഥികളുടെ നേട്ടങ്ങൾ വരെയുള്ള കാമ്പസിൽ നടക്കുന്ന മുഴുവൻ പ്രവർത്തനങ്ങളും റിപ്പോർട്ട് ചെയ്യേണ്ടതുണ്ട്. ക്ലറിക്കൽ ജോലിയടക്കമുള്ള ഇത്തരം ജോലികൾ നിലവിൽ സംസ്ഥാനത്തെ എല്ലാ കാമ്പസുകളിലും അധ്യാപകരുടെ ചുമലിലാണ്.

കാമ്പസുകളിൽ സ്ഥിരം അധ്യാപകരുടെ എണ്ണം മൂന്നിൽ രണ്ടായി ചുരുങ്ങുകയും ഗസ്റ്റ് അധ്യാപകരുടെ എണ്ണം വർധിക്കുകയും ചെയ്യുന്നതോടെ കാമ്പസ് സേവനങ്ങളുടെ കാര്യക്ഷമതയിൽ വമ്പിച്ച കുറവ് സംഭവിക്കും. വിദ്യാർത്ഥി കേന്ദ്രീകൃതമായി നടത്തുന്ന പാഠ്യ പഠനപ്രവർത്തനങ്ങളിൽ നിലവിലുള്ള ആളോഹരി സമയം കുറയും. ഇത് കാരണം അധ്യാപക വിദ്യാർത്ഥി ബന്ധത്തിലെ തോത് കുറയും. അത് ഇന്റേണൽ അസസ്മെന്റ് പ്രക്രിയയെ പ്രഹസനമാക്കും. പരീക്ഷാ നടത്തിപ്പുകൾ തകരാറിലാവുകയും റെമഡിയൽ ക്ലാസുകളും കോച്ചിംഗ് ക്ലാസുകളുമടക്കം സമൂഹത്തിന്റെ താഴെ തട്ടിലുള്ളവർക്ക് നിലവിൽ ലഭ്യമാവുന്ന സേവനങ്ങൾ ശുഷ്കിച്ചു വരികയും ചെയ്യും. കാമ്പസിന്റെ ഭരണ നിർവ്വഹണ മേഖലയിലും ആസൂത്രണ കാര്യനിർവഹണ മേഖലകളിലും നിലവിലുള്ള അധ്യാപകരുടെ പങ്ക് ഇല്ലാതായേക്കാം. സർവ്വോപരി താങ്ങാഭാരം ചുമലിൽ വരുമ്പോൾ അധ്യാപനത്തിലും ഗവേഷണത്തിലും അധ്യാപകർ പിന്നോട്ട് പോവും. ഇത് സംസ്ഥാനത്തെ സർക്കാർ എയ്ഡഡ് ആർട്സ് ആന്റ് സയൻസ് കോളേജുകളുടെ നിലവാര തകർച്ചക്കിട വരുത്തും.

ഉന്നത വിദ്യാഭ്യാസ രംഗത്ത് ശ്രീ. ഉമ്മൻചാണ്ടി സർക്കാരിന്റെ മുന്നേറ്റം ഇടതുപക്ഷത്തിന്റെ പോലും നാവടപ്പിക്കുന്നതായിരുന്നു. മേൽ സൂചിപ്പിച്ച ഉദ്യോഗസ്ഥ തലത്തിലെ നീക്കങ്ങൾ കണ്ടില്ലെന്ന് നടിച്ചാൽ നാളിതുവരെ സർക്കാർ ഉന്നതവിദ്യാഭ്യാസ രംഗത്ത് നടത്തിയ പ്രശംസനീയമായ മുന്നേറ്റത്തിന്റെ നിറം കെടുത്തും. മാത്രവുമല്ല, അധ്യാപനമേഖലയിൽ തൊഴിൽ പ്രതീക്ഷിച്ചിരിക്കുന്ന യോഗ്യരായ ആയിരക്കണക്കിന് ഉദ്യോഗാർത്ഥികൾക്ക് ആറേഴു വർഷമെങ്കിലും തൊഴിൽ രഹിതരായി വീട്ടിലിരിക്കേണ്ടിയും വരും.

## Warm reception to the new Vice Chancellor of Calicut University Dr. K Muhammed Basheer by KPCTA



KERALA LIBRARY PROFESSIONALS' ORGANISATION
KELPRO
THIRUVANANTHAPURAM

national library week
November 14-21

# SOUVENIR





# KERALA LIBRARY PROFESSIONALS' ORGANISATION

KELPRO

Thiruvananthapuram Reg. No. 389/93

# Library and Information Centre in Academic Institutions: a review

**Dr.K.C. Abdul Majeed**



*Associate Professor*
*Farook College, Calicut*

Background

Libraries and Information Centres are aimed to provide the right information to the right users in a right personal way. In order to accomplish the aim, Libraries and information centres are doing lots of work starting from searching information and documents to the handing over of information to the users. The preparatory works include: study of users and understand their information requirements, searching and identification of sources of information, selection, ordering, acquiring, classification, cataloguing, organization and maintenance of information sources. All these works are done in a planned manner so that the users get the required information accurately on time.

Academic institutions are the teaching-learning centres where information and documents are basic in fulfilling their aim. As a result, academic institutions are developing and maintaining a Library and Information Centre as its prime part. It is responsible for providing required information and documents to the academic community on time.

Users visit the Library and Information Centres either for getting books for reading or getting Information for study and research. Earlier, visiting the library was a must for getting a book for reading. Similarly, a visit to the library was essential for getting access to the information required. General readers normally seek books. The academic users, including the researchers and scientists seek information. Everyone visits the library either for getting books or for accessing required information. Now visit to the library is limited to getting books for reading.

Changes occured

Developments in Science and Technology have brought many changes to the libraries and information centres in academic institutions. Everything has changed, the aims and objectives, collection, users, works and services. The format, content and style of information sources have changed dramatically. Online access to e-books reduce a compulsory visit to the library for getting books for reading. Similarly, required information is available on internet round the clock. Today, libraries and information centres handle printed, electronic, digital and online information sources. Their information base has grown heavily. Users also have changed a lot. There is a change in the taste, interest and needs of users. They prefer Internet or other agencies in the place of libraries and information centres for accessing information. Change in choices of users in accessing information greatly affects the use of libraries and information centres today. It demands an immediate thinking on the issue, otherwise it will result in the gradual death of libraries.

Today, libraries and information centres in academic institutions are changing their aims, works and services so as to accommodate the changes that have already came to the collection, content and its users. It is compulsory in academic, special and research libraries where access to information is the main agenda of the user community. Students, teachers, research scholars and scientists are accessing information for different purposes. They need information as and when required. The agency giving access to the required information is not a matter to users. This mind of the user is a serious challenge to the libraries and information centres.

Classified arrangement of documents in libraries and information centres will help the users to retrieve books according to subject and topics. Similarly the catalogue will help them to search and retrieve books according to author, title and subject. i.e, classification and cataloguing helps the users to retrieve books alone, and not the needed information. Therefore, the academic users find it difficult to get needed information from their library as and when required. So they go for choices to library and information centres, like the Internet and online information sources. It leads to a reduction in the number of users in academic, special, and research libraries. To overcome the issue,

libraries and information centres are now doing content analysis, developing databases of information, preparing subject indexes for easy search and retrieval and offering advanced information services like SDI, etc.

What to do

The academic community is in search of information for study and research. Collection development and its maintenance in academic libraries alone will not serve the purpose. The users should get the right information at the right time. The catalogue has its own limitations. It does not support information search and retrieval. Therefore, it necessitates content analysis and indexing of the collection in hand. Similar to classification and cataloguing, the libraries and information centres in academic institutions should do the content analysis of their collection and prepare an index to it. The subject index to the collection will make the search for information possible. If the index is made available in the OPAC, it can be used for easy information search and retrieval as on Internet.

What is next

Everything is now turned towards mobile applications, like the banking, gas, transport, communication, postal, medical service, etc. The customers get informatioı the required services through mobile. Librar information services should exploit the fruits of r applications to serve its users. The library can information about the selection, ordering, arrivε availability of a book or information for access or issu interested users regularly. Similarly, contents pa abstract or review or even a part of a book can be sent users through mobiles on request. The library can value added information products on books and published works and serve to the users, so that the l resources and its content will be utilized to the maxim

Conclusion

Provision of index to the library resources will attract and more users to the libraries and information ce Library and information services over Mobile will m more attractive and beneficial to the users. These ch will convert the library as a best choice to the Intern accessing required information. Moreover, it will boo effective use of information available in the librarie information centres attached to the academic institu greatly.

# അറബി മലയാളം; ഭൂതവും ഭാവിയും

നുഐമാൻ

വാരിക 03 സപ്തംബർ 2014

# രിസാല

www.risalaonline.com, email -risalaweekly@risalaonline.com ₹ 8



# സാഹിത്യോത്സവ് 2014

സി ഹംസ/ എ കെ അബ്ദുൽമജീദ്/കെ അബൂബക്കർ/
ഫൈസൽ എളേറ്റിൽ/ കോയ കാപ്പാട്

**ഇസ്‌ലാമിക കല**
**മാപ്പിളപ്പാട്ടുകൾ**
**ഉറുദി**

## അനന്തമൂർത്തി വാക്കുപാലിക്കുന്നു

അന്തരിച്ച ഡോ. യു ആർ അനന്തമൂർത്തിയെ കുറിച്ച് **സിവിക് ചന്ദ്രൻ**

ഈ വർഷത്തെ സാഹിത്യോത്സവ് പുരസ്കാരം തോപ്പിൽ മുഹമ്മദ് മീരാന്

## തമിഴിലെ ബഷീർ

**മീരാനെകുറിച്ച്, ഡോ. അസീസ് തരുവണയുടെ ലേഖനം**

## ഓർമ

**തിരൂരങ്ങാടി ബാപ്പു മുസ്‌ലിയാർ**
**ചെറുശ്ശോല ബീരാൻകുട്ടി മുസ്‌ലിയാർ**

# അതിർത്തികൾ മായ്ച്ചു കളഞ്ഞ എഴുത്തുകാരൻ



മീരാന് ഏറ്റവും പരിചിതമായ സാമൂഹിക പരിസരം താനുൾക്കൊള്ളുന്ന തമിഴ് മുസ്‌ലിം ജീവിതമാണ്. അതിനാൽ മീരാൻകൃതികളിലെ സാമൂഹിക സാംസ്കാരിക പരിസരം തമിഴ് മുസ്‌ലിം ജീവിതമാണെന്നു പറയാം. പഴയ തിരുവുതാങ്കൂറിന്റെ ഭാഗമായിരുന്ന കന്യാകുമാരി ജില്ലയിലെ തേങ്ങാപ്പട്ടണം സ്വദേശി ആകയാൽ കേരളവുമായി, പഴയ തിരുവിതാങ്കൂറുമായി മീരാൻകഥാപാത്രങ്ങൾക്ക് ഏറെ ബന്ധം കാണാം. **ഈ വർഷത്തെ എസ്എസ്എഫ് സാഹിത്യോത്സവ് അവാർഡ് ജേതാവ് തോപ്പിൽ മുഹമ്മദ് മീരാനെകുറിച്ച്**

**ഡോ. അസീസ് തരുവണ**

**ഇ**ക്കഴിഞ്ഞ ദിവസം, ഡൽഹിയിലെ ജവഹർലാൽ നെഹ്റു യൂണിവേഴ്സിറ്റിയിൽ താരതമ്യ സാഹിത്യത്തിൽ ഗവേഷണംനടത്തുന്ന ഒരു വിദ്യാർത്ഥി ചോദിച്ചു: തമിഴ് എഴുത്തുകാരൻ തോപ്പിൽ മുഹമ്മദ് മീരാനെ താങ്കൾ ഒറ്റവാക്കിൽ എന്തു വിശേഷിപ്പിക്കും?- ഞാൻ ഒട്ടും ആലോചിക്കാതെ പറഞ്ഞു: തമിഴിനും മലയാളത്തിനുമിടയിലെ പാലം.

ഞാനെന്റെ വാദത്തിനു ന്യായീകരണങ്ങൾ നിരത്തിയപ്പോൾ അദ്ദേഹം പറഞ്ഞു: ഇത്തരത്തിൽ നമുക്ക് പറയാവുന്ന, മികച്ച സംഭാവനകൾ അർപ്പിച്ച തലമുതിർന്ന ഒരെഴുത്തുകാരൻ തമിഴിലോ മലയാളത്തിലോ ഇല്ല എന്ന്. തമിഴിലും മലയാളത്തിലും ഒരുപോലെ അനായാസം രചനകൾ നിർവഹിക്കാൻ കഴിവുള്ള സമുന്നതനായ സാഹിത്യകാരനാണ് തോപ്പിൽ മുഹമ്മദ് മീരാൻ.

*എരിഞ്ഞുതീർന്നവർ* എന്ന ലഘുനോവലടക്കം നിരവധി രചനകൾ അദ്ദേഹം മലയാളത്തിൽ നിർവഹിച്ചിട്ടുണ്ട്. അറബി-മലയാളത്തിൽ രചിക്കപ്പെട്ട മോയിൻകുട്ടി വൈദ്യരുടെ *ബദറുൽമുനീർ*

*ഹുസ്നുൽജമാൽ* മുതൽ എൻ. പി മുഹമ്മദിന്റെ *ദൈവത്തിന്റെ കണ്ണ്* വരെ അദ്ദേഹം തമിഴിലേക്ക് വിവർത്തനം ചെയ്തിട്ടുണ്ട്. ഗുജറാത്ത് വംശഹത്യയെപ്പറ്റിയുള്ള ഇന്ത്യൻ സാഹിത്യത്തിലെ തന്നെ ഏറ്റവും ശക്തമായ ആവിഷ്കാരങ്ങളിലൊന്നായ സച്ചിതാനന്ദന്റെ *സാക്ഷ്യങ്ങൾ* എന്ന കവിത തമിഴ് പ്രസിദ്ധീകരണങ്ങളായ *മുസ്‌ലിം മുർശ്, തീക്കനൽ, ചെങ്കതിർ, സമരസം* എന്നിവക്ക് വേണ്ടി പരിഭാഷപ്പെടുത്തിയത് മീരാനാണ്. ഇത്തരത്തിൽ മലയാളത്തിലെ മികച്ച രചനകൾ തമിഴ് വായനാലോകത്തിനു പരിചയപ്പെടുത്തിയ ഇദ്ദേഹം , തമിഴ് സാഹിത്യത്തിന്റെ മാത്രമല്ല, അറബിത്തമിഴിന്റെ സാഹിത്യ സമ്പന്നതയും നിരവധി പ്രഭാഷണങ്ങളിലൂടെയും ലേഖനങ്ങളിലൂടെയും മലയാളീസമൂഹത്തെ ബോധ്യപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഒരു സർഗാത്മക എഴുത്തുകാരൻ എന്ന നിലയിൽ പരിഭാഷകൾ, അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം ചില ബോധ്യങ്ങളുടേയും സാമൂഹികപ്രതിബദ്ധതയുടെയും പ്രതിഫലനങ്ങൾ മാത്രമാണ്. തമിഴും മലയാളവും ഒരേ പോലെ വഴങ്ങുന്ന എഴുത്തുകാരൻ എന്ന നിലയിൽ, ഇരു ഭാഷകളിലും തന്നെ ആകർഷിച്ച കൃതികൾ ഭാഷാന്തരം ചെയ്യുകയാണ് അദ്ദേഹം ചെയ്യുന്നത്.




മീരാൻ എന്ന സർഗാത്മക(Creative) എഴുത്തുകാരനെ വിലയിരുത്തുമ്പോൾ അവസാനം പറയേണ്ടകാര്യങ്ങളാണ് ഇവിടെ ആദ്യം പറഞ്ഞിരിക്കുന്നത്. ഇതൊട്ടും യാദൃശ്ചികമല്ല. മലയാളീ വായനാ സമൂഹത്തിന് ബഷീറും എൻ. പി മുഹമ്മദും എം. ടി വാസുദേവൻ നായരുമെന്നപോലെ ഒരു മലയാളീ എഴുത്തുകാരനാണ് ഇന്ന് മീരാൻ. മലയാളത്തിലെ ഏറ്റവും മികച്ച എഴുത്തുകാരിൽ ഒരാളെപ്പോലെയാണ് മലയാളികൾക്ക് ഗബ്രിയേൽ ഗാർസ്യാ മാർക്കേസ് എന്ന് മുമ്പൊരിക്കൽ എൻ. എസ് മാധവൻ പറയുകയുണ്ടായി. അവ്വിധം നമുക്ക് നിസ്സംശയം പറയാവുന്ന എഴുത്തുകാരനാണ് തോപ്പിൽ മുഹമ്മദ് മീരാൻ.

മീരാന്റെ *ചാരുകസേര, കൂനൻതോപ്പ്, ഒരു കടലോര ഗ്രാമത്തിന്റെ കഥ, തുറമുഖം* തുടങ്ങി എല്ലാ നോവലുകളും മലയാളത്തിലേക്ക് മൊഴിമാറ്റം ചെയ്യപ്പെട്ടിട്ടുണ്ട്. ഈ നോവലുകളെല്ലാം തമിഴ് സാഹിത്യത്തിൽ ഏറെ ചർച്ച ചെയ്യപ്പെട്ടവയാണ്. *ചാരുകസേര (ചായ്‌വുനാർക്കാലി)* എന്ന നോവലിനു 1997ൽ കേന്ദ്ര സാഹിത്യ അക്കാദമി അവാർഡ് ലഭിച്ചിട്ടുണ്ട്. മറ്റു കൃതികൾക്കാവട്ടെ, തമിഴ്നാട് സർക്കാർ അവാർഡ്, ഭാരതി അവാർഡ്, തമിഴ്നാട് പുരോഗമന സാഹിത്യ സംഘടന അവാർഡ് ഉൾപ്പെടെ നിരവധി പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്. കടലോര ഗ്രാമത്തിന്റെ കഥ(*കടലോര ഗ്രാമത്തിൻ കതൈ*) ക്രോസ്‌വേഡ് അവാർഡിനു ശുപാർശ ചെയ്യപ്പെട്ട നോവലാണ്. *തങ്കരശു, അനന്തശയനം, കോളനി, അംബുക്കു മുത്തുമൈ ഇല്ലൈ* അടക്കം ആറോളം കഥാ സമാഹാരങ്ങളും പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്. വിവിധ വിഷയങ്ങളെ ആസ്പദമാക്കി അദ്ദേഹം എഴുതിയ പ്രബന്ധങ്ങൾ അസംഖ്യമാണ്.

മീരാന്റെ ഏറ്റവും മൗലിക സംഭാവന അദ്ദേഹം സൃഷ്ടിച്ച വ്യത്യസ്തമായ ഭാഷയാണ്. അപൂർവം എഴുത്തുകാർക്കു മാത്രം അവകാശപ്പെടാവുന്ന കാര്യമാണിത്. അദ്ദേഹം രചനക്കുപയോഗിക്കുന്ന സവിശേഷമായ ഭാഷയേയും രചനാ രീതിയേയും പറ്റി മുമ്പൊരിക്കൽ ഈയുള്ളവൻ ചോദിച്ചപ്പോൾ ഇങ്ങനെ പറഞ്ഞു: 'എന്റെ മാതൃഭാഷ തമിഴാണെങ്കിലും പഠിച്ചത് മലയാളം-ഇംഗ്ലിഷ് മീഡിയകളിലാണ്. അതിനാൽ എന്റെ മാതൃഭാഷയിൽ എനിക്ക് വലിയ വ്യുൽപ്പത്തിയൊന്നുമില്ല. ഞാൻ എഴുതുന്ന ഭാഷ എന്റേത് മാത്രമാണ്. അതെന്റെ നാട്ടുമ്പുറത്തിന്റെ ആത്മഭാഷയാണ്. ഉപ്പ എന്നെഴുതേണ്ടിടത്ത് ഉപ്പ എന്നും ഉമ്മ എന്നുപയോഗിക്കേണ്ടിടത്ത് ഉമ്മ

**മീരാന്റെ ഏറ്റവും മൗലിക സംഭാവന അദ്ദേഹം സൃഷ്ടിച്ച വ്യത്യസ്തമായ ഭാഷയാണ്. അപൂർവം എഴുത്തുകാർക്കു മാത്രം അവകാശപ്പെടാവുന്ന കാര്യമാണിത്. ഉപ്പ എന്നെഴുതേണ്ടിടത്ത് ഉപ്പ എന്നും ഉമ്മ എന്നുപയോഗിക്കേണ്ടിടത്ത് ഉമ്മ എന്നും തന്നെയാണ് അദ്ദേഹമുപയോഗിച്ചു. 'സുബ്ഹാനല്ലാ' എന്നു പറയേണ്ടിടത്ത് അങ്ങിനെ തന്നെ പറയും. അറബി, ഹിന്ദി, ഉറുദു പദങ്ങളൊക്കെ അതിൽ കലരാറുണ്ട്. ഭാഷ എഴുത്തുകാരന്റെ മുമ്പിലെ ഒരു വലിയ പ്രശ്നം തന്നെയാണ്. തോപ്പിൽ പറയുന്നത്: ഞാൻ തമിഴിലെ പുരാണ ക്ലാസിക്കൽ കൃതികളൊന്നും വായിച്ചിട്ടില്ല. എനിക്കറിയാവുന്ന ജീവിതവും ഭാഷയുമുള്ളപ്പോൾ അവ പരതിപ്പോവേണ്ട കാര്യമൊന്നും എനിക്കില്ല. ഈ വാക്കുകളിൽ അദ്ദേഹം വൈക്കം മുഹമ്മദ് ബഷീറിന്റെ രചനാ ജീവിതവുമായി എവിടെയോ താതാത്മ്യപ്പെടുകയാണ്**

എന്നും തന്നെയാണ് ഞാനുപയോഗിക്കുന്നത്. 'സുബ്ഹാനല്ലാ' എന്നു പറയേണ്ടിടത്ത് അങ്ങിനെ തന്നെ പറയും. അറബി, ഹിന്ദി, ഉറുദു പദങ്ങളൊക്കെ അതിൽ കലരാറുണ്ട്. ഭാഷ എഴുത്തുകാരന്റെ മുമ്പിലെ ഒരു വലിയ പ്രശ്നം തന്നെയാണ്. ഞാൻ തമിഴിലെ പുരാണ ക്ലാസിക്കൽ കൃതികളൊന്നും വായിച്ചിട്ടില്ല. എനിക്കറിയാവുന്ന ജീവിതവും ഭാഷയുമുള്ളപ്പോൾ അവ പരതിപ്പോവേണ്ട കാര്യമൊന്നും എനിക്കില്ല'. ഈ വാക്കുകളിൽ അദ്ദേഹം വൈക്കം മുഹമ്മദ് ബഷീറിന്റെ രചനാ ജീവിതവുമായി എവിടെയോ താതാത്മ്യപ്പെടുയാണ്. ബഷീറും പച്ചയായ ജീവിതമാണല്ലോ വരച്ചുകാട്ടിയത്. മുമ്പൊരിക്കൽ മാതൃഭൂമി ആഴ്ചപ്പതിപ്പിൽ മീരാനെക്കുറിച്ചു വന്ന ഒരു പഠനത്തിന്റെ തലവാചകം 'തമിഴിലെ ബഷീർ' എന്നായിരുന്നത് യാദൃശ്ചികമാവാൻ ഇടയില്ല.

മീരാന് ഏറ്റവും പരിചിതമായ സാമൂഹിക പരിസരം താനുൾക്കൊ


ലേഖകൻ തോപ്പിൽ മുഹമ്മദ് മീരാന്റെ കൂടെ

ള്ളുന്ന തമിഴ് മുസ്‌ലിം ജീവിതമാണ്. അതിനാൽ മീരാൻകൃതികളിലെ സാമൂഹിക സാംസ്കാരിക പരിസരം തമിഴ് മുസ്‌ലിം ജീവിതമാണെന്നു പറയാം. പഴയ തിരുവുതാങ്കൂറിന്റെ ഭാഗമായിരുന്ന കന്യാകുമാരി ജില്ലയിലെ തേങ്ങാപ്പട്ടണം സ്വദേശി ആകയാൽ കേരളവുമായി, പഴയ തിരുവിതാങ്കൂറുമായി മീരാൻകഥാപാത്രങ്ങൾക്ക് ഏറെ ബന്ധം കാണാം. വിശാലാർത്ഥത്തിൽ ദക്ഷിണേന്ത്യയിലെ മുസ്‌ലിംകളുടെ സാമൂഹിക സാംസ്കാരിക ജീവിതപരിസരമാണ് അദ്ദേഹം വരച്ചുകാട്ടിയതെന്നു പറയാം. ഇത്തരത്തിൽ രചന നിർവഹിച്ച എഴുത്തുകാർ അപൂർവമാണ്. മലയാളത്തിലേയോ തമിഴിലേയോ ഒരെഴുത്തുകാരനും ഉപയോഗിച്ചിട്ടില്ലാത്ത/ ഉപയോഗപ്പെടുത്തിയിട്ടില്ലാത്ത ഇസ്‌ലാമിക ബിംബങ്ങൾ മീരാൻകൃതികളിൽ സമൃദ്ധമാണ്. ഇതേപ്പറ്റി മുമ്പൊരിക്കൻ ഒരഭിമുഖത്തിൽ ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞു: "സമുദായത്തിന്റെ കഥ പറഞ്ഞു പോകുമ്പോൾ സമുദായത്തിലെ വിശ്വാസങ്ങൾ, സങ്കൽപങ്ങൾ, ജീർണതകൾ ഇവയെല്ലാം അതിൽ കടന്നുവരും. ഇവയെല്ലാമൊത്തു ചേരുമ്പോഴാണ് ഒരു തികഞ്ഞ സാമുദായിക നോവൽ രൂപം കൊള്ളുന്നത്. മൂല്യങ്ങളും മറ്റും ബോധപൂർവം കുത്തിത്തിരുകി വെക്കുകയല്ല വേണ്ടത്. സാന്ദർഭികമായി അവ കടന്നുവരികയാണ് ചെയ്യേണ്ടത്. ഇതേ വരേ ഒരൊറ്റ എഴുത്തുകാരനും രചനക്ക് വിഷയമായി സ്വീകരിച്ചിട്ടില്ലാത്ത ബറാത്ത് രാവ്, ഇരുപത്തിയേഴാം രാവ്, മയ്യത്ത് കൊണ്ടുപോകുമ്പോൾ മയ്യിത്തിന്റെ നിലവിളി മൃഗങ്ങളും പക്ഷികളും കേൾക്കുമെന്ന വിശ്വാസം തുടങ്ങി മുസ്‌ലിം വിശ്വാസങ്ങളും നാടൻ സങ്കൽപങ്ങളും സമൃദ്ധമായി ഞനെന്റെ രചനകളിൽ ആവിഷ്കരിച്ചിട്ടുണ്ട്."

മീരാന്റെ കേന്ദ്ര സാഹിത്യ അക്കാദമി അവാർഡിനർഹമായ *ചാരുകസേര*യിൽ രണ്ടര നൂറ്റാണ്ടിന്റെ ചരിത്രമാണ് പറയുന്നത്. നോവലിന്റെ മുഖവുരയിൽ അദ്ദേഹം ഇങ്ങനെ എഴുതി: തെൻ ഫത്തൻ എന്ന പേരിൽ ഇപ്പോൾ എങ്ങും ഒരു ഗ്രാമം ഇല്ല. അറബിക്കടൽ തീരത്തുള്ള എന്റെ കൊച്ചു ഗ്രാമത്തെ അറബിക്കച്ചവടക്കാർ പണ്ട് തെൻ ഫത്തൻ എന്നു വിളിച്ചിരുന്നതായി ചില പഴയ ചരിത്ര രേഖകളിൽ കാണുന്നു. ഫത്തൻ, ഫത്തിൻ (തമിഴിൽ പട്ടിനം) എന്നതിന് കര എന്നാണർത്ഥം. തെക്കേക്കര, തെക്കേപ്പട്ടണം എന്നെല്ലാം ഇതിനർത്ഥമുണ്ട്. അതുകൊണ്ട് അറബിക്കടലോരത്തുള്ള എന്റെ ഗ്രാമത്തിൽ ആ പഴയ പേര് ചൂടി അതിന്റെ പശ്ചാത്തലത്തിൽ അവിടെ ജീവിച്ചിരുന്നവരുടേയും

ജീവിക്കുന്നവരുടെയും ജീവിതത്തെ അവരുടെ തന്നെ ഭാഷയിൽ പറഞ്ഞു. സാധാരണ തമിഴ് വായനക്കാർക്ക് ഇതിലെ ഭാഷ (നാടൻഭാഷ)വളരെ ദുർഗ്രാഹ്യമായിത്തോന്നിയത്കൊണ്ട് തുടക്കത്തിൽ ഇതിന്റെ ഉള്ളിലേക്കുകടക്കാൻ പ്രയാസം തോന്നിയിരുന്നു. ആവർത്തിച്ചുള്ള വായനയിൽ അവരും ഇതിലെ ഭാഷയോട് ഇണങ്ങിച്ചേർന്നു. തെൻഫത്തൻ ജനങ്ങളുടെ ജീവിതം തിരുവിതാങ്കൂർ ചരിത്രത്തിൽ നിന്ന് ഒഴിവാക്കാനാവാത്തതുകൊണ്ട് ചില ചരിത്ര സംഭവങ്ങളെ ഇതിൽ പ്രതിപാദിച്ചിരിക്കുന്നു. ഇതിൽ പ്രതിപാദിച്ചിട്ടുള്ള ചരിത്ര സംഭവങ്ങളിൽ ഭാവന കലർന്നിട്ടുള്ളതുകൊണ്ട് ഇതിലെ ചരിത്രപരമായ പ്രതിപാദ്യവിഷയങ്ങൾ ചരിത്രരചയിതാക്കൾക്ക് ഒരിക്കലും ആധാരമായി സ്വീകരിക്കത്തക്കതല്ല.

ഇത്തരത്തിൽ തനിക്കേറെ പരിചയമുള്ള ചരിത്രാംശത്തെ ഭാവനകലർത്തി, തന്റെ വേരുകളുടെ ആഴങ്ങളിലേക്ക് ഊളിയിടുകയാണ് *ചാരുകസേരയിൽ* മീരാൻ. തിരുവിതാങ്കൂർ മഹാരാജാവിനെയും തിരുവിതാങ്കൂറിനെ സേവിച്ചിരുന്ന ഒരു കുടുംബത്തിലെ അഞ്ചാമത്തെ

**തനിക്കേറെ പരിചയമുള്ള ചരിത്രാംശത്തെ ഭാവനകലർത്തി, തന്റെ വേരുകളുടെ ആഴങ്ങളിലേക്ക് ഊളിയിടുകയാണ് *ചാരുകസേരയിൽ* മീരാൻ. തിരുവിതാങ്കൂർ മഹാരാജാവിനെയും തിരുവിതാങ്കൂറിനെ സേവിച്ചിരുന്ന ഒരു കുടുംബത്തിലെ അഞ്ചാമത്തെ പിൻതലമുറയിൽ നിന്നാണ് *ചാരുകസേരയുടെ* തുടക്കം. മഹാരാജാവ് കരമൊഴിവാക്കിക്കൊടുത്ത നോക്കെത്താത്ത ദൂരം വരെയുള്ള ഭൂസ്വത്തുക്കളുള്ള കുടുംബമായിരുന്നു അത്.**

പിൻതലമുറയിൽ നിന്നാണ് *ചാരുകസേരയുടെ* തുടക്കം. മഹാരാജാവ് കരമൊഴിവാക്കിക്കൊടുത്ത നോക്കെത്താത്ത ദൂരം വരെയുള്ള ഭൂസ്വത്തുക്കളുള്ള കുടുംബമായിരുന്നു അത്. അഞ്ചാമത്തെ തലമുറയിലത് എത്തിയപ്പോൾ വളരെക്കുറച്ചുമാത്രമേ അവശേഷിച്ചുള്ളൂ. ഒരർത്ഥത്തിൽ, മണ്ണിന്റെ മക്കൾക്കവകാശപ്പെട്ട ഭൂമി നൂറ്റാണ്ടുകൾക്കു ശേഷം തിരിച്ചു മണ്ണിന്റെ മക്കളുടെ കയ്യിൽത്തന്നെ വരുന്ന ഒരു കാലചംക്രമണത്തെയാണ് ഈ നോവൽ വരച്ചുകാട്ടുന്നത്. രണ്ടര നൂറ്റാണ്ടിന്റെ കഥ പറയുമ്പോഴും സമകാലീനാവസ്ഥകളുമായി ബന്ധപ്പെടുത്തി വായിക്കാവുന്ന ധാരാളം കാര്യങ്ങൾ *ചാരുകസേരയിലുണ്ട്.*

മീരാന്റെ മറ്റു നോവലുകളിലും ചരിത്രാംശത്തിനും വർത്തമാനകാല സാമൂഹിക ജീവിത പരിസരത്തിനും ഏറെ പ്രാധാന്യം നൽകിയതായിക്കാണാം. സമൂഹത്തിലടിഞ്ഞുകൂടിയ അനാചാരങ്ങളേയും അന്ധവിശ്വാസങ്ങളേയും അതിരൂക്ഷമായി അദ്ദേഹം ചോദ്യം ചെയ്യുന്നു. ഇതിനെപ്പറ്റി അദ്ദേഹം ഒരു സംഭാഷണത്തിൽ ഇങ്ങനെ പറഞ്ഞു: “എനിക്കു മുമ്പ് തമിഴ് മുസ്‌ലിം എഴുത്തുകാരിൽ പലരും സാമുദായിക ജീർണതകളെ താലോലിക്കുന്ന നിലപാടാണ് എടുത്തത്. ഉദാഹരണമായി ഹാജിമാർ തെറ്റുചെയ്താലും അവർ നല്ലവരാണെന്നു കാണിക്കുക, ധനവാന്മാരെല്ലാം ദാനശീലരാണെന്നു ചിത്രീകരിക്കുക, സമുദായ നേതൃത്വത്തിന്റെ തെറ്റിനെ എതിർക്കാതിരിക്കുക... ഈ കാപട്യങ്ങളെയെല്ലാം നഖശിഖാന്തംഎതിർക്കുകയും സമുദായത്തിൽ പരിവർത്തനമുണ്ടായിത്തീരേണ്ടതിന്റെ അനിവാര്യത തുറന്നുകാട്ടുകയുമാണ് ഞാൻ ചെയ്തത്.”

ഈയൊരു സാമൂഹിക പരിഷ്കരണ ബോധം ഒരു എഴുത്തുകാരൻ എന്നതിനപ്പുറം മീരാനിൽ ഒരു ആക്ടിവിസ്റ്റിനെ കൂടി സൃഷ്ടിച്ചു. തന്റെ പ്രദേശത്തെ പ്രശ്നങ്ങളിൽ സജീവമായി ഇടപെടുന്ന ഒരു സാമൂഹിക പ്രവർത്തകൻ കൂടിയാണ് മീരാൻ. ഒപ്പം സമൂഹത്തിൽ നിന്നു മൂല്യബോധവും പാരമ്പര്യബോധവും ചോർന്നു പോകുന്നതിൽ ഖിന്നനാണ് ഈ എഴുത്തുകാരൻ. തന്റെ കാലഘട്ടത്തിലെ അധർമങ്ങളെയും മനുഷ്യാവകാശ ലംഘനങ്ങളേയും തുറന്നുകാട്ടുവാനും മീരാൻ മടിക്കാറില്ല. എൽ. ടി. ടി ഇ നടത്തിയ മുസ്‌ലിം കൂട്ടക്കൊലയെപ്പറ്റി ശ്രീലങ്കയിൽ പോയി അദ്ദേഹം നടത്തിയ പഠനം ഈയിടെ മലയാളത്തിൽ പ്രസിദ്ധീകരിക്കുകയുണ്ടായി. എൽ. ടി. ടി ഇ യിൽ നിന്ന് തെറ്റിപ്പിരിഞ്ഞ്, പിന്നീട് ശ്രീലങ്കൻ പാർലമെന്റ് അംഗം വരെയായി മാറിയ ഒരു മുൻ എൽ. ടി. ടി ഇ കമാൻഡറെ ഇന്റർവ്യൂ ചെയ്ത് മീരാൻ മാധ്യമരംഗത്ത് ഏറെ ശ്രദ്ധ നേടുകയുണ്ടായി. ഇന്ത്യൻ ഭരണകൂടം നടത്തുന്ന മുസ്‌ലിംവേട്ടയെപ്പറ്റിയും ഫാസിസത്തിന്റെ മുന്നേറ്റത്തെപ്പറ്റിയും മീരാൻ പലതവണ പറയുകയും എഴുതുകയും ചെയ്തിട്ടുണ്ട്. ഏറെ രസകരമായൊരു കാര്യം, സാഹിത്യരചനയിൽ ആഢ്യഭാഷയേയും അക്കാദമിക് ഭാഷയേയും നിരാകരിച്ച് സാധാരണക്കാരന്റെ ഭാഷയിൽ അസാമാന്യമായെഴുതുന്ന മീരാനെത്തേടി കേരളത്തിൽ നിന്നടക്കം അനേകം ഗവേഷകർ എത്തിച്ചേരുന്നു എന്നതാണ്. അവരിൽ പലരും മീരാനെപ്പറ്റി പഠിക്കാനല്ല, മറിച്ച് അറബിമലയാളം, അറബിത്തമിഴ്, മുസ്‌ലിം പൈതൃകം എന്നിവയെപ്പറ്റി പഠിക്കുന്നവരാണ്. ഇത്തരം വിഷയങ്ങളടങ്ങിയ അപൂർവഗ്രന്ഥങ്ങളുടെ ഒരു ബൃഹദ്‌ലൈബ്രറി മീരാന് സ്വന്തമായുണ്ട്. പൊന്നാനി പോലെ ഒരു മുസ്‌ലിം വൈജ്ഞാനിക കേന്ദ്രമായിരുന്നു ഒരു കാലത്ത് മീരാന്റെ നാടും. *ഖുത്ബിയ്യത്ത്* തയ്യാറാക്കിയ സദഖത്തുല്ലാഖാഹിരി മീരാന്റെ നാട്ടുകാരനാണ്. ഒരു കാലത്ത് പൊന്നാനിയിലെ വിളക്കത്തിരുന്ന് പഠിക്കുവാൻ ധാരാളം വിദ്യാർത്ഥികൾ കായൽപ്പട്ടണത്തു നിന്നും മറ്റും എത്തിയിരുന്നുവത്രെ. അത്തരമൊരു പൈതൃകത്തെ നെഞ്ചേറ്റുകയും അതിൽ അഭിമാനിക്കുകയും ചെയ്യുന്ന എഴുത്തുകാരനാണ് തോപ്പിൽ മുഹമ്മദ് മീരാൻ. തമിഴ്നാടിനേയും മലയാളദേശത്തെയും കൂട്ടിയിണക്കിയിരുന്ന പ്രാചീന സുകൃതങ്ങളുടെ പൊന്നാനി വെട്ടത്തിൽ തന്റെ വേരുകൾ കണ്ടെത്തുന്ന മീരാൻ ആദരവുകൾ അർഹിക്കുന്ന വേറിട്ട എഴുത്തുകാരനാണ്. ●




**കഥയുടെ മേൽക്കോടതി**
**വേദനകളും വിചാരണകളും: രഘുനാഥൻ പറളി**

**കഥുഗണ്ണാവ**
**എൻ.രാജൻ നായർ**

# ചന്ദ്രിക
## ആഴ്ചപ്പതിപ്പ്

10 ജനുവരി 2015

₹ 15

**5 സ്വപ്നങ്ങൾ: ചാത്തന്നൂർ മോഹൻ**

# ബഷീർ അഭിമുഖങ്ങളുടെ ലോകം

വിവാദക്കൊടുങ്കാറ്റ് അഴിച്ചുവിട്ട **ബഷീർ ഇന്റർവ്യൂ** അഞ്ച് പതിറ്റാണ്ടിന് ശേഷം പുന:പ്രസിദ്ധീകരിക്കുന്നു. അഭിമുഖകാരന്റെ അനുഭവവും.

**താമ്രപത്രംകൊണ്ടുള്ള ഏറുകൾ:** എം.എ റഹ്മാൻ

**ബഷീർ ഒരു വൈദ്യൻ:** വി.കെ ശ്രീരാമൻ

**ബഷീർ ചിരി:** ഡോ. അസീസ് തരുവണ

ഡോ. അസീസ് തരുവണ

# ബഷീറിന്റെ ചിരി

**അകം പൊള്ളുമ്പോഴും ബഷീർ തനിക്കരികിലെത്തുന്നവരോട് നർമം ചാലിച്ച് സംസാരിച്ചു. ബഷീർ കൃതികളിലെ നർമസങ്ങളിലൂടെ...**

*“കരയുവാനാകാത്ത ജ്ഞാനത്തിൽ നിന്നും പൊട്ടിച്ചിരിക്കുവാനാകാത്ത തത്വദർശനങ്ങളിൽ നിന്നും എന്നെ നീ രക്ഷിക്കുക”*

–ഖലീൽ ജിബ്രാൻ

ദൈവം പറഞ്ഞിട്ടുണ്ട്, ഇഹലോക ജീവിതം വെറുമൊരു തമാശയാണെന്ന്. അതുകൊണ്ട് മിക്ക കാര്യങ്ങളും ഞാൻ തമാശയായിട്ടാണെടുക്കുന്നത്.... ചിരിക്കാൻ കഴിയുന്ന ഏക മൃഗമാണല്ലോ മനുഷ്യൻ. ഈശ്വരന്റെ മഹത്തായ അനുഗ്രഹമാകുന്നു ചിരി. കണ്ണുനീരും ഈശ്വരന്റെ ഉത്കൃഷ്ടമായ അനുഗ്രഹംതന്നെ എന്നെഴുതിയത് വൈക്കം മുഹമ്മദ് ബഷീറാണ്. ജീവിതത്തെക്കുറിച്ചുള്ള ഈ ബഷീറിയൻ കാഴ്ചപ്പാട് ഒരു മിസ്റ്റിക് ദർശനം കൂടിയാണ്.”

സ്വകാര്യ ദു:ഖങ്ങളിൽ ആണ്ട് ജീവിതത്തിൽ തോറ്റുകൊടുക്കരുത് എന്നു വിശ്വസിച്ച എഴുത്തുകാരനാണ് ബഷീർ. അതിനാൽ വിഷമങ്ങളെ അതിജീവിക്കുവാനുള്ള ഒരു മാർഗമായി അദ്ദേഹം കണ്ടത് ഹാസ്യത്തെയാണ്. മറ്റൊരു രീതിയിൽ പറഞ്ഞാൽ, വിഷമങ്ങളെ അതിജീവിക്കുവാനുള്ള ഒരു മാർഗം അതിനെ ഒരു ഫലിതമാക്കി മാറ്റുക എന്നുള്ളതാണ്. ബഷീറിന്റെ തലമുറയിൽപ്പെട്ട ഇടപ്പള്ളിക്കും ചങ്ങമ്പുഴയ്ക്കും ഇല്ലാതെ പോയതും ഈ ഫലിതബോധമാണ്. വിഷമങ്ങളെയും ദുരിതങ്ങളേയും എന്നെന്നും നിലനിർത്തി അതിൽ മുങ്ങിക്കുളിക്കുകയായിരുന്നു അവർ. ഇടപ്പള്ളിക്ക് ഒരിക്കലുമതിൽ നിന്ന് കരകയറുവാനായില്ല.

ഇടപ്പള്ളിയേക്കാൾ പ്രണയഭംഗങ്ങൾ ഉണ്ടായിരുന്ന ആളാണ് ബഷീർ. ചങ്ങമ്പുഴയേക്കാൾ ജീവിതപ്രശ്നങ്ങളും ബഷീറിനുണ്ടായിരുന്നു. എന്നിട്ടും അൽപം മാറി നിന്ന് കാര്യങ്ങളെ സീരിയസ്സായി, ഫലിതാംശത്തോടെ കാണുവാൻ ബഷീറിനു സാധിച്ചു.

ബഷീറിനോളം എഴുത്തിലും ജീവിതത്തിലും ഫലിതത്തിന് പ്രാധാന്യം നൽകിയ മറ്റൊരെഴുത്തുകാരൻ മലയാളത്തിലില്ല. നമ്മൾ ഗൗരവതരമെന്നു കരുതുന്ന വിഷയങ്ങൾ പോലും ഹാസ്യരസത്തോടെ കാണുവാൻ അദ്ദേഹത്തിന് കഴിഞ്ഞിരുന്നു. ഒരു ഉദാഹരണം കാണുക: ഒരു അഭിമുഖത്തിൽ കെ.അജിത ചോദിച്ചു: “മലയാളിത്തത്തെ അഥവാ കേരളീയതയെ ബഷീർ എങ്ങനെയാണ് നിർവചിക്കുന്നത്?”

ബഷീറിന്റെ മറുപടി ഇങ്ങനെ: “മലയാളി ആണിനോടും പെണ്ണിനോടും എനിക്കി

പ്പോൾ യാതൊരു ബഹുമാനവുമില്ല. 'കേരളമെന്നു കേട്ടാൽ തിളയ്ക്കണം ചോര ഞരമ്പുകളിൽ' എന്നാരോ പറഞ്ഞിട്ടുണ്ടല്ലോ. എന്റെ കൈയിൽ വളരെക്കുറച്ച് ചോരയേ ഉള്ളൂ. അതിപ്പം തിളപ്പിച്ച് ആവിയാക്കാൻ എനിക്ക് താൽപര്യമില്ല."

പ്രസംഗത്തിലും ഹാസ്യത്തിന്റെ മേമ്പൊടി എന്നുമദ്ദേഹം കാത്തുസൂക്ഷിച്ചിരുന്നു. കോഴിക്കോട് വെച്ചു നടന്ന ഒരു സാഹിത്യ പരിപാടിയിൽ അദ്ദേഹം പറഞ്ഞു: "എനിക്ക് വയസ്സ് ഇരുന്നൂറ് കഴിഞ്ഞു. കാഴ്ചയൊക്കെ മങ്ങിത്തുടങ്ങി. എങ്കിലും എന്റെ മുൻപിലിരിക്കുന്ന സുന്ദരി ശിങ്കങ്ങളെയെല്ലാം എനിക്ക് കാണാൻ കഴിയും..... ഇവിടെ എന്റെ മുൻപിലിരിക്കുന്ന എല്ലാ സുന്ദരികൾക്കും ദൈവം തമ്പുരാൻ കൂടുതൽ കൂടുതൽ സൗന്ദര്യം നൽകട്ടെ. (അൽപം നിർത്തി) പുരുഷ കേസരികൾക്ക് ഇപ്പോഴുള്ള സൗന്ദര്യമൊക്കെ മതി!"

എന്നാൽ എഴുത്തിൽ കേവല ഹാസ്യത്തിനു വേണ്ടി അദ്ദേഹം ഫലിതം ഉപയോഗിച്ചിരുന്നില്ല. അതിനാൽ 'ഹാസ്യ സാഹിത്യകാരൻ' എന്ന കളത്തിലൊതുങ്ങുന്ന എഴുത്തുകാരനല്ല അദ്ദേഹം. മലയാളത്തിലെ ഹാസ്യ സാമ്രാട്ടുകളായ കുഞ്ചൻ നമ്പ്യാർ മുതൽ വേളൂർ കൃഷ്ണൻകുട്ടി വരെയുള്ളവർ പറഞ്ഞ രീതിയിലുള്ള ഫലിതവുമല്ല ബഷീർ സൃഷ്ടിച്ചത്. ചിരിപ്പിക്കുകയും ചിരിയോടൊപ്പം ചിന്തയുടെ തീപ്പൊരി നമ്മിലേക്ക് നിക്ഷേപിക്കുകയും ചെയ്യുന്നതാണ് അദ്ദേഹത്തിന്റെ സവിശേഷമായ രചനാശൈലി. എത്ര ഗഹനമായ വിഷയത്തെക്കുറിച്ച് പറയുമ്പോഴും നേരിയ നർമ്മത്തിന്റെ മേമ്പൊടി ചേർക്കുവാൻ അദ്ദേഹം മറന്നിരുന്നില്ല. എല്ലാ അർത്ഥത്തിലും ബഷീർ ഒരു ഹ്യൂമനിസ്റ്റും ഒപ്പം ഹ്യൂമറിസ്റ്റുമായിരുന്നു.

"ഒന്നും ഒന്നും എത്രയാണെടാ?" ഗുരുനാഥൻ ഒരിക്കൽ ബാല്യകാലസഖിയിലെ നായകനായ മജീദിനോട് ചോദിച്ചു. ഒന്നും ഒന്നും രണ്ടാണെന്നുള്ളത് ലോകപ്രസിദ്ധമാണല്ലോ. പക്ഷേ, അതിനു മജീദ് പറഞ്ഞ അത്ഭുതകരമായ സമാധാനം കേട്ട് ഗുരുനാഥൻ പൊട്ടിച്ചിരിച്ചുപോയി. ക്ലാസ് ആകെ ചിരിച്ചു. മജീദ് പറഞ്ഞ സമാധാനം, പിന്നീട് അവന്റെ പരിഹാസപ്പേരുമായിത്തീർന്നു. ആ ഉത്തരം പറയുന്നതിനു മുമ്പ് മജീദ് ആലോചിച്ചു. രണ്ട് നദികൾ സമ്മേളിച്ചു കുറച്ചുകൂടി തടിച്ച ഒരു നദിയായി ഒഴുകുന്നപോലെ രണ്ട് ഒന്നുകൾ ഒരുമിച്ചു ചേരുമ്പോൾ കുറച്ചുകൂടി വണ്ണം വെച്ച ഒരു വലിയ 'ഒന്നായി'ത്തീരുന്നു. അങ്ങനെ കണക്കുകൂട്ടി സാഭിമാനം മജിദ് പ്രസ്താവിച്ചു.

"ഉമ്മിണി ബല്യ ഒന്ന്!" അങ്ങനെ കണക്കു ശാസ്ത്രത്തിൽ ഒരു പുതിയ തത്വം കണ്ടുപിടിച്ചതിന് മജീദിനെ അന്നു ബെഞ്ചിൽ കയറ്റിനിർത്തി.

'ഉമ്മിണി ബല്യ ഒന്ന്' എല്ലാവരും അവനെ നോക്കി ചിരിച്ചു. എന്നിട്ടും മജീദ് സമ്മതിച്ചില്ല ഒന്നും ഒന്നും രണ്ടാണെന്ന്. ആയതിനാൽ അത്ഭുതകരമായ ആ ഉത്തരത്തിന്റെ പ്രതിഫലമെന്നോണം ആറു ചുട്ട അടി മജീദിന്റെ കൈവെള്ളയിൽ വെച്ചുകൊടുത്തിട്ട് എല്ലാംകൂടി സാമാന്യം ഭേദപ്പെട്ട ഒരു വലിയ അടിയായി വിചാരിച്ചു കൊള്ളാൻ അധ്യാപകൻ മജീദിനോട് പറയുകയും ചെയ്തു.



അതിനുശേഷം സഹപാഠികൾ അവനെ കാണുമ്പോൾ തമ്മിൽ തമ്മിൽ പറയും

'ഉമ്മിണി ബല്യ ഒന്ന്!'

സാംസ്കാരിക രംഗത്ത് ശൂന്യത സൃഷ്ടിക്കുന്ന പ്രസിദ്ധീകരണങ്ങളേയും രാഷ്ട്രീയത്തെ സ്വാർത്ഥ താൽപര്യത്തിനു ആയുധമാക്കുന്ന സമ്പ്രദായത്തെയും നഖശിഖാന്തം എതിർത്ത എഴുത്തുകാരനാണ് ബഷീർ. എഴുത്തിലും പ്രഭാഷണത്തിലും നടത്തിയ അത്തരം ആക്രമണങ്ങൾ പ്രസിദ്ധമാണ്.

'താരാ സ്പെഷ്യൽ' എന്ന കൊച്ചു നോവലിൽ ബഷീർ നടത്തുന്ന പരിഹാസം ഇങ്ങനെ:

'കിടപ്പറ'യെന്നൊരു മാസികയുടെ പ്രസിദ്ധീകരണ കാര്യം മൂന്നു കഥാപാത്രങ്ങൾ തമ്മിൽ ചർച്ച ചെയ്യുന്നൊരു രംഗം ഇങ്ങനെ:

"നിനക്കു ഞങ്ങളുടെ സാഹിത്യത്തെക്കുറിച്ചെന്താണഭിപ്രായം?"

'ഞാനത് ഒളിച്ചാണ് വായിക്കുന്നത്. അമ്മയും സഹോദരന്മാരും കണ്ടിട്ടില്ല. മൂന്നു ലക്കവും അപ്പപ്പോൾ തെങ്ങിന്റെ ചുവട്ടിലിട്ടു കത്തിച്ചു. മൂന്നു ലക്കത്തിന്റെ സാഹിത്യച്ചാരം വീണപ്പോൾ തെങ്ങുണങ്ങി.'

'സംസ്കാരശൂന്യൻ'

'അതു കത്തിക്കാത്തവരാരുമില്ല'

'നിങ്ങളെ ആരും അടിക്കാത്തതെന്തേ?'

'ഞങ്ങളിപ്പോൾ രാഷ്ട്രീയത്തിൽ കയറി'

'ഞാനതു കേട്ടു. നിങ്ങളാ റിക്ഷാ തൊഴിലാളി സമരത്തിൽ എന്തിനു നേതൃത്വം കൊടുത്തു?'

'പാപ്പച്ചൻ എന്ന ഈ കശ്മലൻ സംഘടിപ്പിച്ചതാണ് ആ ഉഗ്രസമരം. കാരണം റിക്ഷാവണ്ടിക്കാരൻ പൈലോയുടെ മോളെ ഈ പാപ്പച്ചൻ പ്രേമിക്കുന്നു'

അവസരവാദികളായ രാഷ്ട്രീയക്കാരുടേയും കപടരായ മതനേതാക്കളുടേയും മുഖംമൂടികൾ അഴിച്ചുമാറ്റി അവരുടെ യഥാർത്ഥ മുഖം അനാവരണം ചെയ്യുന്നുണ്ട് 'സ്ഥലത്തെ പ്രധാന ദിവ്യൻ' എന്ന കൃതിയിൽ. ക്രിസ്ത്യാനികളെ കളിയാക്കുന്നൊരു രംഗമുണ്ട് ഈ കൃതിയിൽ.

ആനവാരി രാമൻനായർ ചോദിച്ചു:

'ക്രിസ്ത്യാനികൾ തിന്നാത്തതു വല്ലതുമുണ്ടോ?'

പൊൻകുരിശു തോമായുടെ മറുപടി രസാവഹമാണ്.

'ഒണ്ടേ ഉണ്ട്. ഇഴഞ്ഞുനടക്കുന്നതിൽ കന്നുകാലിക്കയറ്. നാലു കാലുള്ളതിൽ കട്ടിൽ, രണ്ടു കാലുള്ളതിൽ ആനവാരി രാമൻനായർ മുതൽ പേർ, പൊതുവെ നായന്മാരെ തിന്നാൻ കൊള്ളില്ല. കൂട്ടത്തിൽ ക്രിസ്ത്യാനികളും മുസ്ലിം ജാതിക്കാരും പിന്നെ പറന്നു നടക്കുന്നതിൽ അപ്പൂപ്പൻതാടി, പിന്നെ ഏറോപ്പ്ളേൻ. ഇതൊന്നും സത്യക്രിസ്ത്യാനിക്കു വിധിയില്ല.'



പൊട്ടിച്ചിരിക്കുവാൻ ഏറെ വക തരുന്ന കൃതിയാണ് 'നേരും നുണയും'. ചോദ്യോത്തര രീതിയിലാണ് ഈ കൃതി. ഏറെ ചിരിക്കുവാൻ അവസരം നൽകുമ്പോഴും ചിന്തയുടെ ജാലകങ്ങൾ കൊട്ടിയടച്ചുകൊണ്ടല്ല, ഈ കൃത്യം നിർവഹിക്കുന്നത്. ഏതാനും ചോദ്യങ്ങളും ഉത്തരങ്ങളും ശ്രദ്ധിക്കുക: ഒരു മാരാരാണ് ചോദ്യകർത്താവ്.

ചോദ്യം: കമ്യൂണിസ്റ്റുകാരെ ഓന്തിനോടുപമിക്കുന്നതിൽ തെറ്റുണ്ടോ?

ഉത്തരം: വരട്ടെ മാരാരെ, വരട്ടെ, ഞാനീ നാട്ടിലെ പ്രധാനപ്പെട്ട എല്ലാ ഓന്തുകളേയും വിളിച്ചുകൂട്ടി അവരുടെ ഒക്കെ അഭിപ്രായങ്ങൾ ഒന്നാരാഞ്ഞോട്ടെ. അവർക്ക് പ്രതിഷേധമില്ലെങ്കിൽ വിവരമറിയിക്കാം. ക്ഷമിക്കണേ!

മറ്റൊരു ചോദ്യോത്തരം ശ്രദ്ധിക്കുക:

സുഖക്കേടുകളിൽ വെച്ച് ഏറ്റവും നല്ലതേതാണ്?

ഉത്തരം: അങ്ങനെ ഒന്നില്ലെന്നു തോന്നുന്നു. രസമുള്ളതാണെങ്കിൽ.... ഭയങ്കര ചൊറിച്ചിലുള്ള വരട്ടുചൊറി പരീക്ഷിച്ചു നോക്കുക.

കെ.ടി ഇത്താലുട്ടി (കൊണ്ടോട്ടി) ബഷീറിനോട് ചോദിക്കുന്നു: കൃഷിക്കാരൻ ആരെയാണ് പ്രേമിക്കേണ്ടത്?

ബഷീർ: അവന്റെ ഭാര്യയെ, കണ്ട പെണ്ണുങ്ങളെ സ്നേഹിച്ചാൽ ഇത്താലുട്ട്യേ വീക്കു കിട്ടും.

ബഷീറിന്റെ ചട്ടുകാലി മോപ്പസാങ്ങിന്റെ Artist's wifeന്റെ അനുകരണമല്ലേ എന്ന രോഷജനകമായ ചോദ്യത്തിന് ബഷീർ നേരും നുണയിലും പറയുന്ന ഉത്തരം നോക്കൂ:

ഞാൻ ആരെയും അനുകരിക്കാറില്ല.... ഈ നാട്ടിലുള്ളവർക്ക് അനുഭവങ്ങൾ ഉണ്ടായിക്കൂടെന്നുണ്ടോ? രണ്ടു കൈയും രണ്ടു കാലും വട്ടമുഖവും ഉള്ളതുകൊണ്ട് ചർച്ചിലിന്റെ മകനാണ് താങ്കളുടെ സ്നേഹിതനെന്നു പറയാമോ?

ബഷീറിനെ പ്രകോപിപ്പിക്കുന്ന മറ്റൊരു ചോദ്യത്തെ ഫലിതത്തിന്റെ ശക്തികൊണ്ട് അദ്ദേഹം നേരിടുന്നത് ഇങ്ങനെ:

പി.ബാലകൃഷ്ണൻ (നേമം) ആണ് ചോദ്യകർത്താവ്.

ചോദ്യം: ചില യുവതികൾ കി



ളവന്മാരെ വിവാഹം കഴിക്കാൻ സമ്മതിക്കുന്നത് എന്തു വിചാരിച്ചാണ്?

ബഷീർ: കറകളഞ്ഞ സ്നേഹം, പക്വത, ലോക പരിചയം, ബുദ്ധി ഇത്യാദികൾ കിളവന്മാരിൽ സുലഭമത്രേ എന്നു കരുതി. NB: ബടുക്കൂസേ, നേമത്തുകാരൻ ബാലകൃഷ്ണാ! നിനക്ക് എന്നോടും കേശവദേവിനോടും ഗുസ്തിപിടിക്കാൻ ധൈര്യമുണ്ടോ? ഉണ്ടെങ്കിൽ വാ.

'യുദ്ധം അവസാനിക്കണമെങ്കിൽ' എന്ന ചെറുകഥയിൽ, യുദ്ധം അവസാനിക്കാൻ പോംവഴി തേടിവന്ന പത്രപ്രവർത്തകനോട് കഥയിലെ മഹാ സാഹിത്യകാരൻ കറകറാന്നു വരട്ടുചൊറി മാന്തി ആനന്ദിച്ചുകൊണ്ട് പ്രഖ്യാപിക്കുന്നത് ഇങ്ങനെയാണ്:

'ഇന്നത്തെ എല്ലാ രാഷ്ട്രീയ നായകന്മാർക്കും എല്ലാ മതപ്രതിനിധികൾക്കും എല്ലാ ചിന്തകന്മാർക്കും എല്ലാ പൊലീസുകാർക്കും മജിസ്ട്രേട്ടന്മാർ, ജഡ്ജിമാർ, വക്കീലന്മാർ, പത്രക്കാർ, അധ്യാപകർ, എല്ലാ പട്ടാളക്കാർക്കും-ഭൂമിയിലുള്ള ഓരോ സ്ത്രീ പുരുഷന്മാർക്കും-എനിക്കുള്ള പോലെ ഭയങ്കര ചൊറിച്ചിലും വരട്ടുചൊറിയും വരണം!"

ബഷീർ കൃതികളിൽ ഏറ്റവും ശ്രദ്ധേയമായ രചനകളിലൊന്നാണ് 'പാത്തുമ്മയുടെ ആട്.'

ഒരു ദിവസം ഉമ്മ ബഷീറിനോട് ചോദിച്ചു:

"എടാ നീയെനിക്ക് ഒരഞ്ചുരൂപ, തരാവോ.....?" ബഷീർ വേഗം പോക്കറ്റിൽ നിന്ന് അഞ്ചുരൂപയെടുത്ത് ഉമ്മയ്ക്ക് കൊടുത്തു. അത് കൈയിൽ വാങ്ങി മടിയിൽ തിരുകിയിട്ട് ഉമ്മ ഒറ്റക്കരച്ചിൽ! ബഷീർ അമ്പരന്നുപോയി.

"എന്തിനാ ഉമ്മാ നിങ്ങൾ കരയുന്നത്?"

ഉമ്മയുടെ മറുപടി:

"എടാ, എനിക്ക് നിന്നോട് പത്തുരൂപാ ചോദിക്കാൻ തോന്നിയില്ലല്ലോ.....!"

ബഷീർ ഒരു സന്ദർഭം വിവരിച്ചുകൊണ്ടു മാത്രമല്ല, ഫലിതം സൃഷ്ടിക്കുന്നത്. ബഷീർ സൃഷ്ടിച്ച ചില കഥാപാത്രങ്ങളുടെ പേരുകൾ പോലും ചിരിക്കു വക നൽകുന്നതാണ്. ചില ഉദാഹരണങ്ങൾ: ആനവാരി രാമൻ നായർ, പൊൻകുരിശു തോമ, മണ്ടൻ മുത്തപ്പാ, എട്ടുകാലി മമ്മൂഞ്ഞ്, കടുവാമാത്തൻ, തൊരപ്പൻ അവറാൻ. ഈ പേരുകൾ സിദ്ധിക്കാൻ കാരണമായ പിൻകഥകൾകൂടി അറിയുമ്പോഴാണ് ഇതിലടങ്ങിയ ഹാസ്യം കൂടുതൽ വ്യക്തമാവുക.

ആനവാരി രാമൻനായർ എന്ന പേരിന്റെ ഉൽപ്പത്തികഥ ഇങ്ങനെ ചുരുക്കിപറയാം: ഉണ്ടക്കണ്ണനന്ത്രു എന്ന സ്ഥലത്തെ പ്രധാന പിശുക്കൻ കുന്നേത്ത് കുട്ട്യാലി മുതലാളിയുടെ വകയായി ആറ്റുതീരത്ത് കൂടിയിരുന്ന ചാണകവും ചാരവും രാത്രി കട്ട് വാരിക്കൊടുക്കാമെങ്കിൽ പ്രതിഫലം കൊടുക്കാമെന്ന് രാമൻ നായരോട് പറഞ്ഞു. പിശുക്കൻ അന്ത്രുവിന് ചെലവില്ലാതെ കൃഷിക്ക് വളമിടാനുള്ള പ്ലാനാണ്.

ആനവാരി ഈ ചുമതല ഏറ്റെടുത്തു. രണ്ടുരൂപാ നീട്ടിക്കൊണ്ട് ഉണ്ടക്കണ്ണനന്ത്രു പറഞ്ഞു:

"അ....അ.... അഡ്മാണീസ്......"

അന്ത്രുവിന് വിക്കുമുണ്ട്. അഡ്വാൻസ് വാങ്ങി രാമൻ നായർ തോമായേയും കൂട്ടി രാത്രി കൂരിരുട്ടത്ത് ഒരു വള്ളവുമായി ആറ്റുതീരത്ത് എത്തി. വള്ളം കെട്ടിയിട്ട് കുട്ടയും മൺവെട്ടിയുമായി രണ്ടുപേരും കരക്കിറങ്ങി.

നോക്കുമ്പോൾ, അതാ വലിയൊരു ചാണകക്കൂന കിടക്കുന്നു.

ഇരുട്ടല്ലേ. ശരിക്ക് കാണാൻ വയ്യ. എന്നാലും തപ്പിത്തടഞ്ഞ് അടുത്തുചെന്ന് കുട്ട ചെരിച്ചുവെച്ച് മൺവെട്ടികൊ

ണ്ട് ചാണകക്കൂനയിൽ ആഞ്ഞു വെട്ടി.

ആകാശവും ഭൂമിയും നടുക്കുന്ന ഒരലർച്ചയാണ് പിന്നെ കേട്ടത്.

ചാണകക്കൂന അതാ എഴുന്നേറ്റ് വരുന്നു. സ്ഥലത്തെ പ്രധാന ആനയായ കൊച്ചുനീലാണ്ടനായിരുന്നു അത്. രാമൻനായരും തോമായും ഇരുട്ടിൽ ഓടി ഏതോ മരത്തിൽ പിടിച്ചുകയറി. കൂട്ടിനു വന്നിരുന്ന മണ്ടൻ മുത്തപ്പ ആറ്റിലേക്ക് ചാടി.

**ഒരു ദിവസം ഉമ്മ ബഷീറിനോട് ചോദിച്ചു: "എടാ നീയെനിക്ക് ഒരഞ്ചുരൂപ, തരാവോ.....?" ബഷീർ വേഗം പോക്കറ്റിൽ നിന്ന് അഞ്ചുരൂപയെടുത്ത് ഉമ്മയ്ക്ക് കൊടുത്തു. അത് കൈയിൽ വാങ്ങി മടിയിൽ തിരുകിയിട്ട് ഉമ്മ ഒറ്റക്കരച്ചിൽ! ബഷീർ അമ്പരന്നുപോയി.**

**"എന്തിനാ ഉമ്മാ നിങ്ങൾ കരയുന്നത്?" ഉമ്മയുടെ മറുപടി:**

**"എടാ, എനിക്ക് നിന്നോട് പത്തുരൂപാ ചോദിക്കാൻ തോന്നിയില്ലല്ലോ.....!"**

അന്നുമുതലാണ് ആനയെ വാരിയവൻ എന്നതിന് ബഹുമതിയായി "ആനവാരി" എന്ന് രാമൻനായർക്ക് ഇരട്ടപ്പേരുണ്ടായത്. എന്നാൽ രാമൻനായർ കേൾക്കെ, അത് ആരും വിളിക്കാറില്ല. വിളിച്ചാൽ വിളിച്ചവന്റെ മൂക്ക് ചെത്തി ഉപ്പിലിടും. തോമാ മാത്രമേ 'അടേയ് ആനവാരി' എന്ന് ധൈര്യമായി വിളിക്കാറുള്ളൂ.

വെറും തോമാ പൊൻകുരിശു തോമാ ആയതിനു പിന്നിലെ കഥ രസകരവും തത്വചിന്താപരവുമാണ്. സ്ഥലത്തെ പള്ളിയിൽ പെരുന്നാൾ വന്നു. പെരുന്നാളിന് പൊൻകുരിശ് എഴുന്നള്ളിക്കും. അങ്ങനെ പൊൻകുരിശ് എഴുന്നള്ളത്ത് കണ്ട് നടക്കുമ്പോൾ തോമായ്ക്ക് ആലോചന. കർത്താവിനെന്തിനാ പൊൻകുരിശ്? അദ്ദേഹം പെട്ടെന്ന് തത്വചിന്താലുവായി. മിണ്ടാട്ടമില്ല. ഊണോ ഉറക്കമോ ഇല്ല. അയാൾ അങ്ങനെ ആലോചിച്ച് നടക്കുമ്പോൾ ഏതോ കേസിൽ സംശയിച്ച് അയാളെ പൊലീസ് അറസ്റ്റ് ചെയ്ത് ലോക്കപ്പിലാക്കി. തോമാ ലോക്കപ്പിലിരുന്നു ഘനഗംഭീരമായി ചിന്തിച്ചു:

"കർത്താവിനെന്തിനാ പൊൻകുരിശ്?"

ലോക്കപ്പിൽ കിടക്കുമ്പോൾ പളുങ്കൻ കൊച്ചുകുഞ്ഞ് എന്ന പൊലീസുകാരനുമായി പരിചയമായി. പളുങ്കന് ഏഴ് പെൺമക്കളുണ്ട്. ആരേയും കെട്ടിച്ചുകൊടുത്തിട്ടില്ല. മഹാദാരിദ്ര്യമാണ്. കഥയൊക്കെ കേട്ടുകഴിഞ്ഞ് തോമാ പറഞ്ഞു:

"രണ്ട് മണിക്കൂർ നേരത്തേക്ക് എന്നെയൊന്ന് തുറന്നു വിടാമോ...... ഒരു വഴി വെച്ചുതരാം......"

ആദ്യം ആ പൊലീസുകാരനു ധൈര്യം തോന്നിയില്ല. ഒടുവിൽ രണ്ടും കൽപ്പിച്ച് അയാൾ തോമായെ തുറന്നുവിട്ടു. തോമാ പള്ളിയിൽ കയറി പൊൻകുരിശു മോഷ്ടിച്ചു. അതിന്റെ ഒരു ഭാഗം കുറച്ച് ഒടിച്ചെടുത്ത് ബാക്കി എവിടെയോ കുഴിച്ചിട്ടു. ഒടിച്ചെടുത്ത ഭാഗം പളുങ്കൻ പൊലീസുകാരന് കൊടുത്തിട്ട് ഒന്നുമറിയാത്ത മട്ടിൽ ലോക്കപ്പ് മുറിയിൽ കയറി ക്കിടന്നു.

കേസായി. സ്ഥലത്തെ കള്ളന്മാരും അല്ലാത്തവരുമായ എല്ലാവരേയും ഇൻസ്പെക്ടർ കടുവാമാത്തൻ ചോദ്യം ചെയ്തു. ഒടുവിൽ സത്യം പറയിക്കാൻ എല്ലാവരുടെയും നാക്കിൽ ആണിയടിക്കാൻ തീരുമാനിച്ചു.

അത്രയും ആയപ്പോൾ ദയാലുവായ തോമാ ലോക്കപ്പിൽ കിടന്നു വിളിച്ചു പറഞ്ഞു.

"ഏമാനേ...... ഞാനാ പൊൻകുരിശു കട്ടത്.....!"

ലോക്കപ്പിൽ കിടന്ന തോമാ എങ്ങനെ പൊൻകുരിശു മോഷ്ടിച്ചു എന്ന് കടുവാമാത്തൻ പോലും അത്ഭുതപ്പെട്ടുപോയി. ഒടുവിൽ കഥകൾ ഒക്കെ പുറത്തായി. അന്നുമുതലാണ് തോമാ പൊൻകുരിശ് തോമാ ആയത്. പക്ഷേ, ആനവാരിക്ക് മാത്രമേ 'അടേയ് പൊൻകുരിശേ' എന്ന് വിളിക്കാൻ അനുവാദമുള്ളൂ. 'സ്ഥലത്തെ പ്രധാന ദിവ്യ'നിൽ സ്ഥലവാസികളെക്കുറിച്ച് കഥാകാരന്റെ വിലയിരുത്തൽ ഇങ്ങനെയാണ്:

'സമാധാനപ്രിയ'രാകുന്ന സ്ഥലവാസികൾ. കൊച്ചു പിച്ചാത്തി, വലിയ മടക്കുകത്തി, അള്ള്, ഇരുമ്പുവടി, ഉലക്ക, കുന്തം, ആസിഡ് ബൾബ്, ചാട്ടുളി, ഗദ, ഇടിക്കട്ട, വാൾ, കഠാരി, ഗുണ്ട്, വടിവാൾ, തോക്കുകൾ എല്ലാം സമാധാന കാര്യങ്ങൾക്ക് മാത്രമാണ് സ്ഥലവാസികൾ ഉപയോഗിക്കുന്നത്.

എലിപ്പാഷാണവും സമാധാന കാര്യങ്ങൾക്കുപയോഗിക്കുന്നു.

മറ്റൊരിടത്ത് ഒരു കഥാപാത്രം പറയുന്നു:

'അടിക്ക് അടി, വെട്ടിനു വെട്ട്, കുത്തിനു കുത്ത്, അത് ന്യായം..... ഉലക്ക പ്രയോഗമാകാം. രണ്ടു പേരുടെ കൈയിലും ഉലക്കയുണ്ടായിരിക്കണം..... അതു സമാധാനപരമായ ശണ്ഠ.'

'പൂവമ്പഴ'ത്തിൽ ബീഡി തൊഴിലാളി നേതാവായ അബ്ദുൽ ഖാദർ സാഹിബ് പണക്കാരിയും ബി.എക്കാരിയുമായ ജമീലയെ വഴിയിൽ തടഞ്ഞുനിർത്തി പ്രേമാഭ്യർത്ഥന നടത്തുന്നതിങ്ങനെയാണ്.

"ഞാൻ ജമീലാ ബീവിയെ സ്നേഹിക്കുന്നു."

"സന്തോഷം. പിന്നെ വേറെ എന്തൊക്കെയുണ്ട് വിശേഷങ്ങൾ?"

"ജമീല എന്നെ വിവാഹം ചെയ്തില്ലെങ്കിൽ".....

"ഇല്ലെങ്കിൽ എന്തു ചെയ്യും?"

"ജമീല! ഞാൻ നിന്റെ എല്ലു തകർക്കും. ജമീലാ എന്റെ ജീവിതം പാഴാക്കരുത്. ഞാൻ നിന്നെ സ്നേഹിക്കുന്നു. നിന്റെ വസ്ത്രങ്ങളെ സ്നേഹിക്കുന്നു. നീ നടക്കുന്ന റോഡിനെ സ്നേഹിക്കുന്നു."

നിസ്സാര കാര്യങ്ങൾക്ക് ആണുങ്ങളെ വിഷമിപ്പിക്കുകയും കൊല്ലാകൊലയ്ക്കു കൊടുക്കുകയും ചെയ്യുന്ന സ്ത്രീജനങ്ങളുടെ മധുരമായ സ്വഭാവ വിശേഷത്തെ ചിത്രീകരിക്കുന്ന ഒരു രസികൻ കഥയാണ് 'അയിഷുക്കുട്ടി.' ഭർത്താവിന്റെ അനുജന്റെ ഭാര്യ. പ്രസവിച്ചപ്പോൾ ഡോക്ടറെ കൊണ്ടുവന്നതുകൊണ്ട് ''ഡാക്കിട്ടരെ ഓടകൊണ്ടുവരാതെ താൻ പ്രസവിക്കുകയില്ലെന്നു വാശിപിടിച്ച് പ്രസവമുറിയിൽ കിടന്ന്, "എന്റെ ബദ്രീങ്ങളേ! 'ദാക്കത്തരെ കൊണ്ടുവാ' എന്നുവിളിച്ചു കരയുന്ന അയിഷുക്കുട്ടി ഓർമയിൽ തെളിഞ്ഞു നിൽക്കുന്ന കഥാപാത്രമാണ്. ■

# രിസാല

വാരിക

01
ഏപ്രിൽ
2015




# വായനക്കാർ തിരയുന്ന വാക്കുകൾ

• സുഗതകുമാരി • സി. രാധാകൃഷ്ണൻ • സേതു • തോപ്പിൽ മുഹമ്മദ് മീരാൻ
• കോടമ്പുഴ ബാവ മുസ്‌ലിയാർ • പെരുമ്പടവം • ഡി. ബാബുപോൾ • കെ. ഇ.എൻ.
• ഡോ. സെബാസ്റ്റ്യൻ പോൾ • കെ.പി. രാമനുണ്ണി • കല്പറ്റ നാരായണൻ • പി. സുരേന്ദ്രൻ
• കെ.ആർ. മീര • അംബികാസുതൻ മാങ്ങാട് • എൻ.പി. രാജേന്ദ്രൻ • ജമാൽ കൊച്ചങ്ങാടി
• എം.എ. റഹ്മാൻ • ആലങ്കോട് ലീലാകൃഷ്ണൻ • വി. എം. ഗിരിജ
• ശിഹാബുദ്ദീൻ പൊയ്ത്തുംകടവ് • സന്തോഷ് എച്ചിക്കാനം • അജയ് പി. മങ്ങാട്
• എ. കെ. അബ്ദുൽമജീദ് • ഷീബ ഇ.കെ. • മൈന ഉമൈബാൻ • ഷാഹിന ഇ.കെ.

ധരൻ, ഉമ്മാച്ചുവിലെ നായിക എന്നിവരൊക്കെ. ബഷീർ എന്റെ വീടിനരികെ ഉള്ള പ്രിയപ്പെട്ട ഒരാളാണെന്നായിരുന്നു വിശ്വാസം. ആ കഥാപാത്രങ്ങളൊക്കെ ചുറ്റുമുള്ളവരും. അത്ര നാച്വറൽ ആയിരുന്നല്ലോ ബഷീർ കഥാപാത്രങ്ങൾ മുഴുക്കെയും.

എന്റെ വായനക്ക് ഒരു നിയതരൂപമൊന്നുമില്ല. എന്നാൽ എന്തെങ്കിലും വായിക്കുക എന്നതുമല്ല ശീലം. കഥകൾ തന്നെയാണ് വായിക്കാൻ ഇഷ്ടം. ഒരു കഥക്കു ശേഷം ലേഖനങ്ങൾ ആവും വായിക്കുക. നോവലിനോടും ഉണ്ട് പ്രിയം. ഇടക്കു കവിതകളിലേക്ക് പോവും. പഠനങ്ങൾ സൂക്ഷ്മം വായിക്കും. അശ്രദ്ധമായ വായന ഇഷ്ടമല്ല. വായിച്ച പുസ്തകങ്ങളും പ്രധാനകാര്യങ്ങളും കുറിപ്പായി സൂക്ഷിക്കുന്ന പതിവുമുണ്ട്.

---

അസീസ് തരുവണ



## എന്തുകൊണ്ട് വായിക്കുന്നു?

കഴിഞ്ഞ രണ്ട് വർഷമായി എന്റെ വായന വ്യത്യസ്തമായ ചില വിഷയങ്ങളിലേക്ക് വ്യാപിച്ചിട്ടാണിരിക്കുന്നത്. ഫിക്ഷനെക്കാൾ നോൺഫിക്ഷനാണ് ഈ വർഷങ്ങളിൽ വായിച്ചത്. അതിൽ എനിക്ക് ശ്രദ്ധേയമായി തോന്നിയ ചില പുസ്തകങ്ങളുണ്ട്. ഒന്ന് അസ്ഗർ അലി എഞ്ചിനിയറുടെ *"Jihad and other Essays"* എന്ന പുസ്തകമാണ്. ഇന്ത്യൻ സാമൂഹ്യ പശ്ചാത്തലത്തിൽ വളരെ പ്രസക്തമായിട്ടുള്ള ഒരു രചനയാണത്. മറ്റൊന്ന് അമേരിക്കൻ എഴുത്തുകാരനായ *Norman G Finkelstein*ന്റെ *What Gandhi Says About Nonviolence, Resisance and Courage* എന്ന പുസ്തകമാണ്. ഈ പുസ്തകം എനിക്ക് ഗ്രന്ഥകാരൻ തന്നെ സമ്മാനിച്ചതാണ്. ചോംസ്കിക്ക് ശേഷമുള്ള വലിയ അമേരിക്കൻ ചിന്തകൻ എന്ന നിലയിൽ അദ്ദേഹം ശ്രദ്ധിക്കപ്പെട്ടു. വാൾസ്ട്രീറ്റ് ഒക്യുപ്പേഷനു മുമ്പിലെല്ലാം ഉണ്ടായിരുന്ന ആളാണ്. ഒരു വർഷം മുമ്പ് അദ്ദേഹം കേരളം സന്ദർശിച്ച സമയത്താണ് എനിക്കീ ചെറിയ പുസ്തകം തന്നത്. ഇപ്പോൾ ഇസ്രയേൽ വിരുദ്ധ സമരത്തിലും ഫലസ്തീൻ അനുകൂല സമരത്തിലുമൊക്കെ മുൻപന്തിയിലുള്ള ഒരാളാണ്. ഒരു അമേരിക്കക്കാരൻ ഗാന്ധിയെ എങ്ങനെ നോക്കിക്കാണുന്നുവെന്ന കൗതുകവും ഈ പുസ്തകത്തിനുണ്ട്. മറ്റൊരു പുസ്തകം *Media, Gender and Popular culture in India* എന്ന കൃതിയാണ്. *Sanjukta Dasguptha, Dipankar Sinha, Sudeshna chakravarti* തുടങ്ങി മൂന്ന് പേർ ചേർന്നാണ് ഇതെഴുതിയത്. ഇത് വളരെ പ്രസക്തമായൊരു പുസതകമാണ്. മറ്റൊന്ന് അസ്ഗർ അലി എഞ്ചിനീയറുടെ തന്നെ *Relegions, State and Civil Society.* എഞ്ചിനീയറെ വായിക്കാനുള്ള ശ്രമത്തിന്റെ ഭാഗമായാണ് അദ്ദേഹക്കിന്റെ ഈ രണ്ട് കൃതികളും വായിക്കുന്നത്. ഈ രചനകളെല്ലാം വ്യത്യസ്തമായ വിഷയങ്ങളാണ്. സിയാവുദ്ദീൻ സർദാറിന്റെ *Desperately Seeking Paradise* ഉം നല്ലൊരു കൃതിയാണ്. ആഗോളതലത്തിൽ മുസ്‌ലിം സമൂഹത്തിനിടയിലുള്ള പ്രശ്നങ്ങളും അവയിലെ സാമ്യതകളും ഈ കൃതിയിൽ നമുക്ക് കാണാം. ഓറിയന്റലിസ്റ്റ് വിമർശനത്തിൽ എഡ്വേർഡ് സെയ്ദിന്റെ കൂടെത്തന്നെ പറയേണ്ടൊരു പേരാണ് സർദാറിന്റേതും.

ഫിക്ഷനായി ഞാൻ ഏറ്റവുമൊടുവിൽ വായിച്ചത് 'ആരാച്ചാർ' ആണ്. ആരാച്ചാരും ടി ഡി രാമകൃഷ്ണന്റെ ഫ്രാൻസിസ് ഇട്ടിക്കോരയുമാണ് ഏറ്റവും ഒടുവിൽ വായിച്ചവയിലെ ഏറ്റവും മികച്ച സൃഷ്ടികളായി എനിക്ക് തോന്നുന്നത്. അധ്യാപകനായതുകൊണ്ട് നിരന്തരം വായിച്ചുകൊണ്ടിരിക്കേണ്ടിവരും. ക്ലാസിൽ കുട്ടി ചോദിക്കുമ്പോൾ ഞാനത് വായിച്ചിട്ടില്ല, എനിക്കത് അറിയില്ല എന്ന് പറയാൻ പറ്റില്ല. അതുകൊണ്ട് ഫിക്ഷൻ എന്റെ ജോലിയുടെ ഭാഗമായി ഞാൻ വായിക്കുന്നുണ്ട്. ആക്ടിവിസത്തിന്റെ ഭാഗമായി ലോകാവസ്ഥയെ, ഇന്ത്യൻ സാമൂഹികാന്തരീക്ഷത്തെ മനസ്സിലാക്കാൻ ഞാൻ നോൺഫിക്ഷനും വായിക്കുന്നു.

---



### എസ് എസ് എഫ് പ്രവർത്തകന് ഒന്നാം റാങ്ക്

കോഴിക്കോട്: അലിഗഢ് മുസ്‌ലിം സർവകലാശാല ബിരുദ വിദ്യാർത്ഥിയും പൊന്നാനി വെളിയങ്കോട് സ്വദേശിയുമായ ടി വി അബ്ദുൽ സലാം എൻ ഐ ടി പ്രവേശന പരീക്ഷയിൽ രാജ്യത്ത് ഒന്നാം റാങ്ക് നേടി നാടിന് അഭിമാനമായി. ഇന്ത്യയിലെ മികച്ച വിദ്യാകേന്ദ്രമായ ഐ ഐ ടികളിലെ പി.ജി പ്രവേശനത്തിനുള്ള എൻട്രൻസ് പരീക്ഷയായ ജോയിന്റ് അഡ്മിഷൻ ടെസ്റ്റ് ഫോർ എം എസ് സിയിലാണ് (ജാം) അബ്ദുൽ സലാം മികവു തെളിയിച്ചത്.

വെളിയങ്കോട് യൂണിറ്റ് എസ് എസ് എഫ് മുൻ സെക്രട്ടറിയായിരുന്ന അബ്ദുൽ സലാം ഇപ്പോൾ അലിഗഢ് മുസ്‌ലിം സർവകലാശാലയിലെ എസ് എസ് എഫ് ട്രഷററാണ്. വെളിയങ്കോട് തെക്കേകല്ലും വീട്ടിൽ സൈനുദ്ദീന്റെ മകനാണ് അബ്ദുൾ സലാം. നൂറിൽ 86 മാർക്ക് നേടിയാണ് സലാം ഒന്നാമതെത്തിയത്. ആദ്യമായാണ് കേരളത്തിൽ നിന്ന് ഒരാൾ ഈ വിജയം കൈവരിക്കുന്നത്. അലിഗഢ് സർവകലാശാലയിലെ ജിയോളജി ഡിപ്പാർട്ട്മെന്റിൽ അവസാനവർഷ വിദ്യാർത്ഥിയാണ് അബ്ദുൽ സലാം.

ബോംബെ ഐഐടിയിൽ എം എസ് സി അപ്ലൈഡ് ജിയോളജിക്ക് ചേരാനാണ് ഈ പ്രതിഭയുടെ തീരുമാനം. അലിഗഢിലെ സംഘടനാ പ്രവർത്തന വേദിയിൽ നിറസാന്നിധ്യമായ അബ്ദുൽ സലാമിന്റെ വിജയം സംഘടനാ പ്രവർത്തകർക്ക് വലിയ പ്രചോദനമായി. അലിഗഢ് യൂണിറ്റ് കമ്മിറ്റിയുടെ കീഴിൽ റാങ്ക് പ്രതിഭയെ അനുമോദിക്കാൻ പ്രത്യേക കൺവെൻഷൻ ചേർന്നു. എസ് എസ് എഫ് സംസ്ഥാന നേതാക്കൾ അബ്ദുൽസലാമിനെ അഭിനന്ദിച്ചു.

വില ₹50

# മഹിളാചന്ദ്രിക

1 ജനുവരി 2015



## സ്ത്രീ
## അരങ്ങും അടുക്കളയും



# ജീവിതത്തിന്റെ പുറംപോക്കിൽ കാത്തുനിൽക്കുന്നവർ

**ഊരുകാവലിനുപോലും നിവൃത്തിയില്ലാത്ത പെൺജീവിതങ്ങൾ. നേർക്കാഴ്ചയുടെ പകർപ്പ്**



ഫോട്ടോസ്: അജീബ് കൊമാച്ചി

■ ഡോ. അസീസ് തരുവണ

മുത്തങ്ങ വെടിവെപ്പ് കഴിഞ്ഞ ഉടനെയുള്ള ആഴ്ച. വയനാട്ടിലെ ആദിവാസി ഊരുകളിലെങ്ങും ഭയാനകമാംവിധം ഭീതി തളംകെട്ടി നിൽക്കുന്നു. മുത്തങ്ങയിലെ വെടിവെപ്പോടെ ചിതറിയോടിയ നിസ്സഹായരായ സ്ത്രീകളും കുട്ടികളുമടക്കം ഊരുകളിൽ തിരിച്ചെത്തിയിട്ടില്ല. തിരിച്ചെത്തിയവരാകട്ടെ, ഉടുതുണിക്ക് മറുതുണിയില്ലാത്തവർ. മുത്തങ്ങയിൽ പൊലീസുകാർ കത്തിച്ചുകളഞ്ഞ കുടിലുകളോടൊപ്പം അവരുടെ എല്ലാമെല്ലാം ഒരുപിടി ചാരമായി മാറിയിരുന്നു. പലരും കിലോമീറ്ററുകൾ നടന്നു തളർന്നാണ് ഊരുകളിൽ തിരിച്ചെത്തിയത്. ദേഹത്ത് പലവിധത്തിൽ പരിക്കേറ്റവർ നിരവധി. കുടിയേറ്റക്കാരായ 'നാട്ടുകാരുടെ' കടയിൽനിന്ന് സാധനങ്ങൾ നൽകാതിരിക്കുക മാത്രമല്ല, രൂക്ഷമായ പരിഹാസങ്ങളും. കൂലിപ്പണിപോലും വിലക്കപ്പെടുന്ന അവസ്ഥ. പൊലീസുകാരും ക്രൈംബ്രാഞ്ച് ഉദ്യോഗസ്ഥരും ആദിവാസികളുടെ മാത്രമല്ല, വയനാട്ടിലെ സാംസ്കാരിക പ്രവർത്തകരുടെ വീടുകളിൽപോലും രാവും പ







കലും കയറിയിറങ്ങുന്നു. ഇത്തരമൊരു ഘട്ടത്തിൽ ഞങ്ങൾ ഏതാനും പേർ മാനന്തവാടിയിൽ ഒത്തുചേർന്നു. അരക്ഷിതരും അസ്വസ്ഥരുമായ ആദിവാസികളോട് ഐക്യദാർഢ്യപ്പെടുക, അവരുടെ കോളനികൾ സന്ദർശിച്ച് തങ്ങളാൽ കഴിയാവുന്ന സഹായങ്ങൾ ചെയ്യുക- ഇന്നതായിരുന്നു ഒത്തുചേരലിന്റെ ലക്ഷ്യം.

ആദിവാസി വീടുകളിൽ വിതരണം ചെയ്യുവാൻ അരിയും മറ്റ് അവശ്യ വസ്തുക്കളും അന്നുതന്നെ സംഘടിപ്പിച്ചു. വിവരമറിഞ്ഞപ്പോൾ ചില സുഹൃത്തുക്കൾ പുതിയ വസ്ത്രങ്ങൾ (ബനിയൻ, ലുങ്കി) വാങ്ങിത്തന്നു. പിറ്റേന്നുതന്നെ രണ്ട് ജീപ്പുകളിലായി ഞങ്ങൾ ഊരുകളിലേക്ക് യാത്ര തിരിച്ചു. മുത്തങ്ങ സമരത്തിൽ സജീവ പങ്കാളിത്തമുണ്ടായ കാട്ടിക്കുളത്തിനടുത്ത ചാലിഗദ്ധ കോളനിയിലേക്കാണ് ആദ്യം പോയത്. മെയിൻ റോഡിൽനിന്ന് രണ്ടുമൂന്ന് കിലോമീറ്റർ യാത്ര ചെയ്താൽ എത്തിച്ചേരാവുന്ന അടിയ ആദിവാസി കോളനിയാണ് ചാലിഗദ്ധ.

ജീപ്പ് മെയിൻ റോഡിൽനിന്ന് ചെമ്മൺ പാതയിലേക്കിറങ്ങി ഏറെ കഴിയുംമുമ്പ് പതിനാല്, പതിനഞ്ച് വയസ്സ് തോന്നിപ്പിക്കുന്ന മൂന്ന് ആദിവാസി പെൺകുട്ടികൾ പാതയുടെ നടുവിൽ വന്നുനിന്നു. കൈയിൽ കത്തിയുണ്ട്. വണ്ടി നിർത്തുവാൻ അവർ ആവശ്യപ്പെട്ടു. ഞങ്ങൾ പുറത്തിറങ്ങി.

അവർ പറഞ്ഞു:

"വണ്ടി ഒരടി മുന്നോട്ടെടുത്താൽ ആരെയും വെറുതെ വിടില്ല"... വാക്കുകളിലെ ദൃഢത ഞങ്ങളെ ആനന്ദിപ്പിച്ചു. വെടി വെപ്പ് ആദിവാസ[illegible]ളെ തളർത്തിയില്ലല്ലോ എ[illegible] ആശ്വാസം.

"ഇങ്ങനെ പലരും വന്ന് ഞങ്ങളുടെ പുരുഷന്മാരെ ഭീഷണിപ്പെടുത്തുന്നുണ്ട്. ഞങ്ങൾക്ക് ജീവനുണ്ടെങ്കിൽ ഇനിയതിനു സമ്മതിക്കില്ല"- അവർ പറഞ്ഞു.

ഞങ്ങൾ പൊലീസുകാരോ അന്വേഷണ ഉദ്യോഗസ്ഥരോ വ്യാജ പരിസ്ഥിതി വാദികളോ അല്ലെന്നും ഐക്യദാർഢ്യവു മായി എത്തിയവരാണെന്നു അറിയിച്ചതോടെയാണ് അവർ അനുനയപ്പെട്ടത്. സത്യത്തിൽ, ആ പെൺകുട്ടികൾ തങ്ങളുടെ പുരുഷൻമാർക്ക് കാവൽ നിൽക്കുകയായിരുന്നു.

ചാലിഗദ്ധ കോളനിയിൽ പുരുഷൻമാർ ആരുമുണ്ടായിരുന്നില്ല. പൊലീസ് നരനായാട്ട് ഭയന്ന് മാറി നിൽക്കുകയായിരുന്നു. ഞങ്ങൾ കോളനിയിലെ ഓരോ വീടുകളിലും കയറിയിറങ്ങി. പല വീടുകളിലും ഒരുമണി അരിയോ മറ്റ് അവശ്യ വസ്തുക്കളോ ഉണ്ടായിരുന്നില്ല. മുത്തങ്ങയിൽവെച്ച് പൊലീസിന്റെ ക്രൂരമായ മർദ്ദനത്തിനിരയായ, സംസാരശേഷിയില്ലാത്ത പെൺകുട്ടിയേയും അവിടെ കണ്ടു. ഞങ്ങളെ ആശ്ചര്യപ്പെടുത്തിയ കാര്യം സ്ത്രീകളുടെ മനക്കരുത്തും ധീരതയുമാണ്. 'ഇനിയും ഞങ്ങൾ സമരം ചെയ്യും' എന്നവർ ഏക സ്വരത്തിൽ പറഞ്ഞു. എല്ലാം നഷ്ടപ്പെട്ടിട്ടും മാനവും അഭിമാനവും അടിയറവെക്കാൻ തയ്യാറല്ലാത്ത ധീരത.

ഓരോ സ്ത്രീയും വിപ്ലവത്തിന്റെ തീക്കനലായി മാറുന്നത് നേരിട്ട് കണ്ടു. നഷ്ടപ്പെടുവാൻ ഒന്നുമില്ലാതാകുമ്പോൾ, അവസാനത്തെ അളമുട്ടിയാൽ കരുത്തരാവാതിരിക്കാൻ അവർക്കെങ്ങനെ കഴിയും?

മുത്തങ്ങ സമരത്തിന്റെ പ

**മഴ കൊള്ളാതിരിക്കാൻവേണ്ടി വയലിൻകരയിൽ കണ്ട പുല്ലുമേഞ്ഞ ഒരു അടിയാകുടിലിൽ കയറിനിന്നു. എൺപത് വയസ്സ് തോന്നിക്കുന്ന ഒരു വൃദ്ധയും രണ്ട് കുട്ടികളും കോലായിൽ ഇരിക്കുന്നു. മുഖത്ത് വിശപ്പും ദുഃഖവും. ആരും ഒന്നും പറയുകയോ ചോദിക്കുകയോ ചെയ്യുന്നില്ല. എല്ലാവരും ആരെയോ കാത്തിരിക്കുന്നതുപോലെ**



ന്ത്രണ്ടാം ആണ്ടിൽ ഞങ്ങൾ മൂന്ന് സുഹൃത്തുക്കൾ ഒരു ഞായറാഴ്ച വീണ്ടും ആ കോളനിയിലേക്ക് യാത്ര നടത്തി. ഒരു വ്യാഴവട്ടക്കാലം അവരിൽ പല മാറ്റങ്ങളും വരുത്തിയിരിക്കുന്നു. അന്നത്തെ കരുത്തരായ പോരാളികൾ കല്യാണം കഴിച്ച് മറ്റേതൊക്കെയോ ഊരുകളിലേക്ക് പോയി. കേസും മറ്റുമായി പലരും തളർന്നു കഴിഞ്ഞു. പുരുഷൻമാരുടെ അമിത മദ്യപാനം സ്ത്രീകളുടെ ജീവിതത്തിലും കരിനിഴൽ വീഴ്ത്തിയിരിക്കുന്നു. അന്നന്നത്തെ കൂലിപ്പണികൊണ്ട് ജീവിതം തള്ളിനീക്കുന്ന അവരുടെ ജീവിതാവസ്ഥ പട്ടിണിയും ദാരിദ്ര്യവും നിറഞ്ഞതാണ്. മുത്തങ്ങ സമരത്തെപ്പറ്റി ചോദിച്ചപ്പോൾ, അവരിലെ അഗ്നി കെട്ടുപോയിട്ടില്ലെന്ന് മനസ്സിലായി. "ഭൂമിക്കു വേണ്ടിയുള്ള സമരത്തിൽ ഇനിയും ഞങ്ങൾ അണിചേരും" – പലരുടേയും മറുപടി ഇതുതന്നെയായിരുന്നു. 'നിൽപ്പ്' സമരത്തെപ്പറ്റി അവർക്കറിയാം. അതിൽ പങ്കെടുത്തുകൊണ്ടിരിക്കുന്ന പലരും അവരുടെ ബന്ധുക്കളും സുഹൃത്തുക്കളുമാണ്. ഒരു കാലത്ത് ഭൂമി അതിരിട്ട്, വേലി കെട്ടി തിരിക്കാതെ സ്വച്ഛന്ദമായി കഴിഞ്ഞവരാണ് ഇവരുടെ പൂർവ്വീകർ. കാടു മുഴുവൻ അവരുടേതായിരുന്നു. പുഴകളും മീനുകളും പറവകളും അവരുടെ സ്വന്തമായിരുന്നു. ചൂഷണവും വഞ്ചനയുമില്ലാത്തതായിരുന്നു അവരുടെ ലോകം. നാഗരികർ, സംസ്കാര സമ്പന്നർ എന്നൊക്കെ സ്വയം വിശേഷിപ്പിക്കുന്ന നാമാണ് അവരുടെ ജീവിതത്തിനു മേൽ കരിനിഴൽ വീഴ്ത്തിയത്.

## രണ്ട്

കാലിക്കറ്റ് സർവ്വകലാശാലയിൽ ഗവേഷണ വിദ്യാർത്ഥിയായിരുന്ന കാലത്തെ ഓർമയാണ്. വയനാട് ജില്ലയിലെ ആദിവാസികൾക്കിടയിലും മറ്റും നിലനിൽക്കുന്ന ഇതിഹാസ കഥാ സ്വാധീനത്തെപ്പറ്റിയായിരുന്നു പഠനം. പുസ്തകങ്ങളിൽനിന്നല്ല, അവരിലേക്ക് ഇറങ്ങിച്ചെന്ന് അറിവുകൾ ശേഖരിക്കുകയായിരുന്നു രീതി. നമ്മുടെ സങ്കൽപത്തിനപ്പുറമുള്ള ജീവിതമാണ് ആദിവാസികൾ നയിക്കുന്നതെന്ന് അക്കാലത്ത് ബോധ്യപ്പെട്ട നിരവധി സംഭവങ്ങളുണ്ട്.

ഗവേഷണവുമായി ബന്ധപ്പെട്ട ചില വിവരങ്ങൾ ശേഖരിക്കുവാനായി തിരുനെല്ലിക്കടുത്ത ഒരു ഗ്രാമത്തിൽ പോയതായിരുന്നു വൈകുന്നേരം നാലുമണിയായിക്കാണും. കാട്ടാനയും മറ്റു കാട്ടുമൃഗങ്ങളും ഇറങ്ങുന്ന പ്രദേശമാണ്. നേരിയ മഴയുണ്ട്; കോടമഞ്ഞും. കൈയിൽ കുടയില്ല. മഴ കൊള്ളാതിരിക്കാൻവേണ്ടി വയലിൻകരയിൽ കണ്ട പുല്ലുമേഞ്ഞ ഒരു അടിയാകുടിലിൽ കയറി നിന്നു. എൺപത് വയസ്സ് തോന്നിപ്പിക്കുന്ന ഒരു വൃദ്ധയും രണ്ട് കുട്ടികളും കോലായിൽ ഇരിക്കുന്നു. മുഖത്ത് വിശപ്പും ദുഃഖവും. ആരും ഒന്നും പറയുകയോ ചോദിക്കുകയോ ചെയ്യുന്നില്ല. എല്ലാവരും ആരെയോ കാത്തിരിക്കുന്നതുപോലെ. എന്നെ ആരും ഗൗനിച്ചതേയില്ല. കൂട്ടത്തിൽ എട്ടൊൻപത് വയസ്സ് തോന്നിപ്പിക്കുന്ന കുട്ടി ഇടക്ക് അകത്ത് പോവുകയും വരികയും ചെയ്യുന്നുണ്ട്.

പെട്ടെന്ന് എല്ലാവരിലും ഭാവവ്യത്യാസം സംഭവിക്കുന്നതായി കണ്ടു. വയലിന്റെ അക്കരെ ചെമ്മൺപാതയിലേക്ക് നോക്കി എന്തൊക്കെയോ പറയുന്നുണ്ട്. കോടയും മഴയും



വകവെക്കാതെ ഒരു സ്ത്രീ ഓടി വരുന്നത് ശ്രദ്ധയിൽപെട്ടു. സ്ത്രീയെ കണ്ടതോടെ കുട്ടികൾ മഴയത്ത് ഇറങ്ങിനിന്നു. എനിക്കൊന്നും മനസ്സിലായില്ല. കുട്ടികളോട് പലതും ചോദിക്കാൻ ശ്രമിച്ചെങ്കിലും എന്നെ ആരും ശ്രദ്ധിക്കുകപോലും ചെയ്തില്ല. ഒടുവിൽ ആ സ്ത്രീ ഓടിക്കിതച്ച് കുടിലിലെത്തി. കുട്ടികൾ വിങ്ങിക്കരയുവാൻ തുടങ്ങി. അതുപോലും ആ സ്ത്രീ ശ്രദ്ധിച്ചില്ല. അവർ നേരെ കുടിലിനകത്തേക്ക് കുതിച്ച് കയറിപ്പോയി. കുറച്ചുനേരം അകത്തുനിന്ന് തേങ്ങിക്കരച്ചിൽ കേട്ടു. വൃദ്ധ പുറത്തേക്ക് വന്ന്, മുതിർന്ന കുട്ടിയോട് എന്തോ പറഞ്ഞു. കുട്ടി പുറത്തേക്ക് ഓടി.

അൽപം കഴിഞ്ഞപ്പോൾ പുറത്തേക്ക് പോയ കുട്ടിയോടൊപ്പം ഒരു വൃദ്ധനും യുവാവും നടന്നു വരുന്നത് കണ്ടു. വൃദ്ധൻ അകത്തേക്ക് കയറിയപ്പോൾ ഞാൻ യുവാവിനോട് കാര്യം തിരക്കി. അയാൾ പറഞ്ഞു:

"പുലർച്ചെ മരിച്ചതാണ്...."

എനിക്കൊന്നും മനസ്സിലായില്ല. ഞാൻ ചോദിച്ചു:

"ആര്?"

അയാളെന്നെ തുറിച്ചു നോക്കി. എനിക്കൊന്നും മനസ്സിലായിട്ടില്ലെന്ന് അയാളറിഞ്ഞു:

"കുട്ടി രാവിലെ മരിച്ചതാണ്. കുറച്ചു ദിവസമായിട്ട് കിടപ്പിലായിരുന്നു.... അച്ഛനില്ലാത്ത കുട്ടിയാണ്".

"അപ്പോ, ഇതുവരെ"

"കുട്ടിക്ക് തീരെ സുഖമില്ലാത്തതുകൊണ്ട് തള്ളക്ക് പണിക്ക് പോവാൻ പറ്റിയില്ല. മൂന്ന് മക്കളാണ്." അൽപം നിർത്തി അയാൾ തുടർന്നു:

ചടങ്ങുകൾ നട[illegible]ൻപോലും ഒരുമണി അ[illegible]ല്ല. അതുകൊണ്ട് പണിക്ക് പോയി വന്നതാണ് തള്ള."

പിന്നീടയാൾ പറഞ്ഞതൊന്നും തലയിൽ കയറിയില്ല. വീട്ടിൽ കണ്ട വൃദ്ധ ഒരകന്ന ബന്ധുവാണെന്നും ഭർത്താവിന്റെ മരണശേഷം മൂന്ന് കുട്ടികളെ നോക്കി വളർത്തുന്നത് നിസ്സഹായയായ അമ്മയാണെന്നും അയാൾ പറഞ്ഞതിൽനിന്ന് മനസ്സിലാക്കി. എന്തുകൊണ്ടോ ഏറെനേരം അവിടെ നിൽക്കുവാൻ കഴിഞ്ഞില്ല. ഞാൻ മഴയിലേക്കിറങ്ങി...

## മൂന്ന്

പ്ലാച്ചിമട കൊക്കക്കോള വിരുദ്ധ സമരം ലോകത്തിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നതിൽ പ്രധാന പങ്കുവഹിച്ചത് ഒരു ആദിവാസി സ്ത്രീയാണ്. മയിലമ്മ. അക്കാദമിക് വിദ്യാഭ്യാസം നേടിയിട്ടില്ലാത്ത, നിശ്ചയദാർഢ്യവും അർപ്പണ ബോധവുമുള്ള കരുത്തുറ്റ സ്ത്രീ പോരാളി. പ്ലാച്ചിമട സമരത്തിന്റെ ആരംഭ കാലത്ത്, സമര പന്തലിൽ ഇരുന്ന് അവർ വിളിച്ചു തന്ന മുദ്രാവാക്യങ്ങൾ, ഏറ്റു വിളിച്ചപ്പോൾ ഒരു വിപ്ലവത്തിന്റെ ശംഖൊലിയായി അതനുഭവപ്പെട്ടിരുന്നു. അവരുടെ സംസാരത്തിൽ, പ്രസംഗത്തിൽ

കുടിവെള്ളം നഷ്ടപ്പെടുന്നതായുള്ള വേപഥുനിറഞ്ഞു നിന്നിരുന്നു. മയിലമ്മക്ക് മറ്റ് അജണ്ടകൾ ഉള്ളതായി ആരും ആരോപിച്ചിരുന്നില്ല. പരിസ്ഥിതി പ്രവർത്തക എന്ന ലേബലോ വലിയ വലിയ അവാർഡുകളോ അവരുടെ വിദൂര സ്വപ്നങ്ങളിൽപോലും വന്നിരുന്നില്ല. മയിലമ്മയുടെ പ്രഭാഷണങ്ങളിൽ കുടിവെള്ളത്തിന്റെ രാഷ്ട്രീയം മാത്രമേ ഉണ്ടായിരുന്നുള്ളൂ.

ഒരു തവണ മയിലമ്മ വയ

**മയിലമ്മക്ക് വേറെ അജണ്ടകൾ ഒന്നും ഉള്ളതായി ആരും ആരോപിച്ചിരുന്നില്ല. പരിസ്ഥിതി പ്രവർത്തക എന്ന ലേബലോ വലിയ വലിയ അവാർഡുകളോ അവരുടെ വിദൂര സ്വപ്നങ്ങളിൽപോലും വന്നിരുന്നില്ല. മയിലമ്മയുടെ പ്രഭാഷണങ്ങളിൽ കുടിവെള്ളത്തിന്റെ രാഷ്ട്രീയം മാത്രമേ ഉണ്ടായിരുന്നുള്ളൂ**





ചൂണ്ടേൽ തീർത്ഥാലയം | ബിഷപ്പ് സെൽവിസ്റ്റർ പൊന്നുമുത്തൻ | ഘർ വാപസി

Vol. 12 No. 01 Jan. 2014

# കാരുണികൻ

₹ 25

www.karunikan.com

സമ്പൂർണ്ണ ദൈവശാസ്ത്ര മാസിക



# മണ്ണിൽതൊട്ട സമരങ്ങൾ

ഡോ. അസീസ് തരുവണ

ഭൂമിക്കും അസ്തിത്വ സംരക്ഷണത്തിനുമായി സ്വാതന്ത്ര്യത്തിന് മുമ്പും ശേഷവും കേരളത്തിലെ ആദിവാസികൾ ചെറുതും വലുതുമായ നിരവധി പ്രക്ഷോഭങ്ങൾ നടത്തിയിട്ടുണ്ട്. ആദിവാസികൾക്കെതിരെ ഭരണകൂടം എപ്പോഴൊക്കെ തെറ്റായ നയങ്ങൾ സ്വീകരിച്ചുവോ അപ്പോഴെല്ലാം ആദിവാസികൾ കലാപങ്ങൾ നടത്തിയിട്ടുണ്ട്. ആദിവാസി സമരത്തിന്റെ നാൾവഴിയിലൂടെ.

ബ്രിട്ടീഷുകാർക്കെതിരെ വയനാട്ടിലെ കുറിച്യരും കുറുമരും നടത്തിയ ഐതിഹാസികമായ കലാപങ്ങൾ മുതൽ മുത്തങ്ങാ സമരം വരെ ആദിവാസികളുടെ അവകാശ ബോധത്തിനുള്ള തെളിവുകളാണ്. അതിൽ സ്വാതന്ത്ര്യാനന്തരം നടന്ന ശ്രദ്ധേയമായ ചില സമരങ്ങളെയാണ് ഇവിടെ വിശകലനം ചെയ്യുന്നത്.

## സഖാവ് വർഗീസ്

സഖാവ് എ. വർഗീസിന്റെ നേതൃത്വത്തിൽ 1970-കളുടെ ആരംഭത്തിൽ വയനാട്ടിലെ തിരുനെല്ലി, തൃശ്ശിലേരി പ്രദേശങ്ങളിൽ നടന്ന ജന്മിമാരുടെ ചൂഷണത്തിനെതിരെയുള്ള സമരമായിരുന്നു ഒന്നാമത്തേത്. പകലന്തിയോളം എല്ലുമുറിയെ പണിയെടുത്താൽ നെല്ലായിരുന്നു കൂലിയായി അന്ന് നൽകിയിരുന്നത്. സ്ത്രീകൾക്ക് ഒരു സേറും പുരുഷന്മാർക്ക് രണ്ടു സേറും. ഈ അളവുപാത്രത്തിലും തമ്പുരാക്കന്മാർ ചതി കാട്ടിയിരുന്നു. ഇതിനെതിരെയായിരുന്നു വർഗീസിന്റെ നേതൃത്വത്തിൽ ആദ്യ സമരം. തുടർന്ന് നെല്ലിന്റെ അളവ് കൂട്ടിക്കിട്ടുന്നതിനു വേണ്ടിയായി സമരം.

ഈ പ്രക്ഷോഭത്തിൽ ആദിവാസികൾ വിജയിച്ചെങ്കിലും അടിയാരുടെ പെരുമൻ എന്ന് വിശേഷിപ്പിക്കപ്പെട്ട വർഗീസ് അതിക്രൂരമായി കൊല്ലപ്പെട്ടു. ആദിവാസി സമരചരിത്രത്തിൽ മാത്രമല്ല, കേരളത്തിലെ നക്സലൈറ്റ് ചരിത്രത്തിലും സവിശേഷ സ്ഥാനമർഹിക്കുന്നതാണ് വർഗീസ് നടത്തിയ പോരാട്ടങ്ങൾ. ആദിവാസികളിൽ സംഘബോധവും സ്വത്വബോധവുമുണർത്താൻ വർഗീസ് നടത്തിയ സമരങ്ങളിലൂടെ സാധ്യമായി.

## കുടിൽ കെട്ടി സമരം

ആദിവാസി പ്രശ്നങ്ങൾ, പ്രത്യേകിച്ച് ഭൂമി പ്രശ്നം ഉയർത്തി തൊണ്ണൂറുകളുടെ ഒടുവിലും രണ്ടായിരമാണ്ടിന്റെ ആരംഭത്തിലും സി.കെ. ജാനുവിന്റെ നേതൃത്വത്തിൽ നടന്ന പ്രക്ഷോഭങ്ങളാണ് രണ്ടാമത്തേത്.

ആദിവാസി ചരിത്രത്തിൽ ഇത്രയേറെ ശ്രദ്ധിക്കപ്പെട്ട സമരങ്ങൾ അതിനുമുമ്പ് കേരളത്തിലുണ്ടായിട്ടില്ല. ആദിവാസി ദലിത് സമര സമിതിയുടെ നേതൃത്വത്തിൽ സെക്രട്ടറിയേറ്റിനു മുന്നിലും മുഖ്യമന്ത്രിയുടെ വസതിക്കു മുന്നിലും ആദിവാസി അഭയാർത്ഥി ക്യാമ്പ് തുറന്നുകൊണ്ടുള്ള സമരമായിരുന്നു അത്. കേരളത്തിലെ ഏതാണ്ട് മുപ്പത്തിയഞ്ചോളം ആദിവാസി വിഭാഗങ്ങൾ ഈ സമരത്തിൽ പങ്കെടുക്കുകയുണ്ടായി. അതിനുമുമ്പ് ഇത്തരത്തിലുള്ള ഒരു ഏകീകരണമുണ്ടായിട്ടില്ല. ആദിവാസികൾക്കിടയിൽ നിലനിൽക്കുന്ന ജാതീയമായ ഉച്ചനീചത്വങ്ങൾ മറന്നുള്ള ഈ ഐക്യപ്പെടൽ ആദിവാസി ചരിത്രത്തിൽ ഒരു പുത്തൻ അധ്യായം തുന്നിച്ചേർക്കലായി.

ഈ സമരത്തിന് സാംസ്ക്കാരിക കേരളത്തിന്റെ പിന്തുണകൂടി ഉണ്ടായതോടെ ഭരണകൂടത്തിന് സമരത്തോട് പിന്തിരിഞ്ഞു നിൽക്കാൻ പറ്റാത്ത അവസ്ഥയായി. അന്നത്തെ മുഖ്യമന്ത്രി ഏ.കെ. ആന്റണിക്ക് ആദിവാസി, ദലിത് സമരസമിതി അധ്യക്ഷ സി.കെ. ജാനു, 2001 ഒക്ടോബർ 13-ന് നല്കിയ കത്തിൽ ആവശ്യപ്പെട്ട പ്രധാനപ്പെട്ട കാര്യങ്ങൾ ഇവയാണ്.

1. ഭൂരഹിതരായ ആദിവാസികളെ പുനരധിവസിപ്പിക്കാനായി 42,000 ഏക്കർ ഭൂമി സർക്കാർ കണ്ടെത്തിയിട്ടുണ്ടെന്ന് പത്രമാധ്യമങ്ങളിലൂടെ ഞങ്ങളുടെ




ശ്രദ്ധയിൽപ്പെട്ടു. ഭൂരഹിതരായ മുഴുവൻ ആദിവാസി കുടുംബത്തിനും (45,000 കുടുംബങ്ങൾ) ഏറ്റവും കുറഞ്ഞത് അഞ്ചേക്കർ ഭൂമി നൽകുക.

2. ഭരണഘടനാ വ്യവസ്ഥകൾക്കനുസൃതമായ ആനുകൂല്യങ്ങൾ ആദിവാസികൾക്ക് ലഭിക്കുമെന്നുറപ്പാക്കാനായി മുഴുവൻ ആദിവാസി അധിവാസ മേഖലകളും ആർട്ടിക്കിൾ 244(1) പട്ടികയിലുൾപ്പെടുത്തി പട്ടിക മേഖലയായി (ഷെഡ്യൂൾഡ് ഏരിയ) പ്രഖ്യാപിക്കുക. ആദിവാസി ഊരുകളും അധിവാസ മേഖലകളും ഷെഡ്യൂൾഡ് ഏരിയയായി പ്രഖ്യാപിക്കാൻ ക്യാബിനറ്റ് തീരുമാനമുണ്ടാകണം.

ദിവസങ്ങൾ നീണ്ടു നിന്ന സമരത്തിനൊടുവിൽ സർക്കാർ കണ്ണു തുറന്നു. ആദിവാസികളുടെ ആവശ്യങ്ങൾ ഗവൺമെന്റ് അംഗീകരിച്ചു. ഭൂരഹിതരായ മുഴുവൻ ആദിവാസി കുടുംബങ്ങൾക്കും ഭൂമിയുടെ ലഭ്യതയനുസരിച്ച് അഞ്ചേക്കർ വരെ ഭൂമി നൽകാമെന്ന് സർക്കാർ ഉറപ്പ് നല്കി.

## 2001-ലെ ഉടമ്പടി

ആദിവാസി അഭയാർത്ഥി ക്യാമ്പ് അവസാനിപ്പിക്കുന്നതിന് മുമ്പ് ആദിവാസി ദലിത് സമരസമിതി നേതാക്കളായ സി.കെ. ജാനു, എം ഗീതാനന്ദൻ, സണ്ണി എം. കപിക്കാട്, ആർ പ്രസാദ്, സി.ആർ ബിജോയി, എം.കെ. നാരായണൻ പൂച്ചപ്ര എന്നിവരുമായി മുഖ്യമന്ത്രി ഏ.കെ. ആന്റണി, ധനമന്ത്രി കെ. ശങ്കരനാരായണൻ, കൃഷിമന്ത്രി കെ. ആർ. ഗൗരിയമ്മ, വ്യവസായ മന്ത്രി പി.കെ. കുഞ്ഞാലിക്കുട്ടി, പട്ടികജാതി-വർഗ മന്ത്രി ഡോ. എം.എ. കുട്ടപ്പൻ, ഗ്രാമ വികസന മന്ത്രി സി.എഫ്. തോമസ് ഒപ്പം ഓരോ വകുപ്പിലേയും ഉന്നത ഉദ്യോഗസ്ഥർ എന്നിവർ ചേർന്ന് ഒപ്പുവച്ച ഒത്തുതീർപ്പ് വ്യവസ്ഥയിലെ പ്രധാന ധാരണകൾ ഇവയായിരുന്നു.

● ആദിവാസി നേതാക്കൾ മുന്നോട്ടുവച്ച ഓരോ കുടുംബത്തിനും അഞ്ചേക്കറിൽ കുറയാത്ത ഭൂമി ലഭിക്കണമെന്ന ആവശ്യം പരിഗണിച്ച് ഇത് സാധ്യമാക്കുന്ന സുഗന്ധഗിരി, പൂക്കോട് തുടങ്ങിയ പ്രൊജക്ട് പ്രദേശങ്ങളിൽ അധിവസിക്കുന്ന പട്ടികവർഗ കുടുംബങ്ങൾക്ക് അഞ്ചേക്കർ ഭൂമി വീതം നൽകാൻ തീരുമാനിച്ചു. മറ്റു സ്ഥലങ്ങളിൽ ഭൂരഹിതരോ ഒരേക്കറിൽ കുറയാത്ത ഭൂമിയോ ഉള്ള ആദിവാസി കുടുംബങ്ങൾക്ക് ഒരേക്കറിൽ കുറയാതെയും കൂടുതൽ കൃഷിഭൂമി ലഭ്യമായ സ്ഥലങ്ങളിൽ അഞ്ചേക്കർ വരെയും വിതരണം ചെയ്യുന്നതാണ്. ഭൂമി വിതരണം 2002 ജനുവരി ഒന്നിന് ആരംഭിക്കും.

● ഇപ്രകാരം നൽകുന്ന ഭൂമിയിൽ നിന്ന് ജീവിക്കാനാവശ്യമായ വരുമാനമുണ്ടാക്കാൻ കാലതാമസമുണ്ടാകും. അതിനാൽ ആദിവാസി കുടുംബങ്ങൾക്ക് സ്ഥിരമായ വരുമാനമുണ്ടാക്കുന്നതിന് സഹായകരമായ തൊഴിൽ സൗകര്യങ്ങളും മറ്റു സംരംഭങ്ങളും അഞ്ചു വർഷത്തേക്ക് ഏർപ്പെടുത്തുന്നതാണ്.

● ആദിവാസികളുടെ കൈവശം ഇപ്പോഴുള്ള ഭൂപ്രദേശങ്ങളും പുതുതായി പതിച്ചുകൊടുക്കുന്നവയും ഷെഡ്യൂൾഡ് ഏരിയയായി പ്രഖ്യാപിക്കണമെന്ന സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്നതാണ്. ഈ പ്രദേശങ്ങളിൽ അധിവസിക്കുന്ന ആദിവാസികളുടെ ഭൂമിയും സംസ്ക്കാരവും സംരക്ഷിക്കുന്നതിന് സംസ്ഥാന സർക്കാർ നിയമ നിർമ്മാണം നടത്തും.

● വയനാട് ജില്ലയിൽ ഭൂരഹിതരായ ആദിവാസി കുടുംബാംഗങ്ങളുടെ ആധിക്യം പരിഗണിച്ച് അവർക്ക് നൽകുന്നതിനാവശ്യമായ നിക്ഷിപ്ത വനഭൂമി കേന്ദ്ര സർക്കാരിന്റെ അനുമതിയോടെ കണ്ടുപിടിച്ച് സമയബന്ധിതമായി വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

ഈ തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ ആദിവാസി സമരം പിൻവലിച്ചു. മേൽ കരാർ അനുസരിച്ച് ചില പ്രവർത്തനങ്ങൾക്ക് അന്നത്തെ സർക്കാർ ആരംഭം കുറിച്ചു. 2002 ജനുവരി ഒന്നിന് ഇടുക്കി ജില്ലയിലെ

മറയൂരിൽ ആദിവാസി പുനരധിവാസ വികസന പദ്ധതി ഉത്ഘാടനം ചെയ്തു. എന്നാൽ ഈ പദ്ധതിയിലൂടെ ഭൂമി നൽകുമ്പോൾ മുന്നോട്ടു വച്ച വ്യവസ്ഥകൾ ഒട്ടേറെ ദുരൂഹതകൾ നിറഞ്ഞതായിരുന്നു. 388 കുടുംബങ്ങൾക്ക് (മറയൂർ, കുണ്ടള ഭാഗത്ത്) 1078 ഏക്കർ ഭൂമിയാണ് അന്ന് പതിച്ചു നൽകിയത്. സർക്കാർ നൽകിയ ഭൂമി ഉഴുതുമറിക്കരുത് എന്നായിരുന്നു അതിലെ ഒരു പ്രധാന വ്യവസ്ഥ.

പട്ടയം നൽകുമ്പോൾ മുന്നോട്ടുവച്ച വ്യവസ്ഥകളിൽ പലതും കൃഷിയിറക്കുന്നത് തടയുവാനും പട്ടയം റദ്ദാക്കുന്നതിനും വേണ്ടിയുള്ളതായിരുന്നു. ആദിവാസികൾക്ക് നൽകിയ മറയൂരിലേയും കുണ്ടളയിലേയും ഭൂമി കീഴ്ക്കാം തൂക്കായി കിടക്കുന്നതും കൃഷിചെയ്യാൻ പറ്റാത്ത ഭൂമിയുമായിരുന്നു.

നൽകപ്പെട്ട ഭൂമിയിൽ നിന്ന് ആദിവാസികളെ പുറത്താക്കാനും ഭൂമി തിരിച്ചെടുക്കാനും ഉതകുന്ന വ്യവസ്ഥകൾ പട്ടയം നൽകുമ്പോൾ തന്നെ നൽകിയിരുന്നു. പിന്നീട്, ഏറെ കഴിയും മുമ്പ് നൽകപ്പെട്ട ഭൂമിയിൽ പലതും അന്യാധീനപ്പെട്ടതായി വാർത്തകൾ വന്നു. പയ്യെ പയ്യെ ആദിവാസി നേതാക്കളുമായുള്ള കരാർ വ്യവസ്ഥകൾ നടപ്പാക്കാതെ മരവിപ്പിച്ചു. പുനരധിവാസത്തിന് അനുവദിച്ച ഫണ്ട് സർക്കാർ തിരിച്ചുപിടിച്ചു. അങ്ങനെ പാവപ്പെട്ടവരിൽ പാവപ്പെട്ടവരും സമൂഹത്തിലെ ഏറ്റവും പിന്നോക്കം നിൽക്കുന്നവരുമായ ജനതയെ ഭരണകൂടം ഒരിക്കൽക്കൂടി വഞ്ചിച്ചു.

> **സ്വന്തം ഭൂമിക്ക് വേണ്ടി സമരം ചെയ്ത ആദിവാസികളെ സംസ്ഥാന സർക്കാർ വെടിവച്ചു കൊന്നു എന്നതായിരുന്നു സമരത്തെ ശ്രദ്ധേയമാക്കിയത്.**

## മുത്തങ്ങാ സമരം

കേരളത്തിലെ ആദിവാസി ഭൂസമര ചരിത്രത്തിലെ ഉജ്ജ്വല അധ്യായമാണ് മുത്തങ്ങാ സമരം. ഇന്ത്യയ്ക്ക് വെളിയിൽ പോലും ചർച്ച ചെയ്യപ്പെട്ട പ്രക്ഷോഭമാണിത്. സ്വന്തം ഭൂമിക്ക് വേണ്ടി സമരം ചെയ്ത ആദിവാസികളെ സംസ്ഥാന സർക്കാർ വെടിവച്ചുകൊന്നു എന്നതായിരുന്നു സമരത്തെ ശ്രദ്ധേയമാക്കിയത്.

2001 ഒക്ടോബറിൽ സർക്കാർ ഒപ്പുവച്ച കരാർ വ്യവസ്ഥകൾ നടപ്പിലാക്കാതെ, വഞ്ചിച്ചതിനെതിരെയുള്ള ആദിവാസികളുടെ രോഷമാർന്ന പ്രതിഷേധത്തിന്റെ ഭാഗമായിട്ടാണ് 2003 ജനുവരി മൂന്നാം തീയതി മുത്തങ്ങയിൽ കുടിൽകെട്ടി സമരം നടത്തിയത്. ഒരർത്ഥത്തിൽ, കരാർ വ്യവസ്ഥയുടെ പ്രതികാത്മകമായ നടപ്പിൽ വരുത്തലായിരുന്നു അത്. ഒരു സ്വയംഭരണ പ്രദേശത്തിന്റെ ചെറുരൂപം അവിടെ സൃഷ്ടിക്കാനും ആദിവാസികൾ അന്നവിടെ തയ്യാറായി.

നൂറുകണക്കിന് ആദിവാസികളാണ് മുത്തങ്ങ വനഭൂമിയിൽ കുടിൽകെട്ടി സമരത്തിൽ പങ്കാളികളായത്. സ്വന്തമായി ഒരു തുണ്ടു ഭൂമിയില്ലാത്തവരായിരുന്നു അവർ. ഏറെ പ്രതീക്ഷയോടെയാണ് ആദിവാസികൾ കുടുംബസമേതം കുടിൽകെട്ടി താമസമാരംഭിച്ചത്. ഭരണഘടനയും നിലവിലുള്ള നിയമവ്യവസ്ഥകളും അനുവദിക്കുന്ന ആദിവാസി ഗ്രാമസഭയും മുത്തങ്ങയിൽ ആരംഭിച്ചിരുന്നു.

എന്നാൽ ആദിവാസികൾ വനം കയ്യേറി എന്നായിരുന്നു അധികൃതരുടെ വാദം. സത്യത്തിൽ, 1980-ൽ മാവൂർ ഗ്രാസിം ഫാക്ടറിയ്ക്കുള്ള അസംസ്കൃത വനവിഭവങ്ങൾക്ക് വേണ്ടി യൂക്കാലിപ്റ്റ്സ് പ്ലാന്റേഷൻ സ്ഥാപിച്ച സ്ഥലത്തായിരുന്നു ആദിവാസികൾ കുടിൽകെട്ടി താമസമാരംഭിച്ചത്.

സ്വാതന്ത്ര്യാനന്തരം ആദിവാസികൾക്കെതിരെ ഭരണകൂടം നടത്തിയ ഏറ്റവും ക്രൂരമായ കുടിയൊഴിപ്പിക്കൽ രീതിയാണ് മുത്തങ്ങയിൽ അവലംബിച്ചത്. പീഡിതരിൽ പീഡിതരും പാവങ്ങളിൽ പാവങ്ങളുമായ ഒരു ജനതയ്ക്ക് നേരെ, എല്ലാ നിയമ വ്യവസ്ഥകളേയും കാറ്റിൽ പറത്തി പൊലീസ് നിർദയം വെടിവയ്ക്കുകയാണുണ്ടായത്.

വെടിവയ്പ്പിൽ ഒരു ആദിവാസി (ജോഗി)യും ഒരു പൊലീസുകാരനും മരണമടഞ്ഞു. നിരവധി പേർ വേട്ടയാടപ്പെട്ടു. 1000ത്തോളം ആദിവാസികളെ ജയിലിലടച്ചു. സമരനേതാക്കളായ സി.കെ. ജാനുവിനെയും ഗീതാനന്ദനേയും പൊലീസ് ക്രൂരമായി മർദ്ദിച്ചു. സ്ത്രീകളെയും കുട്ടികളെയും പൊലീസ് വെറുതെ വിട്ടില്ല. വെടിവയ്പ്പിന്റെ തൊട്ടുമുമ്പ് പൊലീസ് മാധ്യമ പ്രവർത്തകരെ സംഭവ സ്ഥലത്തുനിന്നും ആട്ടിയോടിച്ചു. കൊടും കുറ്റവാളികളെ നേരിടുന്ന രീതിയിലായിരുന്നു പിന്നീട് പൊലീസിന്റെ നരനായാട്ട്.

മുത്തങ്ങയിൽ പൊലീസ് നിയമലംഘനം നടത്തിയതായും ആദിവാസികൾക്കെതിരെ അതിക്രമം കാട്ടിയതായും മുത്തങ്ങയിൽ വസ്തുതാന്വേഷണം നടത്തിയ ദേശീയ പട്ടികജാതി പട്ടികവർഗ കമ്മീഷൻ (ഡോ. ബി.ഡി. ശർമ) ചൂണ്ടിക്കാട്ടുകയുണ്ടായി.

വിചിത്രമായ കാര്യം, മുത്തങ്ങാ സമരം അടിച്ചൊതുക്കിയതിനെ തുടർന്നുള്ള ദിവസങ്ങളിൽ ഭരണകൂടവും ചില മാധ്യമങ്ങളും മനുഷ്യപറ്റില്ലാത്ത ചില പരിസ്ഥിതി സംഘടനകളും പ്രചരിപ്പിച്ച കള്ളകഥകളാണ്. ഭൂമിക്ക് വേണ്ടി സമരം ചെയ്ത, നിൽക്കാനൊരിടമി

*......ശേഷം പേജ് 43-ൽ*

......പേജ് 34-ൽ നിന്ന് തുടർച്ച

ല്ലാത്ത ആദിവാസികൾ ക്രിമിനലുകളായി മുദ്രകുത്തപ്പെട്ടു. ഒരു ആദിവാസി സമരത്തെ മാത്രം ഇത്രയും 'ക്രിമിനലൈസ്' ചെയ്തതിന്റെ താൽപര്യമെന്തായിരിക്കാം? എം. ഗീതാനന്ദനെ ഒരു കൊലപാതകിയും സി.കെ. ജാനുവിനെ കാട്ടിൽ അതിക്രമിച്ചുകയറി മാൻ വേട്ട നടത്തിയവളും ഫോറസ്റ്റ് ഉദ്യോഗസ്ഥന്റെ മാലയും പൈസയും മോഷ്ടിച്ചവളുമാക്കി.

ഭരണഘടനാപരമായ ആദിവാസികളുടെ അവകാശങ്ങളെപ്പറ്റിയോ കുടിൽകെട്ടി സെക്രട്ടറിയേറ്റിനു മുമ്പിൽ സമരം നടത്തിയപ്പോൾ സർക്കാർ ആദിവാസികളുമായി ഉണ്ടാക്കിയ കരാറിനെക്കുറിച്ചോ സംവാദത്തിനു മുതിരുന്നതിനു പകരം മുത്തങ്ങാ സമരത്തെപ്പറ്റിയും സമരനേതാക്കളെക്കുറിച്ചും അപസർപ്പക കഥകൾ പ്രചരിപ്പിക്കുന്നതിലായിരുന്നു പല പത്രങ്ങൾക്കും താൽപര്യം. സർക്കാരുമായി ഒപ്പുവച്ച കരാറിലെ നാലാമത്തെ കാര്യമായ ഗോത്ര സ്വയംഭരണമെന്ന ഭരണഘടനാപരമായ അവകാശത്തെ, രാജ്യത്തെ ഭരണ വ്യവസ്ഥയിൽ നിന്ന് വേറിട്ട ഒരു സായുധ കലാപ മേഖലയായി ചിത്രീകരിക്കാൻ ശ്രമങ്ങൾ നടന്നു. ഇന്ത്യയിൽ ആയിരത്തിൽപരം ആദിവാസി സ്വയം ഭരണ പ്രദേശങ്ങളുണ്ട് എന്ന യാഥാർത്ഥ്യം പോലും വിസ്മരിക്കപ്പെട്ടു.

## നിൽപ്പ് സമരം

2001-ലെ കുടിൽകെട്ടി സമരത്തിലും മുത്തങ്ങാ പ്രക്ഷോഭത്തിലും ഉന്നയിച്ച പ്രശ്നങ്ങൾ തന്നെയാണ് 'നിൽപ്പ്' സമരത്തിലും ആദിവാസികൾ ഉന്നയിച്ചത്. മറ്റൊരു രീതിയിൽ പറഞ്ഞാൽ, മേൽ സമരങ്ങളിൽ ഉന്നയിച്ചതും സർക്കാർ നടപ്പിലാക്കാമെന്ന് രേഖാമൂലം പറഞ്ഞ് വഞ്ചിച്ചതുമായ കാര്യങ്ങൾ.

2001-ലെ കുടിൽകെട്ടി സമരത്തിന്റെ പര്യവസാനത്തിൽ നൽകിയ ഉറപ്പുകൾ പാലിക്കണമെന്നതാണ് 'നിൽപ്പ്' സമരത്തിലെ പ്രധാന ആവശ്യം. അന്ന് സർക്കാർ നൽകിയ ഉറപ്പുകൾ ഇങ്ങനെ സംഗ്രഹിക്കാം.

കേരളത്തിലെ ഭൂരഹിതരായ മുഴുവൻ ആദിവാസികളെയും പുനരധിവസിപ്പിക്കും. പുനരധിവാസം ഒരു മിഷൻ മാതൃകയിൽ നടപ്പിലാക്കും. ആദിവാസി ഭൂമി സംരക്ഷിക്കാൻ ഭരണഘടനയുടെ അഞ്ചാം പട്ടികയിൽ ഉൾപ്പെടുത്തി പട്ടികവർഗ്ഗ മേഖല പ്രഖ്യാപിക്കും. ഭൂരഹിതരെ പുനരധിവസിപ്പിക്കാൻ വനഭൂമി പതിച്ചു നൽകും. പട്ടിണി മരണം തടയാൻ തൊഴിലും വരുമാനവും ഉറപ്പാക്കും. അന്യാധീനപ്പെട്ട ഭൂമിയുമായി ബന്ധപ്പെട്ട സുപ്രീംകോടതി വിധി മാനിക്കും. ഒരു ദൗത്യസംഘം (മിഷൻ മാതൃകയിൽ) നടപ്പാക്കുന്ന പുനരധിവാസ പദ്ധതിയിൽ ആദിവാസികളെ പങ്കാളികളാക്കും.

ഇതിനും പുറമേ ശിശുമരണവും പട്ടിണിമരണവും അട്ടപ്പാടിയിലെ ആദിവാസികൾക്കിടയിൽ വർദ്ധിച്ചതോതിൽ സംഭവിച്ചുകൊണ്ടിരിക്കുകയാണ്. അവ തടയുന്നതിനാവശ്യമായ നടപടികളും സ്വീകരിക്കണം.

2006-ൽ കേന്ദ്ര സർക്കാർ പാസാക്കിയ വനാവകാശ നിയമം ആദിവാസികൾ പൊരുതി നേടിയെടുത്ത അവകാശമാണ്. കാടുമായി ബന്ധപ്പെട്ട ആവാസ വ്യവസ്ഥയിൽ ജീവിക്കുന്ന ആദിവാസികളുടെ ജീവിതത്തെ ഏറെ ഗുണകരമായി ബാധിക്കുന്നതാണ് ഈ നിയമം. Scheduled tribes & other forest Dwellers (Rights Recognition) Act 2006 നിലവിൽ വന്നതോടെ ഇന്ത്യയിലെമ്പാടും ആദിവാസികളുടെ വനാവകാശം അംഗീകരിക്കപ്പെട്ടിട്ടുണ്ട്. കേരളത്തിലിതുവരെ ഈ നിയമം നടപ്പിലാക്കിയിട്ടില്ല. അത് നടപ്പിലാക്കപ്പെടണം.

കൂടാതെ മാവോയിസ്റ്റ് വേട്ടയുടെ പേരു പറഞ്ഞ് ആദിവാസി മേഖലയിൽ പൊലീസ് നടത്തുന്ന തേർവാഴ്ച ആദിവാസി ജീവിതത്തെ ഏറെ ഭയചകിതമാക്കുന്നുണ്ട്. ഇതവസാനിപ്പിക്കണമെന്നാണ് സമരാവശ്യ പട്ടികയിലെ ഒരിനം.

**കേന്ദ്ര സർക്കാരും സുപ്രീം കോടതിയും അംഗീകരിച്ച വാസ യോഗ്യമായ 7693 ഹെക്ടർ ഭൂമി ആദിവാസികൾക്ക് വിതരണം ചെയ്യാൻ വിജ്ഞാപനമിറക്കും.**

## ഇനി നടപ്പിലാക്കണം

ആദിവാസി ഗോത്രമഹാസഭയുടെ നേതൃത്വത്തിൽ സെക്രട്ടറിയേറ്റിനു മുമ്പിൽ നടത്തിവന്ന നിൽപ്പു സമരം അവസാനിപ്പിക്കുന്നതിന് 17.12.2014 ന് വൈകുന്നേരം മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന മന്ത്രിസഭാ യോഗം കൈക്കൊണ്ട തീരുമാനങ്ങൾ താഴെ പറയുന്നു. ഈ തീരുമാനങ്ങൾ നടപ്പിലാക്കുന്നുണ്ടോയെന്ന് പരിശോധിക്കാൻ ആദിവാസി ഗോത്ര മഹാസഭ ജാഗ്രതാ സമിതി രൂപീകരിച്ചിട്ടുണ്ട്. തീരുമാനങ്ങൾ:

1. കേന്ദ്ര വനം പരിസ്ഥിതി വകുപ്പ് കേരളത്തിലെ ഭൂരഹിത പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് വിതരണം ചെയ്യുന്നതിന് അനുവദിച്ച ഭൂമി മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിച്ചുവോ എന്ന് പരിശോധിച്ച് പകരം ഭൂമി കേന്ദ്രവനം പരിസ്ഥിതി വകുപ്പിന്റെ 21.08.2003 - ലെ എഫ്. നം. 816/2002/ എഫ്. സി കത്ത് പ്രകാരം ലഭിച്ച

7693.22557 ഹെക്ടർ ഭൂമിക്ക് ഉപരിയായി ലഭിക്കുന്നതിന് കേന്ദ്രവനം പരിസ്ഥിതി വകുപ്പടക്കം അനുയോജ്യമായ അധികാര സ്ഥാപനങ്ങളെ സമീപിക്കും.

2. കേന്ദ്ര സർക്കാരും സുപ്രീം കോടതിയും അംഗീകരിച്ച വാസയോഗ്യമായ 7693 ഹെക്ടർ ഭൂമി ആദിവാസികൾക്ക് വിതരണം ചെയ്യാൻ വിജ്ഞാപനമിറക്കും. വാസയോഗ്യമല്ലെന്ന് റിപ്പോർട്ട് ചെയ്ത ഏകദേശം 1500 ഹെക്ടർ ഭൂമി ആദിവാസി പ്രിതിനിധികളും സർക്കാർ ഉദ്യോഗസ്ഥരും സംയുക്ത പരിശോധന നടത്തി വാസയോഗ്യമാണെന്ന് കണ്ടെത്തിയാൽ ആ ഭൂമി ആദിവാസികൾക്ക് വിതരണം ചെയ്യും.

3. (1) വനാവകാശം കൊടുത്തതിന്റെ പേരിൽ ആദിവാസികളല്ലാത്തവർ കൈയ്യേറിയതിനെത്തുടർന്ന് ആദിവാസികൾക്ക് കുറവ് വന്ന ഭൂമി കൂട്ടിച്ചേർക്കാൻ അനുവദിക്കണമെന്നും കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടും.

> പട്ടികവർഗ്ഗ ജനസംഖ്യ കൂടുതലുള്ള പഞ്ചായത്ത്, ബ്ലോക്ക് എന്നിവ ഉൾപ്പെടുത്തി പെസ്സ നിയമം (ആദിവാസി ഗ്രാമസഭാ നിയമം) നടപ്പാക്കും.

3. (2) ആദിവാസികളല്ലാത്തവർ കൈയ്യേറിയതു മൂലവും അല്ലാതെയും ആദിവാസി ജനവിഭാഗത്തിന് നഷ്ടപ്പെട്ട 400 ഹെക്ടർ ഭൂമിക്ക് പകരം ഭൂമി സംസ്ഥാന ഗവൺമെന്റ് നൽകും.

4. വിതരണത്തിന് അനുയോജ്യമെന്ന് കണ്ടെത്തുന്ന ഭൂമി വിജ്ഞാപനം ചെയ്ത് ഭൂരഹിത പട്ടികവർഗ്ഗക്കാരിൽ നിന്നും അപേക്ഷ ക്ഷണിച്ച് നിയമാനുസൃതം വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കും. അപ്രകാരം യോഗ്യമെന്ന് കണ്ടെത്തുന്ന ഭൂമി അളന്ന് പ്ലോട്ട് തിരിച്ച് അതിന് കല്ല് ഇടുന്നതിന് സ്പെഷ്യൽ സർവ്വേ ടീമിനെ നിയോഗിക്കും.

5. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ഫാമുകളിൽ താമസിക്കുന്ന കുടുംബങ്ങൾക്ക് നിലവിലുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി 2006-ലെ വനാവകാശ നിയമം അനുസരിച്ച് കൈവശാവകാശരേഖ നൽകും.

6. ആറളം ഫാമിംഗ് കോർപ്പറേഷൻ ലിമിറ്റഡുമായി ബന്ധപ്പെട്ട കാര്യങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തി.

7. ആദിവാസി പുനരധിവാസ വികസനമിഷൻ (ടി. ആർ.ഡി.എം.) പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് പ്രത്യേക ഉദ്യോഗസ്ഥനെ നിയമിക്കും.

8. അട്ടപ്പാടിയിലെ പട്ടികവർഗ്ഗക്കാർക്ക് സംയോജിത പട്ടികവർഗ്ഗ വികസന പ്രോജക്ട് (ഐ.റ്റി.ഡി. പി)/അനുയോജ്യമായ മറ്റു നിർവ്വഹണ ഏജൻസികൾ മുഖേന പരമ്പരാഗത കൃഷിരീതികൾ പ്രോത്സാഹിപ്പിക്കുന്നതിന് നടപടി സ്വീകരിക്കും.

9. കേരളത്തിലെ സാഹചര്യം കണക്കിലെടുത്ത് പട്ടികവർഗ്ഗ ഊരുകൾ, പട്ടികവർഗ്ഗ ജനസംഖ്യ കൂടുതലുള്ള പഞ്ചായത്ത്, ബ്ലോക്ക് (ഇടമലക്കുടി, അട്ടപ്പാടി, ആറളം, നിലമ്പൂർ, വയനാട് തുടങ്ങിയവ) എന്നിവ ഉൾപ്പെടുത്തി പെസ്സ നിയമം (ആദിവാസി ഗ്രാമസഭാ നിയമം) നടപ്പാക്കും.

10 മുത്തങ്ങ സമരത്തേത്തുടർന്ന് കുടിയറക്കപ്പെട്ട ആദിവാസികളുടെ പുനരധിവാസത്തിനായി ഒരേക്കർ വീതം ഭൂമിയും, ഭവന നിർമ്മാണ ധനസഹായവും അനുവദിക്കും. ഇതു സംബന്ധിച്ച ഉത്തരവ് പുറപ്പെടുവിച്ചു. ഇപ്രകാരം 447 കുടുംബങ്ങൾക്ക് ഭവനനിർമ്മാണത്തിന് രണ്ടര ലക്ഷം രൂപ വീതം ധനസഹായം നൽകും.

11. മുത്തങ്ങ ഭൂസമരത്തിൽ അറസ്റ്റ് ചെയ്യപ്പെട്ടവരോടൊപ്പമുണ്ടായിരുന്ന 44 കുട്ടികൾക്ക് ഒരു ലക്ഷം രൂപ വീതം നഷ്ടപരിഹാരം നൽകും. ഇനിയും അർഹതയുള്ള കുട്ടികൾ ഉണ്ടെങ്കിൽ അവരെയും പദ്ധതിയിൽ ഉൾപ്പെടുത്തും.

12. മുത്തങ്ങ സമരവുമായി ബന്ധപ്പെട്ട എല്ലാ കേസുകളും (സി.ബി.ഐകേസൊഴിക) പിൻവലിക്കും.

13. സിക്കിൽസെൽ (അരിവാൾ) രോഗബാധിതരായ ആദിവാസികൾക്ക് ഇപ്പോൾ ആയിരം രൂപ വീതം പെൻഷൻ നൽകുന്നുണ്ട്. ഇവ കൂടാതെ പുനരധിവാസ പദ്ധതിയിൽ ഉൾപ്പെടുത്തി ഒരേക്കർ വീതം ഭൂമിയും വീടും നൽകും. ഇതു സംബന്ധിച്ച ഉത്തരവ് പുറപ്പെടുവിച്ചു കഴിഞ്ഞു. 2015 മാർച്ച് 31-ന് മുമ്പ് ഭൂമി വിതരണം പൂർത്തിയാക്കുന്നതിന് വയനാട് ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകി.

14. വേടർ സമുദായത്തിനുവേണ്ടി പ്രത്യേക പാക്കേജ് നടപ്പാക്കും.

15. ആറളം ഫാമിലെ പൈനാപ്പിൾ കൃഷി അവസാനിപ്പിക്കും.

16, വനാവകാശ നിയമമനുസരിച്ച് ലഭിച്ചിട്ടുള്ള അപേക്ഷകളിൽ (വ്യക്തിഗത അവകാശം, സാമൂഹ്യ അവകാശം, വികസന അവകാശം) തീർപ്പാക്കൽ രണ്ട് മാസത്തിനുള്ളിൽ പൂർത്തിയാകും. ■





# എന്തുകൊണ്ട് ടീസ്ത?
കെ.പി ശശി

₹ 15

# ചന്ദ്രിക

8 ആഗസ്ത് 2015

ആഴ്ചപ്പതിപ്പ്

നോവൽ സംവാദം: പി.കെ രാജശേഖരൻ

# ഭരണകൂടം കൊലമരം ഹിന്ദുത്വം ആരാച്ചാർ

ഇന്ത്യയിൽ കാവിപ്പട നടത്തുന്ന ശത്രുരൂപീകരണത്തിന് ഹിറ്റ്ലറുടെയും മുസോളിനിയുടെയും ജർമൻ-ഇറ്റലി ഗന്ധമുണ്ട്. കരിനിയമങ്ങളുടെ കത്രികപ്പൂട്ടിൽ പീഡിപ്പിക്കപ്പെടുന്നവരിൽ ഒരു ശതമാനത്തിന് പോലും കുറ്റപത്രം നൽകാൻ കാവിഭരണകൂടത്തിന് കഴിഞ്ഞിട്ടില്ല.

യാക്കൂബ് മേമന്റെ വധശിക്ഷയുടെ പശ്ചാത്തലത്തിൽ ഒരു അവലോകനം

അസീസ് തരുവണ

# മാപ്പിളരാമായണം നാടോടി മാപ്പിളപ്പാട്ടോ നിർമിതിയോ?

**എന്തുകൊണ്ട് വ്യത്യസ്തമായ രാമായണപാഠങ്ങളെന്ന് അന്വേഷിക്കുന്നു.**

കാട്മണ്ഡുവിൽ നടന്ന എഴുത്തുകാരുടെ ഒരു സംഗമത്തിൽ പ്രമുഖ പാക്കിസ്ഥാനി നോവലിസ്റ്റ് ഇൻതിസാർ ഹുസൈൻ പറഞ്ഞ ശ്രദ്ധേയമായ ഒരു കാര്യം റൊമിലാഥാപ്പർ ഇങ്ങനെ അനുസ്മരിക്കുന്നു: 'ബാബ്റി മസ്ജിദ് തകർക്കപ്പെടുന്നതുവരെ എനിക്ക് ഭാവനയിൽ മാത്രം നിലനിന്നിരുന്ന ഒരു സ്ഥലവും ഒരു ഐതിഹാസിക സാമ്രാജ്യവും അനേകം സ്മരണകളുണർത്തുന്ന ഒരു ശബ്ദവുമായിരുന്ന അയോദ്ധ്യ, ഇപ്പോൾ ഇന്ത്യയുടെ ഭൂപടത്തിലെ ഒരു വെറും സ്ഥലമായി ചുരുങ്ങി. രാമജന്മസ്ഥാനത്തെ ഉത്തരേന്ത്യയിലെ ഒരു ചെറുപട്ടണമായി കാണാൻ ഒരു എഴുത്തുകാരനെന്ന നിലയിൽ തനിക്ക് തന്റെ ഭൂമിശാസ്ത്രം വീണ്ടും പഠിക്കേണ്ടി വന്നു'.

ബഹുസ്വരമായ രാമായണത്തിന്റെ പാഠസാദ്ധ്യതകളെ നിരാകരിക്കുന്ന പ്രവണതകൾക്കെതിരെയുള്ള അമർഷവും താക്കീതുമാണീവാക്കുകൾ; ഒപ്പം പാഠഭേദങ്ങളേയും ഭിന്നവ്യാഖ്യാന സാധ്യതകളേയും പറ്റിയുള്ള ആഴമാർന്ന ചിന്തകൾക്ക് ഇടം നൽകുന്നതും.

നിരന്തരം വളർന്നു വികസിച്ചുകൊണ്ടിരിക്കുന്ന വടവൃക്ഷമാണ് രാമായണസാഹിത്യം. അതിന് ആഴമാർന്ന വേരുകളും ശാഖോപശാഖകളുമുണ്ട്. വേരുകൾ ഭാരതീയമാണെങ്കിലും ശാഖകൾ ഏഷ്യൻ രാജ്യങ്ങളിലേക്കാകെ വളർന്നു പന്തലിക്കുകയും അവിടങ്ങളിലെ സംസ്കൃതികളെ കരുപ്പിടിപ്പിക്കുന്നതിൽ നിർണായകസ്ഥാനം ആർജിക്കുകയും ചെയ്തിട്ടുണ്ട്. ഇന്ത്യയിലെയും സമീപസ്ഥമായ പ്രദേശങ്ങളിലെയും വാമൊഴി, വരമൊഴി സാഹിത്യരൂപങ്ങളെ ഇത്രമേൽ സ്വാധീനിച്ച മറ്റൊരു ഇതിവൃത്തമില്ലെന്നു നിസ്സംശയം പറയാം. മറ്റൊരു രീതിയിൽ പറഞ്ഞാൽ, ഏഷ്യൻ രാജ്യങ്ങളിൽ പലയിടത്തും പലരൂപത്തിലും ഭാവത്തിലും നിലനിൽക്കുന്നതും ഹൈന്ദവ, ബൗദ്ധ, ജൈന, മുസ്ലിം, ദളിത്, ആദിവാസി വിഭാഗങ്ങളെ ഏറിയോ കുറഞ്ഞോ സ്വാധീനിച്ചിട്ടുള്ളതുമായ ഏഷ്യൻ ഇതിഹാസമാണ് രാമായണം. ഓരോ ദേശക്കാരും ജാതിമതസ്ഥരും തങ്ങളുടേതായ ഭൂമികയിലേക്കും സംസ്കാരത്തിലേക്കും രാമായണത്തെ പലവിധത്തിൽ സ്വാംശീകരിക്കുകയും തങ്ങളുടേതായ മുദ്രകളണിയിച്ച് സ്വന്തമാക്കുകയും ചെയ്തിട്ടുണ്ട്; ഓരോ മണ്ണിലും പെയ്തിറങ്ങുന്ന വെള്ളം ആ മണ്ണിന്റെ നിറം കലർന്നൊഴുകുന്നതുപോലെ. ഇനിയും പുതിയ രാമായണങ്ങൾ കാലം സൃഷ്ടിക്കും. കാരണം സമൂഹം രാമായണവുമായി നിരന്തരം സംസാരിക്കുകയും സംവദിക്കുകയും ചിലപ്പോൾ വഴക്കടിക്കുകയും ചെയ്യുന്നുണ്ട്. ഇവയെല്ലാം രാമായണ സാഹിത്യത്തെ സമ്പന്നമാക്കുകയാണ് ചെയ്യുന്നത്. സമൂഹത്തിൽ നാനാത്വവും അവയിൽനിന്നുയിർകൊള്ളുന്ന ഏകത്വവും പോലെ ഇതിഹാസകഥകളും നാനാത്വവും ഏകത്വവും പ്രകടിപ്പിക്കുന്നു. ഇത് തീർച്ചയായും ബഹുസ്വരതയുടെ ഒരു പുതിയ ഇതിഹാസസംസ്കൃതി രൂപപ്പെടുത്തും.

പ്രതിസന്ധിയുടെ ഘട്ടത്തിൽ ഇതിഹാസത്തിലേക്കു നോക്കി ആശ്വാസം തേടുന്ന ഒരു രീതിപോലുമുണ്ട്. പൗള റിച്ച്മേൻ എഡിറ്റുചെയ്ത 'രാമായണ സ്റ്റോറീസ് ഇൻ മോഡേൺ സൗത്ത് ഇന്ത്യ' എന്ന പുസ്തകത്തിന്റെ ആമുഖത്തിൽ ഒരു സന്ദിഗ്ധ ഘട്ടത്തെ മറികടക്കുവാൻ രാമായണത്തെ കൂട്ടുപിടിച്ച ഒരു സ്വഭാവം ഇങ്ങനെ അനാവരണം ചെയ്യുന്നു: 1998-ൽ പ്രമുഖ കന്നട നടൻ രാജ്കുമാറിനെ കാട്ടുകള്ളൻ വീരപ്പൻ കാട്ടിലേക്ക് തട്ടിക്കൊണ്ടുപോവുകയും മൂന്ന്



മാസക്കാലം കാട്ടിൽ താമസിപ്പിക്കുകയുമുണ്ടായി. വനവാസാനന്തരം നാട്ടിലെത്തിയപ്പോൾ ഒരാരാധകൻ മൂന്ന് മാസക്കാലത്തെ ദുർഘടമായ വനവാസത്തെപ്പറ്റി അദ്ദേഹത്തോട് ആരാഞ്ഞു. മറുപടി ഇങ്ങനെയായിരുന്നു: "ഞാൻ കേവലം മൂന്ന് മാസക്കാലമാണ് കാട്ടിൽ കഴിഞ്ഞത്. ശ്രീരാമന്റേയും സീതയുടേയും പതിനാലു വർഷക്കാലത്തെ വാനവാസവുമായി താരതമ്യം ചെയ്യുമ്പോൾ അതൊന്നുമല്ലല്ലോ.."

രാമായണം ദ്രവരൂപമാർന്ന ഒരു മിത്താണ്. കാലങ്ങളിലൂടെ, നൂറ്റാണ്ടുകളിലൂടെ അത് ഒഴുകിക്കൊണ്ടിരിക്കുന്നു. പറയുന്തോറും പിളരുന്ന പാഠരൂപമാണത്. ഒരു ചെയിൻ റിയാക്ഷൻ എന്ന പോലെ ഒന്നിൽ നിന്ന് പലരൂപത്തിലുള്ള പാഠങ്ങൾ പിളർന്നുണ്ടാവുന്ന പ്രതിഭാസം. ജാതി, മതാതീതമായി ഏഷ്യൻ രാജ്യങ്ങളിലാകമാനം പടർന്നു പന്തലിച്ച രാമായണ സാഹിത്യ, സംസ്കാരം പോലെ ലോകത്തിലൊരിടത്തും മറ്റൊരു ഇതിഹാസകഥ കണ്ടെത്തുക അസാധ്യമാണ്.

ഇന്ത്യയിൽ സവർണ, ബ്രാഹ്മണിക്കൽ രാമായണ പാഠത്തോടൊപ്പം ജൈന, ബൗദ്ധ, മുസ്‌ലിം രാമായണപാഠങ്ങളും നിലനിൽക്കുന്നു എന്ന യാഥാർത്ഥ്യം അക്കാദമി ചർച്ചകളിൽപോലും പലപ്പോഴും വിസ്മരിക്കപ്പെടാറുണ്ട്. പാഠാന്തരങ്ങൾക്കെതിരെ ചിലപ്പോഴെങ്കിലും  വർഗീയശക്തികൾ കലിതുള്ളിയ സന്ദർഭങ്ങളുമുണ്ടായിട്ടുണ്ട്. 1993-ൽ സഹ്മദ് എന്ന സംഘടനയുടെ ആഭിമുഖ്യത്തിൽ ഡൽഹിയിൽ വിവിധ രാമായണ പാഠങ്ങളുടെ പ്രദർശനം ഒരുക്കിയപ്പോൾ അക്രമിക്കപ്പെട്ടതും ഡൽഹി യൂണിവേഴ്സിറ്റിയിൽ എ.കെ രാമാനുജന്റെ വിശ്വപ്രസിദ്ധമായ 'ത്രി ഹൺഡ്രഡ് രാമായണാസ്: ഫൈവ് എക്സാംപിൾസ് ആന്റ് ത്രി തോട്സ് ഓൺ ട്രാൻസ്‌ലേഷൻസ്' എന്ന പ്രബന്ധം സിലബസിൽ ഉൾപ്പെടുത്തിയപ്പോൾ വർഗീയശക്തികൾ കലാപമഴിച്ചുവിട്ടതും സമീപകാല സംഭവങ്ങളാണ്. പാഠാന്തരങ്ങളെ വെട്ടിച്ചുരുക്കി ഒരൊറ്റ പാഠത്തിലേക്ക് ചുരുക്കുവാനുള്ള ശ്രമത്തിനു പിന്നിലുള്ള ഗൂഢോദ്ദേശ്യം സങ്കുചിത രാഷ്ട്രീയം മാത്രമാണ്.

രാമായണത്തിന്റെ മതാതീതമായ വ്യാപനത്തിൽ ഏറ്റവും കൗതുകകരം, മുസ്‌ലിംകളിലേക്ക് പലവിധത്തിൽ അതെത്തിച്ചേർന്ന വിധമാണ്. ജൈന ബൗദ്ധ മതങ്ങളെ രാമായണം സ്വാധീനിച്ചിട്ടുണ്ടെങ്കിലും ഈ രണ്ട് മതങ്ങളും ഇന്ത്യയിൽ പിറവിയെടുത്ത മതങ്ങളാണ്. അതിനാൽ സാംസ്കാരികമായ കൊടുക്കൽ വാങ്ങലുകൾക്ക് (Cultural give and take) സാധ്യതകൾ ഏറെയാണ്. അതേസമയം സെമിറ്റിക് മതമായ ഇസ്‌ലാമിന് കർക്കശമായ ചട്ടക്കൂടുണ്ട്. ഏകദൈവത്വവുമായി ബന്ധപ്പെട്ട അതിന്റെ അടിസ്ഥാന പ്രമാണങ്ങളിൽ സൂക്ഷ്മത പുലർത്തണമെന്ന് ഇസ്‌ലാം വിശ്വാസികളോട് അനുശാസിക്കുന്നു. അതുകൊണ്ടുതന്നെ മുസ്‌ലിംകളുടെ വിശ്വാസസങ്കല്പത്തിലേക്കോ മ



റ്റോ മറ്റാശയങ്ങൾക്ക് അത്രപെട്ടെന്ന് കയറിപറ്റുക സാധ്യമല്ല. എന്നിട്ടും എന്തുകൊണ്ട് മുസ്‌ലിംരാമായണങ്ങൾ, മാപ്പിള രാമായണം എന്നൊക്കെ വ്യവഹരിക്കപ്പെടാവുന്ന രാമായണ പാഠരൂപങ്ങൾ ഉണ്ടായി? ഈ മേഖലയിൽ കാര്യമായ പഠനങ്ങൾ ഒന്നുംതന്നെയുണ്ടായിട്ടില്ല. മുസ്‌ലിംകളും രാമായണവും എന്ന വിഷയത്തെപ്പറ്റി പറയുമ്പോഴേക്കും പലരുടെയും നെറ്റി ചുളിയുന്നത് കണ്ടിട്ടുണ്ട്. യൂണിവേഴ്സിറ്റി തലങ്ങളിൽ സംഘടിപ്പിക്കുന്ന പ്രഭാഷണപരിപാടികളിൽപോലും പ്രഭാഷണത്തിനായി എഴുന്നേൽക്കുന്നതിനുമുമ്പ്, 'വിവാദവിഷയങ്ങൾ പറയരുത്' എന്ന് ചെവിയിൽ മന്ത്രിക്കാറുള്ളത് ഈ വിഷയത്തിൽ സാമാന്യധാരണയുണ്ടെന്ന് കരുതപ്പെടുന്ന പ്രൊഫസർമാരാണ് എന്നതാണ് ഖേദകരം. രാമായണത്തിന്റെ മുസ്‌ലിം പാഠമെന്നത് കേരളീയമോ ഭാരതീയമോ ആയ ഒരു പ്രതിഭാസം മാത്രമല്ലെന്നും അതിന്റെ വ്യാപ്തി ഭാരതത്തിന്റെ ദേശാതിർത്തികളെ ഭേദിക്കുന്ന യാഥാർത്ഥ്യമാണെന്നും ഗവേഷണങ്ങൾ തെളിയിക്കുന്നു.

**നിരന്തരം വളർന്നു വികസിച്ചുകൊണ്ടിരിക്കുന്ന വടവൃക്ഷമാണ് രാമായണസാഹിത്യം. അതിന് ആഴമാർന്ന വേരുകളും ശാഖോപശാഖകളുമുണ്ട്. വേരുകൾ ഭാരതീയമാണെങ്കിലും ശാഖകൾ ഏഷ്യൻ രാജ്യങ്ങളിലേക്കാകെ വളർന്നു പന്തലിക്കുകയും അവിടങ്ങളിലെ സംസ്കൃതികളെ കരുപ്പിടിപ്പിക്കുന്നതിൽ നിർണായകസ്ഥാനം ആർജിക്കുകയും ചെയ്തിട്ടുണ്ട്.**

ഇന്ത്യ കഴിഞ്ഞാൽ രാമായണകഥകൾക്ക് ഏറ്റവും പ്രചാരവും സ്വീകാര്യതയുമുള്ള രാജ്യം ഇന്തോനേഷ്യയാണ്. ലോകത്തിലേറ്റവും മുസ്‌ലിം ജനസംഖ്യയുള്ള രാജ്യം. പ്രാചീനകാലം മുതൽ അവിടെ രാമായണകഥകൾ പല വിധത്തിൽ പ്രചരിച്ചിരുന്നു. അവിടത്തെ രാമകഥയ്ക്ക് ഇന്ത്യൻ രാമായണവുമായി ഏറെ ബന്ധമുണ്ടെങ്കിലും അവിടത്തെ പ്രബല വിഭാഗമായ മുസ്‌ലിംകളും കഥയിലേക്ക് കടന്നുവരുന്നു എന്നതാണ് എടുത്തുപറയേണ്ട ഒരു സവിശേഷത. ഇന്തോനേഷ്യയിലെ 'ഹിക്കായത്ത് സരിരാം' എന്ന രാമായണപ്രകാരം ദശരഥമഹാരാജാവിന്റെ വംശാവലി ഇങ്ങനെയാണ്: ആദംനബി, ദശരഥചക്രവർത്തി, ദശരഥൻ. ആദംനബി പ്രഥമമനുഷ്യനും പ്രഥമപ്രവാചകനുമാണെന്ന് ഇസ്‌ലാമിക വിശ്വാസം.

ജാവയിലെ സേരത്തുകാണ്ഡത്തിലെ രാമകഥ സെരിരാമിൽ നിന്നും വളരെയൊന്നും ഭിന്നമല്ല. അതിന്റെ വിസ്തൃതമായ ഭൂമികയിൽ മുഹമ്മദ്നബിയും ആദംനബിയും കടന്നുവരുന്നു.

'സെരിരാമിൽ' രാവണന്റെ തപസ്സിനെപ്പറ്റി വർണിക്കുന്നുണ്ട്. തന്റെ നിർവാണത്തിനുശേഷം സിംഹദ്വീപിലെത്തിയ രാവണൻ പന്ത്രണ്ട് വർഷം തപസ്സ് ചെയ്യുന്നു. അവസാനം അല്ലാഹു നബിയുടേയും ആദമിന്റേയും നിവേദനം സ്വീകരിച്ചു രാവണനു നാലുലോകങ്ങളിലും (സ്വർഗം, ഭൂമി, പാതാളം, മഹാസാഗരം) പാപം ചെയ്യാത്തവനായി ന്യായപൂർവം ഭരണം ചെയ്യണമെന്ന വ്യവസ്ഥയിൽ രാജ്യം സ്ഥാപിക്കുന്നതിനുള്ള അധികാരം നൽകിയതായി പ്രസ്താവിക്കുന്നു.

ഇന്തോനേഷ്യയിലെ രാമായണകഥ പാവക്കൂത്ത് നാടകരൂപത്തിൽ അവതരിപ്പിക്കാറുണ്ട്. ഇത്തരം നാടകാവതരണങ്ങൾക്ക് നേതൃത്വം നൽകുന്ന ഒട്ടേറെ മുസ്‌ലിം കലാകാരന്മാർ ഇന്തോനേഷ്യയിലുണ്ട്. (സൊറഡോണോ കുസുമോ എന്ന പ്രഗത്ഭനായ ഇന്തോനേഷ്യൻ നാടകനടൻ മുസ്‌ലിമാണ്. ഇദ്ദേഹം ഇന്ത്യയിൽ പലേടത്തും രാമായണപ്രമേയമുൾപ്പെടുന്ന നാടകങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്) മുസ്‌ലിംകളെപ്പോലെ വസ്ത്രധാരണം ചെയ്യുകയും താടി വളർത്തുകയും ചെയ്ത കഥാപാത്രങ്ങളായാണ് അവിടുത്തെ രാമലക്ഷ്മണന്മാരും മറ്റും അവതരിപ്പിക്കപ്പെടാറുള്ളത്.

മലേഷ്യയിലും രാമായണത്തിന് അവിടുത്തെ മണ്ണിന്റെ നിറവും ജനജീവിതത്തിന്റെ ഗന്ധവും കാണാം. രാമായണത്തിനു മാത്രമല്ല, മഹാഭാരതകഥകൾക്കും മലേഷ്യയിൽ പ്രചാരമുണ്ട്. എന്നാൽ ഇന്തോനേഷ്യയിലെ പോലെ തന്നെ മലേഷ്യയിലും രാമായണകഥകളെ മുസ്‌ലിംകൾ പരിഗണിക്കുന്നത് പഞ്ചതന്ത്രംകഥകൾ പോലെ ഒരു സാഹിത്യരൂപമായിട്ടാണ്. വിശ്വാസത്തിന്റെ ആഴങ്ങളുമായി അതിനു ബന്ധമില്ലത്രേ. മലേഷ്യൻ ഉപപ്രധാനമന്ത്രിയായിരുന്ന അൻവർ ഇബ്രാഹിം ഇ







ന്ത്യയിൽവന്നപ്പോൾ ഒരു മലയാളപത്രപ്രവർത്തകൻ ഒരു അഭിമുഖസംഭാഷണം നടത്തുകയുണ്ടായി. അതിലദ്ദേഹം മലേഷ്യയിലെ രാമായണകഥാ സ്വാധീനത്തെപ്പറ്റിപറഞ്ഞത് ഇങ്ങനെയാണ്: "ഞാൻ അഞ്ചുനേരം പ്രാർത്ഥിക്കുന്ന മുസ്‌ലിമാണ്. ഞങ്ങളുടെ സാംസ്കാരികാഘോഷങ്ങളിൽ നിങ്ങളുടെ രാമായണത്തിനും മഹാഭാരതത്തിനും നിർണായക സ്വാധീനമുണ്ട്... ഞങ്ങളുടെ രാമായണവും മഹാഭാരതവും ഒരുപക്ഷേ, ഇന്ത്യയിൽ നിങ്ങൾ കാണുന്ന അതേ പ്രകാരത്തിൽ ആയിക്കൊള്ളണമെന്നില്ല. എനിക്കു തോന്നുന്നത് അവ മലേഷ്യയിൽ ഇസ്‌ലാമികമായി മാറ്റിയെഴുതപ്പെട്ടിട്ടുണ്ട് എന്നാണ്. ഞങ്ങളുടെ പരിമിതികൾക്കകത്തു നിന്നുകൊണ്ട് സംസ്കാരത്തിന്റെ ഭാഗമായി ഈ ഇതിഹാസങ്ങളെ ഉൾക്കൊണ്ടു എന്നതാണ്..."

രാമായണത്തെ മുസ്‌ലിം ഭൂമികയിൽ അവതരിപ്പിക്കുന്ന ശ്രദ്ധേയമായ പാഠങ്ങൾ കാണപ്പെടുന്ന രാജ്യമാണ് ഫിലിപ്പൈൻസ്. 1968-ൽ ജോൺങ്ങർ ഫ്രാൻസിസ്കോ കണ്ടെത്തിയ 'മഹാരാധ്യാലാവണ' എന്ന കൃതിയിലാണ് ഇസ്‌ലാമിക ബിംബങ്ങൾ ഏറെ കാണപ്പെടുന്നത്. ഈ കൃതിയിൽ രാവണന്റെ പേര് മഹാരാധ്യാലാവണ എന്നാണ്.

രാവണൻ പുലുബന്ത്യാർ വംശത്തിലെ ഒരു സുൽത്താന്റെ മകനാണ്. രാവണൻ മഹാശല്യക്കാരനും പരാക്രമിയുമായിരുന്നു. അതിനാൽ സുൽത്താൻ മകനെ പുലുനഗരത്തിനടുത്തുള്ള ഒരു ദ്വീപിലേക്ക് നാടുകടത്തി. പുലുദ്വീപിലും രാവണൻ അതിക്രമങ്ങൾ തുടർന്നു. അവിടെയുള്ള വൃക്ഷലതാദികൾക്ക് തീവെച്ചു. ഈ സമയത്ത് രാവണൻ ഈ ലോകം കീഴടക്കുകയാണെന്ന് തീപിടിച്ച് കത്തിക്കൊണ്ടിരിക്കുന്ന ഒരു പച്ചമരം പൊട്ടിക്കരഞ്ഞുകൊണ്ട് നിലവിളിച്ചു. ഈ വിവരം ദിയാബറിൽ (ജിബ്‌രിൽ) എന്ന മലക്ക് (മാലാഖ) ട്യൂഹെൻ ദൈവത്തിന്റെ അടുക്കൽ ചെന്ന് അറിയിച്ചു. പുലുബന്ത്യാർ മസീറിലെ മൂർച്ചയേറിയ വാളുകൊണ്ടല്ലാതെ മറ്റൊന്നുകൊണ്ടും ലാവണനെന്ന ദുഷ്ടനെ വധിക്കാൻ കഴിയില്ലെന്ന് ദൈവം ദിയാബറിലിനോട് പറഞ്ഞു.

വാല്മീകി രാമായണത്തിലെ കഥാപാത്രങ്ങളുമായി ഏറെ സാമ്യമുള്ള രാമകഥാപാഠമാണ് 'ഹിക്കായത്ത് മഹാരാജരാവണ'. ഇതിനു പ്രചോദനം വാല്മീകി രാമായണമായിരിക്കാമെന്ന് പണ്ഡിതർ അനുമാനിക്കുന്നു. ഈ കൃതി തുടങ്ങുന്നത് രാവണന്റെ നാടുകടത്തലോടെയാണ്. രാവണൻ കഠിനമായ തപസ്സനുഷ്ഠിക്കുന്നു. അഗ്നികുണ്ഡത്തിൽ തലവെച്ചാണ് തപസ്സ്. അങ്ങനെ 12 വർഷങ്ങൾ കടന്നുപോയി. ഒടുവിൽ അല്ലാഹു ആദമിനെ രാവണന്റെ ആവശ്യമെന്തെന്നറിയുവാൻ നിയോഗിച്ചു. സ്വർഗം, നരകം, ഭൂമി, സമൂഹം എന്നിവയുടെ ആധിപത്യമാണ് തന്റെ ആഗ്രഹമെന്ന് ആദമിനോട് രാവണൻ പറഞ്ഞു. ഒപ്പം ഒരു കാര്യം കൂടി അറിയിച്ചു: തന്റെ ആവശ്യങ്ങൾ പൂർത്തീകരിക്കുകയാണെങ്കിൽ താൻ ഒന്നിനോടും കോപിക്കുകയോ പരാക്രമം കാണിക്കുകയോ ഇല്ലെന്ന്.

ഇത്തരത്തിൽ അല്ലാഹുവും ആദമും ജിബ്‌രീലും മറ്റും കടന്നുവരുന്ന ഒട്ടേറെ കഥാസന്ദർഭങ്ങൾ അവിടുത്തെ രാമായണപാഠങ്ങളിൽ കാണാം. ഹൈന്ദവവിശ്വാസത്തിലെ ബ്രഹ്മ, വിഷ്ണു എന്നീ ദേവസങ്കല്പങ്ങളുടെ സ്ഥാനമാണ് അവയ്ക്കുള്ളത്. ഇസ്‌ലാം എത്തിപ്പെടുന്നതിനുമുമ്പ് ഹൈന്ദവ, ബൗദ്ധ മതങ്ങൾ എത്തിപ്പെട്ട പ്രദേശമാണ് ഫിലിപ്പൈൻസ്. സംസ്കാരങ്ങളുടെ കൊടുക്കൽ വാങ്ങലുകളും സമന്വയവുമാണ് ഇത്തരം പാഠരൂപങ്ങളിൽ തെളിയുന്നത്. ഇതുകൊണ്ട് അവിടുത്തെ ഏതെങ്കിലും മതസംസ്കാര



ഡോ. അസീസ്
തരുവണ

# നാട്ടോർമയുടെ വിശുദ്ധി

**റബിഉൽ അവ്വൽ ഒന്നാം ദിവസം മുതൽ പന്ത്രണ്ടാം നാൾ വരെ വീട്ടിലെ അംഗങ്ങളെല്ലാം ഒന്നിച്ചിരുന്ന് മൗലിദ് പാരായണം ചെയ്യും. വട്ടത്തിലിരുന്നാണ് പാരായണം. ഗദ്യവും പദ്യവും ഇടകലർന്ന മനോഹരമായ പ്രവാചക പ്രകീർത്തനമാണ് മൗലിദുകൾ. കേട്ടും പാടിയും അവയിലെ നിരവധി വരികൾ ഇന്നും മന:പാഠമാണ്.**

ഓർമകൾക്ക് സഞ്ചരിച്ചെത്താവുന്ന ദൂരത്തുള്ള ബാല്യകാല നബിദിനങ്ങൾക്കെല്ലാം പെരുന്നാളുകളുടെ ഉത്സവലഹരിയാണ്. ചെറിയ/വലിയ പെരുന്നാളുകൾക്കെന്ന പോലെ നബിദിനത്തിനായും അന്ന് ആഹ്ലാദപൂർവം കാത്തിരുന്നു. അന്നൊന്നും ഒരു ദിവസത്തെ ആഘോഷമായിരുന്നില്ല നബിദിനം. ഒരു മാസക്കാലത്തെ ആഘോഷത്തിമിർപ്പായിരുന്നു. റബീഉൽ അവ്വൽ മാസം ഒന്നാം നാൾ മുതൽ അതാരംഭിക്കും. റബീഉൽ അവ്വലിന് പറഞ്ഞിരുന്ന മറ്റൊരു പേര് മൗലീദ് മാസം അഥവാ പ്രവാചക പ്രകീർത്തനത്തിന്റെ മാസം എന്നായിരുന്നു.

റബിഉൽ അവ്വൽ ഒന്നാം ദിവസം മുതൽ പന്ത്രണ്ടാം നാൾ വരെ വീട്ടിലെ അംഗങ്ങളെല്ലാം ഒന്നിച്ചിരുന്ന് മൗലിദ് പാരായണം ചെയ്യും. വട്ടത്തിലിരുന്നാണ് പാരായണം. ഗദ്യവും പദ്യവും ഇടകലർന്ന മനോഹരമായ പ്രവാചക പ്രകീർത്തനമാണ് മൗലിദുകൾ. കേട്ടും പാടിയും അവയിലെ നിരവധി വരികൾ ഇന്നും മന:പാഠമാണ്. മൗലിദ് കഴിഞ്ഞാൽ ഉമ്മയൊരുക്കുന്ന പലതരം പലഹാരങ്ങൾ ഓരോ ദിവസവുമുണ്ടാകും. മധുരപലഹാരങ്ങൾക്കാണ് പ്രാമുഖ്യം. നബിക്ക് മധുരപലഹാരങ്ങളായിരുന്നുവത്രെ ഇഷ്ടം.

നബിദിനത്തിന്റെ തലേദിവസം പള്ളിയിൽവച്ച് നെയ്ച്ചോറും ഇറച്ചിക്കറിയുമുണ്ടാക്കി എല്ലാ വീടുകളിലും വിതരണം ചെയ്യുന്ന പതിവ് വടക്കേ മലബാറിലെ ഏറെക്കുറെ എല്ലാ മഹല്ലുകളിലുമുണ്ട്. പതിനൊന്നിന് അതിരാവിലെ മുതൽ അതിനുള്ള ഒരുക്കങ്ങൾ ആരംഭിക്കും. യുവാക്കളും വൃദ്ധരുമെല്ലാം ഒത്തൊരുമിച്ചാണ് ഭക്ഷണമൊരുക്കാനുള്ള പണികൾ ചെയ്യുക. തേങ്ങചിരകൽ, ഉള്ളിയരിയൽ, അരിയും ഇറച്ചിയും കഴുകൽ തുടങ്ങി എല്ലാ ജോലികളും യുവാക്കളുടെ



റബിഉൽ അവ്വൽ അവസാനം വരെ വീടുകളിൽ മുമ്പൊക്കെ മൗലീദ് സംഘടിപ്പിച്ചിരുന്നു. കൂട്ടായ്മയുടെ ഊഷ്മളതയും പരസ്പര സ്നേഹവും ഇത്തരം ആഘോഷങ്ങളുടെ മുഖമുദ്രയാണ്. സമൂഹത്തിന്റെ ജൈവീകതയുടെ താളവും ഒത്തുചേരലിന്റെ വിശുദ്ധിയും ആഘോഷങ്ങളിലൂടെ നിലനിന്നു. മതത്തിന്റെ സൗന്ദര്യവും സൗരഭ്യവുമാണ്. നബിദിനമടക്കമുള്ള ആഘോഷങ്ങൾ.

കൂട്ടായ്മ ചെയ്തു തീർക്കും. അതിനൊരു വേതനവും പറ്റിയിരുന്നില്ല. പടച്ചവനിൽ നിന്ന് അതിനെല്ലാം തക്കതായ പ്രതിഫലം കിട്ടുമെന്ന പ്രതീക്ഷയോടെയായിരുന്നു എല്ലാമെല്ലാം. ഞങ്ങൾ ചെറിയ കുട്ടികളും ഒരുക്കങ്ങൾക്കിടയിൽ പലവിധത്തിൽ സഹകരിക്കും.

അസർ നിസ്കാരത്തിന് ശേഷമാണ് ഭക്ഷണവിതരണം. ഭക്ഷണം വാങ്ങാനായി എല്ലാവരും പള്ളിയിലെത്തും. കൈയിൽ രണ്ട് ചെമ്പുകളുമായിട്ടാണ് വരവ്. ഒന്ന് ചോറിനും രണ്ടാമത്തേത് ഇറച്ചിക്കറിക്കുമുള്ളതാണ്. വീട്ടിലെ അംഗസംഖ്യ അനുസരിച്ചാണ് ഭക്ഷണം നൽകുക. ഇത്തരത്തിൽ പള്ളിയിൽ നിന്ന് വീടുകളിലേക്ക് ഭക്ഷണം വിതരണം ചെയ്യുന്ന മറ്റൊരു സന്ദർഭം കൂടിയുണ്ട്. റബീഉൽ ആഖിർ മാസത്തിലാണത്. റാത്തീബ് മാസം എന്നാണ് ആ മാസത്തിന് പറഞ്ഞിരുന്ന മറ്റൊരു പേര്. ജാതിമത പരിഗണനയില്ലാതെ എല്ലാവർക്കും അന്ന് ഭക്ഷണം വിതരണം ചെയ്യും. ഞങ്ങളുടെ മഹല്ലിൽ ഏതാനും ആദിവാസി ദളിത് കുടുംബത്തെ മാറ്റിനിർത്തിയാൽ നൂറു ശതമാനവും മുസ്ലിംകളാണ്. മുസ്ലിം കുടുംബങ്ങൾക്കെന്ന പോലെ അവർക്കും അംഗസംഖ്യ അനുസരിച്ച് ഭക്ഷണം നൽകും. തരുവണ ടൗണിൽ ജോലി ചെയ്തിരുന്ന അമുസ്ലിം സഹോദരങ്ങൾക്കും അന്യദേശത്ത് നിന്ന് ഞങ്ങളുടെ നാട്ടിൽ, ടൗണിൽ എത്തിച്ചേരുന്നവർക്കും ഭക്ഷണം നൽകും. മഹല്ലിലെ സർവ്വരും ഒരേ ഭക്ഷണം കഴിച്ച് സമത്വരാകുന്ന ദിനം.

ഞങ്ങളുടെ മഹല്ലിന്റെ ഒരറ്റം നടക്കലെ സ്രാമ്പിയയും മറ്റൊരറ്റം മീത്തലെ പള്ളിയുമാണ്. ഒരു കിലോമീറ്ററിലേറെ ദൂരം. നബിദിനത്തിന് ചോറുകൊടുത്തു തുടങ്ങുക നടക്കൽ ഭാഗത്തു നിന്നാണെങ്കിൽ റാത്തീബിന് മീത്തലെ പള്ളിമുതൽക്കായിരിക്കും. മഹല്ലിലെ കാരണവരായ കമ്പ അമ്മോട്ടിക്കയാണ് ഓരോ വീട്ടുകാരുടെയും പേരുവിളിച്ചിരുന്നത്. ഒരു കടലാസും നോക്കിയായിരുന്നില്ല അദ്ദേഹം വീട്ടുപേര് വിളിക്കുക. എല്ലാ വീട്ടുപേരുകളും ഒന്നിനു പുറകെ മറ്റൊന്നായി അദ്ദേഹത്തിന് മന:പാഠമായിരുന്നു. വീടുകൾ അകലങ്ങളിലും മനസ്സുകൾ അടുത്തുമായിരുന്നു അന്ന്. പരസ്പര ബന്ധവും സൗഹാർദവും ഇന്നു നാം സങ്കൽപിക്കുന്നതിലും അപ്പുറത്തായിരുന്നു.

റബീഉൽ അവ്വൽ പന്ത്രണ്ടിനുള്ള ഒരുക്കങ്ങൾ തലേദിവസം തന്നെ ചെയ്തു തീർക്കും. മദ്റസാ മുറ്റത്ത് പന്തലിട്ട് തോരണങ്ങൾ ചാർത്തും. നബിദിന ഘോഷയാത്രയിൽ മദ്റസാ വിദ്യാർഥികൾക്കും മറ്റും കയ്യിലേന്താനുള്ള വർണക്കടലാസ് കൊടികൾ ഒരുക്കും. നബിദിന ഘോഷയാത്രയിൽ അണിനിരക്കുന്ന ഗജവീരന്റെ പുറത്തിരിക്കുന്നാൾ ചൂടുത സത്യകുട നിർമിക്കും. (മൂലേൽ മമ്മുഹാജിയൊരുക്കിയിരുന്ന മനോഹരമായ സത്യക്കുട ഇപ്പോഴും മറക്കാനാവാത്തതാണ്)

നബിദിന ദിവസം അതിരാവിലെ പതാക ഉയർത്തൽ എന്നൊരു ചടങ്ങുണ്ട്. നാട്ടിലെ സർവാദരണീയരായ വ്യക്തികളാണ് പതാക ഉയർത്തിയിരുന്നത്. നബിദിന കലാപരിപാടികളിൽ പെൺകുട്ടികളും അന്ന് പങ്കെടുത്തിരുന്നു. നബിദിന കലാപരിപാടികൾ കാണാനും കേൾക്കാനുമായി മുതിർന്നവർ മദ്റസാങ്കണത്തിൽ എത്തിച്ചേരും. അതിനിടയിൽ രുചികരമായ പായസ വിതരണവുമുണ്ടാകും.

കലാപരിപാടി കഴിഞ്ഞാൽ ഘോഷയാത്രയാണ്. മുതിർന്ന സ്ത്രീകൾ ഒഴികെ മുഴുവൻ ആളുകളും ഘോഷയാത്രയിൽ അണിനിരക്കും. ഒരുകാലത്ത് ഘോഷയാത്രക്ക് മുമ്പിൽ നെറ്റിപ്പട്ടം കെട്ടിയ ആനയുമുണ്ടായിരുന്നു. (പിന്നീടെപ്പോഴോ അത് നിർത്തലാക്കി) തനി കേരളീയത്വം ഘോഷയാത്രയിൽ പ്രകടമായിരുന്നു. രസകരമായൊരു കാര്യം, നബിദിന ഘോഷയാത്രയിൽ മുദ്രാവാക്യങ്ങൾ മുഴക്കിയിരുന്നു: "ബദ്റിൽ കേട്ടൊരു മുദ്രാവാക്യം..."

നബിദിനം കഴിഞ്ഞാൽ റബിഉൽ അവ്വൽ മാസം മുപ്പതു വരെ നാട്ടിൻപുറത്തെ കുന്നിൻചെരുവിലും ഇടവഴികളിലും മറ്റും കുട്ടികൾ ഒത്തുചേർന്ന് നബിദിനങ്ങൾ നടത്തുന്ന പതിവ് മുമ്പുണ്ടായിരുന്നു. ഇത്തരം നബിദിന പരിപാടികൾ റബിഉൽ അവ്വൽ പന്ത്രണ്ടിന് മദ്റസയിൽ നടക്കുന്ന പരിപാടികളുടെ മിനി പതിപ്പുകളായിരുന്നു. ഘോഷയാത്ര, പായസ വിതരണം, കലാപരിപാടികൾ, സമ്മാന വിതരണം തുടങ്ങി എല്ലാ ചടങ്ങുകളും ഇത്തരം നബിദിനങ്ങളിലുമുണ്ടാകും. നാട്ടിലെ ചെറുകിട പ്രാസംഗികരെയോ മുസ്ലിയാരുകുട്ടികളെയോ ഈ നബിദിന പരിപാടികളിൽ മുഖ്യപ്രഭാഷകരായി ക്ഷണിക്കും. മദ്റസയിൽ പാടിയ പാട്ടുകളും മറ്റു കലാപരിപാടികളും ഇത്തരം പരിപാടികളിൽ വീണ്ടും ആവർത്തിക്കും. കുട്ടികളിലെ സംഘാടക മികവ് ഇത്തരം പരിപാടികളിൽ പ്രകടമായിരുന്നു.

റബിഉൽ അവ്വൽ അവസാനം വരെ വീടുകളിൽ മുമ്പൊക്കെ മൗലീദ് സംഘടിപ്പിച്ചിരുന്നു. കൂട്ടായ്മയുടെ ഊഷ്മളതയും പരസ്പര സ്നേഹവും ഇത്തരം ആഘോഷങ്ങളുടെ മുഖമുദ്രയാണ്. സമൂഹത്തിന്റെ ജൈവീകതയുടെ താളവും ഒത്തുചേരലിന്റെ വിശുദ്ധിയും ആഘോഷങ്ങളിലൂടെ നിലനിന്നു. മതത്തിന്റെ സൗന്ദര്യവും സൗരഭ്യവുമാണ്. നബിദിനമടക്കമുള്ള ആഘോഷങ്ങൾ.

(മലയാള അധ്യാപകനും ഗ്രന്ഥകാരനുമാണ് ലേഖകൻ)

■

# സുപ്രഭാതം
# മീലാദ്

പ്രത്യേക പതിപ്പ്
2015





പുണ്യം വന്നു മൂടുമ്പോൾ



നാടുമാറുമ്പോൾ മാറുന്ന നോമ്പ്



വ്രതത്തിന്റെ ആത്മീയചൈതന്യം

വില: 50.00

# സുപ്രഭാതം

## റമദാൻ പതിപ്പ് 2015

- ഉറുദിയുടെ റമദാൻ കാലം
- ഇഫ്താറിൽ പിറന്ന പാർട്ടി
- ഉപ്പയോടൊപ്പം തുറക്കാത്ത നോമ്പുകൾ
- മുഅദ്ദിന്റെ നോമ്പും പെരുന്നാളും
- കണ്ണിൽ കണ്ടിട്ടും കിനാവുപോലെ മക്കയും മദീനയും



കടലിനക്കരെ മലയാളിയുടെ
മലയാളക്കരയിൽ മറുനാട്ടുകാരുടെ
**നോമ്പുകാലം**

# ഒരു റമദാൻ പന്തിഭോജനം

1400 വർഷം മുമ്പേ, ഇവിടെ ഈ സൗഹാർദമുണ്ട്. അറബികളുടെ വീട്ടിൽ പോയാലും അവർ നമ്മോടൊപ്പം തന്നെയാണ് ഭക്ഷണം കഴിക്കുന്നത്. ഒരു വലിയ തളികയുടെ ചുറ്റുമിരുന്ന് ഒന്നിച്ചുള്ള ഭോജനം അവരുടെ സംസ്കാരത്തിന്റെ ഭാഗമാണ്. അതിന് തൊഴിലാളിയെന്നോ മുതലാളിയെന്നോ, സ്വദേശിയെന്നോ വിദേശിയെന്നോ വ്യത്യാസമില്ല. ഫുജൈറയിലെ ഒരു നോമ്പുതുറയുടെ സ്നേഹാനുഭവങ്ങൾ ഓർമിക്കുന്നു.



ഡോ. അസീസ് തരുവണ

2010ലെ റമദാൻ മാസാരംഭം. അന്നു ഞാൻ കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിൽ എഡിറ്ററാണ്. പുസ്തക പ്രസിദ്ധീകരണം, സാഹിത്യ ക്യാമ്പുകൾ സംഘടിപ്പിക്കൽ തുടങ്ങിയ കാര്യങ്ങളാണ് എഡിറ്റർ എന്ന നിലയിൽ പ്രധാനമായും ഞാൻ ചെയ്തുകൊണ്ടിരുന്നത്. അങ്ങനെയിരിക്കെ അബുദാബിയിലെ കേരള സോഷ്യൽ സെന്റർ സംഘടിപ്പിക്കുന്ന ഒരു സാഹിത്യ ക്യാമ്പിൽ പങ്കെടുക്കാൻ എനിക്ക് ക്ഷണം കിട്ടി. പതിനഞ്ചു ദിവസത്തെ യു.എ.ഇ സന്ദർശനത്തിനുള്ള വിസ. എന്റെ ആദ്യ യു.എ.ഇ സന്ദർശനമാണ്.

റമദാൻ ആരംഭിക്കുന്നതിന്റെ പത്തു ദിവസം മുമ്പാണ് ഞാൻ ദുബായിൽ എത്തിയത്.



40 ഡിഗ്രിയിലേറെയാണ് അന്നത്തെ ചൂട്. ജീവിതത്തിൽ അതിനു മുമ്പനുഭവിക്കാത്ത ഉഷ്ണം. എന്നിട്ടും ദുബായ് കാണാനുള്ള വെമ്പലിൽ അതൊന്നുമെന്നെ ബാധിച്ചില്ല.

അബുദാബിയിലെ സാഹിത്യ ക്യാമ്പ് കൂടാതെ അൽഐൻ, ഷാർജ, ദുബൈ, റാസൽഖൈമ തുടങ്ങിയ ഇടങ്ങളിലായി എട്ടോളം പരിപാടികളിൽ പങ്കെടുക്കുവാൻ എനിക്ക് ക്ഷണമുണ്ടായി. സ്ഥലങ്ങൾ കാണുക, നമ്മുടെ നാട്ടുകാർ അവിടെ എങ്ങനെ ജീവിക്കുന്നു എന്നു നേരിട്ടു കാണുക ഇതിലൊക്കെയായിരുന്നു എനിക്കേറെ കൗതുകം. സന്ദർശന വേളയിൽ എന്റെ എല്ലാ കാര്യങ്ങളും ശ്രദ്ധിച്ചിരുന്ന അബുദാബിയിലെ അയ്യൂബ് കടൽമാടും പത്രപ്രവർത്തകനായ സഫറുള്ള പാലപ്പെട്ടിയുമെല്ലാം സന്ദർശിക്കേണ്ട സ്ഥലങ്ങളെപ്പറ്റിയും മറ്റും എനിക്ക് മുമ്പേതന്നെ വ്യക്തമായ ചിത്രങ്ങൾ തന്നിരുന്നു. ദുബായിൽ ജോലി ചെയ്യുന്ന നാട്ടുകാരനും സുഹൃത്തുമായ മുജീബ് പതിനഞ്ചു ദിവസം നിഴൽപോലെ എന്റെയൊപ്പമുണ്ടായിരുന്നു. അഞ്ചു വർഷത്തിലേറെ ദുബായിൽ ജോലി ചെയ്ത മുജീബ് നല്ലൊരു സഞ്ചാരപ്രിയൻ കൂടിയാണ്.

ഫുജൈറ സന്ദർശിക്കുകയെന്ന കാര്യം മുന്നോട്ടുവെച്ചത് മുജീബിന്റെ സുഹൃത്ത് അഷ്റഫാണ്. ദുബായ് ഭരണാധികാരിയുടെ പേഴ്സണൽ സ്റ്റാഫ് അംഗമാണ് അഷ്റഫ്. അങ്ങനെ റമദാൻ ഒന്നിന് അതിരാവിലെ ഞങ്ങൾ ഫുജൈറയിലേക്ക് പുറപ്പെട്ടു. ഞങ്ങൾ മൂന്ന് പേരെ കൂടാതെ അനുഭവസമ്പന്നനായ കുഞ്ഞഹമ്മദുമുണ്ട്.



*ലേഖകനും സംഘവും ഫുജൈറയിൽ*

കടുത്ത ചൂടും ഒന്നാം നോമ്പിന്റെ ക്ഷീണവും കാരണം യാത്രയുടെ കൗതുകത്തിൽ ഞങ്ങളറിഞ്ഞില്ല. ഷാർജ-കൽദാ റോഡിലുള്ള മലതുരന്നുള്ള തുരങ്കത്തിലൂടെ യാത്രചെയ്ത ഉച്ചയോടെ ഞങ്ങൾ ഫുജൈറയിലെത്തി. തിരിച്ചുള്ള യാത്രയിൽ നോമ്പ് തുറക്കാനുള്ള സമയമായി. എവിടെ നോമ്പു തുറക്കും? മരുഭൂമിയുടെ വിജനതയാണെങ്ങും. നോമ്പ് തുറക്കാനുള്ള സമയത്തിനൽപം മുമ്പ് മസാഫിക്കും ഫ്രൈഡേ മാർക്കറ്റിനുമിടയിലുള്ള കടകൾ മാത്ര

**തിരിച്ചുള്ള യാത്രയിൽ ഞാൻ സുഹൃത്തുക്കളോട്, കേരളത്തിൽ സഹോദരൻ അയ്യപ്പൻ നടത്തിയ പന്തിഭോജനത്തെപ്പറ്റി പറഞ്ഞു. ഒരു സ്ഥലത്ത് നിരന്നിരുന്നു. അവരവരുടെ ഇലയിലുള്ള ഭക്ഷണം കഴിക്കലായിരുന്നല്ലോ പന്തിഭോജനം.**



**ബാങ്ക് കൊടുക്കുമ്പോഴേക്ക് എല്ലാവരുടെയും പാത്രങ്ങൾ നിറഞ്ഞുകവിഞ്ഞു. ഈത്തപ്പഴവും മറ്റും ആവശ്യത്തിലേറെ. അറബികളും ഞങ്ങൾക്കൊപ്പമിരുന്ന് നോമ്പ് തുറക്കുന്നു. സ്വദേശിയെന്നോ വിദേശിയെന്നോ ഭേദങ്ങളില്ലാതെ, തൊഴിലാളിയെന്നോ മുതലാളിയെന്നോ പക്ഷപാതമില്ലാതെ! എല്ലാവർക്കും മറ്റുള്ളവരെ ഊട്ടുന്നതിൽ അമിത താത്പര്യം. ഉച്ചനീചത്വങ്ങൾ മറന്ന് ഒന്നായ നിമിഷം.**

മുള്ള ഒരു ചെറിയ ടൗൺ. റോഡിനിരുവശവും ഈത്തപ്പനത്തോട്ടങ്ങൾ. അവിടെ കണ്ട ഒരു ചെറിയ പള്ളിയിൽ ഞങ്ങൾ നോമ്പു തുറക്കുവാൻ കയറി. മുറ്റത്ത് ചെറിയൊരു പന്തലിട്ടിട്ടുണ്ട്. അവിടവിടെയായി കള്ളിമുണ്ടുടുത്ത കുറച്ചുപേർ ഇരിക്കുന്നു. മലയാളിയുടെ രൂപസാദൃശ്യമുള്ളവർ. താടി നീട്ടിയ, പൈജാമ ധരിച്ച ചിലരേയും കണ്ടു. മുജീബിനോട് ഞാൻ അവർ ഏതു ദേശക്കാരാണെന്ന് അന്വേഷിച്ചു. യാത്രാ വേളയിൽ കാര്യങ്ങൾ വിശദീകരിച്ചു തന്നത് അവനാണ്. അവൻ പറഞ്ഞു, അവർ ബംഗ്ലാദേശികളും അഫ്ഗാനികളുമാണ്. തോട്ടം തൊഴിലാളികളും മറ്റും. അവരുടെ ചുണ്ടുകളിൽ ദൈവസ്തോത്രങ്ങൾ.

ഞങ്ങൾ അവർക്കിടയിൽ ഇരുന്നു. ഏറെയൊന്നും വിഭവങ്ങളില്ല. ഓരോരുത്തരും അവരവരുടെ മുമ്പിൽ അൽപ വിഭവങ്ങളുമായി ഇരിക്കുകയാണ്. അവർ ഞങ്ങളുടെ മുന്നിൽ പ്ലേറ്റുകൾ നിരത്തി. ഓരോരുത്തരും അവരവരുടെ വിഭവങ്ങളിൽ നിന്ന് ഒരുപങ്ക് ഞങ്ങൾക്ക് തന്നു. മുമ്പ് കണ്ടിട്ടില്ലാത്തവർ. അന്യരാജ്യക്കാർ. മഗ്‌രിബ് ബാങ്ക് വിളിക്കാനുള്ള സമയമടുത്തപ്പോൾ പലവഴികളിൽ നിന്നായി തദ്ദേശവാസികളായ അറബികൾ വന്നുതുടങ്ങി. ഗ്രാമീണ അറബികൾ. അവരുടെ കൈകളിൽ വീട്ടിൽ നിന്നുണ്ടാക്കിയ വിഭവങ്ങളും ഈത്തപ്പഴക്കൊട്ടകളും. വിഭവങ്ങൾ അവർ പന്തലിൽ ഇരിക്കുന്നവരുടെ പാത്രങ്ങളിൽ വിളമ്പി. ബാങ്ക് കൊടുക്കുമ്പോഴേക്ക് എല്ലാവരുടെയും പാത്രങ്ങൾ നിറഞ്ഞുകവിഞ്ഞു. ഈത്തപ്പഴവും മറ്റും ആവശ്യത്തിലേറെ. അറബികളും ഞങ്ങൾക്കൊപ്പമിരുന്ന് നോമ്പ് തുറക്കുന്നു. സ്വദേശിയെന്നോ വിദേശിയെന്നോ ഭേദങ്ങളില്ലാതെ, തൊഴിലാളിയെന്നോ മുതലാളിയെന്നോ പക്ഷപാതമില്ലാതെ! എല്ലാവർക്കും മറ്റുള്ളവരെ ഊട്ടുന്നതിൽ അമിത താത്പര്യം. ഉച്ചനീചത്വങ്ങൾ മറന്ന് ഒന്നായ നിമിഷം. വലിയൊരു തളികയിൽ നിന്ന് കൈകൊണ്ട് തന്നെ എല്ലാവരും എടുത്തു കൊടുക്കുന്നു. ആർക്കുമതിന് എതിർപ്പില്ല. ദേശഭേദ ചിന്തകൾ അപ്രസക്തമായ നിമിഷങ്ങൾ.

തിരിച്ചുള്ള യാത്രയിൽ ഞാൻ സുഹൃത്തുക്കളോട്, കേരളത്തിൽ സഹോദരൻ അയ്യപ്പൻ നടത്തിയ പന്തിഭോജനത്തെപ്പറ്റി പറഞ്ഞു. ഒരു സ്ഥലത്ത് നിരന്നിരുന്നു. അവരവരുടെ ഇലയിലുള്ള ഭക്ഷണം കഴിക്കലായിരുന്നല്ലോ പന്തിഭോജനം. സവർണരിൽ നിന്ന് ശക്തമായ എതിർപ്പുകൾ നേരിട്ട നവോത്ഥാന പ്രവർത്തനം. അഷ്‌റഫ് പറഞ്ഞു: "സുഹൃത്തേ, 1400 വർഷം മുമ്പേ, ഇവിടെ ഈ സൗഹാർദ്ദമുണ്ട്. അറബികളുടെ വീട്ടിൽ പോയാലും അവർ നമ്മോടൊപ്പം തന്നെയാണ് ഭക്ഷണം കഴിക്കുന്നത്. ഒരു വലിയ തളികയുടെ ചുറ്റുമിരുന്ന് ഒന്നിച്ചുള്ള ഭോജനം അവരുടെ സംസ്കാരത്തിന്റെ ഭാഗമാണ്. അതിന് തൊഴിലാളിയെന്നോ മുതലാളിയെന്നോ, സ്വദേശിയെന്നോ വിദേശിയെന്നോ വ്യത്യാസമില്ല.

ഞാൻ നമ്മുടെ നാട്ടിലെ ജാതി വ്യവസ്ഥയുടെ ഭീകരതയെപ്പറ്റി ഓർത്തുപോയി. •





# യുവദർപണം

പ്രബുദ്ധ യൗവനം
സുരക്ഷിത സമൂഹം

ISM വയനാട്
ജില്ലാ സമ്മേളന **സുവനീർ**

2015 ഏപ്രിൽ 13,14,15 കൽപ്പറ്റ

ചർച്ച



ഡോ. അസീസ് തരുവണ

# പരിഹാരങ്ങൾ പലതാണ് ഒറ്റമൂലികളില്ല

യുവത അതിവേഗം മാറിക്കൊണ്ടിരിക്കുകയാണ്. കഴിഞ്ഞ നാലു പതിറ്റാണ്ടുകാലത്തെ കേരളീയ യുവ സമൂഹത്തെ സൂക്ഷ്മ വിശകലനത്തിന് വിധേയമാക്കിയാൽ ഇക്കാര്യം വ്യക്തമാവും. ഈ മാറ്റങ്ങളുടെ തോത് കഴിഞ്ഞ ഇരുപത് വർഷത്തിനിടയിൽ ദ്രുതഗതിയിലാണെന്ന് വസ്തുകൾ സൂചിപ്പിക്കുന്നു.

സമൂഹത്തിലുണ്ടാകുന്ന മാറ്റങ്ങൾ അതിവേഗം പിടികൂടുക യുവാക്കളേയും വിദ്യാർത്ഥി സമൂഹത്തെയുമാണ്.ഒരുകാലത്ത് സമൂഹത്തിൽ മാറ്റങ്ങൾ കൊണ്ടുവന്നത് യുവതയായിരുന്നു. ആയിരത്തിതൊള്ളായിരത്തി അറുപതുകളിലെ പാരീസിലെ വിദ്യാർത്ഥി കലാപവും എഴുപതുകളിലെ കേരളത്തിലെ ക്ഷുപിത യൗവനങ്ങളും അതിനു മികച്ച തെളിവാണ്. നിലനിൽക്കുന്ന വ്യവസ്ഥിതിയോട് മൽപിടുത്തം നടത്തുവാനും സമൂഹത്തെ മാറ്റിപ്പണിയുവാനും എന്നും വെമ്പിയിരുന്നതും നേതൃത്വപരമായ പങ്കുവഹിച്ചിരുന്നതും യുവതയാണ്. ഒരു സമൂഹത്തിലെ യുവതയെ ഷണ്ഡീകരിച്ചാൽ ആ സമൂഹത്തെ കീഴ്പ്പെടുത്തുക ക്ഷിപ്രസാധ്യമാണെന്ന് എല്ലാ തമോശ്തികൾക്കുമറിയാം.

തൊണ്ണൂറുകളോടെ ആരംഭിച്ച ആഗോളീകരണം നന്മയുടെ തീരങ്ങളെ വിഴുങ്ങി

പാഞ്ഞൊഴുകിയ മഹാപ്രവാഹമാണ്. ഈ കുത്തൊഴുക്കിൽ നമുക്ക് പലതും നഷ്ടപ്പെട്ടു. മൂല്യങ്ങളുടെ കുഴമറിച്ചിൽ എന്നത് പറയേണ്ടതാണ്. സാംസ്കാരികമായ അധിനിവേശത്തിന് പലവിധത്തിൽ നാം പാകപ്പെട്ടതും ഇക്കാലയളവിനു ശേഷമാണ്. വിദ്യാഭ്യാസ, രാഷ്ട്രീയ രംഗങ്ങൾ ഇത്രമേൽ പണാധിഷ്ഠിതമായി മാറിയ മറ്റൊരു കാലമല്ല. വ്യക്തി അവനവനിലേക്ക് ചുരുങ്ങുകയും ജീവിതം ഒരു മത്സര ഓട്ടമാണെന്ന് തെറ്റിദ്ധരിക്കുകയും ചെയ്ത കാലമാണിത്.

ഇന്നത്തെ യുവത അടക്കമുള്ള സമൂഹം നേരിടുന്ന പല പ്രശ്നങ്ങളുടേയും അടിവേരുകൾ കണ്ടെത്തി ചികിത്സിക്കുകയാണ് ഇന്നടിയന്തിരമായി ചെയ്യേണ്ടത്. ആത്മീയത ഇല്ലാത്ത മതം, അരാഷ്ട്രീയ വത്കരിക്കപ്പെട്ട രാഷ്ട്രീയ പ്രസ്ഥാനങ്ങൾ, ഒരു കാഴ്ചപ്പാടും (View)നൽകാത്ത മാധ്യമങ്ങൾ, തൊഴിൽ നേടാനുള്ള ഒരു ഉപാധിയായി മാത്രം ചുരുങ്ങിയ വിദ്യാഭ്യാസം, ദുരൂഹതയും നിഗൂഢതയും ഒളിപ്പിച്ചുവെച്ച് സാമാന്യ ജനതയിൽ നിന്നകന്നുപോയ സാഹിത്യം എന്നിവയെല്ലാം ഇന്നത്തെ സമൂഹം നേരിടുന്ന പ്രശ്നങ്ങൾക്കു പിന്നിലെ പ്രതികളാണ്.

മൂല്യങ്ങളുടെ കാവലാളുകൾ എന്നും മതങ്ങളായിരുന്നു. മൂല്യബോധവും മതവിശ്വാസവും തമ്മിലുള്ള ആഴമാർന്ന ബന്ധം ഒരു ചർച്ച പോലും അർഹിക്കാത്ത കാര്യമാണ്. എന്നിട്ടും തൊണ്ണൂറ്റിയൊമ്പതര ശതമാനം ജനങ്ങളും മതവിശ്വാസികളായിട്ടും എന്തുകൊണ്ട് സമൂഹം മൂല്യരഹിതമാവുന്നു? എന്തുകൊണ്ട് കുറ്റകൃത്യങ്ങൾ പെറ്റുപെരുകുന്നു? മതവിശ്വാസികൾ അതും മുസ്‌ലിംകൾ തിങ്ങി താമസിക്കുന്ന ജില്ലയിൽ പോലും മദ്യത്തിന്റെ വൻതോതിലുള്ള വിൽപ്പന സാധ്യമാവുന്നു? മതാധ്യാപകർ പോലും ലൈംഗിക പീഡന കേസുകളിൽ മുഖ്യപ്രതികളാവുന്നു? തൊലിപ്പുറത്തെ മതവിശ്വാസം, മജ്ജയിലേക്കാഴ്ന്നിറങ്ങാത്ത ദൈവവിശ്വാസം എന്നൊക്കെയുള്ള പതിവു മറുപടികൾ കൊണ്ട് മറികടക്കാവുന്ന, അത്രമേൽ ലളിതമല്ല ഇന്നത്തെ പ്രശ്നങ്ങളും പ്രതിവിധികളും.

സൂക്ഷ്മമായി നിരീക്ഷിച്ചാൽ ലോകത്ത്

> **മതങ്ങളെയെല്ലാം ഏറെക്കുറെ വിഴുങ്ങി കഴിഞ്ഞ മുതലാളിത്ത മതത്തിന്റെ 'ദൈവം' പണമാണ്. ഖിബ്‌ല സ്ത്രീയും. നന്മ തിന്മകൾ എന്നൊന്ന് ഈ മതത്തിലില്ല; ലാഭ നഷ്ടങ്ങളെയുള്ളൂ. സുഖഭോഗങ്ങളാണ് ഈ മതത്തിന്റെ അന്തിമ ലക്ഷ്യം. മാധ്യമങ്ങളും പരസ്യങ്ങളുമാണ് ഈ 'ധനമത'ത്തിന്റെ പ്രബോധന, പ്രചാരകർ. പൗരോഹിത്യത്തിന്റെ പിടിയിലമർന്ന മതങ്ങൾ ക്യാപിറ്റലിസത്തിനു മുമ്പിൽ അടിയറവ് പറഞ്ഞിട്ടു കാലമേറെയായി.**

ഒരൊറ്റ മതമേയുള്ളൂ ഇന്ന്. സാർവ്വ ലൗകിക മുതലാളിത്തം (Capitalism) ആണത്. മതങ്ങളെയെല്ലാം ഏറെക്കുറെ വിഴുങ്ങി കഴിഞ്ഞ മുതലാളിത്ത മതത്തിന്റെ 'ദൈവം' പണമാണ്. ഖിബ്‌ല സ്ത്രീയും. നന്മ തിന്മകൾ എന്നൊന്ന് ഈ മതത്തിലില്ല; ലാഭ നഷ്ടങ്ങളെയുള്ളൂ. സുഖഭോഗങ്ങളാണ് ഈ മതത്തിന്റെ അന്തിമ ലക്ഷ്യം. മാധ്യമങ്ങളും പരസ്യങ്ങളുമാണ് ഈ 'ധനമത'ത്തിന്റെ പ്രബോധന, പ്രചാരകർ. പൗരോഹിത്യത്തിന്റെ പിടിയിലമർന്ന മതങ്ങൾ ക്യാപിറ്റലിസത്തിനു മുമ്പിൽ അടിയറവ് പറഞ്ഞിട്ടു കാലമേറെയായി. മതതീവ്രവാദവും വർഗീയതയും ആൾദൈവങ്ങളും മറ്റൊട്ടേറെ ജീർണതകളും 'പൗരോഹിത്യ, ക്യാപിറ്റലിസ്റ്റ് 'മത'ങ്ങളുടെ സംഭാവനയാണ്. കാല

ഘട്ടത്തോട് സംവദിക്കാത്ത, ആചാരാനുഷ്ഠാനങ്ങൾ മാത്രം ബാക്കിയായ, ആത്മീയത ചോർന്നുപോയ മതങ്ങൾക്ക് ഇനി പ്രസക്തിയുണ്ടെന്ന് തോന്നുന്നില്ല.

ആത്മീയത ചോർന്നുപോയ ഒരു സമൂഹം ജഡസമാനമായിരിക്കും. ഈ ആത്മീയത എന്നത് മതാത്മകം എന്നതുപോലെ മതേതരവുമാണ്. മൂല്യങ്ങളുടെ വിളനിലമായ മാനസങ്ങളിലെല്ലാം ആത്മീയതയുണ്ട്. അതിനാൽ മൂല്യങ്ങളുടെ വീണ്ടെടുപ്പാണിന്ന് ആവശ്യം. ഈ വീണ്ടെടുപ്പിൽ ആത്മീയതയുള്ള മതത്തിനും ദൗത്യം മറന്നുപോകാത്ത രാഷ്ട്രീയത്തിനും ലക്ഷ്യം മറക്കാത്ത മാധ്യമങ്ങൾക്കും മഹത്തായ സ്വപ്നങ്ങൾ കാണുവാൻ യുവതയെ പ്രാപ്തമാക്കുന്ന വിദ്യാഭ്യാസത്തിനും സാഹിത്യത്തിനുമെല്ലാം അനൽപമായ പങ്കുവഹിക്കുവാനാകും.

സമൂഹത്തിന്റെ തകർന്നുപോയ ഇത്തരം ഭിത്തികൾ പുനർനിർമ്മിക്കുമ്പോൾ അതിൽ യുവതയ്ക്ക് ഏറെ സംഭാവനകൾ അർപ്പിക്കുവാൻ സാധിക്കും. പഴയ ഇഷ്ടികകൾ പെറുക്കി കൂട്ടുമ്പോൾ അവയ്ക്കിടയിൽ ചേർക്കേണ്ട സിമന്റ് പുതുതാവേണ്ടതുണ്ട്. അത് ജനാധിപത്യ ബോധമാണ്; വിശാലതയും സഹിഷ്ണുതയുമാണ്. അത്തരമൊരു പുനർനിർമ്മാണത്തിലൂടെ (ഡി കൺസ്ട്രക്ഷൻ) സാധ്യമാവുന്ന സമൂഹത്തിൽ ഫാസിസത്തിനും മതതീവ്രവാദത്തിനും സ്ത്രീനിന്ദയ്ക്കും ദലിത്, അധ:സ്ഥിത പീഡനത്തിനും ഇടമുണ്ടാവുകയില്ല; യുദ്ധത്തിനും വംശീയ, വർഗീയ കലാപത്തിനും വിദൂര സാധ്യതകൾ പോലുമുണ്ടാവരുത്.

സാംസ്കാരിക ജീർണ്ണത യുവസൂഹത്തെ മാത്രം പിടികൂടിയ നീരാളിയല്ലിന്ന്. സമൂഹത്തിന്റെ അടിത്തറ മുതൽ മേൽക്കൂരവരെ അതിന്റെ വ്യാപനമുണ്ട്. അതിനാൽ പരിഹാരമാർഗങ്ങൾ അടിത്തറയിൽ നിന്നുതന്നെ ആരംഭിക്കേണ്ടതാണ്. സമൂഹത്തിന്റെ ഇന്നത്തെ പോക്കിൽ ഏറ്റവും വേപഥുകൊള്ളുന്നത് വൃദ്ധസമൂഹമാണെങ്കിലും ക്രിയാത്മകമായ ഇടപെടലുകൾ നടത്തുന്നത് യുവസമൂഹമാണ്. പഴയ പ്രതികരണ, പ്രതിഷേധ രൂപങ്ങളിൽ നിന്ന് മാറി പുതിയ ആവിഷ്കാര മാധ്യമങ്ങളെ അതിനവർ ഉപയോഗപ്പെടുത്തുന്നു. നവമാധ്യമങ്ങൾ സാധ്യമാക്കിയ ആവിഷ്ക്കാര സാധ്യതകൾ മുമ്പില്ലാത്ത വിധം വിപുലമാണല്ലോ. പുതുതലമുറയോട് സംവദിക്കുവാനുള്ള ഒരു ഭാഷ പഴയ തലമുറയ്ക്ക് നഷ്ടപ്പെട്ടിരിക്കുന്നു എന്നതാണ് പലതും തിരിച്ചറിയാത്ത യാഥാർത്ഥ്യം. അതിനാൽ പരസ്പര ആശയ വിനിമയം പോലും അസാധ്യമായികൊണ്ടിരിക്കുന്നു.

ലോകത്ത് മാറ്റം കൊണ്ടുവരുവാനുള്ള സമരമുന്നണിയിൽ യുവജനതയുടെ സജീവ സാന്നിദ്ധ്യം മുമ്പെന്നപോലെ ഇന്നുമുണ്ട്. മിഡിൽ ഈസ്റ്റിലെ മുല്ലപ്പൂ വിപ്ലവം മുതൽ അമേരിക്കയിലെ 'വാൾ സ്ട്രീറ്റ് ഒപ്പുക്കേഷനി'ൽ വരെ നാമത് കണ്ടതാണ്. സമരരൂപങ്ങൾ മാറികൊണ്ടിരിക്കുന്നു. പഴയ രീതിയിലുള്ള വമ്പിച്ച പ്രസ്ഥാനങ്ങൾ, ബൃഹത് ആഖ്യാനങ്ങൾ തുടങ്ങിയ സങ്കൽപങ്ങൾക്കും യാഥാർത്ഥ്യങ്ങൾക്കും ഇന്ന് പ്രസക്തിയില്ലാതായിരിക്കുന്നു. ലോകമിന്ന് പഴയ രീതിയിലുള്ള 'ബ്ലാക്ക് ആന്റ് വൈറ്റ്' എന്ന സങ്കൽപത്തിൽ നിന്ന് മൾട്ടികളർ എന്ന യാഥാർത്ഥ്യത്തിലേക്ക് മാറിയിട്ടുണ്ട്. ബഹുസ്വരതയുടെ ജനാധിപത്യ വത്കരണമെന്നു ഇതിനെ പറയാം. ആധുനികാനന്തര ആശയങ്ങൾ മുമ്പോട്ടുവെക്കുന്ന പ്രധാന കാഴ്ചപാടും അതാണല്ലോ.

സമൂഹത്തിന്റെ സുരക്ഷയ്ക്കും നന്മക്കും മൂല്യവത്കരണത്തിനുമുതകുന്ന ആശയങ്ങൾ എവിടെയുണ്ടെങ്കിലും അവ സ്വീകരിക്കുവാൻ നമുക്ക് കഴിയേണ്ടതുണ്ട്. സനാതന, ധാർമ്മിക മൂല്യങ്ങളെപ്പറ്റി പറയുന്ന മതങ്ങൾക്ക് തീർച്ചയായും ഇതിൽ നിർണായക സ്ഥാനം അലങ്കരിക്കുവാൻ കഴിയും. തൊണ്ണൂറ്റൊമ്പതര ശതമാനവും വിശ്വാസികളായവർ ഉള്ള ഒരു സമൂഹത്തിൽ അവരെ സംസ്കരിക്കുവാനുള്ള ഏറ്റവും നല്ല ഉപാധി മതവും വിശ്വാസവും തന്നെയാണ്. ■

പശു ഒരു മൃഗം മാത്രമല്ല

# പാഠഭേദം

ഒക്ടോബർ 2015



അഷീഷ് നന്ദി
എം ജി എസ് നാരായണൻ
സാറാജോസഫ്
കെ ഇ എൻ
ബോബിജോസ് കപുച്ചിൻ
കൽപ്പറ്റ നാരായണൻ
സജയ് കെ വി
ടി ടി ശ്രീകുമാർ
അമൃത് ലാൽ
സ്റ്റാലിൻ കെ
അജയ് പി മങ്ങാട്ട്
അനിൽ ചേലേമ്പ്ര
അസീസ് തരുവണ
പി എൻ ഗോപീകൃഷ്ണൻ
വിപുൽ റിഖി
ബി ഇക്ബാൽ
പി വി കൃഷ്ണൻ
എം എ റഹ്മാൻ

## ബാബ്റിക്കും ദാദ്റിക്കുമിടയിൽ രാമായണത്തിനെന്തു കാര്യം?

## രാമായണം ഫെസ്റ്റിവൽ



ന്നതായിരുന്നു അമർ ചിത്രകഥയുടെ ഉള്ളടക്കവും രൂപവും. ബ്രാഹ്മണ്യത്തേയും ആണത്തത്തേയും പുരസ്ക്കരിച്ചുകൊണ്ടാണ് ഇത് നിർവ്വഹിക്കപ്പെട്ടത്. മതവും ജാതിയും രാഷ്ട്രീയത്തിന്റെ അടിസ്ഥാനമാകുന്ന പ്രവണതക്ക് പിൻബലമേകാൻ അമർ ചിത്രകഥകൾക്ക് സാധിച്ചു.

അമർ ചിത്രകഥകൾക്ക് തുടക്കം കുറിച്ച അനന്ത പൈയെക്കുറിച്ച് ധാരാളം മിത്തുകൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. പ്രസിദ്ധീകരണം കൊണ്ടുള്ള ലാഭത്തേക്കാൾ അതീവ ഗൗരവമുള്ള ഒരു സാംസ്ക്കാരിക ദൗത്യമാണ് അദ്ദേഹം ഏറ്റെടുത്തതെന്ന് പലരും വാഴ്ത്തി. ഇന്ത്യൻ പുരാണങ്ങൾ, ചരിത്ര പുരുഷൻമാർ, നാടോടിക്കഥകൾ എന്നിവയെല്ലാം അമർ ചിത്രകഥകളായി പുനർജ്ജനിച്ചു. ശിവാജിയെ കുറിച്ചുള്ളതായിരുന്നു പുരാണേതരമായ ആദ്യത്തെ ചിത്രകഥ. പിന്നീട് റാണാപ്രതാപ്, പൃഥ്വീരാജ് ചൗഹാൻ തുടങ്ങിയ രജപുത്രൻമാരും അമർ ചിത്രകഥയിൽ കടന്നുവന്നു. രാഷ്ട്രത്തിനുവേണ്ടി സ്വയം സമർപ്പിച്ച ബ്രാഹ്മണർ, അവരെ അനുസരിച്ച് നാടുവാണ ക്ഷത്രിയർ എന്നിങ്ങനെ ആദർശവൽക്കരിക്കപ്പെട്ട നിരവധി കഥാപാത്രങ്ങളോടൊപ്പം ഇന്ത്യൻ മധ്യവർഗ്ഗത്തിലെ കുട്ടികൾ യാത്ര ചെയ്തു. യുദ്ധോദ്യുക്തനായ രാമൻ, സ്വാമി ഭക്തനായ ഹനുമാൻ എന്നിവരെല്ലാം പുതു തലമുറയുടെ ആദർശങ്ങളായി. സ്ത്രീകൾ ഭർത്താവിന്റെ നിഴലിൽനിന്ന് കുടുംബത്തേയും രാജ്യത്തേയും സേവിക്കുന്ന ബുദ്ധിമതികളും ചാരിത്രവതികളും ആയിത്തീരണമെന്ന് അമർ ചിത്രകഥകൾ ഓർമ്മിപ്പിച്ചു. കഥയേക്കാൾ അതിലെ പൗരുഷം എടുത്തുപിടിച്ചു നിൽക്കുന്ന ചിത്രങ്ങളാണ് ഏറെ ശ്രദ്ധിക്കപ്പെട്ടത്. രാമനെ പ്രതിക്കൂട്ടിൽ നിർത്തുന്ന സന്ദർഭങ്ങളെല്ലാം കഥാഖ്യാനത്തിൽനിന്ന് ബോധപൂർവ്വം ഒഴിവാക്കി. മുസ്ലീം ഭരണാധികാരികളിൽ പലരേയും ക്രൂരൻമാരും നിഷ്ഠുരൻമാരുമാക്കി. പുരുഷനെ വശീകരിക്കുന്ന അപ്സരസ്സുകൾ അൽപ്പവസ്ത്രധാരികളായി ഇടക്കിടെ ഭൂമിയിലേക്ക് പറന്നിറങ്ങി. അഗ്നിയേയും ബ്രാഹ്മണരേയും ചുറ്റിപ്പറ്റിനിന്ന ചടങ്ങുകൾ വർണ്ണാഭമായി കുരുന്നു മനസ്സിൽ കുടിപാർപ്പു തുടങ്ങി. അമർ ചിത്രകഥ ഒരുക്കിവെച്ച ഈ രംഗവേദിയിലാണ് തുടക്കത്തിൽ സൂചിപ്പിച്ച ദൂരദർശന രാമൻ തകർത്താടിയത്.

രാമചരിതം തീരുന്നില്ല. ഇന്ത്യയെ വെട്ടിപ്പിളർന്നും ചോര ചിന്തിയും ആ തേരിന് ഇനിയും ഏറെ ഉരുണ്ടുതീർക്കാനുണ്ട്.

# രാമായണത്തിന്റെ ബഹുസ്വരത

**അസീസ് തരുവണ**

**ജീ**വിതത്തിന്റെ ഓരോ ഘട്ടത്തിൽ വായിക്കുമ്പോഴും പുത്തൻ അർഥങ്ങളും ആസ്വാദ്യതയും അനുഭവവേദ്യമാകുന്ന അനശ്വര കൃതികളാണ് ഇതിഹാസങ്ങൾ. അവ ആസ്വാദകന്റെ മനസ്സിൽ നിന്ന് മായാതെ, സവിശേഷമായ സ്വാധീനം ചെലുത്തി തലമുറകളിലൂടെ കൈമാറ്റം ചെയ്യപ്പെടുകയാണ് ചെയ്യുന്നത്. അവ വ്യക്തിയുടെയും സമൂഹത്തിന്റെയും അബോധ മനസ്സിൽ ആഴത്തിൽ സ്വാധീനം ചെലുത്തി മൂർത്തരൂപത്തിൽ നിലനിൽക്കും. രാമായണവും മഹാഭാരതവും ഇതിന് ദൃഷ്ടാന്തമാണ്.

രാമായണ കഥയുടെ ഇതിവൃത്തം എന്നു രൂപപ്പെട്ടുവെന്ന് ഖണ്ഡിതമായി പറയുക സാധ്യമല്ല. എന്നാൽ, വാല്മീകി മഹർഷിക്കു മുമ്പുതന്നെ വാമൊഴിയായി രാമായണ കഥകൾ പ്രചരിച്ചിരുന്നു എന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. വാല്മീകി രാമായണത്തിനു മുമ്പുതന്നെ രാമകഥയെ അടിസ്ഥാനമാക്കിയുള്ള ആഖ്യാനങ്ങൾ പ്രചാരത്തിലുണ്ടായിരുന്നു. മഹാഭാരതത്തിന്റെ ദ്രോണപർവത്തിലെയും ശാന്തിപർവത്തിലെയും സംക്ഷിപ്ത രാമകഥയിൽ നിന്നും മറ്റും ഇതിനുള്ള തെളിവ് ലഭിക്കുന്നുണ്ട്. ഈ ആഖ്യാനങ്ങൾ ഇപ്പോൾ ലഭ്യമല്ല. അതുകൊണ്ടാണ് വാല്മീകി രാമായണം രാമകഥയുടെ പ്രാചീനതമായ വിസ്തൃത കൃതിയായിത്തീർന്നത്' എന്ന് ഫാദർ കാമിൽ ബുൽക്കെ.

മധ്യപ്രദേശിലെ രണ്ട് ഗോത്രങ്ങൾക്കിടയിൽ നടന്ന സംഭവമായിരിക്കാം രാമായണത്തിന് അടിസ്ഥാനമായ കഥാബീജം എന്ന് വാല്മീകി രാമായണത്തിലെ സ്ഥലികളെക്കുറിച്ച് ആഴമാർന്ന പഠനം നടത്തിയ പുരാവസ്തു ഗവേഷകനായ എച്ച്.ഡി. സങ്കാലിയ അഭിപ്രായപ്പെടുന്നു.

ആദിയിൽ ഒരു ചെറുകഥാ രൂപമായിരുന്ന കഥയെ വാമൊഴി, നാടോടി ഗായകരും മറ്റും പറഞ്ഞും പാടിയും വികസിപ്പിച്ചതായിരിക്കണം ഇന്നത്തെ വിസ്തൃതമായ രാമകഥാ സാഹിത്യം. നാടോടി ഗായകർ അവർക്കിഷ്ടമുള്ള ഭാഗങ്ങൾ പൊലിപ്പിച്ചു പറയുക സാധാരണമാണ്. വാമൊഴി ഗായക സംഘങ്ങൾ ഈ കഥകൾ പാടിനടന്നിരുന്നു എന്ന സൂചന വാല്മീകി രാമായണത്തിൽ നിന്നു വായിച്ചെടുക്കാവുന്നതാണ്. കാവ്യോപജീവികളായ പാട്ടുസംഘ ജാതികൾ ഇന്ത്യയിൽ എക്കാലത്തുമുണ്ടായിരുന്നുവല്ലോ.

രാമായണം വാല്മീകി ശിഷ്യൻമാർക്ക് മനഃപാഠമായിരുന്നുവത്രേ. കുശലവന്മാർ രാമായണം പാടിപ്പാടി തങ്ങളുടെ ശ്രോതാക്കളുടെ താൽപര്യം വർധിപ്പി

ച്ചിരിക്കാം. കാവ്യകുശലന്മാരായിരുന്ന ഗായകൻമാർ ജനങ്ങൾക്കു താൽപര്യമുള്ള ഭാഗങ്ങൾ ആവർത്തിച്ചും അതിശയോക്തിപരമായും പാടിയിരിക്കണം. ഏതെങ്കിലും ഒരു ഭാഗത്തിന് കൂടുതൽ പ്രാധാന്യം നൽകുമ്പോൾ ഗായകർ അവരുടേതായ സംഭാവനകൾ, കൂട്ടിച്ചേർക്കലുകൾ നടത്തുന്നു; കൂടുതൽ ഉദ്വേഗജനകമാക്കാൻ ശ്രമിക്കുന്നു. സ്തോഭജനകമായ ഭാഗങ്ങൾ കേൾവിക്കാരെയും കാഴ്ചക്കാരെയും ഹഠാദാകർഷിക്കും. ഇത്തരം ഭാഗങ്ങൾക്ക് കൂടുതൽ പ്രചാരം ലഭിക്കും.

വാമൊഴിയായി പ്രചരിച്ച കഥകളിൽ തങ്ങളുടെ ഭാവന കലർത്തി എഴുതിയവയാണ് ആദ്യകാല ലിഖിത രാമായണങ്ങൾ. വാല്മീകിയുടേതെന്നപോലെ ഒട്ടേറെ മഹർഷിമാരുടെ പേരിൽ രാമായണങ്ങൾ ലഭ്യമാണ്. ശ്രീരാമദാസഗൗഡൻ തന്റെ 'ഹിന്ദുത്വം' എന്ന ഗ്രന്ഥത്തിൽ 19 രാമായണങ്ങളിലെ കഥാവസ്തുവിന്റെ സംക്ഷേപം കൊടുത്തിട്ടുണ്ട്. അവയിൽ പലതും ബൃഹദ്കാവ്യങ്ങളാണ്.



മേൽപറഞ്ഞ രാമായണങ്ങളിൽ പലതും മഹർഷിമാരാൽ വിരചിതമാണെന്ന് പറയപ്പെടുന്നു. ഇതിൽ സംവൃത രാമായണം നാരദ മഹർഷി രചിച്ചതാണ്. ലോമശ രാമായണം പേരു സൂചിപ്പിക്കുന്നതുപോലെ ലോമശ ഋഷി രചിച്ചതാണ്. അഗസ്ത്യരാമായണം അഗസ്ത്യമുനി രചിച്ചതാണ്. സൗപത്മ രാമായണം അത്രിമഹർഷി രചിച്ചതാണ്.

മേൽപറഞ്ഞ 19 രാമായണ കഥകളുടെയും ഘടന വാല്മീകിയിൽ നിന്നു വളരെ വ്യത്യസ്തമാണ്. മഹാരാമായണവും രാമായണ മഹാമാലയും ശിവ-പാർവതീ സംവാദ രൂപത്തിലാണ്. രാമായണ മണിരത്നം വസിഷ്ഠ-അരുന്ധതീ സംവാദ രൂപത്തിലും സൗര്യ രാമായണം ഹനുമാൻ-സൂര്യ സംവാദ ഘടനയിലും ചാന്ദ്ര രാമായണം ഹനുമാന്റെയും സൂര്യന്റെയും സംവാദ രൂപത്തിലും മൈന്ദ രാമായണം മൈന്ദ-കൗരവ സംവാദ രൂപത്തിലും സ്വയംഭുവ രാമായണം ബ്രഹ്മ-നാരദ സംവാദത്തിലുമാണ്. സുവർച്ചസ രാമായണമാകട്ടെ സുഗ്രീവ-താരാ സംവാദ ഘടനയിലും ദേവ രാമായണം ഇന്ദ്ര-ജയന്ദ സംവാദ രൂപത്തിലും ശ്രവണരാമായണം ഇന്ദ്ര-ജനക സംവാദരൂപത്തിലും ദുരന്ത രാമായണം വസിഷ്ഠ-ജനക സംവാദഘടനയിലും രാമായണ ചമ്പു ശിവ-നാരദ സംവാദ രൂപത്തിലുമാണ്.

ഒരുപക്ഷേ, മുകളിൽ പരാമർശിച്ച രാമായണങ്ങൾ കൂടാതെ കാലത്തെ അതിജീവിക്കാത്ത ഒട്ടേറെ രാമായണങ്ങൾ ഉണ്ടായിരിക്കാനാണ് സാധ്യത. ആദിരാമായണത്തെ ആസ്പദമാക്കി വ്യത്യസ്ത പാഠങ്ങൾ ഉത്പാദിപ്പിക്കുന്ന അനേകം രാമായണങ്ങൾ ഉണ്ടായിരിക്കണം. അവയിൽ ഏറ്റവും മികച്ചതും വായനക്കാരെ ഏറ്റവും ആകർഷിച്ചതുമായിരിക്കണം വാല്മീകി രാമായണം.

രാമായണത്തിന്റെ കർതൃത്വം ഹനുമാനിൽ ആരോപിക്കുന്ന പാഠങ്ങൾ ഒട്ടേറെയുണ്ട്. രാമായണം എഴുതി പൂർത്തിയാക്കിയ ശേഷം പർവത ശിഖരത്തിൽ നിന്ന് ഹനുമാൻ ആ കൈയെഴുത്തുപ്രതി വിതറിക്കളഞ്ഞുവത്രേ. അതു പെറുക്കിക്കൂട്ടുന്ന ജോലി മാത്രമാണ് വാല്മീകി ചെയ്തത് എന്നൊരു നാടോടിക്കഥയുണ്ട്.

രാമൻ സീതയെ പരിത്യജിച്ച ശേഷം ഹനുമാൻ ഏറെ വേദന അനുഭവിച്ചു. രാമന്റെ ദുഃഖം കാണേണ്ടിവരിക കൂടി ചെയ്തപ്പോൾ ഹനുമാനത് താങ്ങാനായില്ല. അങ്ങനെ ഖിന്നനായി കഴിയുന്ന കാലത്ത് പാറക്കല്ലുകളിൽ ഹനുമാൻ രാമചരിതം രേഖപ്പെടുത്തിയത്രേ. ഒരിക്കൽ അതുവഴി വന്ന വാല്മീകി ശിലാഖണ്ഡങ്ങൾ കാണുകയും അതിൽ എഴുതിയ രാമകഥ വായിക്കുകയും ചെയ്തു. അത്യന്തം ഹൃദയഹാരിയായി തോന്നിയ ഈ കഥ, താൻ ഗ്രന്ഥ രൂപത്തിലാക്കാമെന്ന് വാല്മീകി ഹനുമാനെ അറിയിച്ചു.

അതു കേട്ട മാത്രയിൽ ഹനുമാൻ അവ ഒന്നൊഴിയാതെ എടുത്ത് സമുദ്രത്തിൽ ആഴ്ത്തിയത്രേ. തന്റെ രാമനെക്കുറിച്ച് താൻ എഴുതിയ കാര്യങ്ങൾ മറ്റൊരാൾക്ക് നൽകുന്നതുപോലും ഹനുമാന് സഹിക്കാൻ കഴിയുമായിരുന്നില്ല.

അട്ടപ്പാടിയിലെ വരഗമ്പാടി ഊരിലും ഊത്തുകുഴി ഊരിലും ഉള്ള ആദിവാസികൾ, വാല്മീകി മഹർഷി രാമായണം എഴുതി നേരിട്ടുവന്ന് ആദിവാസികളെ ഏൽപിച്ചു എന്നു വിശ്വസിക്കുന്നു. വാല്മീകി രാമായണമെഴുതിയത് തമിഴിലാണെന്നാണ് ഇവരുടെ വിശ്വാസം. വരഗമ്പാടി ഊരിലെ ഇരുളർ അവതരിപ്പിക്കുന്ന 'ശ്രീരാമ കുശലവ നാടകം' പ്രസിദ്ധമാണ്. ഇവരുടെ രാമായണ സങ്കൽപം വാല്മീകി രാമായണത്തിൽ നിന്നു ഭിന്നമാണ്.

ഏറ്റവും രസകരമായ വസ്തുത, വാല്മീകി രാമായണം പോലും ഏകരൂപമല്ല എന്നതാണ്. ഗൗഡീയം, ദക്ഷിണാത്യം, പശ്ചിമോത്തരീയം എന്നിങ്ങനെ മൂന്നു പാഠങ്ങൾ വാല്മീകി രാമായണത്തിനുണ്ട്. ഇതിൽ ദാക്ഷിണാത്യ പാഠത്തിനാണ് താരതമ്യേന കൂടുതൽ പ്രചാരം. ഓരോ പാഠത്തിലും മറ്റു പാഠങ്ങളിലില്ലാത്ത ധാരാളം ശ്ലോകങ്ങൾ കാണാം. ദാക്ഷിണാത്യ പാഠവും ഗൗഡീയ പാഠവും തമ്മിൽ താരതമ്യപ്പെടുത്തുമ്പോൾ ശ്ലോകങ്ങളുടെ സംഖ്യയുടെ മൂന്നിലൊന്നു മാത്രമേ ഓരോന്നിലും ഒരേ പാഠത്തിൽ കാണപ്പെടുന്നുള്ളൂ. മൂന്നു പാഠങ്ങളിലും ലഭ്യമാകുന്ന




ശ്ലോകങ്ങളുടെ രൂപം തന്നെ ഒരുപോലെയല്ല. പല സ്ഥലങ്ങളിലും അവയുടെ ക്രമവും വ്യത്യസ്തമാണ് എന്ന് രാമായണ പണ്ഡിതനായ എ ച്ച്. യാക്കോബി വ്യക്തമാക്കുന്നു.

വാല്മീകി രചിച്ച രാമായണം ഗായക സംഘത്തിലൂടെയും മറ്റും പ്രചരിച്ച് വളരെ കാലങ്ങൾക്കു ശേഷം വിഭിന്ന തലമുറകളിലൂടെ കടന്നുവന്ന് വരമൊഴി രൂപത്തിലായിതീർന്നുവെന്നതായിരിക്കാം ഈ പാഠാന്തരങ്ങൾക്ക് കാരണമെന്ന് കാമിൽ ബുൽക്കെ അനുമാനിക്കുന്നു.

വാല്മീകി രാമായണത്തിന്റെ രചനാകാലവും ഖണ്ഡിതമല്ല. വാല്മീകി രാമായണം അനുസരിച്ച് 1,81,49,115 വർഷങ്ങൾക്കു മുമ്പാണ് വാല്മീകി രാമായണം രചിക്കപ്പെട്ടത്. രാമായണ പണ്ഡിതൻമാർ ഈ കാലഗണന അംഗീകരിക്കുന്നില്ല. ഇത്രയും വർഷങ്ങൾക്കു മുമ്പ് മനുഷ്യവംശം പിറവിയെടുത്തിരുന്നുവോ എന്ന കാര്യം പോലും സംശയമാണ്.

പുരാവസ്തു ഗവേഷകനായ എച്ച്.ഡി. സങ്കാലിയ 'രാമായണവും പുരാവസ്തു ഗവേഷണവും' എന്ന വിഷയത്തെപ്പറ്റി നാഗ്പൂർ സർവകലാശാലയിലെ പ്രാചീന ഇന്ത്യാചരിത്ര സാംസ്കാരിക സമാജത്തിൽ പ്രസംഗിക്കവെ, രാമായണത്തിന്റെ കാലം ബി.സി. 1000 ആണെന്നും അത് രചിക്കപ്പെട്ടത് എ.ഡി. 500 -700 കാലഘട്ടത്തിലാണെന്നും പ്രസ്താവിക്കുകയുണ്ടായി.

എന്തുതന്നെയായാലും, രാമായണത്തെക്കുറിച്ച് വസ്തുനിഷ്ഠ പഠനം നടത്തിയ ഒരു പണ്ഡിതനും രാമായണ കാലഘട്ടം 1,81,49,115 വർഷം മുമ്പ് എന്ന സങ്കൽപത്തെ അംഗീകരിക്കുന്നില്ല. ബി.സി. ആയിരാമാണ്ടിനപ്പുറം പോകുന്ന പണ്ഡിതൻമാരും കുറവാണ്. ബുദ്ധനെക്കുറിച്ചുള്ള പരാമർശം ഉള്ളതിനാൽ രാമായണ കാലഘട്ടം ബുദ്ധനും ശേഷമാണെന്ന് അഭിപ്രായപ്പെട്ട പണ്ഡിതന്മാരുണ്ട്.

രാമായണത്തെപ്പറ്റിയുള്ള ഒരു പതിവു ധാരണ രാമായണം ഹൈന്ദവരുടേത് മാത്രമാണെന്നാണ്. ഈയൊരു വിശ്വാസത്തോടെയാണ് പലപ്പോഴും രാമായണം ചർച്ച ചെയ്യപ്പെടാറുള്ളത്. ഇത് രാമായണത്തെ അതിന്റെ പാരമ്പര്യത്തിൽ നിന്നും മനസ്സിലാക്കാത്തതിന്റെ പരിമിതിയാണ്. രാമായണം ഹൈന്ദവരുടെ ഇടയിലെന്നപോലെ, ഏറിയോ കുറഞ്ഞോ ബൗദ്ധ-ജൈന-മുസ്ലിം-ദലിത്-ആദിവാസി വിഭാഗങ്ങൾക്കിടയിലും നിലനിൽക്കുന്നുണ്ട്. മതപാഠം എന്നതിനപ്പുറം സാംസ്കാരിക പാഠം എന്ന അർഥത്തിലാണ് രാമായണത്തിന്റെ പ്രചാരം. രാമായണം ഒരു ഇന്ത്യൻ ഇതിഹാസം എന്നതിനപ്പുറം ഏഷ്യൻ ഇതിഹാസമായി വളർന്നിട്ടുണ്ട്. ഒട്ടുമിക്ക ഏഷ്യൻ രാജ്യങ്ങളിലും രാമായണ പാഠങ്ങൾ നിലവിലുണ്ട്.

എടുത്തുപറയേണ്ട സവിശേഷത, പ്രാചീന രാമകഥാ സാഹിത്യം എന്നത് സംസ്കൃത സാഹിത്യത്തിന്റെ മാത്രം ഭാഗമല്ല എന്നുള്ളതാണ്. രാമകഥാ സാഹിത്യത്തിലെ ഏറ്റവും പ്രസിദ്ധമായ വാൽമീകിയുടെ രാമായണം സംസ്കൃതത്തിലാണെങ്കിൽ ബൗദ്ധ ജാതകങ്ങൾ പാലി ഭാഷയിലും ജൈനമതസ്ഥരുടെ 'പഉമചരിയം' പ്രാകൃതത്തിലുമാണ്. ഈ മൂന്ന് കൃതികളും പങ്കുവെക്കുന്നത് രാമകഥയാണെങ്കിലും അടിസ്ഥാനപരമായ ചില പാഠാന്തരങ്ങൾ ഇവകൾക്കിടയിലുണ്ട്. ഉദാഹരണമായി വാൽമീകിയുടെ രാമൻ അയോധ്യയിലെ രാജാവാണെങ്കിൽ ബുദ്ധിസ്റ്റ് പാഠമനുസരിച്ച് വാരാണസിയിലെ രാജാവാണ്. അയോദ്ധ്യ ഒരു ബുദ്ധകേന്ദ്രം കൂടിയായിരുന്നു എന്ന കാര്യം വിസ്മരിക്കരുത്. ബൗദ്ധകഥയനുസരിച്ച് രാമനും ലക്ഷ്മണനും സീതയും ദശരഥന്റെ ഒരേ ഭാര്യയിലുള്ള മക്കളാണ്. വാൽമീകി രാമായണം ഈ പാഠത്തെ നിരാകരിക്കുന്നു. ഇത്തരത്തിലുള്ള നിരവധി പാഠാന്തരങ്ങൾ പ്രബല രാമായണങ്ങൾക്കിടയിലുണ്ട്.

രാമായണം ഭിന്നമതസ്ഥരെ സ്വാധീനിച്ചതുപോലെ ഭിന്ന രാജ്യക്കാരെയും സ്വാധീനിച്ചിട്ടുണ്ട്. എല്ലാ ഏഷ്യൻ രാജ്യങ്ങളിലും രാമായണ സാഹിത്യമുണ്ട്. ഇന്തോനേഷ്യ, മലേഷ്യ, ചൈന, വിയറ്റ്നാം, ജപ്പാൻ, ബർമ്മ, തായ്ലാന്റ്, നേപ്പാൾ, ശ്രീലങ്ക, കംബോഡിയ, ഫിലിപ്പൈൻസ് തുടങ്ങിയ രാജ്യങ്ങളിലെ രാമായണ ഗ്രന്ഥങ്ങൾ എടുത്തുപറയേണ്ടവയാണ്. ഇവയിൽ ചിലതിൽ ഹൈന്ദവ സ്വാധീനവും മറ്റു ചിലതിൽ ബൗദ്ധ സ്വാധീനവുമാണുള്ളത്.

**നിശ്ചയമായും പാഠ വൈവുല്യം/ ബഹുസ്വരത രാമായണത്തിന്റെ അനന്തമായ സാധ്യതയാണ് പ്രഘോഷിക്കുന്നത്; പരിമിതിയല്ല.**

പൊതുവെ വിദേശ രാമായണ കഥകൾ വാൽമീകി രാമായണത്തോട് ബൗദ്ധ രാമകഥാ പാരമ്പര്യങ്ങളും ബന്ധം പുലർത്തുന്നവയാണെന്ന് നിരീക്ഷിക്കപ്പെട്ടിട്ടുണ്ടെങ്കിലും സൂക്ഷ്മാർഥത്തിൽ, അതത് രാജ്യങ്ങളുടെ നിറവും ഗന്ധവും ഉള്ളവയാണെന്ന് പെട്ടെന്ന് തിരിച്ചറിയുവാനാകും. അതാത് രാജ്യങ്ങളിലെ ജന ജീവിതവും വിശ്വാസാചാരങ്ങളും അവയിൽ നിഴലിക്കുന്നതായി കാണാം. ഉദാഹരണമായി, ബഹുഭർതൃത്വം നിലനിന്നിരുന്ന പ്രദേശമായ പഴയ ടർക്കിസ്ഥാന്റെ കിഴക്കൻ പ്രദേശങ്ങൾ ചേർന്ന ഖോത്താനിൽ പ്രചരിച്ച രാമകഥയിൽ സീതയെ വിവാഹം ചെയ്യുന്നത് രാമനും ലക്ഷ്മണനുമാണ്.

ഒരിന്ത്യൻ കഥയുടെ തനി വിവർത്തനമായി മറ്റൊരു രാജ്യത്തും രാമകഥ നിലനിൽക്കുന്നില്ല. രാമകഥയെ ഭക്തിയുടെ പരകോടികളിൽ പ്രതിഷ്ഠിക്കുന്ന രീതിയിലും വിദേശങ്ങളിൽ പൊതുവെ നിലനിൽക്കുന്നില്ല. രാമകഥാ സാഹിത്യം പുഷ്കലമായി നിലനിൽക്കുന്ന മലേഷ്യയിലെ രാമകഥാ സാഹിത്യ പാരമ്പര്യത്തെക്കുറിച്ച് ഒരഭിമുഖത്തിൽ മലേഷ്യൻ ഉപമുഖ്യമന്ത്രിയായിരുന്ന അൻവർ ഇബ്രാഹിം പറയുന്നത് ഇങ്ങനെയാണ്: "ഞാൻ അഞ്ചു നേരവും നമസ്കരിക്കുന്ന ഒരു മുസ്ലിമാണ്. ഞങ്ങളുടെ സാംസ്കാരികാഘോഷങ്ങളിൽ രാമായണത്തിനും മഹാഭാരതത്തിനും നിർണായകമായ സ്വാധീനമുണ്ട്. മലേഷ്യയുടെ മിക്ക ഭാഗങ്ങളിലും അവ പാരായണം ചെയ്യുന്ന മു

സ്ലിംകളുണ്ട്. പഞ്ചതന്ത്രവും ഈസോപ്പു കഥകളും പോലെ ഞങ്ങൾ അവ ഇഷ്ടപ്പെടുന്നു. ഞങ്ങളുടെ മഹാഭാരതവും രാമായണവും ഒരു പക്ഷേ ഇന്ത്യയിൽ നിങ്ങൾ കാണുന്ന അതേ പ്രകാരത്തിൽ ആയിക്കൊള്ളണമെന്നില്ല. എനിക്ക് തോന്നുന്നത് അവ മലേഷ്യയിൽ ഇസ്ലാമികമായി മാറ്റി എഴുതപ്പെട്ടിട്ടുണ്ട് എന്നാണ്. ഞങ്ങളുടെ പരിമിതികൾക്കകത്ത് നിന്നുകൊണ്ട് സംസ്കാരത്തിന്റെ ഭാഗമായി ഈ ഇതിഹാസങ്ങളെ ഉൾക്കൊണ്ടു എന്നാണ്." അൻവർ ഇബ്രാഹിമിന്റെ വാക്കുകൾ മലേഷ്യയിൽ രാമായണ പാരമ്പര്യത്തിനു മാത്രമല്ല, രാമായണം പ്രചരിച്ച മറ്റു രാജ്യങ്ങൾക്കും ബാധകമാണ്.

രാമകഥയ്ക്ക് മുകളിൽ പറഞ്ഞ രീതിയിൽ അസംഖ്യം വരമൊഴിപാഠങ്ങൾ നിലനിൽക്കവെതന്നെ, എണ്ണി തിട്ടപ്പെടുത്താവാനാകാത്ത വിധം വാമൊഴി പാഠങ്ങളും ഉണ്ടാവുകയും ഉണ്ടായി കൊണ്ടിരിക്കുകയും ചെയ്യുന്നുണ്ട്. വരമൊഴി പാഠങ്ങൾ ഖരരൂപത്തിലുള്ളതാണെങ്കിൽ വാമൊഴി പാഠങ്ങൾ ദ്രവരൂപമാർന്നതാണ്. ഒഴുകി കൊണ്ടിരിക്കുന്നതും നവീകരിച്ചുകൊണ്ടിരിക്കുന്നതുമാണ്. ഒരേ പാഠനത്തിന് തന്നെ അസംഖ്യം പാഠാന്തരങ്ങൾ കാണാം. ഒരു വാമൊഴി കഥ അതേ രൂപത്തിൽ എത്ര കാലം നിലനിൽക്കും എന്നു പോലും പറയുവാനാകില്ല. ഒരാളിൽ നിന്ന് മറ്റൊരാളിലേക്ക് കൈമാറ്റം ചെയ്യപ്പെടുമ്പോൾ തന്നെ അതിൽ മാറ്റങ്ങൾ സംഭവിക്കാം. പറയുന്ന ആളിന്റെ അറിവ്, ജീവിത പശ്ചാത്തലം, ലിംഗം, ജാതി തുടങ്ങിയവയെല്ലാം കഥ പറച്ചിലിലും സ്വാധീനം ചെലുത്തിയേക്കാം. അതിനാൽ വാമൊഴി പാരമ്പര്യത്തിൽ, രാമായണത്തിന് ലിംഗപാഠം ജാതിപാഠം പ്രാദേശികപാഠം എന്നിവയൊക്കെ സാധ്യമാണ്. തങ്ങൾ വർത്തമാനകാലത്ത് അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളുടെ നിഴലാട്ടം പോലും വാമൊഴി കഥപാരമ്പര്യത്തിലുള്ള രാമകഥകളിൽ കാണാം. (വയനാട്ടിലെ 'അടിയ രാമായണ'കഥ അവതരിപ്പിക്കുന്ന മാതൈ, അടിയാൻമാരുടെ ഭൂരഹിതാവസ്ഥ ലങ്കാ ദഹന ഘട്ടത്തിൽ സൂചിപ്പിക്കുന്നത് ഉദാഹരണം).

വാമൊഴി പാരമ്പര്യത്തിൽ, ആദിവാസികൾക്കിടയിൽ നിലനിൽക്കുന്ന രാമകഥാപാരമ്പര്യം സവിശേഷ പഠനം അർഹിക്കുന്ന മേഖലയാണ്. കേരളത്തിനു പുറത്ത് ഇത്തരത്തിലുള്ള നിരവധി പഠനങ്ങൾ നടന്നിട്ടുണ്ട്. പ്രത്യേകിച്ച്, സന്താലി, കോല, ഉറാംവ്, ഗോണ്ട്, ബിർഹോർ, പർധാൻ, ബൈഗാ-ഭൂമിയാ, ആഗാരിയ, മുണ്ഡ തുടങ്ങിയ വിഭാഗങ്ങൾക്കിടയിൽ നടന്ന ഗവേഷണങ്ങൾ എടുത്തുപറയേണ്ടതാണ്. ഇവയിൽ പല വിഭാഗങ്ങളും രാമായണ പാരമ്പര്യം അവകാശപ്പെടുന്നവരാണ്. ഗോണ്ട്, ഉറാംവ് ജാതികൾ, തങ്ങൾ രാവണന്റെ വംശജരാണെന്ന് അവകാശപ്പെടുന്നു.

മധ്യഭാരതത്തിലെ കോലൻമാർ തങ്ങൾ രാമായണ കഥാപാത്രമായ ശബരിയുടെ വംശത്തിൽ പെട്ടവരാണെന്ന് വാദിക്കുന്നു.

ഹനുമാന്റെ വംശത്തിൽ പെട്ടവർ എന്നവകാശപ്പെടുന്ന, വാനരൻ എന്നർത്ഥമുള്ള ഒട്ടേറെ ജാതികൾ ഇന്ത്യയിലുണ്ട് (ബജ്റംഗ്, ഹൽമാൻ, ഗഢി, തിഗ്ഗ).

'വാൽമീകി' എന്നതും ഉത്തരേന്ത്യയിലെ ഒരു ജാതിപ്പേരാണ്. വാൽമീകി മഹർഷി തങ്ങളുടെ സമുദായത്തിൽപെട്ട ആളായിരുന്നു എന്ന് ഈ പിന്നോക്ക ജാതിക്കാർ അഭിമാനിക്കുന്നു.

കേരളത്തിലെ ഇരുളർ, അടിയർ, കുറിച്യർ, മുള്ളകുറുമർ, പണിയർ തുടങ്ങിയ ആദിവാസി വിഭാഗങ്ങൾക്കിടയിൽ രാമായണ കഥകൾ പ്രചാരത്തിലുണ്ട്. രാമായണത്തെ തങ്ങളുടെ ജീവിത ചുറ്റുപാടുകളിലേക്കും വിശ്വാസാചാരങ്ങളിലേക്കും സന്നിവേശിപ്പിക്കുകയാണ് അവർ ചെയ്തത്.

വാൽമീകി രാമായണത്തിൽ നിന്ന് ഏറെ വ്യത്യസ്തമായ പാഠമാണ് വയനാട്ടിലെ വാമൊഴി രാമായണങ്ങൾ മുന്നോട്ടുവെക്കുന്നത്. അവ എ.കെ. രാമാനുജൻ മുതൽ ഡോ. കെ.എൻ. പണിക്കർ വരെയുള്ളവർ നിരീക്ഷിച്ചതുപോലെ സ്വതന്ത്രമായ 'പറയലു'കളാണ്.

വയനാടിന്റെ സംസ്ക്കാരികവും സാമൂഹികവും പ്രാദേശികവും പ്രകൃതിസംബന്ധിയുമായ പ്രത്യേകതകളുമായി ഇഴുകിച്ചേർന്നിട്ടുള്ളവയാണ് വയനാടൻ രാമകഥകൾ. തീർച്ചയായും രാമായണ സാഹിത്യമെന്ന മഹാസമുദ്രത്തിലേക്കുള്ള അരുവികളാണിവ. ഇന്ത്യൻ ഇതിഹാസത്തിന്റെ ബഹുസ്വരമായ വ്യാഖ്യാനങ്ങളിലും പാഠ വൈപുല്യത്തിലും ഇവയുടെ ശബ്ദമുണ്ട്. നിശ്ചയമായും ഈ പാഠ വൈപുല്യം/ബഹുസ്വരത രാമായണത്തിന്റെ അനന്തമായ സാധ്യതയാണ് പ്രഘോഷിക്കുന്നത്; പരിമിതിയല്ല.





**വാസ്കോഡഗാമ കാപ്പാട് കപ്പലിറങ്ങിയതിന്റെ അഞ്ഞൂറാം വാർഷികത്തോടനുബന്ധിച്ച് നടന്ന സംവാദം**

## ഗാമയുടെ പൈതൃകം

**എഡി: സിവിക് ചന്ദ്രൻ**

**വില: 60 രൂപ**

ധരംപാൽ, ഹാജി മുഹമ്മദ് ഇദ്രീസ്, ക്ലോഡ് അൽവാരിസ്, സുകുമാർ അഴീക്കോട്, കൊളാടി ഗോവിന്ദൻകുട്ടി, ആനന്ദ്, പി.ഗോവിന്ദപിള്ള, എം.ഗംഗാധരൻ, വിഷ്ണുനാരായണൻ നമ്പൂതിരി, കെ.വേണു, കെ.എം.ബഹാവുദ്ദീൻ, ദളിത് ബന്ധു എൻ കെ.ജോസ്, ഫിലിപ്പ് എം. പ്രസാദ്, ടി.വി.അച്യുതവാര്യർ, ജോർജ്ജ് മൂലേച്ചാൽ, ഇ.ഐ.എസ്.തിലകൻ, ജി.വിക്രമൻനായർ, ഐ.എം.വേലായുധൻ, എസ്.എം.മുഹമ്മദ് കോയ, ജോൺസി ജേക്കബ്ബ്, വടക്കേടത്ത് പത്മനാഭൻ, പി.ആർ.ജെ.പ്രദീപ്, ജോസഫ് പുലിക്കുന്നേൽ, എം.റഷീദ്, കെ.ഗോപിനാഥൻ, ചെറായി രാമദാസ്, പുലാപ്ര ബാലകൃഷ്ണൻ, എം.ഐ.തങ്ങൾ, പവനൻ, വിഎച്ച് ദിരാർ, സൻജയ് സുബ്രഹ്മണ്യം

അഭിമുഖം: ഇ സുലൈമാൻ മുസ്‌ലിയാർ

www.risalaonline.com email: risalaweekly@risalaonline.com ₹10.00

# രിസാല

വാരിക

30 ഡിസംബർ 2015



# ശ്രീ കുമ്മനം; ഈ 'രാജയോഗം'

## കേരളത്തിന്റെ മനസ്സ് വെട്ടിനുറുക്കാനാവരുതേ!

പുസ്തക പരിചയം

ഡോ.അസീസ് തരുവണ

# തമിഴിലെ മലയാളത്തിന്റെ അംബാസിഡർ

**പൊതുവെ വിമോചന പോരാളിയായി അവതരിപ്പിക്കപ്പെടാറുള്ള പുലിത്തലവൻ പ്രഭാകരന്റെ കടുത്ത മുസ്‌ലിം വിരോധ മുഖം ഇതിനുമുമ്പ് ഏറെയൊന്നും രേഖപ്പെടുത്തിയിട്ടില്ല. ഈ ഗ്രന്ഥത്തിലെ 'ചുവന്ന ലങ്കയിലെ പച്ചപ്പരാമർശങ്ങൾ' എന്ന ലേഖനം തമിഴിലേക്കുകൂടി പരിഭാഷപ്പെടുത്തുകയാണെങ്കിൽ ഏറെ ചർച്ചകൾക്കും സംവാദങ്ങൾക്കും ഇടയാക്കുമെന്നതിൽ സംശയമില്ല**

തമിഴും മലയാളവും തമ്മിലുള്ള ബന്ധം നൂറ്റാണ്ടുകൾ പഴക്കമുള്ളതാണ്. കണ്ടുകിട്ടിയതിൽ വെച്ച് ഏറ്റവും പഴക്കമുള്ള മലയാള കൃതിയായ രാമചരിത(ക്രി.വ 13ാം ശതകം)മാകട്ടെ, തമിഴും മലയാളവും ഇടകലർന്ന രൂപത്തിലാണ് എഴുതപ്പെട്ടത്. രസികശിരോമണി കുഞ്ഞായിൻ മുസ്‌ലിയാരുടെ കപ്പപ്പാട്ട് അടക്കമുള്ള നിരവധി മലയാള കാവ്യങ്ങളിൽ ഈ ഭാഷാ മിശ്രിതരൂപമാണുള്ളത്. ഇന്നത്തെ രീതിയിലുള്ള 'ശുദ്ധമലയാളം' രൂപപ്പെടുന്നതിനുമുമ്പ് മലയാളമെന്ന പേരിൽ കേരളത്തിൽ പലയിടത്തും നിലനിന്നിരുന്ന സംസാര-സാഹിത്യ ഭാഷയായിരിക്കാം ഈ ഭാഷാ മിശ്രിതരൂപം. ഭാഷാടിസ്ഥാനത്തിൽ സംസ്ഥാനങ്ങൾ രൂപം കൊള്ളുന്നതിനു മുമ്പ് ഇന്നത്തെക്കാളേറെ പലവിധ ആവശ്യങ്ങൾക്കായി ഇരുഭാഷക്കാരും ബന്ധം പുലർത്തിയിരുന്നു. മലബാറുകാർക്ക് തിരുവനന്തപുരത്തെക്കാൾ ബന്ധം മദിരാശിയോടായിരുന്നു ഈ അടുത്ത കാലം വരെ. ഇരുഭാഷാദേശത്തുമുള്ളവർ തമ്മിൽ പലവിധ ആദാനപ്രദാനങ്ങൾ ശക്തമായി നിലനിന്നിരുന്ന ഒരു കാലമുണ്ടായിരുന്നു. തമിഴ്നാട്ടിലെയും കേരളത്തിലെയും മത പണ്ഡിതന്മാരും കലാകാരന്മാരും തമ്മിൽ അടുത്ത ബന്ധം പുലർത്തിയിരുന്ന കാലം. മതവൈജ്ഞാനിക കേന്ദ്രങ്ങളായിരുന്ന പൊന്നാനിയും കായൽപ്പട്ടണവും അന്ന് വിദൂരതയിലായിരുന്നില്ല. ഇരുദേശത്തെയും പണ്ഡിതന്മാർ മഖ്ദൂമിങ്ങളും ഖാഹിരിമാരും ഉറ്റ സൗഹൃദം നിലനിർത്തിയിരുന്ന കാലം.



*ആരോടും ചൊല്ലാതെ*
തോപ്പിൽ മുഹമ്മദ് മീരാൻ
പ്രസാ. ഐപിബി ബുക്സ്

അറബി ഭാഷ പണ്ഡിതന്മാരെയും, അറബി മലയാളവും അറബിത്തമിഴും സാമാന്യ ജനതയെയും കൂട്ടിയിണക്കിയ ഘടകമായിരുന്നു അന്ന്. അറബിത്തമിഴിലും അറബിമലയാളത്തിലുമുണ്ടായ ഗ്രന്ഥങ്ങളിൽ പോലും ആഴമാർന്ന ഈ ബന്ധത്തിന് തെളിവുകൾ അനവധിയാണ്. ഗ്രന്ഥനാമങ്ങൾ പോലും സമാനമായതു ഈ വിനിമയത്തിന്റെ ഫലമാണ്. എന്നാൽ ഭാഷാടിസ്ഥാനത്തിൽ രണ്ടു സംസ്ഥാനങ്ങൾ രൂപപ്പെടുകയും അറബി മലയാളവും അറബിത്തമിഴും ഏറെക്കുറെ മൃതമാവുകയും ചെയ്തതോടെ ആദാനപ്രദാനങ്ങൾ കുറയുകയാണ് ചെയ്തത്.(മറ്റ് അനവധി ഘടകങ്ങൾ ഈ അകൽച്ചക്ക് നിമിത്തമായിട്ടുണ്ട്).

ഇടക്കാലത്ത്, ഇരുദേശങ്ങളിലുമുള്ളവർ തമ്മിൽ ഏറെ അകന്നുപോയിരുന്നെങ്കിലും വീണ്ടും കൂട്ടിയോജിപ്പിക്കുന്ന കണ്ണികൾ രൂപപ്പെട്ടുകഴിഞ്ഞിരിക്കുന്നു. പരിഭാഷകളിലൂടെ

ഇരുദേശത്തെയും സാഹിത്യവിനിമയം ഇന്ന് ശക്തമാണ്. തമിഴും മലയാളവും ഒരുപോലെ എഴുതുവാൻ കഴിയുന്ന എഴുത്തുകാർ കുറവാണെങ്കിലും മലയാളിയെന്നോ തമിഴനെന്നോ പെട്ടെന്ന് വ്യവഛേദിച്ചുപറയാൻ കഴിയാത്ത ചില കണ്ണികൾ ഇന്നുണ്ട്. കേന്ദ്ര സാഹിത്യ അക്കാദമി അവാർഡ് ജേതാവ് തോപ്പിൽ മുഹമ്മദ് മീരാൻ അത്തരമൊരു കണ്ണിയാണ്. ഭാഷകളെയും ദേശങ്ങളെയും കൂട്ടിയോജിപ്പിക്കുന്ന കണ്ണി. എം എൻ കാരശ്ശേരിയുടെ വാക്കുകളിൽ പറഞ്ഞാൽ, ഇരുഭാഷകൾക്കുമിടയിലെ അംബാസിഡർ.

തമിഴ്, മലയാള ഭാഷകളിൽ അനായാസം എഴുതുവാനും പ്രഭാഷണം നടത്തുവാനും കഴിയുന്ന ബഹുഭാഷ പണ്ഡിതനാണ് മീരാൻ. തമിഴിൽ പത്തൊൻപത് ഗ്രന്ഥങ്ങളും മലയാളത്തിൽ നാലു പുസ്തകങ്ങളും അദ്ദേഹം രചിച്ചിട്ടുണ്ട്. തമിഴ്നോവലിസ്റ്റായിട്ടാണ്മീരാൻ അറിയപ്പെടുന്നതെങ്കിലും മലയാളിക്കിന്നദ്ദേഹം എം ടിയെപ്പോലെ, സക്കറിയയെപ്പോലെ, ബഷീറിനെപ്പോലെ സുപരിചിതനാണ്.

തമിഴിലും മലയാളത്തിലുമായി ഇരുപത്തിനാലോളം ഗ്രന്ഥങ്ങൾ രചിച്ചിട്ടുള്ള മീരാന്റെ ആദ്യ ലേഖനസമാഹാരമാണ് ഐ പി ബി പ്രസിദ്ധീകരിച്ച 'ആരോടും ചൊല്ലാതെ' എന്ന പുസ്തകം. പലപ്പോഴായി മലയാള പത്രമാസികകളിൽ അദ്ദേഹമെഴുതിയ പഠനങ്ങളും ഓർമകളുമാണിത്.

പുസ്തകത്തിലെ അധ്യായങ്ങൾ വിഷയക്രമമനുസരിച്ച് അഞ്ചായി തിരിച്ചിട്ടുണ്ട്. ദേശം എന്ന ഒന്നാംഭാഗത്ത് നാലു ലേഖനങ്ങളാണുള്ളത്. തന്റെ ജന്മദേശത്തെ ബാല്യകാല ഓർമകളും എ ടി ഹിന്ദുകോളേജിലെ പഠനകാലത്തെ തീക്ഷ്ണമായ അനുഭവങ്ങളുമാണ് ദേശത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഒരു കഥപോലെ വായിച്ചുപോകാവുന്ന കുറിപ്പുകളാണിവ.

യാത്ര എന്ന രണ്ടാം ഭാഗത്ത്, മൂന്ന് ലേഖനങ്ങളാണുള്ളത്. ഉടയതമ്പുരാന്റെ ഖുദ്റത്തുകൾ, ചുവന്ന ലങ്കയിലെ പച്ചപ്പരമാർത്ഥങ്ങൾ എന്നീ ലേഖനങ്ങൾ ശ്രീലങ്കാ യാത്രയിലുണ്ടായ അനുഭവങ്ങളാണ്. ചുവന്ന ലങ്കയിലെ പച്ചപ്പരമാർത്ഥങ്ങളിൽ ശ്രീലങ്കയിൽ



**ഖുതുബിയത്തിന്റെ രചയിതാവ് എന്ന നിലയിലാണ് ഖാഹിരി(റ) യെ മലയാളികൾക്ക് പരിചയം. അതിനപ്പുറം മഹാജ്ഞാനിയായ കവിയായ ഖാഹിരിയെ മീരാൻ ഈ ഗ്രന്ഥത്തിലൂടെ അവതരിപ്പിക്കുന്നു.ഖാഹിരിക്കുപൊന്നാനിപണ്ഡിതന്മാരുംഅറബ്പണ്ഡിതരുമായുള്ളബന്ധമടക്കംഇനിയുംഏറെഗവേഷണമർഹിക്കുന്ന ഒട്ടേറെ കാര്യങ്ങളിലേക്ക് ഈ ലേഖനം വെളിച്ചം വീശുന്നു.**

എൽ ടി ടി ഇ നടത്തിയ സമാനതകളില്ലാത്ത ക്രൂരതകളെപ്പറ്റി അനുഭവസ്ഥരുടെ സാക്ഷിമൊഴികളോടെ മീരാൻ വിവരിക്കുന്നു. ഒരു സർഗാത്മക എഴുത്തുകാരനിലുപരി അന്വേഷണാത്മക പത്രപ്രവർത്തകന്റെ രചനാവൈഭവവും അന്വേഷണ രീതിയുമാണ് ഈ ലേഖനത്തിലുടനീളം പ്രകടമാവുന്നത്. എൽ ടി ടി ഇയെപ്പറ്റിയും പ്രഭാകരനെക്കുറിച്ചും നാം കേൾക്കാത്ത മുഖമാണ് മീരാൻ അനാവരണം ചെയ്യുന്നത്. പൊതുവെ വിമോചന പോരാളിയായി അവതരിപ്പിക്കപ്പെടാറുള്ള പ്രഭാകരന്റെ പ്രവർത്തനങ്ങളുടെ മറുപുറമാണ് മീരാൻ വസ്തുനിഷ്ഠ തെളിവുകളോടെ വിവരിക്കുന്നത്. കടുത്ത മുസ്‌ലിം വിരോധിയായ പ്രഭാകരന്റെ മുഖം ഇതിനുമുമ്പ് ഏറെയൊന്നും രേഖപ്പെടുത്തിയിട്ടില്ല. ഈയൊരു ലേഖനം തമിഴിലേക്കുകൂടി പരിഭാഷപ്പെടുത്തുകയാണെങ്കിൽ ഏറെ ചർച്ചകൾക്കും സംവാദങ്ങൾക്കും ഇടയാക്കുമെന്നതിൽ സംശയമില്ല.

ഖാജയുടെ ദൂതന്മാർ എന്ന ലേഖനം മീരാൻ ഭാര്യാസമേതം അജ്മീർ ദർഗയിലേക്ക് നടത്തിയ തീർത്ഥാടനത്തിന്റെ ഹൃദയസ്പർശിയായ വിവരണമാണ്. താനൊരു വിശ്വാസിയാണെന്ന് ഉച്ചൈസ്തരം ഉദ്ഘോഷിക്കുവാൻ മടിയില്ലാത്ത എഴുത്തുകാരനാണ്



*തോപ്പിൽ മുഹമ്മദ് മീരാൻ*

മലയാളത്തിന്റെ പ്രിയപ്പെട്ട എഴുത്തുകാരൻ വൈക്കം മുഹമ്മദ് ബഷീർ തമിഴിൽ എങ്ങനെ വായിക്കപ്പെടുകയും ചർച്ചചെയ്യപ്പെടുകയും ചെയ്യുന്നു എന്ന് ഒരു സാഹിത്യനിരൂപകന്റെ രചനാവൈഭവത്തോടെ മീരാൻ വിവരിക്കുന്നു.

അറബിത്തമിഴ് എങ്കൾ അൻപുതമിഴ് എന്ന പ്രൗഢമായ ലേഖനം; അറബിത്തമിഴിനെക്കുറിച്ചുള്ള ആഴമാർന്ന പഠനമാണ്. ഈ വിഷയകമായി ഇത്ര വിശദമായ പഠനം മലയാളത്തിൽ വേറെയുണ്ടായിട്ടില്ല. അറബിമലയാളത്തെക്കാൾ പാരമ്പര്യവും സാഹിത്യസമ്പത്തുമുള്ള ഈ ഭാഷാരൂപവും അന്യമാവുകയാണെന്ന ദുഃഖസത്യവും മീരാൻ വെളിപ്പെടുത്തുന്നു. അറബിമലയാളത്തെപ്പറ്റി പഠന ഗവേഷണങ്ങൾ നടക്കുന്നതുപോലെ അറബിത്തമിഴിനെക്കുറിച്ച് കാര്യമായ പഠനങ്ങൾ നടക്കുന്നില്ല എന്ന കാര്യം മീരാൻ പലതവണ വിശദമാക്കിയിട്ടുള്ളതാണ്. ഗവേഷകരെ സംബന്ധിച്ചേടത്തോളം അമൂല്യമായൊരു പ്രബന്ധമാണിത്.

രിസാലയുടെ മതേതരത്വം എന്ന അവസാന ലേഖനം രിസാലയുടെ സ്ഥിരം വായനക്കാരനായ മീരാന് എന്താണ് രിസാല എന്നു വ്യക്തമാക്കുന്നു. രിസാലയിൽ പ്രസിദ്ധീകരിക്കുന്ന വൈവിധ്യമാർന്ന ലേഖനങ്ങളും പഠനങ്ങളും എവ്വിധമാണ് തനിക്ക് പ്രിയപ്പെട്ടതാകുന്നതെന്ന് മീരാൻ വിവരിക്കുന്നു. വളരെ വിദൂരതയിൽ അന്യാഭാഷാദേശത്തിരുന്ന് ഒരാൾ രിസാലയെ എങ്ങനെ നോക്കിക്കാണുന്നു എന്ന കൗതുകം ഈ ലേഖനം വായിക്കുമ്പോൾ നമുക്കനുഭവപ്പെടുന്നു.

**രിസാലയുടെ മതേതരത്വം എന്ന അവസാന ലേഖനം രിസാലയുടെ സ്ഥിരം വായനക്കാരനായ മീരാന് എന്താണ് രിസാല എന്നു വ്യക്തമാക്കുന്നു. രിസാലയിൽ പ്രസിദ്ധീകരിക്കുന്ന വൈവിധ്യമാർന്ന ലേഖനങ്ങളും പഠനങ്ങളും എവ്വിധമാണ് തനിക്ക് പ്രിയപ്പെട്ടതാകുന്നതെന്ന് മീരാൻ വിവരിക്കുന്നു.**

മീരാൻ. അജ്മീർ ദർഗയെപ്പറ്റി പറയുമ്പോൾ അവിടുത്തെ ചില ഭൗതിക അസൗകര്യങ്ങളിലേക്കുകൂടി വിരൽ ചൂണ്ടുന്നു.

ആത്മായനം എന്ന മൂന്നാംഭാഗത്ത് രണ്ട് ലേഖനങ്ങളാണുള്ളത്. ഖുർആന്റെ തലോടൽ, മദീനാ പൊയ്കയിലെ താമര എന്നീ ലേഖനങ്ങൾ. രണ്ടിലും അടിയുറച്ച വിശ്വാസിയായ മീരാന്റെ ആത്മീയാന്വേഷണമാണ് വിവരിക്കുന്നത്. വിശ്വാസത്തിന്റെ അനുഭൂതിദായകമായ ചില അനുഭവങ്ങൾ മീരാൻ വളച്ചുകെട്ടില്ലാതെ വെളിപ്പെടുത്തുന്നു.

സദഖതുല്ലാഹിൽഖാഹിരിയെ പറ്റിയുള്ള ദീർഘപഠനമാണ് ഗുരു എന്ന അടുത്ത ഭാഗത്തുള്ളത്. ഒരുപക്ഷേ മലയാളത്തിലുണ്ടായ ഏറ്റവും നല്ല ഖാഹിരി പഠനമാണിത്. ഖുതുബിയത്തിന്റെ രചയിതാവ് എന്ന നിലയിലാണ് ഖാഹിരിയെ മലയാളികൾക്ക് പരിചയം. അതിനപ്പുറം മഹാജ്ഞാനിയായ കവിയായ ഖാഹിരിയെ മീരാൻ ഈ പഠനവത്തിലൂടെ അവതരിപ്പിക്കുന്നു. ഖാഹിരിക്കു പൊന്നാനി പണ്ഡിതന്മാരും അറബ് പണ്ഡിതരുമായുള്ള ബന്ധമടക്കം ഇനിയും ഏറെ ഗവേഷണമർഹിക്കുന്ന ഒട്ടേറെ കാര്യങ്ങളിലേക്ക് ഈ ലേഖനം വെളിച്ചം വീശുന്നു.

പഠനം, വീക്ഷണം എന്ന അവസാനഭാഗത്ത് മൂന്ന് ലേഖനങ്ങളാണുള്ളത്. മൂന്നും മൂന്നുതരത്തിൽ പ്രസക്തമായ ലേഖനങ്ങൾ.

മീരാൻ എന്ന സർഗാത്മക എഴുത്തുകാരൻ തന്റെ ദേശത്തിലൂടെയും കാലത്തിലൂടെയും നടത്തുന്ന സഞ്ചാരമാണീ കൃതി. തന്റെ ജീവിതത്തിലുണ്ടായ വ്യത്യസ്താനുഭവങ്ങളിലൂടെ- ഊരുവിലക്കുമുതൽ വറുതിയുടെ നാളുകൾ വരെ- ഹൃദയസ്പർശിയായി മീരാൻ കടന്നുപോവുന്നു. കടും വേദനകളുടെ കയത്തിൽനിന്ന് ശുഭസന്ദർഭങ്ങളുടെ പടവുകളിലേക്ക് കയറിപ്പോരുന്നതിന്റെ നിറം മങ്ങാത്ത ചിത്രങ്ങൾ വായനക്കാരനെ ആഴത്തിൽ അനുഭവിപ്പിക്കുന്ന ഭാഷയിൽ മീരാൻ ആവിഷ്കരിക്കുന്നു.

ഈ കൃതിയിലെ പഠനങ്ങളിൽ പോലും ഒരു സർഗാത്മക എഴുത്തുകാരന്റെ കൈയൊപ്പ് പതിഞ്ഞുകിടപ്പുണ്ട്. അനുഭവങ്ങളുമായി ബന്ധിപ്പിച്ചുകൊണ്ടാണ് പഠനങ്ങൾ പോലും അദ്ദേഹം ആവിഷ്കരിക്കുന്നത്. എല്ലാ അർത്ഥത്തിലും മലയാള ഭാഷക്കുകിട്ടിയ ഒരമൂല്യ ഗ്രന്ഥമാണിത്. ■

അഭിമുഖം: ഇ സുലൈമാൻ മുസ്‌ലിയാർ

www.risalaonline.com email: risalaweekly@risalaonline.com ₹10.00

# രിസാല

വാരിക

30 ഡിസംബർ 2015



# ശ്രീ കുമ്മനം; ഈ 'രാജയോഗം'

## കേരളത്തിൻെറ മനസ്സ് വെട്ടിനുറുക്കാനാവരുതേ!

**പുസ്തക പരിചയം**

ഡോ.അസീസ് തരുവണ

# തമിഴിലെ മലയാളത്തിന്റെ അംബാസിഡർ

**പൊതുവെ വിമോചന പോരാളിയായി അവതരിപ്പിക്കപ്പെടാറുള്ള പുലിത്തലവൻ പ്രഭാകരന്റെ കടുത്ത മുസ്‌ലിം വിരോധ മുഖം ഇതിനുമുമ്പ് ഏറെയൊന്നും രേഖപ്പെടുത്തിയിട്ടില്ല. ഈ ഗ്രന്ഥത്തിലെ 'ചുവന്ന ലങ്കയിലെ പച്ചപ്പരാമർശങ്ങൾ' എന്ന ലേഖനം തമിഴിലേക്കുകൂടി പരിഭാഷപ്പെടുത്തുകയാണെങ്കിൽ ഏറെ ചർച്ചകൾക്കും സംവാദങ്ങൾക്കും ഇടയാക്കുമെന്നതിൽ സംശയമില്ല**

തമിഴും മലയാളവും തമ്മിലുള്ള ബന്ധം നൂറ്റാണ്ടുകൾ പഴക്കമുള്ളതാണ്. കണ്ടുകിട്ടിയതിൽ വെച്ച് ഏറ്റവും പഴക്കമുള്ള മലയാള കൃതിയായ രാമചരിത(ക്രി.വ 13ാം ശതകം)മാകട്ടെ, തമിഴും മലയാളവും ഇടകലർന്ന രൂപത്തിലാണ് എഴുതപ്പെട്ടത്. രസികശിരോമണി കുഞ്ഞായിൻ മുസ്‌ലിയാരുടെ കപ്പപ്പാട്ട് അടക്കമുള്ള നിരവധി മലയാള കാവ്യങ്ങളിൽ ഈ ഭാഷാ മിശ്രിതരൂപമാണുള്ളത്. ഇന്നത്തെ രീതിയിലുള്ള 'ശുദ്ധമലയാളം' രൂപപ്പെടുന്നതിനുമുമ്പ് മലയാളമെന്ന പേരിൽ കേരളത്തിൽ പലയിടത്തും നിലനിന്നിരുന്ന സംസാര-സാഹിത്യ ഭാഷയായിരിക്കാം ഈ ഭാഷാ മിശ്രിതരൂപം. ഭാഷാടിസ്ഥാനത്തിൽ സംസ്ഥാനങ്ങൾ രൂപം കൊള്ളുന്നതിനു മുമ്പ് ഇന്നത്തെക്കാളേറെ പലവിധ ആവശ്യങ്ങൾക്കായി ഇരുഭാഷക്കാരും ബന്ധം പുലർത്തിയിരുന്നു. മലബാറുകാർക്ക് തിരുവനന്തപുരത്തെക്കാൾ ബന്ധം മദിരാശിയോടായിരുന്നു ഈ അടുത്ത കാലം വരെ. ഇരുഭാഷാദേശത്തുമുള്ളവർ തമ്മിൽ പലവിധ ആദാനപ്രദാനങ്ങൾ ശക്തമായി നിലനിന്നിരുന്ന ഒരു കാലമുണ്ടായിരുന്നു. തമിഴ്‌നാട്ടിലെയും കേരളത്തിലെയും മത പണ്ഡിതന്മാരും കലാകാരന്മാരും തമ്മിൽ അടുത്ത ബന്ധം പുലർത്തിയിരുന്ന കാലം. മതവൈജ്ഞാനിക കേന്ദ്രങ്ങളായിരുന്ന പൊന്നാനിയും കായൽപ്പട്ടണവും അന്ന് വിദൂരതയിലായിരുന്നില്ല. ഇരുദേശത്തെയും പണ്ഡിതന്മാർ മഖ്ദൂമിങ്ങളും ഖാഹിരിമാരും ഉറ്റ സൗഹൃദം നിലനിർത്തിയിരുന്ന കാലം.



*ആരോടും ചൊല്ലാതെ*
തോപ്പിൽ മുഹമ്മദ് മീരാൻ
പ്രസാ. ഐപിബി ബുക്സ്

അറബി ഭാഷ പണ്ഡിതന്മാരെയും, അറബി മലയാളവും അറബിത്തമിഴും സാമാന്യ ജനതയെയും കൂട്ടിയിണക്കിയ ഘടകമായിരുന്നു അന്ന്. അറബിത്തമിഴിലും അറബിമലയാളത്തിലുമുണ്ടായ ഗ്രന്ഥങ്ങളിൽ പോലും ആഴമാർന്ന ഈ ബന്ധത്തിന് തെളിവുകൾ അനവധിയാണ്. ഗ്രന്ഥനാമങ്ങൾ പോലും സമാനമായതു ഈ വിനിമയത്തിന്റെ ഫലമാണ്. എന്നാൽ ഭാഷാടിസ്ഥാനത്തിൽ രണ്ടു സംസ്ഥാനങ്ങൾ രൂപപ്പെടുകയും അറബി മലയാളവും അറബിത്തമിഴും ഏറെക്കുറെ മൃതമാവുകയും ചെയ്തതോടെ ആദാനപ്രദാനങ്ങൾ കുറയുകയാണ് ചെയ്തത്.(മറ്റ് അനവധി ഘടകങ്ങൾ ഈ അകൽച്ചക്ക് നിമിത്തമായിട്ടുണ്ട്).

ഇടക്കാലത്ത്, ഇരുദേശങ്ങളിലുമുള്ളവർ തമ്മിൽ ഏറെ അകന്നുപോയിരുന്നെങ്കിലും വീണ്ടും കൂട്ടിയോജിപ്പിക്കുന്ന കണ്ണികൾ രൂപപ്പെട്ടുകഴിഞ്ഞിരിക്കുന്നു. പരിഭാഷകളിലൂടെ



**ഖുതുബിയത്തിന്റെ രചയിതാവ് എന്ന നിലയിലാണ് ഖാഹിരി(റ) യെ മലയാളികൾക്ക് പരിചയം. അതിനപ്പുറം മഹാജ്ഞാനിയായ കവിയായ ഖാഹിരിയെ മീരാൻ ഈ ഗ്രന്ഥത്തിലൂടെ അവതരിപ്പിക്കുന്നു. ഖാഹിരിക്കുപൊന്നാനിപണ്ഡിതന്മാരും അറബ്പണ്ഡിതരുമായുള്ളബന്ധമടക്കംഇനിയുംഏറെഗവേഷണമർഹിക്കുന്ന ഒട്ടേറെ കാര്യങ്ങളിലേക്ക് ഈ ലേഖനം വെളിച്ചം വീശുന്നു.**

ഇരുദേശത്തെയും സാഹിത്യവിനിമയം ഇന്ന് ശക്തമാണ്. തമിഴും മലയാളവും ഒരുപോലെ എഴുതുവാൻ കഴിയുന്ന എഴുത്തുകാർ കുറവാണെങ്കിലും മലയാളിയെന്നോ തമിഴനെന്നോ പെട്ടെന്ന് വ്യവഛേദിച്ചുപറയാൻ കഴിയാത്ത ചില കണ്ണികൾ ഇന്നുണ്ട്. കേന്ദ്ര സാഹിത്യ അക്കാദമി അവാർഡ് ജേതാവ് തോപ്പിൽമുഹമ്മദ്മീരാൻഅത്തരമൊരു കണ്ണിയാണ്. ഭാഷകളെയും ദേശങ്ങളെയും കൂട്ടിയോജിപ്പിക്കുന്ന കണ്ണി. എം എൻ കാരശ്ശേരിയുടെ വാക്കുകളിൽ പറഞ്ഞാൽ, ഇരുഭാഷകൾക്കുമിടയിലെ അംബാസിഡർ.

തമിഴ്, മലയാള ഭാഷകളിൽ അനായാസം എഴുതുവാനും പ്രഭാഷണം നടത്തുവാനും കഴിയുന്ന ബഹുഭാഷ പണ്ഡിതനാണ് മീരാൻ. തമിഴിൽ പത്തൊൻപത് ഗ്രന്ഥങ്ങളും മലയാളത്തിൽ നാലു പുസ്തകങ്ങളും അദ്ദേഹം രചിച്ചിട്ടുണ്ട്. തമിഴ്നോവലിസ്റ്റായിട്ടാണ്മീരാൻ അറിയപ്പെടുന്നതെങ്കിലും മലയാളിക്കിന്നദ്ദേഹം എം ടിയെപ്പോലെ, സക്കറിയയെപ്പോലെ, ബഷീറിനെപ്പോലെ സുപരിചിതനാണ്.

തമിഴിലും മലയാളത്തിലുമായി ഇരുപത്തിനാലോളം ഗ്രന്ഥങ്ങൾ രചിച്ചിട്ടുള്ള മീരാന്റെ ആദ്യ ലേഖനസമാഹാരമാണ് ഐ പി ബി പ്രസിദ്ധീകരിച്ച 'ആരോടും ചൊല്ലാതെ' എന്ന പുസ്തകം. പലപ്പോഴായി മലയാള പത്രമാസികകളിൽ അദ്ദേഹമെഴുതിയ പഠനങ്ങളും ഓർമകളുമാണിത്.

പുസ്തകത്തിലെ അധ്യായങ്ങൾ വിഷയക്രമമനുസരിച്ച് അഞ്ചായി തിരിച്ചിട്ടുണ്ട്. ദേശം എന്ന ഒന്നാംഭാഗത്ത് നാലു ലേഖനങ്ങളാണുള്ളത്. തന്റെ ജന്മദേശത്തെ ബാല്യകാല ഓർമകളും എ ടി ഹിന്ദുകോളേജിലെ പഠനകാലത്തെ തീക്ഷ്ണമായ അനുഭവങ്ങളുമാണ് ദേശത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഒരു കഥപോലെ വായിച്ചുപോകാവുന്ന കുറിപ്പുകളാണിവ.

യാത്ര എന്ന രണ്ടാം ഭാഗത്ത്, മൂന്ന് ലേഖനങ്ങളാണുള്ളത്. ഉടയതമ്പുരാന്റെ ഖുദ്റത്തുകൾ, ചുവന്ന ലങ്കയിലെ പച്ചപ്പരമാർത്ഥങ്ങൾ എന്നീ ലേഖനങ്ങൾ ശ്രീലങ്കാ യാത്രയിലുണ്ടായ അനുഭവങ്ങളാണ്. ചുവന്ന ലങ്കയിലെ പച്ചപ്പരമാർത്ഥങ്ങളിൽ ശ്രീലങ്കയിൽ എൽ ടി ടി ഇ നടത്തിയ സമാനതകളില്ലാത്ത ക്രൂരതകളെപ്പറ്റി അനുഭവസ്ഥരുടെ സാക്ഷിമൊഴികളോടെ മീരാൻ വിവരിക്കുന്നു. ഒരു സർഗാത്മക എഴുത്തുകാരനിലുപരി അന്വേഷണാത്മക പത്രപ്രവർത്തകന്റെ രചനാവൈഭവവും അന്വേഷണ രീതിയുമാണ് ഈ ലേഖനത്തിലുടനീളം പ്രകടമാവുന്നത്. എൽ ടി ടി ഇയെപ്പറ്റിയും പ്രഭാകരനെക്കുറിച്ചും നാം കേൾക്കാത്ത മുഖമാണ് മീരാൻ അനാവരണം ചെയ്യുന്നത്. പൊതുവെ വിമോചന പോരാളിയായി അവതരിപ്പിക്കപ്പെടാറുള്ള പ്രഭാകരന്റെ പ്രവർത്തനങ്ങളുടെ മറുപുറമാണ് മീരാൻ വസ്തുനിഷ്ഠ തെളിവുകളോടെ വിവരിക്കുന്നത്. കടുത്ത മുസ്‌ലിം വിരോധിയായ പ്രഭാകരന്റെ മുഖം ഇതിനുമുമ്പ് ഏറെയൊന്നും രേഖപ്പെടുത്തിയിട്ടില്ല. ഈയൊരു ലേഖനം തമിഴിലേക്കുകൂടി പരിഭാഷപ്പെടുത്തുകയാണെങ്കിൽ ഏറെ ചർച്ചകൾക്കും സംവാദങ്ങൾക്കും ഇടയാക്കുമെന്നതിൽ സംശയമില്ല.

ഖാജയുടെ ദൂതന്മാർ എന്ന ലേഖനം മീരാൻ ഭാര്യാസമേതം അജ്മീർ ദർഗയിലേക്ക് നടത്തിയ തീർത്ഥാടനത്തിന്റെ ഹൃദയസ്പർശിയായ വിവരണമാണ്. താനൊരു വിശ്വാസിയാണെന്ന് ഉച്ചൈസ്തരം ഉദ്ഘോഷിക്കുവാൻ മടിയില്ലാത്ത എഴുത്തുകാരനാണ്



*തോപ്പിൽ മുഹമ്മദ് മീരാൻ*

മീരാൻ. അജ്മീർ ദർഗയെപ്പറ്റി പറയുമ്പോൾ അവിടുത്തെ ചില ഭൗതിക അസൗകര്യങ്ങളിലേക്കുകൂടി വിരൽ ചൂണ്ടുന്നു.

ആത്മായനം എന്ന മൂന്നാംഭാഗത്ത് രണ്ട് ലേഖനങ്ങളാണുള്ളത്. ഖുർആന്റെ തലോടൽ, മദീനാ പൊയ്കയിലെ താമര എന്നീ ലേഖനങ്ങൾ. രണ്ടിലും അടിയുറച്ച വിശ്വാസിയായ മീരാന്റെ ആത്മീയാന്വേഷണമാണ് വിവരിക്കുന്നത്. വിശ്വാസത്തിന്റെ അനുഭൂതിദായകമായ ചില അനുഭവങ്ങൾ മീരാൻ വളച്ചുകെട്ടില്ലാതെ വെളിപ്പെടുത്തുന്നു.

സദഖതുല്ലാഹിൽഖാഹിരിയെ പറ്റിയുള്ള ദീർഘപഠനമാണ് ഗുരു എന്ന അടുത്ത ഭാഗത്തുള്ളത്. ഒരുപക്ഷേ മലയാളത്തിലുണ്ടായ ഏറ്റവും നല്ല ഖാഹിരി പഠനമാണിത്. ഖുതുബിയത്തിന്റെ രചയിതാവ് എന്ന നിലയിലാണ് ഖാഹിരിയെ മലയാളികൾക്ക് പരിചയം. അതിനപ്പുറം മഹാജ്ഞാനിയായ കവിയായ ഖാഹിരിയെ മീരാൻ ഈ പഠനവത്തിലൂടെ അവതരിപ്പിക്കുന്നു. ഖാഹിരിക്കു പൊന്നാനി പണ്ഡിതന്മാരും അറബ് പണ്ഡിതരുമായുള്ള ബന്ധമടക്കം ഇനിയും ഏറെ ഗവേഷണമർഹിക്കുന്ന ഒട്ടേറെ കാര്യങ്ങളിലേക്ക് ഈ ലേഖനം വെളിച്ചം വീശുന്നു.

പഠനം, വീക്ഷണം എന്ന അവസാനഭാഗത്ത് മൂന്ന് ലേഖനങ്ങളാണുള്ളത്. മൂന്നും മൂന്നുതരത്തിൽ പ്രസക്തമായ ലേഖനങ്ങൾ.

മലയാളത്തിന്റെ പ്രിയപ്പെട്ട എഴുത്തുകാരൻ വൈക്കം മുഹമ്മദ് ബഷീർ തമിഴിൽ എങ്ങനെ വായിക്കപ്പെടുകയും ചർച്ചചെയ്യപ്പെടുകയും ചെയ്യുന്നു എന്ന് ഒരു സാഹിത്യനിരൂപകന്റെ രചനാവൈഭവത്തോടെ മീരാൻ വിവരിക്കുന്നു.

അറബിത്തമിഴ് എങ്കൾ അൻപുതമിഴ് എന്ന പ്രൗഢമായ ലേഖനം; അറബിത്തമിഴിനെക്കുറിച്ചുള്ള ആഴമാർന്നപഠനമാണ്. ഈ വിഷയകമായി ഇത്രവിശദമായ പഠനം മലയാളത്തിൽ വേറെയുണ്ടായിട്ടില്ല. അറബിമലയാളത്തെക്കാൾ പാരമ്പര്യവും സാഹിത്യസമ്പത്തുമുള്ള ഈ ഭാഷാരൂപവും അന്യമാവുകയാണെന്ന ദുഃഖസത്യവും മീരാൻ വെളിപ്പെടുത്തുന്നു. അറബിമലയാളത്തെപ്പറ്റി പഠന ഗവേഷണങ്ങൾ നടക്കുന്നതുപോലെ അറബിത്തമിഴിനെക്കുറിച്ച് കാര്യമായ പഠനങ്ങൾ നടക്കുന്നില്ല എന്ന കാര്യം മീരാൻ പലതവണ വിശദമാക്കിയിട്ടുള്ളതാണ്. ഗവേഷകരെ സംബന്ധിച്ചേടത്തോളം അമൂല്യമായൊരു പ്രബന്ധമാണിത്.

രിസാലയുടെ മതേതരത്വം എന്ന അവസാന ലേഖനം രിസാലയുടെ സ്ഥിരം വായനക്കാരനായ മീരാന് എന്താണ് രിസാല എന്നു വ്യക്തമാക്കുന്നു. രിസാലയിൽ പ്രസിദ്ധീകരിക്കുന്ന വൈവിധ്യമാർന്ന ലേഖനങ്ങളും പഠനങ്ങളും എവ്വിധമാണ് തനിക്ക് പ്രിയപ്പെട്ടതാകുന്നതെന്ന് മീരാൻ വിവരിക്കുന്നു. വളരെ വിദൂരതയിൽ അന്യാഭാഷാദേശത്തിരുന്ന് ഒരാൾ രിസാലയെ എങ്ങനെ നോക്കിക്കാണുന്നു എന്ന കൗതുകം ഈ ലേഖനം വായിക്കുമ്പോൾ നമുക്കനുഭവപ്പെടുന്നു.

**രിസാലയുടെ മതേതരത്വം എന്ന അവസാന ലേഖനം രിസാലയുടെ സ്ഥിരം വായനക്കാരനായ മീരാന് എന്താണ് രിസാല എന്നു വ്യക്തമാക്കുന്നു. രിസാലയിൽ പ്രസിദ്ധീകരിക്കുന്ന വൈവിധ്യമാർന്ന ലേഖനങ്ങളും പഠനങ്ങളും എവ്വിധമാണ് തനിക്ക് പ്രിയപ്പെട്ടതാകുന്നതെന്ന് മീരാൻ വിവരിക്കുന്നു.**

